news@vachakam.com

CHICAGO

Vol.3 ◆ Issue 23 ◆ Pages32

Newspaper for Malayalees Worldwide

# വാചകം

VACHAKAM vachakam.com

08 നവംബർ 2023
ബുധനാഴ്ച
1199 തുലാം 22

01 America | 13 Canada | 14 Keralam | 18 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World

## ഇസ്രയേലിനോടും ഖത്തറിനോടും ചർച്ച ചെയ്ത് യുഎസ്

# ഗാസയിൽ മൂന്ന് ദിവസത്തേക്ക് യുദ്ധം നിർത്തിവയ്ക്കണം

വാഷിംഗ്ടൺ: കൂടുതൽ മാനുഷിക സഹായം എത്തിക്കാനും ഹമാസിന്റെ പിടിയിലിരിക്കുന്ന ചില ബന്ദികളെ മോചിപ്പിക്കാനും ഗാസയിൽ മൂന്ന് ദിവസത്തേക്ക് യുദ്ധം നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ഇസ്രയേലിനോടും ഖത്തറിനോടും യുഎസ് ചർച്ച ചെയ്യുകയാണെന്ന് രണ്ട് യു.എസ് നയതന്ത്ര ഉദ്യോഗസ്ഥർ വ്യക്തമാക്കി.ഒരു ഇടനിലക്കാരനായി പ്രവർത്തിക്കുന്ന ഖത്തർ, ഗാസയിൽ ഒരു താൽക്കാലിക വിരാമത്തെക്കുറിച്ച് ആഴ്ചകളോളം ഹമാസുമായി ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും അന്തിമ കരാർ ഉണ്ടായിരുന്നില്ല. വെടിനിർത്തലിന് സമ്മതിക്കുന്നതിന് മുമ്പ് ഹമാസ് ബന്ദികളാക്കിയ 240 പേരെ ആദ്യം മോചിപ്പിക്കണമെന്ന് ഇസ്രായേൽ ഉദ്യോഗസ്ഥർ പറഞ്ഞു. ചർച്ചകളുടെ ഒരു നിർണായക ഘട്ടത്തിലാണ് തങ്ങൾ ഇപ്പോഴും. ഒരു കരാറിലെത്താൻ കഴിയുമെന്ന് പ്രതീക്ഷയുണ്ടെന്ന് ചർച്ചകളുമായി ബന്ധമുള്ള ഒരു മുതിർന്ന അറബ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.



### നിർണായക നീക്കവുമായി വത്തിക്കാൻ

## 'ട്രാൻസ്ജെൻഡർ കത്തോലിക്കർക്ക് മാമ്മോദീസ സ്വീകരിക്കാം'

വാഷിംഗ്ടൺ: യുണൈറ്റഡ് സ്റ്റേറ്റ്സിൽ കത്തോലിക്കാ ബിഷപ്പുമാരുടെ ദേശീയ സമ്മേളനം ലിംഗമാറ്റം എന്ന ആശയത്തെ നിരസിക്കുന്നതിനാൽ നിരവധി ട്രാൻസ്ജെൻഡർ കത്തോലിക്കാ സഭയിൽ നിന്നും കൊഴിഞ്ഞു പോകുന്നുവെന്നാണ് റിപ്പോർട്ട്. ഈ സാഹചര്യത്തിൽ വളരെ നിർണായകമായൊരു പ്രസ്താവന ഇറക്കിയിരിക്കുകയാണ് വത്തിക്കാൻ. ചില പ്രത്യേക സാഹചര്യങ്ങളിൽ, ട്രാൻസ് കത്തോലിക്കർക്ക് മാമ്മോദീസ സ്വീകരിക്കുന്നതും ഗോഡ് പാരന്റായി സേവിക്കുന്നതും അനുവദനീയമാണെന്ന് ബുധനാഴ്ച ഇറക്കിയ പ്രസ്താ



ശേഷം പേജ് 8 ൽ

## ചൈനീസ് നിർമ്മിത വാഹനങ്ങൾക്ക് താരിഫ് വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് യുഎസ് നിയമനിർമ്മാതാക്കൾ

ചൈനീസ് നിർമ്മിത വാഹനങ്ങൾക്ക് ബൈഡൻ ഭരണകൂടം താരിഫ് വർധിപ്പിക്കണമെന്നും മെക്സിക്കോയിൽ നിന്ന് അമേരിക്കയിലേക്ക് ചൈനീസ് കമ്പനികൾ കയറ്റുമതി ചെയ്യുന്നത് തടയാനുള്ള വഴികൾ അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് യുഎസ് നിയമനിർമ്മാതാക്കളുടെ ഉഭയകക്ഷി സംഘം രംഗത്ത്.ചൈനയിലെ സെലക്ട് കമ്മിറ്റിയുടെ അധ്യക്ഷനായ റിപ്പബ്ലിക്കൻ പ്രതിനിധി മൈക്ക് ഗല്ലഗറും പാനലിലെ ഉന്നത ഡെമോക്രാറ്റായ രാജാ കൃഷ്ണമൂർത്തിയും മിഷിഗൺ പ്രതിനിധികളായ ഹേലി സ്റ്റീവൻസും ജോൺ മൂലേനാറും ചൈനീസ് വാഹനങ്ങളുടെ നിലവിലെ 25% താരിഫ് വർധിപ്പിക്കാൻ യുഎസ് വ്യാപാര പ്രതിനിധി കാതറിൻ തായ്‌യോട് കത്തിൽ ആവശ്യപ്പെട്ടു.'(ചൈനീസ്) ഓട്ടോമൊബൈലുകളുടെ താരിഫ് നിലനിർത്തുക മാത്രമല്ല (ചൈനീസ്) ഇറക്കുമതിയിൽ ഇപ്പോൾ പ്രതീക്ഷിക്കുന്ന കുതിപ്പ് തടയാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും നിർണായകമാണ്,' എന്നാണ് കത്തിൽ അവർ ആവശ്യപ്പെടുന്നത്.അതേസമയം ഡടഠഞ്ഞ ഉം വാഷിംഗ്ടണിലെ ചൈനീസ് എംബസിയും ഈ അഭ്യർത്ഥനകളോട് ഉടനടി പ്രതികരിച്ചില്ല. 25% ചൈനീസ് ഓട്ടോ താരിഫ് അന്നത്തെ പ്രസിഡന്റ് ഡൊണാൾ

ശേഷം പേജ് 8 ൽ

ഏറ്റവും പുതിയ വാർത്തകൾ (24 X 7) അറിയുന്നതിന് www.vachakam.com സന്ദർശിക്കൂ

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# കിഴക്കൻ സിറിയയിൽ ഇറാൻ പിന്തുണയുള്ള ഗ്രൂപ്പുകളുടെ ആയുധ സംഭരണ കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് യുഎസ് വ്യോമാക്രമണം



ന്യൂയോർക്ക്: കിഴക്കൻ സിറിയയിൽ ഇറാൻ പിന്തുണയുള്ള ഗ്രൂപ്പുകളുടെ ആയുധസംഭരണ കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് യുഎസ് വ്യോമാക്രമണം. ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സും അനുബന്ധ ഗ്രൂപ്പുകളും ഉപയോഗിക്കുന്ന കിഴക്കൻ സിറിയയിലെ ആയുധ സംഭരണ കേന്ദ്രത്തിലാണ് രണ്ട് യുഎസ് എഫ്-15 യുദ്ധവിമാനങ്ങൾ വ്യോമാക്രമണം നടത്തിയതെന്ന് പെന്റഗൺ അറിയിച്ചു. ഇറാഖിലെയും സിറിയയിലെയും യുഎസ് ഉദ്യോഗസ്ഥർക്ക് നേരെ ഐആർജിസി നടത്തിയ ആക്രമണപരമ്പരയ്ക്കുള്ള മറുപടിയാണ് ഈ പ്രതിരോധ ആക്രമണമെന്ന് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ പ്രസ്താവനയിൽ പറഞ്ഞു.

യു.എസ് ഉദ്യോഗസ്ഥരുടെ സുരക്ഷയെക്കാൾ ഉയർന്ന മുൻഗണന പ്രസിഡന്റിന് മറ്റൊന്നും ഇല്ല, യുണൈറ്റഡ് സ്റ്റേറ്റ്സ് അതിന്റെ ഉദ്യോഗസ്ഥരെയും അതിന്റെ താൽപ്പര്യങ്ങളെയും പ്രതിരോധിക്കുമെന്ന് വ്യക്തമാക്കാനാണ് അദ്ദേഹം ഈ നടപടിക്ക് നിർദ്ദേശം നൽകിയത്. നമ്മുടെ ആളുകളെയും നമ്മുടെ സൗകര്യങ്ങളെയും സംരക്ഷിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ അമേരിക്ക പൂർണ്ണമായും തയ്യാറാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇറാഖിലെയും സിറിയയിലെയും യുഎസ് സേനയ്ക്കെതിരെ ഇറാൻ പിന്തുണയുള്ള ഗ്രൂപ്പുകൾ നടത്തുന്ന ആക്രമണങ്ങൾക്ക് മറുപടിയായി ഇറാന്റെ പിന്തുണയുള്ള ഗ്രൂപ്പുകൾ ഉപയോഗിക്കുന്ന കേന്ദ്രങ്ങളിൽ യുഎസ് ആക്രമണം നടത്തുന്നത് ഇത് രണ്ടാം തവണയാണ്. ഒക്ടോബർ 26ന്, കിഴക്കൻ സിറിയയിലെ ഇറാൻ പിന്തുണയുള്ള മിലിഷ്യകളുമായി ബന്ധപ്പെട്ട രണ്ട് കേന്ദ്രങ്ങളിൽ ആക്രമണം നടത്താൻ യു.എസ് എഫ്-15ഉം രണ്ട് എഫ്-16ഉം, ഗൈഡഡ് യുദ്ധോപകരണങ്ങളും ഉപയോഗിച്ചിരുന്നു.

ഒക്ടോബർ 17 ന് ശേഷം 41 തവണ ഇറാൻ പിന്തുണയുള്ള ഗ്രൂപ്പുകൾ വൺവേ ആക്രമണ ഡ്രോണുകളോ റോക്കറ്റ് ആക്രമണങ്ങളോ ഉപയോഗിച്ച് യുഎസ് സഖ്യസേനയെ ലക്ഷ്യം വച്ചിട്ടുണ്ട്. സിറിയയിലെ ഷദ്ദാദിയിൽ യുഎസിനും സഖ്യസേനയ്ക്കുമെതിരായി നടന്ന മൾട്ടി റോക്കറ്റ് ആക്രമണമാണ് ഇതിൽ ഏറ്റവും പുതിയത്.

ബുധനാഴ്ചത്തെ ആക്രമണത്തിൽ ആളപായമോ അടിസ്ഥാന സൗകര്യങ്ങൾക്ക് നാശനഷ്ടമോ ഉണ്ടായിട്ടില്ലെന്ന് ഒരു യുഎസ് ഉദ്യോഗസ്ഥൻ പറഞ്ഞു. ഒക്ടോബർ 26 ന് യുഎസിന്റെ വ്യോമാക്രമണത്തിന് മുമ്പുള്ള ആക്രമണങ്ങളിൽ 40ലധികം സൈനികർക്ക് ചെറിയ പരിക്കുകൾ ഏറ്റിരുന്നു.

## American Diary — 60 Years Ago

### *One of the deadliest aviation accidents in Finland*



Aero Flight 217 was a domestic passenger flight from Helsinki, Finland, to Mariehamn in the autonomous territory of Åland, operated by the Finnish flag carrier Aero O/Y (now Finnair). On 8 November 1963, the aircraft serving the flight crashed in poor visibility while attempting to land on a non-precision approach at Mariehamn Airport in the municipality of Jomala, resulting in the deaths of 22 people out of 25 on board. The crash remains the second most deadly aviation accident in Finland, the first being Aero Flight 311 almost two years earlier.

November 8, 1963

# യുഎസിൽ പാലസ്തീൻകാർക്ക് സംരക്ഷിത പദവി നൽകണം; ബൈഡനോട് ഡെമോക്രാറ്റുകൾ

വാഷിംഗ്ടൺ: ഗാസ മുനമ്പിലെ സംഘർഷത്തിന്റെയും പശ്ചിമേഷ്യയിലെ അശാന്തിയുടെയും അക്രമത്തിന്റെയും വെളിച്ചത്തിൽ അമേരിക്കയിലെ പാലസ്തീൻ വിനോദസഞ്ചാരികൾക്കും വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും സംരക്ഷിത പദവി നൽകണമെന്ന് ഒരു കൂട്ടം ഡെമോക്രാറ്റിക് നിയമനിർമ്മാതാക്കൾ ബുധനാഴ്ച യുഎസ് പ്രസിഡന്റ് ജോ ബൈഡനോട് അഭ്യർത്ഥിച്ചു. ബൈഡന് അയച്ച കത്തിൽ, യുഎസ് സെനറ്റർ ഡിക്ക് ഡർബിന്റെ നേതൃത്വത്തിലുള്ള നൂറിലധികം ഡെമോക്രാറ്റുകൾ ബൈഡനോട് ഇസ്രായേൽ അധിനിവേശ പാലസ്തീൻ പ്രദേശങ്ങളിലെ താമസക്കാർക്ക് യുഎസ് പ്രോഗ്രാമുകളിലൂടെ പ്രവേശനവും വർക്ക് പെർമിറ്റും നൽകണമെന്ന് ആവശ്യപ്പെട്ടു.

യുഎൻ കണക്കുകൾ പ്രകാരം ഗാസയിലെ 2.3 ദശലക്ഷം ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും ആഭ്യന്തരമായി പലായനം ചെയ്യപ്പെട്ടവരാണ്. ആശ്വാസം നൽകുന്നതിന് താൽക്കാലിക പരിരക്ഷിത സ്റ്റാറ്റസ് (ടിപിഎസ്) അല്ലെങ്കിൽ ഡിഫേർഡ് എൻഫോഴ്സ്ഡ് ഡിപാർച്ചർ (ഡിഇഡി) പ്രോഗ്രാമുകൾ ഉപയോഗിക്കാൻ നിയമനിർമ്മാതാക്കൾ ബൈഡനോട് ആവശ്യപ്പെട്ടു. 2021 ൽ അധികാരമേറ്റതിനുശേഷം വെനസ്വേലക്കാരും ഹെയ്തിയക്കാരും ഉൾപ്പെടെ ലക്ഷക്കണക്കിന് ആളുകൾക്ക് ബൈഡൻ ടിപിഎസ് അനുവദിച്ചിരുന്നു. അതേസമയം ഇക്കാര്യത്തിൽ വൈറ്റ് ഹൗസ് ഉടൻ പ്രതികരിച്ചില്ല.

# ഹിലരി ക്ലിന്റനെ തകർത്ത് ഡൊണാൾഡ് ട്രംപ് അമേരിക്കൻ പ്രസിഡന്റായത് ചരിത്രത്തിൽ ഇതേദിനം !



ന്യൂയോർക്ക്: 2016 നവംബർ 8. ഏഴ് വർഷം മുമ്പുള്ള ഈ ദിനം അമേരിക്കക്കാർ ഒരിക്കലും മറക്കാനിടയില്ല. ഈ ദിവസമാണ് അമേരിക്കയെ ഞെട്ടിച്ചുകൊണ്ട് കോടീശ്വരനായ വ്യവസായി ഡൊണാൾഡ് ജെ ട്രംപ് അമേരിക്കയുടെ 45ാമത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. മുൻ സ്റ്റേറ്റ് സെക്രട്ടറി ഹിലരി ക്ലിന്റനെ പരാജയപ്പെടുത്തിയായിരുന്നു ട്രംപിന്റെ വിജയം.ട്രംപിനെ രാജ്യത്തെ പരമോന്നത പദവിയിലേക്ക് തിരഞ്ഞെടുത്തുകൊണ്ട് രാജ്യത്തെ വോട്ടർമാർ അക്കാലത്ത് ഉജ്ജ്വലമായ സന്ദേശം നൽകി. അദ്ദേഹത്തിന്റെ വിജയം അമേരിക്കൻ രാഷ്ട്രീയത്തിലെ ചരിത്രപരമായ മാറ്റം അടയാളപ്പെടുത്തി. സാമ്പത്തിക വളർച്ച, നിയന്ത്രണങ്ങൾ നീക്കൽ, അമേരിക്ക ഫസ്റ്റ് പ്ലാറ്റ്ഫോം എന്നീ വാഗ്ദാനങ്ങളിൽ ഊന്നൽ നൽകിയ പ്രചാരണത്തിലൂടെ ട്രംപ് ഇലക്ടറൽ കോളേജിൽ ക്ലിന്റനെതിരെ 227ന് 306 വോട്ടുകൾ നേടി വിജയം കൈവരിച്ചു.

ട്രംപിന്റെ വിജയം ലോക രാഷ്ട്രീയത്തെ ഞെട്ടിച്ചു. പതിറ്റാണ്ടുകളായി ഒരു റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥിയെ പിന്തുണച്ചിട്ടില്ലാത്ത പെൻസിൽവാനിയ, മിഷിഗൺ, വിസ്കോൺസിൻ തുടങ്ങിയ പ്രധാന സ്വിംഗ് സംസ്ഥാനങ്ങളിലെ തൊഴിലാളിവർഗ വോട്ടർമാരോടുള്ള തന്റെ സമീപനവും ട്രംപ് മുതലാക്കി.

കുടിയേറ്റം, വ്യാപാര നയം, ആരോഗ്യ സംരക്ഷണം, ദേശീയ സുരക്ഷ എന്നിവയെക്കുറിച്ചുള്ള കടുത്ത സംവാദങ്ങളായിരുന്നു 2016 ലെ തിരഞ്ഞെടുപ്പിന്റെ സവിശേഷത. നികുതി പരിഷ്കരണം, കുടിയേറ്റ നിയന്ത്രണങ്ങൾ, ഫെഡറൽ കോടതികളിൽ യാഥാസ്ഥിതിക ജഡ്ജിമാരുടെ നിയമനം എന്നിവയുൾപ്പെടെയുള്ള സുപ്രധാന നയങ്ങളിൽ മാറ്റങ്ങൾ വരുത്തിയുള്ള ട്രംപിന്റെ തിരഞ്ഞെടുപ്പ് അമേരിക്കൻ രാഷ്ട്രീയത്തിൽ ഒരു പ്രധാന വഴിത്തിരിവായി മാറുകയായിരുന്നു.

# ചരിത്രം! വിർജീനിയയിലെ ആദ്യ ട്രാൻസ്ജെൻഡർ സ്റ്റേറ്റ് സെനറ്ററായി ഡാനിക്ക റോം



വിർജീനിയ: രാജ്യത്തെ ആദ്യത്തെ ട്രാൻസ്ജെൻഡർ സ്റ്റേറ്റ് നിയമനിർമ്മാതാവായി ആറ് വർഷത്തിന് ശേഷം രാഷ്ട്രീയ ചരിത്രം സൃഷ്ടിച്ച് ട്രാൻസ്ജെൻഡർ ഡെമോക്രാറ്റ് ഡാനിക്ക റോം.

പ്രാഥമിക ഫലങ്ങൾ അനുസരിച്ച് 39 കാരിയായ റോം വിർജീനിയയിലെ സ്റ്റേറ്റ് സെനറ്റിലേക്കുള്ള തിരഞ്ഞെടുപ്പിൽ വിജയത്തോടടുക്കുകയാണ്. ഇതോടെ കോമൺവെൽത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ സ്റ്റേറ്റ് സെനറ്ററായി റോം മാറും. വിർജീനിയ ഗവർണർ ഗ്ലെൻ യങ്കിന്റെ പിന്തുണയുള്ള മുൻ ഫെയർഫാക്സ് കൗണ്ടി പോലീസ് ഡിറ്റക്ടീവും യാഥാസ്ഥിതിക റിപ്പബ്ലിക്കനുമായ ബിൽ വൂൾഫിനെ പിന്നിലാക്കി 3% ലീഡോടെ റോം വിജയത്തിലേക്ക് നീങ്ങുകയാണ്. തിരഞ്ഞെടുക്കപ്പെട്ടാൽ സ്കൂൾ സ്പോർട്സ് ടീമുകളിൽ മത്സരിക്കുന്നതിൽ നിന്ന് ട്രാൻസ്ജെൻഡർ അത്‌ലറ്റുകളെ വിലക്കുമെന്ന് നാല് പെൺകുട്ടികളുടെ പിതാവായ വൂൾഫ് പ്രതിജ്ഞയെടുത്തിരുന്നു.

വിർജീനിയ ഹൗസ് ഓഫ് ഡെലിഗേറ്റ്സിലേക്കുള്ള റോമിന്റെ സെൻസേഷണൽ തിരഞ്ഞെടുപ്പിന് ആറ് വർഷത്തിന് ശേഷമാണ് 30-ാം സെനറ്റ് ഡിസ്ട്രിക്റ്റിലെ വിജയം വരുന്നത്. ഇന്നലെ രാത്രി സോഷ്യൽ മീഡിയയിൽ റോം വിജയം പ്രഖ്യാപിച്ചിരുന്നു. ട്രാൻസ് കുട്ടികളെ അപകീർത്തിപ്പെടുത്തുകയോ തങ്ങളുടെ പൗരാവകാശങ്ങൾ കവർന്നെടുക്കുകയോ ചെയ്യുന്നതിനുപകരം റോഡുകൾ നന്നാക്കുന്നതിനും കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനും നമ്മുടെ ഭൂമി സംരക്ഷിക്കുന്നതിനും മുൻഗണന നൽകുന്ന ഒരു നേതാവിനെ വോട്ടർമാർ തിരഞ്ഞെടുത്തതായി റോം എക്സിൽ കുറിച്ചു.

കഴിഞ്ഞ ആറ് വർഷമായി തന്റെ ഘടകകക്ഷികളെയും ഞങ്ങളുടെ കമ്മ്യൂണിറ്റിയെയും, അവർ എവിടെ നിന്ന് വരുന്നു, അവർ ആരെ സ്നേഹിക്കുന്നു എന്നൊന്നും നോക്കാതെ അവരെ സേവിക്കുന്നതിലാണ് താൻ ശ്രദ്ധ കേന്ദ്രീകരിച്ചതെന്നും റോം കൂട്ടിച്ചേർത്തു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. Director: Cyril Chennikkara, Weekly publication. Phone: 1-773-888-2242, 1-773-888-2243 (WhatsApp). E-Mail: news@vachakam.com , vachakamonline@gmail.com. website www.vachakam.com. (An online news portal for Malayalees worldwide, 24 hrs updating). Cost $1.00 per copy.

**Phone Number: 1-773-888-2242.**

**Email: vachakamonline@gmail.com.**

# യെമനിൽ അമേരിക്കൻ ഡ്രോണിനെ ഹൂതികൾ വെടിവെച്ചിട്ടു: സ്ഥിരീകരിച്ച് യുഎസ്

ന്യൂയോർക്ക്; യെമനിൽ അമേരിക്കയുടെ എംക്യു-9 റീപ്പർ ഡ്രോൺ ഹൂതികൾ വെടിവെച്ചിട്ടതായി സ്ഥിരീകരിച്ച് മുതിർന്ന യുഎസ് പ്രതിരോധ ഉദ്യോഗസ്ഥൻ. യുഎസ് മിലിട്ടറി എംക്യു-9 റിമോട്ട് പൈലറ്റഡ് വിമാനം യെമൻ തീരത്ത് ഹൂതി സേന വെടിവച്ചു വീഴ്ത്തിയതായി ഉദ്യോഗസ്ഥർ പറഞ്ഞു.

യെമൻ തീരത്ത് യുഎസ് മിലിട്ടറി എംക്യു-9 വെടിവച്ചിട്ടതായി ഇറാൻ പിന്തുണയുള്ള വിമത സംഘം അവകാശപ്പെട്ട ിരുന്നു. 2014ലാണ് യെമൻ തലസ്ഥാനമായ സനയുടെ നിയന്ത്രണം ഹൂത്തികൾ ഏറ്റെടുത്തത്.

യെമൻ സർക്കാരിനെതിരെ വർഷങ്ങളായി ആഭ്യന്തരയുദ്ധം നടത്തിവരിയാണ് ഇവർ.

ഗാസയിൽ ബന്ദികളാക്കപ്പെട്ടവരെ വീണ്ടെടുക്കാനുള്ള ശ്രമങ്ങളെ സഹായിക്കുന്നതിനായുള്ള രഹസ്യാന്വേഷണ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഗാസയ്ക്ക് മുകളിലൂടെ എംക്യു9 വിമാനങ്ങൾ പറത്തുമെന്ന് പെന്റഗൺ കഴിഞ്ഞ ആഴ്ച അറിയിച്ചിരുന്നു.

ഒക്ടോബർ ഏഴിന് നടന്ന അപ്രതീക്ഷിത ആക്രമണത്തിലൂടെ 10 യുഎസ് പൗരന്മാർ ഉൾപ്പെടെ 200ലധികം പേരെ ഹമാസ് പോരാളികൾ ഗാസയിലേക്ക് തട്ടിക്കൊണ്ടുപോയിരുന്നു. ഇസ്രയേലിനെതിരെ ഹമാസ് നടത്തിയ ഈ ആക്രമണത്തിന് ശേഷമാണ് ഈ യുഎവി വിമാനങ്ങൾ വിന്യസിക്കാൻ തീരുമാനിച്ചതെന്ന് പെന്റഗൺ വക്താവ് ബ്രിഗേഡിയർ ജനറൽ പാറ്റ് റൈഡർ ഹ്രസ്വ പ്രസ്താവനയിൽ പറഞ്ഞു. ഫ്ലൈറ്റ് ട്രാക്കിംഗ് വെബ്സൈറ്റുകളിൽ ആളില്ലാ വിമാനങ്ങൾ (യുഎവി) റിപ്പോർട്ടർമാർ കണ്ടതിന് പിന്നാലെയാണ് സ്ഥിരീകരണം. 'ഗാസയ്ക്ക് മുകളിലൂടെ യുഎസ് യുഎവി നിരീക്ഷണം നടത്തുന്നുണ്ട്, ബന്ദികളെ വീണ്ടെടുക്കുന്നതിനുള്ള ശ്രമങ്ങളിൽ ഇസ്രായേലിനെ പിന്തുണക്കുകയാണ് ലക്ഷ്യമെന്നും റൈഡർ പറഞ്ഞു.

# ഒന്നാം വാർഷികത്തിനൊരുങ്ങി അമേരിക്കയിലെ മിഷൻ ലീഗ്




ഷിക്കാഗോ: അന്താരാഷ്ട്ര കത്തോലിക്കാ അൽമായ പ്രേഷിത സംഘടനയായ ചെറുപുഷ്പ മിഷൻ ലീഗിന്റെ അമേരിക്കയിലെ കൂട്ടായ മുന്നേറ്റത്തിന് ഒരുവയസ്സ്.മലയാളികൾക്കൊപ്പംമിഷൻ ലീഗ് വളരെ മുൻപ് തന്നെ അമേരിക്കയിൽ എത്തിയെങ്കിലും ഒരു വർഷം മുൻപ് ഷിക്കാഗോ രൂപതയുടെ നേതൃത്വത്തിലാണ് സംഘടന അമേരിക്കയിലുടനീളം വ്യാപിക്കുന്നത്. ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് ഒരു വർഷം മുൻപ് ന്യൂജേഴ്സി സോമർസെറ്റ് സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിലായിരുന്നു രൂപതാതല ഉദ്ഘാടന പരിപാടികൾ നടന്നത്. ഷിക്കാഗോ രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ടും ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തും പരിപാടികളിൽ പങ്കെടുത്തിരുന്നു. സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ സന്ദേശങ്ങൾ ഉയർത്തികൊണ്ട് ചെമന്ന പതാകയുമേന്തി ആയിരത്തോളം കുട്ടികൾ അണിനിരന്ന അന്നത്തെ റാലി തന്നെയായിരുന്നു മുഖ്യ ആകർഷണം. അമേരിക്കയിലെ സഭയുടെയും മിഷൻ ലീഗിന്റെയും ചരിത്രത്തിലെ ഒരു നാഴികകല്ലായിരുന്നു അന്നത്തെ ഉദ്ഘാടന പരിപാടികൾ. തുടർന്ന് കഴിഞ്ഞ ഒരു വർഷക്കാലം അഭൂതപൂർവമായ വളർച്ചയാണ് മിഷൻ ലീഗിന് അമേരിക്കയിൽ ഉണ്ടായത്. ഷിക്കാഗോ രൂപതയിലെ എല്ലാ ഇടവകകളിലും മിഷനുകളിലും തന്നെ സംഘടനയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും വൈവിധ്യമാർന്ന വിവിധ പരിപാടികൾയൂണിറ്റ് തലത്തിൽ സംഘടിപ്പിക്കുകയും ചെയ്തു.

ദൈവവിളി സെമിനാർ, വിവിധ ക്ലാസ്സുകൾ, നേതൃത്വ സംഗമങ്ങൾ, കുടുംബ പുൽക്കൂട് നിർമാണ മത്സരം, ഓൺലൈൻ ക്രിസ്മസ് ആഘോഷങ്ങൾ, നോമ്പുകാല ധ്യാനം, പോസ്റ്റർ നിർമാണ മത്സരം തുടങ്ങിയ വിവിധ പരിപാടികൾ ദേശീയ തലത്തിൽ സംഘടിപ്പിക്കുവാനും സാധിച്ചു. ഫാ. ജോർജ് ദാനവേലിൽ (ഡയറക്ടർ), സിസ്റ്റർ ആഗ്നസ് മരിയ എം.എസ്.എം.ഐ (ജോയിന്റ് ഡയറക്ടർ), ഫാ. ബിൻസ് ചേത്തലിൽ(അസിസ്റ്റന്റ്ഡയറക്ടർ),ഫാ.ടെൽസ് അലക്സ് (അസിസ്റ്റന്റ് ഡയറക്ടർ), സിജോയ് സിറിയക് പറപ്പള്ളിൽ (പ്രസിഡന്റ്), ജിമ്മിച്ചൻ മുളവന (വൈസ് പ്രസിഡന്റ്), ടിസൻ തോമസ് (ജനറൽ സെക്രട്ടറി), സോഫിയ മാത്യു (ജോയിന്റ് സെക്രട്ടറി), സിസ്റ്റർ സാന്ദ്രാ എസ്.വി.എം., സോണിയ ബിനോയ്, ആൻ ടോമി, ബിനീഷ് ഉറുമീസ് എന്നിവർ അംഗങ്ങളായ രൂപതാ എക്സിക്യൂട്ടീവ് ടീമാണ് മിഷൻ ലീഗ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.ചെറുപുഷ്പ മിഷൻ ലീഗിന്റെ ഒന്നാമത് ഷിക്കാഗോ രൂപതാ വാർഷികം നവംബർ 12ന് ആഘോഷിക്കുവാനുള്ള തയ്യാറെടുപ്പിലാണ് രൂപതാ നേതൃത്വം. ബാൾട്ടിമോർ സെന്റ് അൽഫോൻസാ ഇടവക പരിപാടികൾക്ക് ആതിഥേയത്വം വഹിക്കും. ഷിക്കാഗോ രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് ഉദ്ഘാടനം ചെയ്യും. ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് സിജോയ് സിറിയക് അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് ദാനവേലിൽ, ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയ എം.എസ്.എം.ഐ, ജനറൽ സെക്രട്ടറി ടിസൺ തോമസ്, ഇടവക വികാരി ഫാ. വിൽസൺ ആന്റണി എന്നിവർ പ്രസംഗിക്കും.

# ഷിക്കാഗോ മാർ തോമാ ശ്ലീഹാ കത്തീഡ്രലിൽ വി. യൂദാ തദ്ദേവൂസിന്റെ തിരുന്നാൾ ആഘോഷിച്ചു





സീറോ മലബാർ കാത്തലിക് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടവിശുദ്ധന്റെ തിരുന്നാൾ ഒക്ടോബർ 29ന് ഭക്തിനിർഭരമായ പാട്ടുകുർബ്ബാനയോടെ ആരംഭിച്ചു. ഷിക്കാഗോ രൂപതയുടെ ചാൻസലർ റവ. ഫാ. ജോർജ് ദാനവേലി അച്ചൻ മുഖ്യകാർമ്മികനായിരുന്നു. ഇടവക വികാരിയും വികാർ ജനറലുമായ റവ. ഫാ. തോമസ് കടുകപ്പള്ളി, രൂപതാ വികാർ ജനറലായ റവ. ഫാ. ജോൺ മേലാപ്പുറം എന്നിവർ സഹകാർമ്മികരായിരുന്നു. ഫാ. തോമസ് കടുകപ്പള്ളി വിശുദ്ധ കുർബാനയുടെ തുടക്കത്തിൽ കാർമ്മികരായിരിക്കുന്ന പുരോഹതിന്മാർക്കും എല്ലാ വിശ്വാസികർമ്മം സ്വാഗതം ആശംസിച്ചു.

മുഖ്യകാർമ്മികനായിരുന്ന ഫാ. ദാനവേൽ വിശ്വാസികളോടുള്ള പ്രസംഗത്തിൽ, വി. യൂദാ തദേദവൂസിനോടുള്ള ഭക്തിവഴി ദൈവത്തിന്റെ സ്നേഹവും കരുതലും കൂടുതൽ അനുഭവിക്കാൻ ഇടയാക്കുന്നതാണെന്ന് ഓർമ്മിപ്പിച്ചു.

അത്ഭുത പ്രവർത്തകനായ വിശുദ്ധന്റെജീവിതവുംസഹനങ്ങളുംനമുക്കും ഒരു മാതൃകയാവട്ടെയന്ന് എടുത്തു പറയുകയുണ്ടായി. വി.കുർബാനയ്ക്കു ശേഷം മുത്തുക്കുടകളോടും കത്തിച്ച മെഴുകുതിരികളുമായി കുരിശിനും ചുറ്റും ഭക്തി നിർഭരമായ പ്രദക്ഷിണം നടത്തപ്പെട്ടു. വിശുദ്ധന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ഭക്തി സാന്ദ്രമായിരുന്നു. വേദപാഠ വിദ്യാർത്ഥികൾ വിശുദ്ധനെ അനുസരിച്ചുകൊണ്ടുള്ള വേഷവിധാനങ്ങളോടെ പ്രദക്ഷിണത്തിൽ പങ്കെടുത്തത് എടുത്തു പറയേണ്ടതാണ്. എസ്.എം.സി.സി പ്രസിഡന്റ് ബിജു വർഗീസിന്റെ നേതൃത്വത്തിൽ പെരുന്നാൾ പരിപാടികൾ ആവിഷ്ക്കാരിച്ചു. ഇക്കൊല്ലത്തെ തിരുന്നാളിന് കോ-ഓർഡിനേറ്റർമാരായി ജോൺസൺ കണ്ണൂക്കാടനും ആന്റോ കവലയ്ക്കലും പ്രവർത്തിച്ചു. എസ്.എം.സി.സി സെക്രട്ടറി ജാസ്മിന്റെ നേതൃത്വത്തിലുള്ള ചെണ്ടമേളം ഹൃദ്യകരമായിരുന്നു. എസ്.എം.സി.സി അഡ്മിനിസ്ട്രേറ്റ് അംഗങ്ങളാ മേഴ്സി കുര്യാക്കോസ്, സണ്ണി വള്ളിക്കളം, ജോസഫ് നാഴിയാംപാറ, ഷാജി കൈലാത്ത്, ഷിബു അഗൽമ്യെൻ, സജി വറുഗീസ്, ജാക്ലിൻ വറുഗീസ്, ആഗ്ൻസ് തെങ്ങുംമൂട്ടിൽ, ഷിജി ചിറയിൽ കുര്യാക്കോസ് തുണ്ടിപറമ്പിൽ, ജോണി മണ്ണാഞ്ചേരി, ഷാബു മാത്യു എന്നിവരുടെ സഹകരണവും എടുത്തുപറയേണ്ടതാണ്. സ്നേഹവിരുന്നോടെ തിരുന്നാൾ മംഗളകരമായി പര്യവസാനിച്ചു.

◗ *മേഴ്സി കുര്യാക്കോസ്*



# എന്താണ് FATF എന്തിനാണ് ഇന്ത്യയിൽ വന്നത്?

ഭീകരതയ്ക്ക് ധനസഹായം നൽകുന്നതിനെതിരെ പ്രവർത്തിക്കുന്ന ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സാണ് (FATF). ഈ സംഘത്തിന്റെ പ്രതിനിധികളാണ് ഇന്ത്യയിലെത്തിയത്. കള്ളപ്പണം വെളുപ്പിക്കൽ, ഭീകരവാദ പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കൽ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള ആഗോള സംവിധാനമാണ് FATF. അവരുടെ ഏറ്റവും പുതിയ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽ അക്രമകാരികളായ ഒരു ഭീകര സംഘടന ആരാധനാലയങ്ങൾ വഴി പണം പിരിച്ച് ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങുന്നതിനും കേഡർമാർക്ക് പരിശീലനം നൽകാനും ഉപയോഗിച്ചുവെന്നാണ് വ്യക്തമാക്കുന്നത്.

രാജ്യത്തിനകത്ത് ഭീകരവാദത്തിനായി സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോയെന്ന് സംഘം വിലയിരുത്തുമെന്ന് വിവിധ വൃത്തങ്ങൾ അറിയിച്ചു. 12 പേരാണ് പ്രതിനിധി സംഘത്തിലുള്ളത്. യുകെ, ബ്രസീൽ, ദക്ഷിണാഫ്രിക്ക, ഫ്രാൻസ്, മലേഷ്യ, റഷ്യ എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് ഇവർ. ധനകാര്യം, വരുമാനം, എൻഫോഴ്സ്മെന്റ് തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികളുമായും റിസർവ് ബാങ്ക് ഉദ്യോഗസ്ഥരുമായും സംഘം കൂടിക്കാഴ്ച നടത്തി.

കള്ളപ്പണം വെളുപ്പിക്കലിനെതിരേ ആഗോളതലത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും തീവ്രവാദത്തിന് ധനസഹായം നൽകുന്നതിനുമെതിരേ പ്രവർത്തിക്കുന്ന രാജ്യാന്തര സംവിധാനമാണ് ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ്. 2006ലാണ് ഇന്ത്യ FATFൽ നിരീക്ഷക പദവി നേടുന്നത്. 2010ൽ സംഘടനയിൽ അംഗമായി. 39 അംഗങ്ങളാണ് ആഗോള സാമ്പത്തിക ഇടപാടുകൾ നിരീക്ഷിക്കുന്ന ഈ സംവിധാനത്തിൽ ഉള്ളത്. മയക്കുമരുന്ന്, മനുഷ്യക്കടത്ത്, മറ്റ് ക്രിമിനൽ കുറ്റകൃത്യങ്ങൾ എന്നീ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് അന്താരാഷ്ട്ര തലത്തിൽ മാനദണ്ഡങ്ങൾ തയ്യാറാക്കുകയും ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുന്നു.

ആഗോളതലത്തിൽ വൻ സാമ്പത്തിക ശക്തിയായി മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യയെ സംബന്ധിച്ചിടത്തോളം എഫ്എടിഎഫിലെ അംഗത്വം ഏറെ നിർണായകമാണ്. ഇതിന് പുറമെ, ഭീകരതയ്ക്കെതിരേ പോരാടാനും തീവ്രവാദത്തിന് പണം സ്വരൂപിക്കുന്നത് കണ്ടെത്താനും കള്ളപ്പണം വെളുപ്പിക്കൽ, തീവ്രവാദ ധനസഹായ കുറ്റകൃത്യങ്ങൾ എന്നിവയിൽ വിചാരണ നടത്താനും




ഇത് രാജ്യത്തെ സഹായിക്കുന്നു.

### FATF ഇന്ത്യ സന്ദർശിച്ചത് എന്തിന്?

2010 മുതൽ ഇന്ത്യ എഫ്എടിഎഫിൽ അംഗമാണ്. കോവിഡ് മഹാമാരി മൂലം പരസ്പര മൂല്യനിർണയത്തിന്റെ നാലാമത്തെ ഘട്ടം രാജ്യത്ത് നടപ്പാക്കിയിട്ടില്ല. എഫ്എടിഎഫിന്റെ വെബ്സൈറ്റ് നൽകുന്ന വിവരമനുസരിച്ച് 2010ലാണ് ഇന്ത്യയിൽ അവസാനത്തെ മൂല്യനിർണയം നടത്തിയത്. രാജ്യം സന്ദർശിച്ചുള്ള മൂല്യനിർണയം 2023 നവംബറിലേക്ക് മാറ്റിവെച്ചിരുന്നു. തീവ്രവാദ ഗ്രൂപ്പുകളുടെ സുപ്രധാന ലക്ഷ്യമായി ഇന്ത്യ തുടരുകയാണെന്നും നിരവധി ആക്രമണങ്ങൾക്ക് രാജ്യം ഇരയായിട്ടുണ്ടെന്നും എഫ്എടിഎഫ് രാജ്യത്ത് നടത്തിയ അവസാനത്തെ വിലയിരുത്തൽ റിപ്പോർട്ടിൽ പറയുന്നു.

രാജ്യത്തെ കള്ളപ്പണം വെളുപ്പിക്കൽ വിരുദ്ധ നിയമങ്ങളും തീവ്രവാദത്തിന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോയെന്നും വിലയിരുത്തുന്നതിന് പുറമെ ആഗോള സുതാര്യതാ സംവിധാനവും എഫ്എടിഎഫ് സംഘം പരിശോധിക്കുമെന്ന് വിവിധ സ്രോതസ്സുകൾ പറഞ്ഞു. രാജ്യത്ത് സമാന്തര സമ്പദ് വ്യവസ്ഥ ഇല്ലാതാക്കുകയാണ് ലക്ഷ്യമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നിർദ്ദേശപ്രകാരം എല്ലാം വളരെ വിജയകരമായി ചെയ്തുവെന്നും അവർ കൂട്ടിച്ചേർത്തു. 2022 ഒക്ടോബർ വരെ എഫ്എടിഎഫിന്റെ ചാരപട്ടികയിൽ ഉണ്ടായിരുന്ന പാകിസ്ഥാൻ, ഇന്ത്യയിൽ പരിശോധന നടത്താൻ എഫ്എടിഎഫ് അംഗങ്ങളെ സ്വാധീനിക്കാൻ ശ്രമിച്ചിരുന്നുവെന്ന് രഹസ്യാന്വേഷണ വൃത്തങ്ങൾ അറിയിച്ചിരുന്നു.

പിഎഫ്ഐയെക്കുറിച്ചുള്ള എഫ്എടിഎഫ് പരാമർശം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് അതിന്റെ ഏറ്റവും പുതിയ റിപ്പോർട്ടായ 'ക്രൗഡ് ഫണ്ടിംഗ് ഫോർ ടെററിസം ഫിനാൻസിംഗിൽ' പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയെ (പിഎഫ്ഐ) പരോക്ഷമായി സൂചിപ്പിച്ചിട്ടുണ്ട്. പിഎഫ്ഐയുടെ പേര് പരാമർശിക്കാതെ ഇന്ത്യയിലെ 'അക്രമാസക്തമായ ഭീകര സംഘടന' വിവിധ ശൃംഖലകൾ വഴി പണം സ്വരൂപിച്ചതായാണ് എഫ്എടിഎഫ് വ്യക്തമാക്കിയിരിക്കുന്നത്. ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ചാണ് പണം സ്വരൂപിച്ചിരിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. പേര് പരാമർശിക്കാതെ ഈ സംഘടന പള്ളികൾ വഴി പൊതു ഇടങ്ങളിൽ നിന്നും ഫണ്ട് ശേഖരിച്ചുവെന്നും പിന്നീട് ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങാനും കേഡറുകൾക്ക് പരിശീലനം നൽകാനും ഈ പണം ഉപയോഗിച്ചുവെന്നും എഫ്എടിഎഫ് റിപ്പോർട്ടിൽ പറയുന്നതായി ദേശീയ മമാധ്യമമായ ഇന്ത്യൻ എക്സ്പ്രസിന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നു. സമാനമായ കാരണങ്ങൾ ഉന്നയിച്ചാണ് 2022 സെപ്തംബറിൽ, ആഭ്യന്തര മന്ത്രാലയം പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയെയും അതിന്റെ അനുബന്ധ സംഘടനകളായ റിഹാബ് ഇന്ത്യ ഫൗണ്ടേഷൻ (ആർഐഎഫ്), ക്യാംപസ് ഫ്രണ്ട് ഓഫ് ഇന്ത്യ (സിഎഫ്ഐ) അടക്കമുള്ളവയെയും രാജ്യത്ത് നിരോധിച്ചത്.

### എഫ്എടിഎഫിന്റെ ചാരപ്പട്ടികയും കരിമ്പട്ടികയും

രണ്ട് തരം പട്ടികകളാണ് എഫ്എടിഎഫിന് ഉള്ളത്. ചാരപ്പട്ടികയും കരിമ്പട്ടികയും. കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന രാജ്യങ്ങൾ കൂടുതൽ അപകടസാധ്യതയുള്ള രാജ്യങ്ങളാണ്. എഫ്എടിഎഫിന്റെ കൂടെക്കൂടെയുള്ള നിരീക്ഷണപരിധിയിൽ ഉൾപ്പെടുന്ന രാജ്യങ്ങളാണ് ചാരപ്പട്ടികയിൽ ഉള്ളവ. ഈ രണ്ട് പട്ടികയിലും ഉൾപ്പെട്ട രാജ്യങ്ങൾക്ക് അന്താരാഷ്ട്ര നാണയ നിധി, ലോക ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, യൂറോപ്യൻ യൂണിയൻ എന്നിവയിൽനിന്ന് സാമ്പത്തിക സഹായം ലഭിക്കില്ല. രാജ്യങ്ങളുടെ മേൽ അന്താരാഷ്ട്ര സാമ്പത്തിക നിയന്ത്രണങ്ങളും ഉപരോധങ്ങളും ഉണ്ടാകും. കള്ളപ്പണം വെളുപ്പിക്കൽ, അന്താരാഷ്ട്ര ഭീകരസംഘടനകൾക്ക് ധനസഹായം നൽകൽ എന്നിവയ്ക്ക് എതിരായി നയങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതിനെത്തുടർന്ന് 2018 ജൂണിലാണ് എഫ്എടിഎഫ് പാകിസ്ഥാനെ ചാരപ്പട്ടികയിൽ ഉൾപ്പെടുത്തിയത്.

# സിവിൽ തട്ടിപ്പ് കേസ്: കമ്പനിയെ തകർക്കാനുള്ള ശ്രമങ്ങൾ കണ്ട് സർക്കാർ ചിരിക്കുന്നു; ഇവാങ്ക ട്രംപ്



ന്യൂയോർക്ക്: ഡൊണാൾഡ് ട്രംപിനും കുടുബത്തിനുമെതിരായ സിവിൽ തട്ടിപ്പ് കേസിൽ മൊഴി നൽകി ഇവാങ്ക ട്രംപ്. തന്റെ പിതാവിനും അദ്ദേഹത്തിന്റെ പേരിലുള്ള കമ്പനിക്കും സഹോദരന്മാരായ ഡൊണാൾഡ് ട്രംപ് ജൂനിയർ, എറിക് എന്നിവർക്കും എതിരെ ന്യൂയോർക്ക് അറ്റോർണി ജനറൽ ലെറ്റിഷ്യ ജെയിംസ് കൊണ്ടുവന്ന കേസിലാണ് ബുധനാഴ്ച ഇവാങ്ക മൊഴി നൽകിയത്. ഏകദേശം നാല് മണിക്കൂറിലധികം വിചാരണ നീണ്ടു നിന്നു. സർക്കാർ അഭിഭാഷകനായ ലൂയിസ് സോളമൻ ട്രംപിന് വേണ്ടിയുള്ള വായ്പ ഇടപാടുകളുടെ പങ്കാളിത്തത്തെക്കുറിച്ച് ആവർത്തിച്ച് ഇവാങ്കയെ ചോദ്യം ചെയ്തു. കോടതിയിൽ ഹാജരാക്കിയ ഒന്നിലധികം രേഖകൾ ട്രംപിനുവേണ്ടിയുള്ള ലോൺ ഇടപാടുകളിൽ ഇവാങ്കക്ക് പങ്കുണ്ടെന്ന് സൂചിപ്പിക്കുന്നുണ്ട്.

അക്കൗണ്ടിംഗിനെക്കുറിച്ച് തനിക്ക് കാര്യമായ അറിവില്ലെന്നാണ് ഇവാങ്ക പറയുന്നത്. സ്കൂളിൽ പഠിക്കുന്ന സമയത്ത്മാത്രമെജിഎഎപിഅല്ലെങ്കിൽ 'സാധാരണയായി അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് പ്രിൻസിപ്പൽമാരെ' കുറിച്ച് താൻ പഠിച്ചിട്ടുള്ളതെന്നും തന്റെ ഔദ്യോഗിക ജീവിതത്തിൽ ഇതൊന്നും ചെയ്തിട്ടില്ലെന്നും അവർ പറഞ്ഞു.

എന്നാൽ 2011 ഡിസംബറിലെ ഒരു ഇടപാടിനെക്കുറിച്ച് ട്രംപ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവുമാരായ ഡേവിഡ് ഒറോവിറ്റ്സും അല്ലെൻ വീസൽബർഗും പറയുന്നത് ജിഎഎപി വിഭാഗത്തിലെ ഭാഷ മാറ്റണമെന്ന് ഇവാങ്ക തങ്ങളോട് ആവശ്യപ്പെട്ടിരുന്നതായാണ്. ഇത് ഇവാങ്കയുടെ മുൻകൂർ അവകാശവാദത്തിന് വിപരീതമാണ്. സംശയാസ്പദമായ റിയൽ എസ്റ്റേറ്റ് മൂല്യനിർണ്ണയത്തെക്കുറിച്ച് ഇവാങ്കക്ക് അറിയാമെന്ന് സർക്കാർ വ്യക്തമാക്കുന്നു.

ക്രോസ് വിസ്താരത്തിൽ, ട്രംപ് അഭിഭാഷകനായ ജീസസ് സുവാരസ്, മുൻ പ്രസിഡന്റ് വ്യാജ സാമ്പത്തികത്തിലൂടെ വായ്പ നേടിയിട്ടില്ലെന്ന് സ്ഥാപിക്കാൻ കുടുംബത്തിന്റെ ബിസിനസ്സിനെ ഡച്ച് ബാങ്ക് പിന്തുടരുകയായിരുന്നുവെന്ന് വാദിച്ചു.

ഡച്ച് ബാങ്കിന് ട്രംപിനെ ആവശ്യമുണ്ടായിരുന്നു. അതിനാൽത്തന്നെ അവർക്ക് കടം കൊടുക്കുന്നയാളെ വഞ്ചനാപരമായി വശീകരിക്കേണ്ട ആവശ്യമില്ല. ഇടയ്ക്കിടെ നിക്ഷേപ അവസരങ്ങളുമായി ഡ്യൂഷെ ട്രംപിനെ സമീപിച്ചിരുന്നുവെന്നും ഇവാങ്ക ട്രംപ് പറഞ്ഞു. ഒരു പ്രമോഷണൽ വീഡിയോയിൽ പങ്കെടുക്കാൻ ഡച്ച്ഷെയിലെ അവരുടെ ബാങ്കർ ഇവാങ്കയോട് ആവശ്യപ്പെട്ട ഒരു ഇമെയിലും സുവാരസ് കാണിച്ചു.

പതിവുപോലെ, ട്രംപിന്റെ അഭിഭാഷകർ ഈ കേസ് അന്യായമാണെന്ന് ആരോപിക്കുകയും സർക്കാർ അവരെ നോക്കി ചിരിക്കുകയാണെന്ന് കുറ്റപ്പെടുത്തുകയും ചെയ്തു. അവർ ഇവിടെ ഇരുന്നു ചിരിക്കുന്നു. ഇത് തമാശയാണെന്ന് അവർ കരുതുന്നു. ഈ കമ്പനിയെ തകർക്കാനുള്ള അവരുടെ ശ്രമങ്ങൾ കണ്ട് സർക്കാർ ചിരിച്ചുകൊണ്ട് ഇരിക്കുകയാണെന്ന് സുവാരസ് അവകാശപ്പെട്ടു: തൊട്ടുപിന്നാലെ സുവാരസ് തന്റെ ക്രോസ് വിസ്താരം അവസാനിപ്പിച്ചു.

RELIABLE TAX & ACCOUNTING INC.
REGISTRATION
ACCOUNTING & TAXATION FOR CORPORATION /LLC/PARTNERSHIPS
INCOME TAX & SALES TAX
PREPARE AND EXECUTE PROPERTY DEEDS FOR OWNERSHIP TRANSFERS
NOTARY PUBLIC INVESTMENT CONSULTING
THOMAS V OUSEPH CPA, EA
2644 E. Dempster st. Suite 110, Park Ridge, IL 60068
Ph: 224 622 9978 | Fax: 847 376 8260

tomvo99@comcast.net | www.CPATaxFiling.com

# ഹമാസിനെ അപലപിക്കാനും ബന്ദികളെ മോചിപ്പിക്കാനും ആവർത്തിച്ച് ആഹ്വാനം ചെയ്ത് ആന്റണി ബ്ലിങ്കൻ



ന്യൂയോർക്ക്: ബ്രിട്ടൻ, കാനഡ, ഫ്രാൻസ്, ജർമ്മനി, ജപ്പാൻ, ഇറ്റലി എന്നിവിടങ്ങളിൽ ഹമാസിനെ അപലപിക്കാനും ബന്ദികളെ മോചിപ്പിക്കാനും ആവർത്തിച്ച് ആവശ്യപ്പെട്ട് ആന്റണി ബ്ലിങ്കൻ. ഈ ആഴ്ച ടോക്കിയോയിൽ നടന്ന ഗ്രൂപ്പ് ഓഫ് സെവൻ മീറ്റിംഗിൽ നിന്നുള്ള ഉന്നത നയതന്ത്രജ്ഞർ ബുധനാഴ്ച ഇസ്രായേൽ-ഹമാസ് യുദ്ധത്തെക്കുറിച്ച് ഒരു ഏകീകൃത നിലപാട് പ്രഖ്യാപിച്ചു. അതിൽ ഹമാസിനെ അപലപിക്കുകയും സ്വയം പ്രതിരോധത്തിനുള്ള ഇസ്രായേലിന്റെ അവകാശത്തെ പിന്തുണയ്ക്കുകയും ചെയ്തു. ഗാസ മുനമ്പിലേക്കുള്ള സഹായം വേഗത്തിലാക്കാനും അദ്ദേഹം ആവശ്യപ്പെട്ടു.

രണ്ട് ദിവസത്തെ ചർച്ചകൾക്ക് ശേഷമുള്ള പ്രസ്താവനയിൽ, ഇസ്രായേലിനെതിരായ ഹമാസിന്റെ ആക്രമണങ്ങളെക്കുറിച്ചും ഉപരോധിച്ച ഗാസയിലെ സിവിലിയന്മാരെ സഹായിക്കുന്നതിനുള്ള അടിയന്തര നടപടിയുടെ ആവശ്യകതയെക്കുറിച്ചും രാജ്യങ്ങൾ ചർച്ച ചെയതു. എല്ലാ പാർട്ടികളും സാധാരണക്കാർക്ക് ഭക്ഷണം, വെള്ളം, വൈദ്യസഹായം, ഇന്ധനം, പാർപ്പിടം, തൊഴിലാളികൾക്ക് പ്രവേശനം എന്നിവയുൾപ്പെടെ തടസ്സമില്ലാത്ത മാനുഷിക പിന്തുണ അനുവദിക്കണമെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനും ബ്രിട്ടനിലെയും കാനഡയിലേയും വിദേശകാര്യ മന്ത്രിമാരും പ്രസ്താവനയിൽ വ്യക്തമാക്കി.

അടിയന്തിരമായി സഹായം, സിവിലിയൻ പ്രസ്ഥാനം, ബന്ദികളെ മോചിപ്പിക്കൽ എന്നിവ സുഗമമാക്കുന്നതിന് യുദ്ധത്തിന്റെ താൽക്കാലിക വിരാമങ്ങളെയും ഇടനാഴികളെയും തങ്ങൾ പിന്തുണയ്ക്കുന്നു.

ഗാസയിൽ മാനുഷിക പ്രതിസന്ധി എന്ന നിലയിലാണ് ജി7 യോഗം നടക്കുന്നത്. ഇസ്രയേലിന്റെ തുടർ അധിനിവേശം കൂടുതൽ വഷളാവുകയാണ്. ആയിരക്കണക്കിന് പാലസ്തീനികളെ തെക്കോട്ട് പലായനം ചെയ്യാൻ നിർബന്ധിതരാക്കി. കൂടാതെ അവർ ഉപരോധങ്ങളും മറ്റ് നടപടികളും പ്രയോഗിക്കുന്നത് ഫണ്ട് ശേഖരിക്കാനും ഉപയോഗിക്കാനുമുള്ള ഹമാസിന്റെ കഴിവ് ഇല്ലാതാക്കാനാണ്.

യുദ്ധത്തിന് മുമ്പ് ഏകദേശം 650,000 ആളുകൾ താമസിച്ചിരുന്ന പ്രദേശത്തിന്റെ തലസ്ഥാന നഗരമായ ഗാസ സിറ്റിക്കുള്ളിൽ തങ്ങളുടെ സൈന്യം ഹമാസ് തീവ്രവാദികളോട് പോരാടുകയാണെന്ന് ഇസ്രായേൽ പറഞ്ഞു. ഹമാസിന് തങ്ങളുടെ കേന്ദ്ര കമാൻഡും വിശാലമായ തുരങ്കങ്ങളും ഉണ്ടെന്ന് ഇസ്രായേൽ സൈന്യം പറയുന്നത് ഇവിടെയാണ്.

ഒക്ടോബർ 7ന് ഇസ്രയേലിന്റെ ചരിത്രത്തിലെ ഏറ്റവും മാരകമായ ഭീകരാക്രമണത്തെ തുടർന്നാണ് ഗാസയിൽ ഒരു മാസം നീണ്ടുനിന്ന സംഘർഷത്തിന് തുടക്കം കുറിച്ചത്. ഹമാസിന്റെ നേതൃത്വത്തിലുള്ള സൈന്യം ഇസ്രായേൽ അതിർത്തി ആക്രമിക്കുകയും 1,400ലധികം ആളുകളെ കൊല്ലുകയും 242 പേരെ പിടികൂടുകയും ചെയ്തു.

ഉക്രെയ്നിലെ റഷ്യയുടെ യുദ്ധം, ഉത്തര കൊറിയയുടെ ആണവ, മിസൈൽ പദ്ധതികൾ, അയൽരാജ്യങ്ങളുമായുള്ള പ്രദേശിക തർക്കങ്ങളിൽ ചൈനയുടെ വർദ്ധിച്ചുവരുന്ന ആക്രമണം എന്നിവ ഉൾപ്പെടെയുള്ള മറ്റ് പ്രതിസന്ധികളും ജി 7 പ്രതിനിധികൾ ചർച്ച ചെയ്തു. അതേസമയം

ജപ്പാനിൽ നിന്ന് ദക്ഷിണ കൊറിയയിലേക്കും പിന്നീട് ഇന്ത്യയിലേക്കും ബ്ലിങ്കൻ യാത്ര ചെയ്യുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇസ്രായേൽ, ജോർദാൻ, വെസ്റ്റ് ബാങ്ക്, സൈപ്രസ്, ഇറാഖ് എന്നിവിടങ്ങൾ സന്ദർശിച്ച് മിഡിൽ ഈസ്റ്റിലൂടെയുള്ള നാല് ദിവസത്തെ മിന്നൽ സന്ദർശനത്തിന് ശേഷമായിരിക്കും അദ്ദേഹത്തിന്റെ യാത്ര.

# ഫാ. ബിൻസ് ചേത്തലിൽ ഷിക്കാഗോ തിരുഹൃദയ ഫൊറോന ഇടവക അസി. വികാരിയായി ചാർജ് എടുത്തു



ഷിക്കാഗോ തിരുഹൃദയ ക്നാനായ കാത്തലിക് ഫൊറോന ഇടവക ദൈവാലയത്തിന്റെ പുതിയ അസി.വികാരിയായി ഫാ.ബീൻസ് ചേത്തലിൽ ശുശ്രൂഷ ഏറ്റെടുത്തു. ന്യൂജേഴ്സി ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക വികാരിയായും ഫിലാഡെൽഫിയ സെന്റ് ജോൺ ന്യൂമാൻ മിഷൻ ഡയറക്ടർ ആയി കഴിഞ്ഞ മൂന്ന് വർഷത്തെ ശുശ്രൂഷയ്ക്ക് ശേഷമാണ് നിയമിതനായത്. തിരുഹൃദയ ഫൊറോന ഇടവക എക്സിക്യൂട്ടിവ് അംഗങ്ങളുടെ നേതൃത്വത്തിൽ അച്ചനെ സ്വീകരിക്കുകയും വി.കുർബ്ബാനയ്ക്ക് മുമ്പായി സ്വാഗതം ചെയ്തു. ദൈവജനത്തിനായി വി.കുർബ്ബാന അർപ്പിക്കുകയും ശുശ്രൂഷ ചെയ്ത് കടന്നുപോയ അബ്രാഹം മുത്തോലത്ത് അച്ചനെ പ്രത്യേകം സ്മരിക്കുകയും വികാരി തോമസ്സ് മുളവനാൽ അച്ചനെ നന്ദിയോടെ ഓർക്കുകയും ചെയ്ത് എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുകയും ചെയ്തു.

◗ *ബിനോയി സ്റ്റീഫൻ കിഴക്കനടി*






# ആ വധശിക്ഷ ഒഴിവാക്കാൻ ഇന്ത്യക്ക് മുന്നിൽ എന്തെങ്കിലും സാധ്യതകൾ ഉണ്ടോ?



2018 ജൂൺ ഖത്തറിലെ ഒരു കോടതി നേപ്പാൾ തൊഴിലാളിയായ അനിൽ ചൗധരിയെ വധശിക്ഷയ്ക്ക് വിധിച്ചു. വെടിവെച്ചു കൊലപ്പെടുത്താനായിരുന്നു വിധി. കാർ വാഷിങ് സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന അനിൽ ചൗധരി ഖത്തർ പൗരനെ ഖുക്രി ഉപയോഗിച്ച് കൊലപ്പെടുത്തിയ കേസിലയിരുന്നു ശിക്ഷ. ഖത്തറിൽ 17 വർഷത്തിനിടെ ഉണ്ടായ ആദ്യ വധശിക്ഷയായിരുന്നു ഇത്. ഇതിന് മുമ്പ് അവസാനത്തെ വധശിക്ഷ നടപ്പാക്കിയത് 2003ൽ ആയിരുന്നു.

കഴിഞ്ഞ ആഴ്ച ഫിനാൻഷ്യൽ ടൈംസിലെ റിപ്പോർട്ട് പ്രകാരം എട്ട് ഇന്ത്യക്കാർക്കെതിരെ ഇസ്രായേലിന് വേണ്ടി ചാരവൃത്തി നടത്തിയെന്നാണ് കേസ്. ഇന്ത്യയുടെ ഭാഗത്തുനിന്നുള്ള ഈ ആരോപണങ്ങളെക്കുറിച്ച് ഔദ്യോഗിക പ്രഖ്യാപനമൊന്നും വന്നിട്ടില്ല. ക്യാപ്ടൻ നവതേജ് സിങ് ഗിൽ, ക്യാപ്ടൻ ബീരേന്ദ്ര കുമാർ വർമ്മ, ക്യാപ്ടൻ സൗരഭ് വസിഷ്ഠ്, കമാൻഡർ അമിത് നാഗ്പാൽ, കമാൻഡർ പൂർണേന്ദു തിവാരി, കമാൻഡർ സുഗുണാകർ പകല, കമാൻഡർ സഞ്ജീവ് ഗുപ്ത, നാവികൻ രാഗേഷ് എന്നിവരെ 2022 ഓഗസ്റ്റിലാണ് കസ്റ്റഡിയിലെടുത്തത്. ഖത്തർ അപൂർവ്വമായി മാത്രമേ വധശിക്ഷ വിധിക്കാറുള്ളൂ. അതിനാൽ തന്നെ ഇന്ത്യയിൽ ഇത് വളരെയധികം ഞെട്ടൽ ഉണ്ടാക്കിയിരിക്കുകയാണ്. അതേസമയം ഇന്ത്യൻപൗരന്മാർക്കെതിരായ കുറ്റങ്ങൾ ഖത്തർ അധികൃതർ ഇതുവരെ വെളിപ്പെടുത്തിയിട്ടുമില്ല.

ശിക്ഷ വിധിക്കപ്പെട്ട ഇന്ത്യൻ പൗരന്മാരെല്ലാം ദോഹ ആസ്ഥാനമായുള്ള ദഹ്റ ഗ്ലോബലിന്റെ ജീവനക്കാരാണ്. ഇറ്റാലിയൻ സ്മോൾ സ്റ്റെൽത്ത് അന്തർവാഹിനികളായ യു2ഐ2 ലെ ഇൻഡക്ഷൻ മേൽനോട്ടം വഹിക്കുന്നതിനായി ദഹ്റ ഗ്ലോബലുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരികയായിരുന്നു. ഇന്ത്യക്കാർക്കൊപ്പം രണ്ട് ഖത്തർ പൗരന്മാർക്കെതിരെയും കുറ്റം ചുമത്തിയിട്ടുണ്ട്. അവരിൽ ഒരാൾ ദഹ്റ ഗ്ലോബൽ സിഇഒ ഖമീസ് അൽ അജ്മിയാണ്. 2022 ഒക്ടോബറിൽ അറസ്റ്റിലാവുകയും ജാമ്യം ലഭിക്കുന്നതുവരെ രണ്ട് മാസത്തേക്ക് അൽഅജ്മിയെ ഏകാന്ത തടവിൽ പാർപ്പിച്ചു. കസ്റ്റഡിയിലെടുത്ത ഒരു ഒമാൻ പൗരനെ ഫിഫ ഫുട്ബോൾ ലോകകപ്പ് ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് മോചിപ്പിച്ചിരുന്നു. ദോഹയിലെ മുൻ ഇന്ത്യൻ അംബാസഡർ ദീപക് മിത്തൽ തടങ്കലിൽ കഴിയുന്നവരെ മൂന്ന് തവണ കണ്ടിരുന്നു. ഇപ്പോൾ പ്രധാനമന്ത്രിയുടെ ഓഫീസിലുള്ള ദീപക് മിത്തലിനെ ഡൽഹിയിൽ നിന്ന് കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കി നടത്താൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

## ഖത്തറിലെ ഇന്ത്യക്കാർ

ഗൾഫ്, പശ്ചിമേഷ്യൻ മേഖലകളിൽ ഏകദേശം 90 ലക്ഷം ഇന്ത്യക്കാർ ഉണ്ട്. അതിൽ എട്ട് ലക്ഷത്തോളം പേർ ഖത്തറിലാണ്. ഇന്ത്യൻ പ്രവാസികൾ പൊതുവെ നിയമം പാലിക്കുന്നവരാണ്. അതേസമയം കുറ്റകരമായ പ്രവൃത്തികളുടെ പേരിൽ ഇന്ത്യാക്കാർക്കെതിരെ പ്രാദേശികമായ നടപടിയെടുത്ത സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഈ കേസുകളിൽ ചിലത് ബിജെപിയുടെ നൂപൂർ ശർമ്മയുടെ പ്രവാചകനെക്കുറിച്ച് നടത്തിയ വിവാദ പരാമർശങ്ങളെ തുടർന്നാണ്. ഈ അഭിപ്രായങ്ങളെ പിന്തുണയ്ക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്ത ഇന്ത്യക്കാർക്കെതിരെ ഗൾഫ് മേഖലയിലെ ചില രാജ്യങ്ങൾ നടപടി സ്വീകരിച്ചിരുന്നു. നൂപൂർ ശർമ്മയുടെ അഭിപ്രായങ്ങളോട് എതിർപ്പ് പ്രകടിപ്പിച്ച ഗൾഫ് മേഖലയിലെ ആദ്യത്തെ രാജ്യങ്ങളിലൊന്നാണ് ഖത്തർ.

ഈ എട്ട് ഇന്ത്യക്കാരും റോയൽ ഒമാനി എയർഫോഴ്സിൽ നിന്ന് വിരമിച്ച സ്ക്വാഡ്രൺ ലീഡറായിരുന്ന ഒമാനി പൗരന്റെ ഉടമസ്ഥതയിലുള്ള പ്രതിരോധ സേവന ദാതാക്കളുടെ കമ്പനിയായ ദഹ്റ ഗ്ലോബൽ ടെക്നോളജീസ് ആൻഡ് കൺസൽട്ടൻസി സർവീസസിൽ ജോലി ചെയ്യുകയായിരുന്നു. ഖത്തർ എമിരി നേവൽ ഫോഴ്സിന് (ക്യുഇഎൻഎഫ്) പരിശീലനം, ലോജിസ്റ്റിക്സ്, മെയിന്റനൻസ് സേവനങ്ങൾ എന്നിവ കമ്പനി നൽകിയിരുന്നു. നാല് മുതൽ ആറ് വർഷമായി അവിടെ ജോലി ചെയ്യുകയായിരുന്നു. ഇന്ത്യൻ പ്രതിനിധികൾ കമ്പിനിയുടെ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും ചെയ്തിരുന്നു.

വാസ്തവത്തിൽ, കമ്പനിയുടെ മാനേജിങ് ഡയറക്ടറായി സേവനമനുഷ്ഠിച്ച വിരമിച്ച കമാൻഡർ പൂർണേന്ദു തിവാരി, ഇന്ത്യയും ഖത്തറും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിൽ വഹിച്ച പങ്കിന് 2019 ൽ പ്രവാസി ഭാരതീയ സമ്മാൻ അവാർഡിന് അർഹനായ വ്യക്തിയാണ്. സെപ്തംബർ പകുതിയോടെ അറസ്റ്റ് ചെയ്ത വിവരം ദോഹയിലെ ഇന്ത്യൻ എംബസിയെ അറിയിക്കുകയും സെപ്തംബർ 30ന് ടെലിഫോണിലൂടെ കുടുംബാംഗങ്ങളുമായി സംസാരിക്കാൻ അവരെ അനുവദിക്കുകയും ചെയ്തു.

## നിയമ നടപടി

2022 ഒക്ടോബർ ഒന്നിന് ദോഹയിലെ ഇന്ത്യൻ അംബാസഡറും ഡെപ്യൂട്ടി ഹെഡ് ഓഫ് മിഷനും എട്ട് ഇന്ത്യക്കാരുമായി കൂടിക്കാഴ്ച നടത്തി. 2022 ഒക്ടോബർ മൂന്നിന് ഇന്ത്യൻ എംബസിക്ക് കോൺസുലാർ (തടവിൽ കഴിയുന്ന സ്വന്തം രാജ്യത്തെ പൗരരെ കാണാനും അവരുമായി ആശയവിനിമയം നടത്താനും ക്ഷേമം പരിശോധിക്കാനും നിയമസഹായവും വൈദ്യപരിചരണവുമൊക്കെ ഉറപ്പാക്കാനുള്ള സംവിധാനം) അനുമതി നൽകി. കൂടാതെ 2023 മാർച്ച് 15 ന് അവസാന ജാമ്യാപേക്ഷയും തള്ളിയിരുന്നു.

2023 മാർച്ച് 25 നാണ് എട്ട് പേർക്കെതിരെ കുറ്റം ചുമത്തിയത്. 2023 മെയ് 30ന് ദഹ്റ ഗ്ലോബൽ ദോഹയിലെ പ്രവർത്തനം അവസാനിപ്പിച്ചു. അവിടെ ജോലി ചെയ്യുന്നവരെല്ലാം, പ്രധാനമായും ഇന്ത്യക്കാർ അതിനുശേഷം നാട്ടിലേക്ക് മടങ്ങി. ഒക്ടോബർ 26 ന് ഖത്തർ കോടതി എട്ട് ഇന്ത്യക്കാർക്കും വധശിക്ഷ വിധിച്ചു.

## എന്തായിരുന്നു ഇന്ത്യയുടെ പ്രതികരണം

ഒക്ടോബർ 26ലെ വിധിയോടുള്ള പ്രതികരണത്തിൽ, ഈ കേസിന് അടിയന്തര പ്രാധാന്യം നൽകുന്നതായും നിയമപരമായ എല്ലാ സാധ്യതകളും പരിശോധിക്കുന്നതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. വധശിക്ഷയുടെ വിധിയിൽ തങ്ങൾ അഗാധമായ ഞെട്ടലിലാണ് വിശദമായ വിധി ന്യായത്തിനായി കാത്തിരിക്കുകയാണ്. കുടുംബാംഗങ്ങളുമായും അഭിഭാഷക സംഘവുമായും ബന്ധപ്പെട്ടു. എല്ലാ നിയമപരമായ സാധ്യതകളും തങ്ങൾ പരിശോധിക്കുകയാണെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

ഈ ഞെട്ടൽ പ്രകടിപ്പിക്കുന്നു എന്ന് പറയുമ്പോൾ വധശിക്ഷയുടെ കാര്യം രാജ്യം അറിയാതെ പോയി എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതേസമയം ഇന്ത്യക്കാർക്ക് എല്ലാ തലത്തിലുമുള്ള കോൺസുലാർ, നിയമ സഹായവും നൽകുന്നത് തുടരുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഒരു ഇന്ത്യക്കാരൻ വിദേശത്ത് വധശിക്ഷയ്ക്ക് വിധേയനാകുന്നത് ഇതാദ്യമായല്ല, അത്തരക്കാരെ മോചിപ്പിക്കാൻ ഇന്ത്യൻ സർക്കാർ എപ്പോഴും പിന്തുണ നൽകിയിട്ടുണ്ട്.

2019ൽ സർക്കാർ സമർപ്പിച്ച കണക്കുകൾ പ്രകാരം, കുവൈറ്റ്, സൗദി അറേബ്യ, യുഎഇ എന്നിവിടങ്ങളിൽ 44 ഇന്ത്യക്കാർ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുണ്ട്. ചിലർ ലഹരിമരുന്ന് കേസിലാണ് ശിക്ഷിക്കപ്പെട്ടത്. ചാരവൃത്തി ആരോപിച്ച് പാകിസ്ഥാൻ കസ്റ്റഡിയിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മുൻ നാവികസേനാ ഉദ്യോഗസ്ഥൻ കുൽഭൂഷൺ ജാദവിന്റേതാണ് സമീപകാലത്തെ ഏറ്റവും പ്രശസ്തമായ കേസ്.

## സാധ്യതകൾ മൂന്ന്

1. നിയമനടപടി:

'ദി കോർട്ട് ഓഫ് ഫസ്റ്റ് ഇൻസ്റ്റൻസ്' എന്ന് വിളിക്കപ്പെടുന്ന കോടതിയിലാണ് ഈ കേസ് ഉൾപ്പെടുന്നത്. നാല് ഹിയറിങ്ങുകൾ നടന്നു. വധശിക്ഷയെ ഉയർന്ന കോടതികളിൽ ചോദ്യം ചെയ്യാനും വധശിക്ഷയിൽ നിന്ന് ഇളവ് നേടാനും ഇന്ത്യക്കാരെ സഹായിക്കാൻ ഇന്ത്യൻ സർക്കാരിന് ശ്രമിക്കാം. കേസ് നടത്തുകയാണെങ്കിൽ ഇന്ത്യൻ സർക്കാരിന്, എന്റിക്ക ലെക്സി ഇറ്റാലിയൻ മറൈൻ കേസിൽ സ്വീകരിച്ച രീതി പിന്തുടരാം.

2012 ഫെബ്രുവരി 15 ന് സെന്റ് ആന്റണി എന്ന ബോട്ടിൽ മത്സ്യബന്ധനത്തിന് പോയ രണ്ട് ഇന്ത്യൻ മത്സ്യത്തൊഴിലാളികൾ കേരള തീരത്ത് കൊല്ലപ്പെട്ടു. ഇറ്റാലിയൻ പതാക ഘടിപ്പിച്ച വാണിജ്യ എണ്ണക്കപ്പലായ എംബി എന്റിക്ക ലെക്സിയിലുണ്ടായിരുന്ന രണ്ട് ഇറ്റാലിയൻ നാവികരാണ് മത്സ്യത്തൊഴിലാളികളെ കൊലപ്പെടുത്തിയെന്ന് ഇന്ത്യ ആരോപിച്ചു.

അന്താരാഷ്ട്ര നിയമങ്ങൾ, മാരിടൈം സോൺസ് ആക്ട്, 1976 ഇന്ത്യൻ പീനൽ കോഡ്, ക്രിമിനൽ നടപടി ചട്ടം, UNCLOS 1982 ലെ വ്യവസ്ഥകൾ എന്നിവ അനുസരിച്ചാണ് ഇന്ത്യൻ സർക്കാർ നിലപാട് സ്വീകരിച്ചതെന്ന് ഇതുമായി ബന്ധപ്പെട്ട വൃത്തങ്ങൾ പറഞ്ഞിരുന്നു.

2. ദയാഹർജി: റമദാൻ പോലുള്ള അവസരങ്ങളിൽ മാപ്പ് നൽകുന്ന ഖത്തർ അമീറിന് കുടുംബങ്ങൾക്ക് ദയാഹർജി നൽകാം. ഇന്ത്യൻ ഗവൺമെന്റിന്റെ സഹായത്തോടെയും ഈ ദയാഹർജിയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാം.

3. രാഷ്ട്രീയവും നയതന്ത്രപരവുമായ സാധ്യതകൾ: വിഷയം ഇന്ത്യൻ സർക്കാർ വിവിധ ഔദ്യോഗിക രാഷ്ട്രീയ തലങ്ങളിൽ ഏറ്റെടുത്തിട്ടുണ്ട്. ഈ ഗൾഫ് രാജ്യവുമായി ഇന്ത്യ നല്ലൊരു സൗഹൃദബന്ധം സൃഷ്ടിച്ചിട്ടുണ്ട്. ഇന്ത്യയുടെ നയതന്ത്ര ശ്രമങ്ങൾ ചെറുതും എന്നാൽ ശക്തവുമായ ഗൾഫ് രാഷ്ട്രവുമായുള്ള ബഹുമുഖ ബന്ധത്തിന്റെ പരീക്ഷണം കൂടിയായിരിക്കുമിത്.

അന്നത്തെ ഖത്തർ അമീർ ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽതാനി 1999, 2005, 2012 വർഷങ്ങളിൽ ഇന്ത്യ സന്ദർശിച്ചിരുന്നു. 2008 നവംബറിൽ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ ഖത്തർ സന്ദർശനം ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ ആദ്യ സന്ദർശനമായിരുന്നു. 2015 മാർച്ചിൽ ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനി ഇന്ത്യ സന്ദർശിച്ചിരുന്നു. ഈ ബന്ധം തുടർന്നുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി 2016 ജൂണിൽ ഖത്തർ സന്ദർശിച്ചു. കഴിഞ്ഞ വർഷം ഒക്ടോബറിൽ, മോദി അമീറുമായി സംസാരിക്കുകയും അദ്ദേഹത്തിന്റെ ദീപാവലി ആശംസകൾ സ്വീകരിക്കുകയും ഖത്തറിൽ നടക്കാനിരിക്കുന്ന ഫിഫ ലോകകപ്പ് ടൂർണമെന്റിന് ഇന്ത്യയുടെ ആശംസകൾ അറിയിക്കുകയും ചെയ്തിരുന്നു.

2022 ഒക്ടോബർ 29 ന് അവർ സംസാരിക്കുകയും ഉഭയകക്ഷി ബന്ധങ്ങൾ ചർച്ച ചെയ്യുകയും ചെയ്തപ്പോൾ, ഇന്ത്യഖത്തർ നയതന്ത്ര ബന്ധത്തിന്റെ 50 വർഷം സംയുക്തമായി ആഘോഷിക്കാൻ അവർ ധാരണയായി. കഴിഞ്ഞ ദശാബ്ദത്തിലോ മറ്റോ വികസിച്ചുകൊണ്ടിരിക്കുന്ന അന്താരാഷ്ട്ര നയതന്ത്ര രംഗത്ത് കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ ഖത്തറിന്റെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ താലിബാന്റെ ആഗോള ദൗത്യത്തിന് ദോഹയിൽ ആതിഥേയത്വം വഹിക്കുന്നത് മുതൽ സമീപകാലത്ത് ഹമാസിന്റെ തടവിൽ നിന്ന് യുഎസ് ബന്ദികളെ മോചിപ്പിക്കുന്നതിലെ പങ്ക് വരെ ഇരുപക്ഷത്തിനും തങ്ങളുടെ ശക്തമായ ബന്ധങ്ങളിൽ പങ്കാളിത്തം ഉള്ളതിനാൽ ഇന്ത്യയ്ക്ക് ഖത്തറിനെ സമീപിക്കാനും സാധിക്കും.

ഇരു രാജ്യങ്ങൾക്കും ശക്തമായ സാമ്പത്തിക ബന്ധമുണ്ട്. ഖത്തറിൽ നിന്നുള്ള എൽഎൻജി ഇറക്കുമതി ഈ ബന്ധങ്ങളുടെ ഒരു പ്രധാന സവിശേഷതയാണ്ഖത്തർ ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയുടെ നിക്ഷേപം ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയിൽ ഗണ്യമായതാണ്. 2022-23 ൽ ഖത്തറുമായുള്ള ഇന്ത്യയുടെ ഉഭയകക്ഷി വ്യാപാരം 18.77 ബില്യൺ യുഎസ് ഡോളറായിരുന്നു. 2022-23 കാലയളവിൽ ഖത്തറിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി 1.96 ബില്യൺ യുഎസ് ഡോളറും ഖത്തറിൽ നിന്നുള്ള ഇന്ത്യയുടെ ഇറക്കുമതി 16.8 ബില്യൺ യുഎസ് ഡോളറുമാണ്. ഖത്തറുമായുള്ള പ്രതിരോധ ബന്ധവും വളരെ ശക്തമാണ്, പ്രതിരോധ സഹകരണം ഉഭയകക്ഷി അജണ്ടയുടെ ഒരു പ്രധാന ഘടകമാണ്. ഖത്തറിൽ ഇന്ത്യൻ കുടിയേറ്റക്കാരെ കുറിച്ച് നല്ല അഭിപ്രായമാണ് പൊതുവിലുള്ളതെന്ന് വിദേശകാര്യവൃത്തങ്ങൾ പറയുന്നു. ഇന്ത്യയും ഖത്തറും തമ്മിൽ 2015 ൽ ഒപ്പുവച്ച തടവുകാരുടെ കൈമാറ്റ കരാറാണ് ഇതിനുള്ള പരിഹാരങ്ങളിലൊന്ന്.



# ചാണ്ടി ഉമ്മൻ എം. എൽ. എയ്ക്ക് ഷിക്കാഗോയിൽ ഐ. ഒ. സി സ്വീകരണം നൽകി




ഷിക്കാഗോ: ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് ഷിക്കാഗോയുടെ ആഭിമുഖ്യത്തിൽ ചാണ്ടി ഉമ്മൻ എം.എൽ.എയ്ക്ക് ഷിക്കാഗോ പൗരാവലി ഉജ്ജ്വല സ്വീകരണം നൽകി. രണ്ടു ദിവസത്തെ സന്ദർശനത്തിനു ഷിക്കാഗോയിലെത്തിയ ചാണ്ടി ഉമ്മനെ വളരെ ആവേശത്തോടുകൂടിയാണ് ഷിക്കാഗോ നിവാസികൾ സ്വീകരിച്ചത്.

ഐ.ഒ.സി ഷിക്കാഗോ പ്രസിഡന്റ് സന്തോഷ് നായരുടെ അദ്ധ്യക്ഷതയിൽ കൂടി പൗരസ്വീകരണ ചടങ്ങിൽ ഷിക്കാഗോയിലെ സാമൂഹിക സാംസ്കാരിക, മത നേതാക്കന്മാർ പങ്കെടുത്തു. കക്ഷി രാഷ്ട്രീയ ഭേദമെന്യേ ചടങ്ങിൽ പങ്കെടുത്ത ഏവരേയും പ്രസിഡന്റ് തന്റെ അനുമോദനം അറിയിച്ചു.

ജോർജ് പണിക്കരുടെ സ്വാഗതത്തോടു കൂടി ആരംഭിച്ച സ്വീകരണ ചടങ്ങ് കെ.പി.സി.സി വൈസ് പ്രസിഡന്റ് സജീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രശസ്ത കവി മുരുകൻ കാട്ടാക്കടയും സന്നിഹിതനായിരുന്നു. അദ്ദേഹം ചൊല്ലിയ കവിത ചടങ്ങിനെ പുളകമണിയിച്ചു.

ചടങ്ങിൽ വിവിധ സാമൂഹിക സാംസ്കാരിക മതസംഘടനകളെ പ്രതിനിധീകരിച്ച് നേതാക്കൾ ചാണ്ടി ഉമ്മന് ആശംസകൾ നൽകി. ഐ.ഒ.സി കേരളായുടെ ചെയർമാൻ തോമസ് മാത്യു, സെന്റ് മേരീസ് പള്ളി വികാരി സിജു മുടക്കോടിയിൽ, പ്രവാസി കേരളാ കോൺഗ്രസ് പ്രസിഡന്റ് ജയ്ബു മാത്യു, പ്രസ് ക്ലബ് ഓഫ് ഇന്ത്യ അഡ്വൈസറി ചെയർ ബിജു കിഴക്കേകുറ്റ്, ഫൊക്കാനയുടെ ആർ.വി.പി. ഫ്രാൻസിസ് കിഴക്കേകുറ്റ്, ഫോമയുടെ വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, ഇടതുപക്ഷത്തിന്റെ പ്രതിനിധി പീറ്റർ കുളങ്ങര, കെ.സി.എസ്. ഷിക്കാഗോയുടെ പ്രസിഡന്റ് ജയിൻ മാക്കിൽ, മാർത്തോമ പള്ളി വികാരി എബി തരകൻ, മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റ് റോയി നെടുംചിറ, ഇല്ലിനോയ് മലയാളി അസോസിയേഷൻ പ്രസിഡന്റ് സുനേന ചാക്കോ, ഷിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ് ജോഷി വള്ളിക്കളം, കേരളൈറ്റ് അസോസിയേഷൻ പ്രസിഡന്റ് ബിജി ഇടാട്ട്, വേൾഡ് മലയാളി കൗൺസിലിനെ പ്രതിനിധീകരിച്ച് ഫിലിപ്പ് പുത്തൻപുര, ഗ്ലോബൽ ക്രിസ്ത്യൻ അസോസിയേഷനെ പ്രതിനിധീകരിച്ച് സെബാസ്റ്റ്യൻ എമ്മാനുവൽ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് തോമസ് കോട്ടൂർ തുടങ്ങി പ്രമുഖർ ചാണ്ടി ഉമ്മന് ആശംസ അർപ്പിച്ചു.

വലിയ ഒരു ജനാധിപത്യ ബോധം നമ്മുടെ രാജ്യത്ത് ഉണ്ടാക്കേണ്ടത് അനിവാര്യമാണെന്നും അതിനായി ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് നമ്മൾ ഓരോരുത്തരുടേയും കർത്തവ്യമാണെന്നും, നമ്മുടെ രാജ്യത്തെ മാറ്റങ്ങൾ കൊണ്ടുവരുവാൻ പ്രവാസി വഹിക്കുന്ന പങ്ക് വളരെ വലുതാണെന്നും അതിനായി നിങ്ങൾ ഓരോരുത്തരും പ്രവർത്തിക്കണമെന്നും കൂടാതെ രാജ്യത്തെ യുവതലമുറ ലഹരിമരുന്നുകൾക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും അതിനു തടയിടേണ്ടത് അനിവാര്യമാണെന്നും ചാണ്ടി ഉമ്മൻ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പ്രത്യേകം എടുത്തു പറഞ്ഞു.

സമ്മേളനത്തിൽ പങ്കെടുത്ത ഏവർക്കും ബൈജു കണ്ടത്തിൽ നന്ദി രേഖപ്പെടുത്തി. സതീശൻ നായർ മാസ്റ്റർ ഓഫ് സെറിമണി നിർവ്വഹിച്ചു.

*സതീശൻ നായർ*

# ഹാട്രിക് വിജയവുമായി വിൻ ഗോപാൽ വീണ്ടും ന്യൂജേഴ്സി സെനറ്റിൽ



ന്യൂജേഴ്സി: ഇന്ത്യൻഅമേരിക്കൻ സ്റ്റേറ്റ് സെനറ്റർ വിൻ ഗോപാൽ ന്യൂജേഴ്സി സെനറ്റിലേക്ക് മൂന്നാം തവണയും തെരഞ്ഞെടുക്കപ്പെട്ടു. 38 കാരനായ ഡെമോക്രാറ്റ് സെനറ്റർ ചൊവ്വാഴ്ച ന്യൂജേഴ്സിയിലെ 11-ാമത് കോൺഗ്രസ്സ് ഡിസ്ട്രിക്റ്റിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി സ്റ്റീവ് ഡിനിസ്ട്രിയനെയാണ് പരാജയപ്പെടുത്തിയത്. 58 ശതമാനം വോട്ട് നേടിയാണ് വിൻ ഗോപാലിന്റെ വിജയം. ഡിനിസ്ട്രിയന് 38 ശതമാനം വോട്ടാണ് ലഭിച്ചത്.

ഗോപാൽ നിലവിൽ ന്യൂജേഴ്സി സ്റ്റേറ്റ് സെനറ്റിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗവും സ്റ്റേറ്റിന്റെ ചരിത്രത്തിൽ സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യത്തെ ദക്ഷിണേഷ്യൻ അമേരിക്കക്കാരനുമാണ്. 2017 ൽ ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട ഗോപാലിന്റെ ഹാട്രിക് വിജയമാണിത്. റിപ്പബ്ലിക്കൻ ചായ്‌വുള്ള 11-ാം ഡിസ്ട്രിക്റ്റ് ഈ വർഷം റിപ്പബ്ലിക്കൻമാരുടെ പ്രധാന ശ്രദ്ധാകേന്ദ്രമായിരുന്നു. ഇതിനെ അതിജീവിച്ചാണ് ഗോപാലിന്റെ വൻ വിജയം.

സ്റ്റേറ്റിന്റെ ചരിത്രത്തിലെ ഏറ്റവും ചെലവേറിയ തെരഞ്ഞെടുപ്പ് പോരാട്ടങ്ങളിൽ ഒന്നായിരുന്നു ഈ മത്സരം. ഒക്ടോബറിൽ ഡെമോക്രാറ്റുകൾ 3.4 മില്യൺ ഡോളർ സമാഹരിക്കുകയും 3.5 മില്യൺ യുഎസ് ഡോളർ ചിലവഴിക്കുകയും ചെയ്തു, റിപ്പബ്ലിക്കൻമാർ 460,339 ഡോളർ സമാഹരിച്ച് 444,970 യുഎസ് ഡോളർ ചെലവഴിച്ചു. പുറത്തുനിന്നുള്ള നിരവധി ഗ്രൂപ്പുകളും പോരാട്ടത്തിന് പണം ഒഴുക്കിയതായാണ് റിപ്പോർട്ട്. ന്യൂജേഴ്സിയിൽ ജനിച്ചു വളർന്ന ഗോപാൽ റട്ജേഴ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് പബ്ലിക് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും പെൻസിൽവാനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദവും നേടിയിട്ടുണ്ട്.






# 'ട്രാൻസ്ജെൻഡർ കത്തോലിക്കർക്ക് മാമ്മോദീസ സ്വീകരിക്കാം'

(ഒന്നാം പേജ് തുടർച്ച)

വനയിൽ വത്തിക്കാൻ വ്യക്തമാക്കുന്നു. ട്രാൻസ്ജെൻഡർമാർക്ക് റോമൻ കത്തോലിക്കാ മാമോദീസയിൽ പങ്കാളികളാകാം, മതപരമായ വിവാഹങ്ങളിൽ സാക്ഷികളാകാം, സ്വയം മാമോദീസ സ്വീകരിക്കാം എന്നും പ്രസ്താവനയിൽ പറയുന്നു. ബ്രസീലിലെ സാന്റോ അമാരോയിലെ ബിഷപ്പ് ജോസ് നെഗ്രി ജൂലൈയിൽ മാമോദീസ, വിവാഹ കൂദാശകളിൽ എൽജിബിടി ആളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള ആറ് ചോദ്യങ്ങൾ ഡോക്ട്രിനൽ ഓഫീസിലേക്ക് അയച്ചിരുന്നു.

ബിഷപ്പിന്റെ ചോദ്യങ്ങൾക്ക് മറുപടിയായാണ് വത്തിക്കാനിലെ ഡോക്ട്രിനൽ ഓഫീസ് ബുധനാഴ്ച പ്രസ്താവന ഇറക്കിയത്. സ്വവർഗ ദമ്പതികൾക്ക് ദത്തെടുക്കപ്പെട്ട കുട്ടിക്ക് പള്ളി സ്നാനം നൽകാമോ എന്ന ചോദ്യത്തിന് മറുപടിയായിരുന്നു ഇത്. ഡിപ്പാർട്ട്മെന്റ് തലവൻ അർജന്റീനിയൻ കർദ്ദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസ് ഒപ്പിട്ട മൂന്ന് പേജുകളുള്ള ചോദ്യങ്ങളും ഉത്തരങ്ങളും ഒക്ടോബർ 31ന് ഫ്രാൻസിസ് മാർപാപ്പ അംഗീകരിച്ചിരുന്നു. ട്രാൻസ്സെക്ഷ്വൽ എന്നതിനുള്ള ഇറ്റാലിയൻ വാക്ക് ഉപയോഗിച്ച് അവ ബുധനാഴ്ച ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്തിരുന്നു.

'ഇത് ട്രാൻസ് ഇൻക്ലൂഷന്റെ ഒരു പ്രധാന ചുവടുവയ്പ്പാണ്. ഇത് വളരെ ഉത്തമവും മികച്ചതുമായ വാർത്തയാണ്,' മേരിലാൻഡ് ആസ്ഥാനമായുള്ള ന്യൂ വേസ് മന്ത്രാലയത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫ്രാൻസിസ് ഡിബെർണാർഡോ പറഞ്ഞു. ഇത് സഭയിൽ കൂടുതൽ എൽജിബിടിക്യു സ്വീകാര്യതയ്ക്കായി വാദിക്കുന്നുവെന്നും അവർ കൂട്ടിച്ചേർത്തു.

ഒക്ടോബർ 21ന് ഫ്രാൻസിസ് മാർപാപ്പയും വിശ്വാസ പ്രമാണത്തിനായുള്ള വത്തിക്കാനിലെ ഡികാസ്റ്ററിയുടെ തലവനായ കർദ്ദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസും ഒപ്പുവച്ചു. അത് ഓഫീസിന്റെ വെബ്സൈറ്റിൽ ബുധനാഴ്ച പോസ്റ്റ് ചെയ്തു.

അതുപോലെ, പ്രായപൂർത്തിയായവർക്ക്, അവർ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുണ്ടെങ്കിൽപ്പോലും ചില വ്യവസ്ഥകളിൽ ഗോഡ്ഫാദർമാരായോ ഗോഡ് മദർമാരായോ സേവിക്കാമെന്നും രേഖ പറയുന്നു.

# ചൈനീസ് നിർമ്മിത വാഹനങ്ങൾക്ക് താരിഫ് വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് യുഎസ് നിയമനിർമ്മാതാക്കൾ

(ഒന്നാം പേജ് തുടർച്ച)

ഡ് ട്രംപിന്റെ ഭരണകാലത്ത് ഏർപ്പെടുത്തുകയും ബൈഡൻ ഭരണകൂടം വിപുലീകരിക്കുകയും ചെയ്തിരുന്നു. ചൈനീസ് വാഹനങ്ങൾക്കെതിരെ പുതിയ സെക്ഷൻ 301 അന്വേഷണം ആരംഭിക്കുന്നത് യുഎസ്ടിആർ പരിഗണിക്കണമെന്നും 'അമേരിക്കൻ ഓട്ടോമോട്ടീവ് വ്യവസായത്തിനും അമേരിക്കൻ തൊഴിലാളികൾക്കും അവ സൃഷ്ടിക്കുന്ന ദോഷങ്ങളെക്കുറിച്ചും ആഗോള ഓട്ടോമൊബൈൽ വിപണിയിൽ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള (ചൈന) വ്യാവസായിക തന്ത്രത്തെ പ്രതിരോധിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കേണ്ടതെന്നും' കത്തിൽ വ്യക്തമാക്കുന്നു.

മെക്സിക്കോ പോലുള്ള ഞങ്ങളുടെ മറ്റ് വ്യാപാര പങ്കാളികളിൽ നിന്ന് കയറ്റുമതി ചെയ്യുന്ന (ചൈനീസ്) വാഹനങ്ങളുടെ വരാനിരിക്കുന്ന തരംഗത്തെ നേരിടാൻ യുണൈറ്റഡ് സ്റ്റേറ്റ്സ് തയ്യാറാകണമെന്നും കത്തിൽ ആവശ്യപെടുന്നു. അതേസമയം ചൈനീസ് വാഹന നിർമ്മാതാക്കളെ കുറിച്ച് അമേരിക്കയിലെ വാഹന നിർമ്മാതാക്കൾ ആശങ്ക പ്രകടിപ്പിച്ചു. അലയൻസ് ഫോർ ഓട്ടോമോട്ടീവ് ഇന്നൊവേഷൻ സിഇഒ ജോൺ ബോസെല്ല ജൂണിൽ നിർദ്ദേശിച്ച യുഎസ് പാരിസ്ഥിതിക നിയന്ത്രണങ്ങൾ 'അമേരിക്കയുടെ ഇലക്ട്രിക് വാഹന ബാറ്ററി വിതരണ ശൃംഖലയിലും ഒടുവിൽ നമ്മുടെ വാഹന വിപണിയിലും ശക്തമായ ചുവടുറപ്പിക്കാൻ' ചൈനയെ അനുവദിക്കുമെന്ന് പറഞ്ഞു.

വിലകുറഞ്ഞ ചൈനീസ് ഇലക്ട്രിക് വാഹന (ഇവി) ഇറക്കുമതിക്കെതിരെ യൂറോപ്യൻ യൂണിയൻ നിർമ്മാതാക്കളെ സംരക്ഷിക്കാൻ ശിക്ഷാപരമായ താരിഫുകൾ ചുമണോ എന്നതിനെക്കുറിച്ച് സെപ്തംബറിൽ യൂറോപ്യൻ കമ്മീഷൻ അന്വേഷണം ആരംഭിച്ചു.

'പിആർസിയിൽ നിന്ന് കയറ്റുമതി ചെയ്യുന്ന മിക്ക ഇവികളും ചൈനയിൽ വലിയ രീതിയിൽ ഉൽപ്പാദനമുള്ള ടെസ്ല പോലുള്ള പാശ്ചാത്യ ബ്രാൻഡുകളാണ് നിർമ്മിച്ചിരിക്കുന്നത്' എന്ന് കത്തിൽ പരാമർശിക്കുന്നു.

ചില യുഎസ് വാഹന നിർമ്മാതാക്കൾ ചൈനീസ് നിർമ്മിത വാഹനങ്ങൾ അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ടെന്ന് നിയമനിർമ്മാതാക്കൾ ചൂണ്ടിക്കാട്ടി, ഇറക്കുമതി ചെയ്ത വാഹനങ്ങളുടെ നിലവിലെ താരിഫ് ലെവൽ അപര്യാപ്തമാണെന്നും അവർ കൂട്ടിച്ചേർത്തു.

### ജൂതന്മാർക്കും മുസ്ലീങ്ങൾക്കുംനേരെ ഭീഷണികൾ ഉയരുന്നു:

# ആരാധനാലയങ്ങൾ സുരക്ഷിതമാക്കാൻ കൂടുതൽ ഫണ്ട് ആവശ്യപ്പെട്ട് ഗവർണർമാർ

ലാൻസിങ്: ഇസ്രായേൽ-ഹമാസ് യുദ്ധത്തെ തുടർന്ന് യുഎസിലെ ജൂതന്മാർക്കും മുസ്ലീങ്ങൾക്കും നേരെ ഭീഷണികൾ ഉയരുന്ന സാഹചര്യത്തിൽ ആരാധനാലയങ്ങൾ സുരക്ഷിതമാക്കാൻ കൂടുതൽ ഫണ്ട് ആവശ്യപ്പെട്ട് ഗവർണർമാർ രംഗത്ത്. ആരാധനാലയങ്ങളിലെ സുരക്ഷയ്ക്കായി ധനസഹായം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് മിഷിഗണിലെ ഗ്രെച്ചൻ വിറ്റ്മറിന്റെ നേതൃത്വത്തിലുള്ള ഡെമോക്രാറ്റിക് ഗവർണർമാരുടെ ഒരു സംഘം യുഎസ് കോൺഗ്രസിന് കത്തയച്ചു. 10 സംസ്ഥാനങ്ങളിലെയും പ്യൂർട്ടോറിക്കോയുടെ പ്രദേശത്തെയും ഗവർണർമാരാണ് കത്തച്ചത്. ജൂതന്മാർക്കും മുസ്ലീങ്ങൾക്കും നേരെ നടക്കാൻ സാധ്യതയുള്ള ആക്രമണങ്ങൾ തടയാനും അവരുടെ ആരാധനാലയങ്ങൾ സുരക്ഷിതമാക്കാനും ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങൾക്ക് ഈ വർഷം 305 മില്യൺ ഡോളർ നൽകാൻ തീരുമാനിച്ചിരിക്കുന്ന ഫെഡറൽ നോൺപ്രോഫിറ്റ് സെക്യൂരിറ്റി ഗ്രാന്റ് പ്രോഗ്രാമിലേക്കുള്ള ധനസഹായം വർദ്ധിപ്പിക്കണമെന്നാണ് കത്തിലെ ആവശ്യം.

ഞാനും എന്റെ സഹ ഗവർണർമാരും ഫെഡറൽ നോൺപ്രോഫിറ്റ് സെക്യൂരിറ്റി ഗ്രാന്റ് പ്രോഗ്രാം വർദ്ധിപ്പിക്കാൻ ആവശ്യപ്പെടുന്നു, അതിനാൽ ജൂത, മുസ്ലീം, അറബ് സമൂഹങ്ങൾക്കും ആരാധനാലയങ്ങൾക്കും നേരെ ഉയരുന്ന ഭീഷണികളെയും ആക്രമണങ്ങളെയും ചെറുത്ത് ആളുകളെ സുരക്ഷിതമായി നിലനിർത്താൻ ഞങ്ങൾക്കാകും,' വിറ്റ്മർ പ്രസ്താവനയിൽ പറഞ്ഞു.

ഇസ്രായേൽഹമാസ് യുദ്ധത്തെ തുടർന്നുള്ള വിദ്വേഷ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് പ്രോഗ്രാമിന്റെ ഫണ്ട് വർദ്ധിപ്പിക്കാനുള്ള മറ്റ് ദേശീയ ഡെമോക്രാറ്റുകളിൽ നിന്നുള്ള ആഹ്വാനങ്ങളും കത്തിൽ പ്രതിധ്വനിക്കുന്നു. പ്രസിഡന്റ് ജോ ബൈഡൻ കഴിഞ്ഞ മാസം ഒരു അനുബന്ധ ബജറ്റ് അഭ്യർത്ഥനയിൽ സുരക്ഷാ ഗ്രാന്റ് പ്രോഗ്രാമിനായി 200 മില്യൺ ഡോളർ കൂടി ആവശ്യപ്പെട്ടിരുന്നു.

സ്കൂളുകൾ, മതസമൂഹം, തുടങ്ങിയ ആരാധനാലയങ്ങളും ഒത്തുചേരലുകളും ലക്ഷ്യമിട്ടുള്ള വിദ്വേഷ പ്രവൃത്തികൾ തടയുന്നതിന് ഗ്രാന്റ് പ്രോഗ്രാമിനായി 1 ബില്യൺ ഡോളർ അധികമായി ആവശ്യപ്പെടുന്നതായി യുഎസ് സെനറ്റ് ഭൂരിപക്ഷ നേതാവ് ചക്ക് ഷുമർ സോഷ്യൽ മീഡിയയിൽ പറഞ്ഞിരുന്നു. നെവാഡയുടെ ജാക്കി റോസൻ ഉൾപ്പെടെയുള്ള മറ്റ് യുഎസ് സെനറ്റർമാരും സമാനമായ അഭ്യർത്ഥനകൾ നടത്തിയിട്ടുണ്ട്.



# പ്രതിഭകളുടെ ഫസ്റ്റ് ചോയ്സ് സ്വിറ്റ്സർലന്റ്, യുഎസിന്റെയും ഇന്ത്യയുടെയും സ്ഥാനം അറിയാം

ലോകത്തിലെ ഏറ്റവും മികച്ച പ്രതിഭകളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള കഴിവിനെ അടിസ്ഥാനമാക്കിയുള്ള രാജ്യങ്ങളുടെ പട്ടികയിൽ സ്വിറ്റ്സർലൻഡാണ് ഒന്നാം സ്ഥാനത്തുള്ളത്. ബിസിനസ് സ്കൂൾ ഇൻസെഡ് പ്രസിദ്ധീകരിച്ച 2023 ലെ ഗ്ലോബൽ ടാലന്റ് കോംപറ്റിറ്റീവ്നസ് ഇൻഡക്സിൽ ആണ് ദശാബ്ദങ്ങളായി തുടരുന്ന തങ്ങളുടെ ആധിപത്യം സ്വിറ്റ്സർലന്റ് നിലനിർത്തിയത്.

യൂറോപ്യൻ രാജ്യങ്ങൾ ആധിപത്യം പുലർത്തുന്ന പട്ടികയിൽ സിംഗപ്പൂരും യുഎസും ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി. ബിസിനസ് സ്കൂൾ ഇൻസെഡ് പ്രസിദ്ധീകരിച്ച ആഗോള പ്രതിഭ മത്സരക്ഷമത സൂചികയിൽ സിംഗപ്പൂരാണ് ഒന്നാമത്. സിംഗപ്പൂരിന്റെ ഉയർന്ന വിദ്യാഭ്യാസമുള്ള തൊഴിൽ ശക്തിയും നൂതന സമ്പദ് വ്യവസ്ഥയുംആഗോളവിജ്ഞാനനൈപുണ്യത്തിൽ മൊത്തത്തിലുള്ള ഏറ്റവും മികച്ച നിലയിലേക്ക് ഉയർത്താൻ സഹായിച്ചു.

ലോകോത്തര സർവകലാശാലകളും ബിസിനസ് സ്കൂളുകളും കാരണം വളരുന്ന പ്രതിഭകളിൽ യുഎസ് ഒന്നാമതെത്തി. യുകെ തൃതീയ വിദ്യാഭ്യാസത്തിന്റെ കരുത്തിൽ പത്താം സ്ഥാനത്തെത്തി.

തൊഴിൽ, സാങ്കേതിക വൈദഗ്ധ്യങ്ങളിൽ കുറഞ്ഞ മാർക്ക് ഉണ്ടായിരുന്നിട്ടും പൊതുവിജ്ഞാന വൈദഗ്ധ്യത്തിലും പ്രതിഭ വളർച്ചയിലും ആധിപത്യം പുലർത്തിയതാണ് യുകെയെ ആദ്യ പത്തിൽ ഇടം നേടാൻ സഹായിച്ചത്.

ചൈന, ബ്രസീൽ, ഇന്ത്യ, റഷ്യ, ദക്ഷിണാഫ്രിക്ക എന്നിവ ചേർന്ന ബ്രിക്സ് രാജ്യങ്ങളിൽ ചൈന ഒന്നാം സ്ഥാനത്തെത്തി. സമ്പദ്വ്യവസ്ഥയുടെ ആവശ്യങ്ങളുമായി ആളുകളുടെ കഴിവുകൾ പൊരുത്തപ്പെടുത്തുന്നതിൽ ആഗോള നേതാവ് എന്ന നിലയിലുള്ള ചൈനയുടെ പദവി ഊട്ടിയുറപ്പിക്കാൻ സാധിച്ചു. മൊത്തത്തിലുള്ള പട്ടികയിൽ ചൈന 40ാം സ്ഥാനത്താണ്. ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാഷ്ട്രമായ ഇന്ത്യ 103ാം സ്ഥാനത്താണ്.

ബിസിനസിലെ മാന്ദ്യം ആഭ്യന്തരമായും വിദേശത്തുനിന്നും പ്രതിഭകളെ ആകർഷിക്കാനുള്ള ഇന്ത്യയുടെ കഴിവിനെ തടസപ്പെടുത്തി എന്നാണ് പട്ടിക വെളിവാക്കുന്നത്. വ്യാപാരം, നിക്ഷേപം, ഭൗമരാഷ്ട്രീയം എന്നിവയിലെ വർധിച്ചുവരുന്ന അനിശ്ചിതത്വങ്ങൾ കാരണം അടുത്ത 10 വർഷത്തിനുള്ളിൽ രാജ്യങ്ങൾക്കിടയിൽ മത്സരം കൂടുതൽ രൂക്ഷമായേക്കാം.

സമ്പത്തും പ്രതിഭയും തമ്മിലുള്ള പരസ്പരബന്ധം ശക്തമായി നിലനിൽക്കുന്നതിനാൽ ഇത് സമ്പന്ന രാജ്യങ്ങളും ദരിദ്ര രാജ്യങ്ങളും തമ്മിൽ കൂടുതൽ അസമത്വം സൃഷ്ടിച്ചേക്കാം എന്നാണ് റിപ്പോർട്ട് പറയുന്നത്.

ഉയർന്ന വൈദഗ്ധ്യമുള്ള ജോലികളിലെ തുല്യത 2019 ലെ ഏറ്റവും ഉയർന്ന നിലയിൽ നിന്ന് കഴിഞ്ഞ മൂന്ന് വർഷമായി കുറഞ്ഞതിനാൽ കോവിഡ് ലിംഗ അസമത്വം ശക്തിപ്പെടുത്തിയതായും റിപ്പോർട്ട് പറയുന്നു.



# 'എത്രയോ ജീവിതം അവർക്ക് ബാക്കിയുണ്ടായിരുന്നു...'; എന്തിനായിരുന്നു ഈ ക്രൂരത?

'എനിക്കൊരു കുഞ്ഞുണ്ട്...', കുത്തേറ്റ് രക്തത്തിൽ കുളിച്ചുകിടക്കുമ്പോഴും മെറിൻ ജോയി പറഞ്ഞത് അത് മാത്രമാണ്. ഭർത്താവിന്റെ കത്തിമുനയിൽ ജീവൻ പിടയുമ്പോഴും രണ്ട് വയസുള്ള മകൾ നോറയെക്കുറിച്ച് മാത്രമായിരുന്നു അവളുടെ ചിന്ത. മലയാളികളെ ഒന്നടങ്കം പ്രത്യേകിച്ച് കോട്ടയത്തെയും ചങ്ങനാശേരിയിലേയും ആളുകളെ. നമ്മുടെ അയൽപക്കത്തെ കുട്ടി എന്ന തിരിച്ചറിവ് വലിയ നടുക്കമാണ് അവർക്ക് ഉണ്ടാക്കിയത്.





മനുഷ്യ മനസാക്ഷിയെ ഞെട്ടിച്ച ആ ക്രൂരകൃത്യത്തിൽ മൂന്നുവർഷത്തിന് ശേഷം കോടതി വിധി വന്നിരിക്കുന്നു. മെറിൻ ജോയിയെ നിഷ്കരുണം കൊലപ്പെടുത്തിയ കേസിൽ ഭർത്താവ് ഫിലിപ്പ് മാത്യു(നെവിൻ 34) വിന് ജീവപര്യന്തം ശിക്ഷ. ഇത് പരോളില്ലാത്ത ജീവപര്യന്തമാണെന്ന് യു.എസിലെ കോടതി വിധി പ്രസ്താവിക്കവെ വ്യക്തമാക്കിയത്. യു.എസിൽ ജീവപര്യന്തം ശിക്ഷയെന്നത് മരണം വരെയായതിനാൽ പ്രതി ഇനിയുള്ള കാലം അഴിക്കുള്ളിൽ തന്നെയാകും എന്നതിൽ സംശയമില്ല.

2020 ജൂലൈ 28നാണ് കോട്ടയം മോനിപ്പള്ളി ഊരാളിൽ മരങ്ങാട്ടിൽ ജോയ്-മേഴ്സി ദമ്പതിമാരുടെ മകൾ മെറിൻ ജോയി(27)യെ ഭർത്താവ് ഫിലിപ്പ് മാത്യു ക്രൂരമായി കുത്തി കൊലപ്പെടുത്തിയത്. കോറൽസ്പ്രിങ്സിലെ ആശുപത്രിയിൽ നഴ്സായിരുന്ന മെറിനെ ഡ്യൂട്ടി കഴിഞ്ഞ് പുറത്തിറങ്ങിയതിന് പിന്നാലെ ഭർത്താവ് 17 തവണ കത്തി കൊണ്ട് കുത്തുകയായിരുന്നു. എന്നിട്ടും ക്രൂരത അവസാനിച്ചില്ല കുത്തേറ്റു വീണ മെറിന്റെ ശരീരത്തിലൂടെ കാറോടിച്ച് കയറ്റിയും അയാളുടെ ക്രൂരത തുടർന്നു. ഒടുവിൽ സംഭവസ്ഥലത്തുനിന്ന് കാറിൽ രക്ഷപ്പെട്ട ഫിലിപ്പിനെ ഒരുഹോട്ടലിൽ നിന്നാണ് പൊലീസ് അറസ്റ്റ് ചെയ്തത്. കൃത്യം നടത്തിയശേഷം ഇയാൾ കത്തികൊണ്ട് സ്വയം മുറിവേൽപ്പിച്ച നിലയിലാണ് പൊലീസ് കണ്ടെത്തിയത്.

ഫിലിപ്പ് മാത്യു കുറ്റം ഏറ്റുപറഞ്ഞതിനാൽ വധശിക്ഷയിൽനിന്ന് ഒഴിവാകുകയായിരുന്നു. മെറിൻ കൊല്ലപ്പെട്ട അന്ന് കോറൽസ്പ്രിങ്സിലെ ബ്രോവാഡ് ഹെൽത്ത് സെന്ററിലെ അവളുടെ അവസാന ഡ്യൂട്ടി ദിനമായിരുന്നു. ഭർത്താവുമായുള്ള പ്രശ്നങ്ങളെത്തുടർന്ന് കോറൽസ്പ്രിങ്സിലെ ജോലി രാജിവെച്ച് താമ്പയിലേക്ക് താമസം മാറ്റാൻ തീരുമാനിച്ചിരിക്കുകയായിരുന്നു. ഓഗസ്റ്റ് 15ന് പുതിയസ്ഥലത്ത് പുതുജീവിതത്തിനായുള്ള കാത്തിരിപ്പിനിടെയായിരുന്നു ദാരുണാന്ത്യം. മെറിനെ തടഞ്ഞുനിർത്തി കത്തി കൊണ്ട് നിരന്തരം കുത്തിപരിക്കേൽപ്പിച്ചതിന് പിന്നാലെ കാറിൽ കയറിയ പ്രതി മെറിന്റെ ശരീരത്തിലൂടെ കാറോടിച്ച് കയറ്റി. ഞെട്ടിക്കുന്ന കാഴ്ചയായിരുന്നു ഇത്. ഒരു ഹംപിന് മുകളിലൂടെ കയറ്റുന്നത് പോലെയാണ് ഫിലിപ്പ് മെറിന്റെ ദേഹത്തുകൂടെ കാർ ഓടിച്ചുകയറ്റിയതെന്നായിരുന്നു സംഭവത്തിന് സാക്ഷിയായ ഒരു സഹപ്രവർത്തക പ്രതികരിച്ചത്.

### ഉപദ്രവം പതിവായപ്പോൾ വിവാഹമോചനം

2016 ജൂലൈയിലായിരുന്നു ചങ്ങനാശേരി സ്വദേശിയായ ഫിലിപ്പ് മാത്യുവും നഴ്സായ മെറിൻ ജോയിയും വിവാഹിതരായത്. പ്ലസ്ടു വരെ നാട്ടിൽ പഠിച്ച ഫിലിപ്പ് മാത്യു പിന്നീട് അമേരിക്കയിലെ മാതാപിതാക്കളുടെ അടുത്തേക്ക് പോകുന്നു. ഇയാളുടെ ഉപരി പഠനവും ജോലിയുമെല്ലാം അമേരിക്കയിലായിരുന്നു. ഇതിനിടെയാണ് നഴ്സായ മെറിനെ വിവാഹം കഴിച്ചത്. ഫിലിപ്പ് മെറിനെ പലതവണ ഉപദ്രവിച്ചിരുന്നതായും പലപ്പോഴും പ്രശ്നങ്ങളുണ്ടാക്കിയതായും കുടുംബം തന്നെ വെളിപ്പെടുത്തിയിരുന്നു. ഒരിക്കൽ മെറിനെ ആക്രമിച്ചതിന് ഫിലിപ്പിനെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. മെറിൻ ജോലി കഴിഞ്ഞെത്തുമ്പോൾ വീട് അടച്ചുപൂട്ടിയിരിക്കുന്നതായിരുന്നു ഫിലിപ്പിന്റെ പതിവ്. ഒരിക്കൽ ഇക്കാര്യം പൊലീസിൽ അറിയിച്ചപ്പോൾ ഉറങ്ങിപ്പോയതാണെന്നായിരുന്നു ഇയാളുടെ മറുപടി.

2018 ലാണ് ദമ്പതിമാർക്ക് പെൺകുഞ്ഞുണ്ടായത്. എന്നാൽ കുഞ്ഞ് ജനിച്ച ശേഷം വീഡിയോകോളിൽ പോലും കുഞ്ഞിനെ കാണാൻ മെറിന്റെ അച്ഛനെ ഫിലിപ്പ് അനുവദിച്ചിരുന്നില്ല. മെറിൻ നാട്ടിലെ കുടുംബവുമായി സംസാരിക്കുന്നതും ഇയാൾ വിലക്കിയിരുന്നു. 2019 ഡിസംബറിലാണ് കുഞ്ഞുമായി ദമ്പതിമാർ അവസാനമായി നാട്ടിലെത്തിയത്. ഈസമയത്ത് ചങ്ങനാശേരിയിലെ ഭർതൃവീട്ടിൽവച്ചും മെറിനെ ഫിലിപ്പ് ആക്രമിച്ചു. ഉപദ്രവത്തെത്തുടർന്ന് ഒരിക്കൽ മെറിൻ വീട്ടുകാരെ വിവരമറിയിച്ചു. പിതാവും ബന്ധുക്കളും മെറിനെയും കുഞ്ഞിനെയും കൂട്ടിക്കൊണ്ടുവരാനായി ഭർതൃവീട്ടിലെത്തി. എന്നാൽ ഈ സമയം കുഞ്ഞുമായി ഫിലിപ്പ് മുറിയിൽ കതകടച്ചിരുന്നു. ഏറെനേരത്തെ തർക്കത്തിന് ശേഷമാണ് ഇയാൾ മുറിയിൽ നിന്ന് പുറത്തുവന്നത്. അന്ന് കുഞ്ഞുമായി മെറിൻ സ്വന്തംവീട്ടിലേക്ക് മടങ്ങി. പിന്നാലെ ചങ്ങനാശേരി പൊലീസിൽ പരാതി നൽകിയിരുന്നതായും ബന്ധുക്കൾ വ്യക്തമാക്കുന്നു.

ഉപദ്രവം സഹിക്കവയ്യാതെയാണ് നാട്ടിലായിരുന്ന സമയത്ത് വിവാഹമോചനത്തിനായി മെറിൻ കോടതിയെ സമീപിച്ചത്. മെറിൻ പരാതി നൽകിയതും കോടതിയെ സമീപിച്ചതും അറിഞ്ഞതോടെ കേസിൽ കുടുങ്ങുമെന്ന് ഭയന്ന് ഫിലിപ്പ് നേരത്തെ തന്നെ നാട്ടിൽനിന്ന് മടങ്ങി. 2020 ജനുവരി 20ന് ഒരുമിച്ച് അമേരിക്കയിലേക്ക് മടങ്ങാനാണ് ഇരുവരും നേരത്തെ ടിക്കറ്റെടുത്തിരുന്നത്. എന്നാൽ മെറിൻ പരാതി നൽകിയതോടെ ഇയാൾ ജനുവരി ഒന്നിന് തന്നെ നാട്ടിൽനിന്ന് അമേരിക്കയിലേക്ക് പോവുകയായിരുന്നു. തുടർന്ന് കുഞ്ഞിനെ മാതാപിതാക്കളെ ഏൽപ്പിച്ച് ജനുവരി 29ന് മെറിനും അമേരിക്കയിലേക്ക് മടങ്ങി.

### ഭാര്യയ്ക്കായി ശവപ്പെട്ടി വരെ ഉണ്ടാക്കി

ഫിലിപ്പിന് അമേരിക്കയിൽ കാര്യമായ ജോലി ഇല്ലെന്നാണ് ബന്ധുക്കൾ പറയുന്നത്. മകളുടെ ശമ്പളം പൂർണമായും ചെലവഴിച്ചിരുന്നത് ഭർത്താവായിരുന്നുവെന്നും നേരത്തെയും ഇയാൾ ഭീഷണി മുഴക്കിയിട്ടുണ്ടെന്നും മെറിന്റെ പിതാവ് പറഞ്ഞിരുന്നു. മെറിനെ ആക്രമിച്ചിരുന്ന പ്രതി ശവപ്പെട്ടി വരെ ഉണ്ടാക്കിവെച്ചിരുന്നതായും പിതാവ് വെളിപ്പെടുത്തുന്നു. മെറിന്റെ കൊലപാതകത്തിന് പിന്നാലെ കേസിൽ പ്രതിക്ക് പരമാവധി ശിക്ഷ ഉറപ്പാക്കാൻ ബന്ധുക്കളും കുടുംബാംഗങ്ങളും യു.എസിലെ മലയാളി സമൂഹവും ഇടപെട്ടിരുന്നു.

മെറിന്റെ മകളുടെ ഭാവിക്കായി അമേരിക്കയിലെ മലയാളി സംഘടനകൾ ക്രൗഡ് ഫണ്ടിങ്ങിലൂടെ ധനശേഖരണവും നടത്തി. കുഞ്ഞിന്റെ കാര്യങ്ങൾക്കും വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമായിരിക്കും ഈ തുക വിനിയോഗിക്കുകയെന്നും ഇതിന് നേതൃത്വം നൽകിയവർ പ്രതികരിച്ചിരുന്നു.

നാല്വർഷത്തെ ദാമ്പത്യജീവിതം. രണ്ട് വയസുള്ള കുഞ്ഞ്. ആ സ്ത്രീയെ ഇത്രയ്ക്ക് ക്രൂരമായി കൊല്ലാൻ എങ്ങനെ കഴിഞ്ഞു. മനുഷ്യൻ മൃഗമായി മാറുന്ന അവസ്ഥ. ഒരു ജീവനെടുക്കുമ്പോൾ ഒരാളെയല്ല, അയാളെ ചുറ്റിപ്പറ്റിയുള്ള ജീവിതങ്ങളെക്കൂടിയാണ് അവർ കൊന്നുകളയുന്നത്. ഇനിയെന്നും ഒഴിഞ്ഞുകിടക്കുന്ന അവരുടെ മാത്രമായ ഇടങ്ങൾ. അത് മനസ്സിൽ പേറി അമ്മയും അച്ഛനും കുഞ്ഞും പിന്നെ കുടുംബങ്ങളും ജീവിതകാലം മുഴുവൻ നീറിനീറി തള്ളിനീക്കണം. ഓർമകളിൽ മാത്രമാവുന്നൊരാളെ തേടി ആ കുഞ്ഞുമനസ് തേങ്ങും. ആ കുഞ്ഞിന്റെ ഭാവിയും സ്വപ്നങ്ങളും ആ കുടുംബത്തിന്റെ നോവാകും. ഈ ക്രൂരത എന്തിനു വേണ്ടി? മനുഷ്യനോളം മനോഹരമായി സ്നേഹിക്കാനും സഹവർത്തിക്കാനും മറ്റാർക്കാണ് കഴിയുക? അതുകൊണ്ട് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു കൊല്ലുമ്പോൾ മരിക്കുന്നത് ഒരാളല്ല...ഒരു കുടുംബം തന്നെയാണ്. കൊലപാതകങ്ങൾ തുടർന്നാൽ സമൂഹത്തിന് അതിജീവിക്കാൻ കഴിയില്ല എന്ന തിരിച്ചറിവുണ്ടാവണം. കൊല്ലപ്പെട്ടവർക്കും കൊലപ്പെടുത്തിയവർക്കും എത്രയോ ജീവിതം ബാക്കിയുണ്ടായിരുന്നു. അവരുടെ കുടുംബത്തോടൊപ്പം, കൂട്ടുകാരോടൊപ്പം എത്രയോ നാളുകൾ സന്തോഷത്തോടെ ആസ്വദിച്ചു ജീവിക്കേണ്ടതായിരുന്നു. അത്രയേറെ സുന്ദരമായ ജീവിതത്തെയാണ് വികൃതമാക്കി തല്ലിക്കെടുത്തിയത്.

കൊന്നതുകൊണ്ടു വൈരാഗ്യം അവസാനിക്കില്ല. മനോഭാവം മാറണം. പ്രതികാരദാഹത്തിൽ നിന്നും മനുഷ്യൻ മുക്തനാവണം. നമ്മുടെ ഇടയിൽ നിന്നും ഇത്തരം ക്രൂരത ആവർത്തിക്കാതിരിക്കാൻ വീടും നാടും ഉണർന്ന് പ്രവർത്തിക്കണം. ചെറുപ്പക്കാരുടെ പ്രശ്നങ്ങളെ കൂടുതൽ കരുതലോടെ സമീപിക്കണം. ചത്തും കൊന്നും ജീവിച്ചുപോന്ന പ്രാകൃതയുഗ ബോധങ്ങളിൽ നിന്നുള്ള വിമുക്തിയാണ് യഥാർഥത്തിൽ മനുഷ്യ പരിണാമം. പരിണാമത്തിന്റെ പിൻവഴികളിലേക്ക്, ഗോത്രബോധത്തിന്റെ പ്രാക്തന ഗുഹകളിലേക്കു തിരിച്ചു പോകുന്നവരോടു പറയാനുള്ളത് ഒന്നു മാത്രം, ആയുധം താഴെയിടൂ...വെളിച്ചത്തിലേക്കു നോക്കൂ....

◗ *ജിജി ജേക്കബ്*






# വൈറ്റ് ഹൈഡ്രജൻ എങ്ങനെയാണ് ഭൂമിക്ക് അനുഗ്രഹമാകുന്നത്?

ഭൂമിയുടെ ഉപരിതലത്തിൽ ഫോസിൽ ഇന്ധനങ്ങൾ കണ്ടെത്താനായി ഗവേഷണം നടത്തിയിരുന്ന രണ്ട് ശാസ്ത്രജ്ഞർ വടക്കുകിഴക്കൻ ഫ്രാൻസിൽ 'വൈറ്റ് ഹൈഡ്രജൻ' കണ്ടെത്തിയിരിക്കുകയാണ്. ഇതുവരെ കണ്ടെത്തിയതിൽ വച്ച് ഏറ്റവും വലിയ വൈറ്റ് ഹൈഡ്രജൻ ശേഖരമാണിത്. എന്താണ് വൈറ്റ് ഹൈഡ്രജൻ? അത് ഭൂമിക്ക് ഗുണകരമാകുമോ തുടങ്ങിയ കാര്യങ്ങൾ വിശദമായി അറിയാം.



### എന്താണ് വൈറ്റ് ഹൈഡ്രജൻ?

ഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെടുന്ന വൈറ്റ് ഹൈഡ്രജനെ ഗോൾഡ് ഹൈഡ്രജനെന്നും നാചറൽ ഹൈഡ്രജനെന്നും അല്ലെങ്കിൽ ജിയോളജിയോ ഹൈഡ്രജൻ എന്നും വിളിക്കാറുണ്ട്. ഇവയുടെ ഉത്പാദന സമയത്ത് ഹരിതഗൃഹ വാതകങ്ങൾ ഉണ്ടാകില്ല. ഹൈഡ്രജൻ കത്തുമ്പോൾ ഉൽപ്പാദിപ്പിക്കുന്നത് വെള്ളമാണ്. അതിനാൽ ഇത് സൗരോർജ്ജത്തെക്കാളും കാറ്റിനെക്കാളും മികച്ച ഹരിത ഊർജ സ്രോതസായും കണക്കാക്കപ്പെടുന്നു.

സ്റ്റീൽ, ഷിപ്പിംഗ്, വ്യോമയാനം തുടങ്ങിയ പല മേഖലകളിലും ഗ്രീൻ ഹൈഡ്രജന് പകരമായി വൈറ്റ് ഹൈഡ്രജൻ ഉപയോഗിക്കാമെന്ന് ഡിഎൻഎയുടെ റിപ്പോർട്ടിൽ പറയുന്നു. പ്രപഞ്ചത്തിൽ, ഏറ്റവും സമൃദ്ധമായി കാണപ്പെടുന്ന മൂലകങ്ങളിൽ ഒന്നു കൂടിയാണ് ഹൈഡ്രജൻ.

2018ൽ 98 ശതമാനം ഹൈഡ്രജൻ വാതകം ഉത്പാദിപ്പിക്കുന്ന ഒരു കിണർ മാലിയിൽ കണ്ടെത്തിയതോടെയാണ് വൈറ്റ് ഹൈഡ്രജൻ ശാസ്ത്ര സമൂഹത്തെ സംബന്ധിച്ചിടത്തോളം വലിയ കൗതുകമായി മാറിയത്. യുഎസ്, ഒമാൻ, മക്കി, കിഴക്കൻ യൂറോപ്പ്, റഷ്യ, ഓസ്ട്രേലിയ, ഫ്രാൻസ് എന്നിവയുൾപ്പെടെ ലോകമെമ്പാടുമുള്ള നിരവധി സ്ഥലങ്ങളിൽ ഹൈഡ്രജൻ നിക്ഷേപങ്ങൾ ഉണ്ടെന്ന് പിന്നീട് കണ്ടെത്തിയിട്ടുണ്ട്.

ആ?ഗോള തലത്തിൽ പതിനായിരക്കണക്കിന് ടൺ ഹൈഡ്രജൻ വിതരണം ചെയ്യപ്പെടുന്നുണ്ടെന്ന് എൻഡിടിവിയുടെ റിപ്പോർട്ടിൽ പറയുന്നു. "ഇതിൽ ഭൂരിഭാഗവും വളരെ ചെറിയ ശേഖരങ്ങളോ വളരെ ദൂരെയുള്ള സ്ഥലങ്ങളിലോ കടൽത്തീരങ്ങളിലോ കാണപ്പെടുന്നവയോ ആയിരിക്കും, അല്ലെങ്കിൽ ഇതിന്റെ ഉത്പാദനത്തിന് വലിയ ചെലവു വരും. വെറും ഒരു ശതമാനമെങ്കിലും കണ്ടെത്താനും ഉത്പാദിപ്പിക്കാനും കഴിയുമെങ്കിൽ, 200 വർഷത്തേക്ക് നമുക്ക് 500 ദശലക്ഷം ടൺ ഹൈഡ്രജൻ ലഭിക്കും", യുഎസ് ജിയോളജിക്കൽ സർവേയിലെ ജിയോകെമിസ്റ്റായ ജെഫ്രി എല്ലിസ് സിഎൻഎന്നിനോട് പറഞ്ഞു.

ഫ്രാൻസിലെ ഖനന മേഖലയായ ലോറെയ്നിലുള്ള ഭൂഗർഭ ഉപരിതലത്തിലെ മീഥേൻ സാന്ദ്രത വിലയിരുത്തിയപ്പോഴാണ് ഈ കണ്ടെത്തൽ നടത്തിയത്. ശാസ്ത്രജ്ഞരായ ജാക്വസ് പിറോണനും ഫിലിപ്പ് ഡി ഡൊണാറ്റോയും ആഴത്തിൽ കുഴിച്ചപ്പോൾ വീണ്ടും കൂടുതൽ വൈറ്റ് ഹൈഡ്രജൻ ശേഖരം കണ്ടെത്തി.

### ഭൂമിക്ക് അനുഗ്രഹമാകുമോ?

ഹരിതോർജ പദ്ധതികളിൽ ഹൈഡ്രജൻ ഉപയോഗിക്കാറുണ്ട്. യുഎസിലെ കൊളോമ, ഓസ്ട്രേലിയയിലെ ഗോൾഡ് ഹൈഡ്രജൻ തുടങ്ങിയ സംഘടനകൾ ഹൈഡ്രജന്റെ ഉറവിടങ്ങൾ കണ്ടെത്തുന്നതിനുള്ള ഡ്രില്ലിംഗുകളും നടത്തുന്നുണ്ട്. ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതു മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിന് ഹൈഡ്രജൻ അത്യന്താപേക്ഷിതമാണ്. ഹരിതോർജ വിപണിയെ പൂർണമായും പരിവർത്തനം ചെയ്യാനുള്ള ശേഷിയും ഈ വാതകത്തിനുണ്ട്. വൈറ്റ് ഹൈഡ്രജൻ വിൽക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് നിരവധി സ്റ്റാർട്ടപ്പുകൾ ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ട്. അതിനാൽ ഫ്രാൻസിൽ കണ്ടെത്തിയ ഈ 'വൈറ്റ് ഹൈഡ്രജൻ' ശേഖരം ഏറെ പ്രധാന്യം അർഹിക്കുന്നതാണ്.

# ജെഎൻ.1 സ്ട്രെയിൻ; ലോകത്ത് ആശങ്ക സൃഷ്ടിച്ച് കോവിഡിന്റെ പുതിയ വകഭേദം

ലോകത്ത് ആശങ്ക സൃഷ്ടിച്ച് കോവിഡിന്റെ പുതിയ വകഭേദം. കോവിഡ്-19 ന്റെ ഒരു പുതിയ വകഭേദം അമേരിക്കയിൽ കണ്ടെത്തി, ഇത് ലോകമെമ്പാടുമുള്ള ആരോഗ്യ വിദഗ്ധരെയും ശാസ്ത്രജ്ഞരെയും വീണ്ടും ആശങ്കയിലാഴ്ത്തി. പുതിയ സ്ട്രെയിൻ മുമ്പത്തേക്കാൾ വേഗത്തിൽ പടരാൻ സാധ്യതയുണ്ടെന്നും വാക്സിനേഷൻ ഫലപ്രദമാകില്ലെന്നും ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകി.

സെപ്തംബറിൽ ആദ്യമായി കണ്ടെത്തിയ കൊറോണ വൈറസിന്റെ ജെഎൻ.1 സ്ട്രെയിൻ ഇപ്പോൾ അമേരിക്കയിലും മറ്റ് 11 രാജ്യങ്ങളിലും കണ്ടെത്തിയതായി സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (സിഡിസി) പ്രസ്താവനയിൽ പറഞ്ഞു.

വിദഗ്ദരുടെ അഭിപ്രായത്തിൽ, ജെ എൻ വൺ വേരിയന്റ് ബിഎ.2.86 ന്റെ പിൻഗാമിയാണ്. സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (CDC) പ്രസ്താവന പ്രകാരം, ജെഎൻ വൺ വളരെ അപൂർവമായി മാത്രമേ കണ്ടെത്തിയിട്ടുള്ളൂ, അത് മൊത്തം കോവിഡ് വൈറസുകളുടെ 0.1 ശതമാനത്തിൽ താഴെ മാത്രമാണ് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

### രോഗലക്ഷണങ്ങൾ

ജെഎൻ.1 സ്ട്രെയിൻ ലക്ഷണങ്ങൾ BA.2.86 പോലെയുള്ള മുൻ വേരിയന്റുകൾക്ക് സമാനമാണ്.

പനി അല്ലെങ്കിൽ വിറയൽ, ചുമ, ശ്വാസം മുട്ടൽ, ക്ഷീണം, പേശി അല്ലെങ്കിൽ ശരീര വേദന, തലവേദന, രുചിയോ മണമോ നഷ്ടം, തൊണ്ടവേദന, മൂക്കൊലിപ്പ്, ഓക്കാനം അല്ലെങ്കിൽ ഛർദ്ദി, വയറിളക്കം.

# ടെക്സാസിലെ കെമിക്കൽ പ്ലാന്റിൽ വൻ സ്ഫോടനവും തീപിടുത്തവും

ടെക്സാസ്: വൻ സ്ഫോടനവും തീപിടുത്തമുണ്ടായ ടെക്സാസ് ഷെപ്പേർഡിലെ കെമിക്കൽ പ്ലാന്റിന് ഒരു മൈൽ ചുറ്റളവിൽ താമസിക്കുന്ന ആളുകളോട് സ്വന്തം വീടുകളിൽ തന്നെ സുരക്ഷിത സ്ഥാനങ്ങളിൽ തുടരാൻ അധികൃതർ നിർദേശം നൽകി. എച്ച്വിഎസി എയർ കണ്ടീഷണറുകൾ പ്രവർത്തിക്കരുതെന്നും മുന്നറിയിപ്പുണ്ട്.

ബുധനാഴ്ച രാവിലെ ഒരു പെട്രോളിയം പ്രോസസിംഗ് പ്ലാന്റിലാണ് തീപിടുത്തം ഉണ്ടായത്. പ്രദേശമാകെ പുകപടലങ്ങൾ കൊണ്ട് മൂടിയിട്ടുണ്ട്. തീപിടുത്തത്തിൽ പ്ലാന്റിലെ ഒരു ജീവനക്കാരന് പരിക്കേറ്റു.

പ്രദേശത്തെ ഒരു സ്വകാര്യ സ്കൂൾ ഒഴിപ്പിച്ചതായും തീപിടിത്തത്തെ തുടർന്ന് ഹൈവേ 59 അടച്ചതായും സാൻ ജസിന്റോ കൗണ്ടിയിലെ എമർജൻസി മാനേജ്മെന്റ് ഓഫീസ് പ്രസ്താവനയിൽ അറിയിച്ചു. ഹൂസ്റ്റണിൽ നിന്ന് ഏകദേശം 60 മൈൽ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമീണ മേഖലയാണ് ഷെപ്പേർഡ്.









## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#102523

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan allianceFrom Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#102523

## SEEKING BRIDEGROOM

**Marthomite parents invite** proposals for their god fearing daughter 30years, born and bought up in dubai working as an environmental consultant there, with bvsc from banglore university, ms wildlife conservation from bristol university uk, holds 10 year us visit visa, from the parents of professionally qualified christian matches..she is free to relocate. Parents now in us for visit. Interesting parents may contact with details.

**Contact: +1575 2977636**
**Mail: valsat58@gmail.com**

#102523

## PROPERTY FOR SALE

**HOME FOR SALE IN SARASOTA, FLORIDA BY OWNER**

A single-family home with **3 beds, 2 baths, and 1,940 sq ft** of living space, located in a gated community that offers resort-style living. Fully Furnished, Lawn maintenance by HOA

**Contact: 630-769-9603**

#092023

**20 cents property** with a small house near Adoor center toll 55 cents rubber land in kannankode (between Adoor and Parakode) 3 bedroom flat in panampilly nagar, Cochin. Only genuine person can contact in my

**email: marumpolil @gmail.com**

#102523

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224-382-3669**

ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#102523

## BABYSITTER WANTED

**ഫിലാഡൽഫിയയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് 2 വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**ഷീബ (516-209-8800),**
**സിറിയക് (718-869-4626)**

#102523

## നൊവേന

### ഉദ്ധിഷ്ട കാര്യത്തിന് ഉപകാരസ്മരണ



മിശിഹായുടെസ്നേഹിതനും,വിശുസ്ത ദാസനുമായ വി.യുദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യംപറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനക്കു നിവൃത്തിയുണ്ടാകും. ഒൻപുത ദിവസം ചൊല്ലുക അത് ഒരുകാലത്തും സഫലമാകാതിരിക്കില്ല.

**ജോർജ് തോമസ്**

#110823

### സെന്റ് ആന്റണീസ് നൊവേന



ഓ ധന്യനായ വിശുദ്ധ അന്തോനീസേ നന്മയുടെ നിറകുടവും എളിമയുടെ ദർപ്പണവുമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മദ്ധ്യസ്ഥതയാൽ രോഗവും മരണവും അബദ്ധവും അനർത്ഥങ്ങളും തിന്മകളും നഷ്ടങ്ങളും ഇല്ലാതാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ദുഃഖിതർക്ക് ആശ്വാസവും പാപികൾക്ക് അനുതാപവും നൽകുന്നതിനും കഴിവുള്ള അങ്ങേയ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല. ഉണ്ണീശോയുടെ വിശ്വസ്ത സ്നേഹിതനായ വിശുദ്ധ അന്തോനീസേ അങ്ങ് ഞങ്ങൾക്ക് എന്നും തുണയും മദ്ധ്യസ്ഥനും ഉപകാരിയും ആയിരിക്കേണമേ. ഞങ്ങളുടെ ആത്മീകവും ഭൗതീകവുമായ സകല ആവശ്യങ്ങളും പ്രത്യേകിച്ച് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന നന്മകൾ പരമപിതാവായ ദൈവത്തിന്റെ പക്കൽ നിന്നും അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് നേടിത്തരണമേ. ശാന്തനും സ്നേഹസമ്പൂർണനുമായ വിശുദ്ധ അന്തോണീസ് അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങൾ എന്നും കൃതജ്ഞതയോടെ പ്രകീർത്തിക്കും. ഞങ്ങളുടെ ആത്മ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സകലതും അങ്ങേയ്ക്ക് സമർപ്പി ക്കുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ അന്തോനീസേ എല്ലാ വിധ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തു രക്ഷിക്കണമേ. ജീവിത ക്ലേശങ്ങളെ പ്രശാന്തതയോടെ നേരിടുവാനും പാപത്തിൽ അകപ്പെടാതെ നല്ല ജീവിതം നയിക്കാനും അങ്ങു ഞങ്ങളെ സഹായിക്കണമേ. പ്രലോഭനങ്ങൾ ഞങ്ങളെ ദുർബലരാക്കുന്ന നിമിഷങ്ങളിൽ ഞങ്ങൾക്ക് അങ്ങ് ശക്തമായ തുണയായിരികണം. ഉദാരതയും സ്നേഹവുമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും പാവങ്ങളുമായ ഞങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനുള്ള സന്നദ്ധതയും ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞാൻ അപേഷിക്കുന്നു. ആമേൻ

വിശ്വാസത്തോടെ
**പോൾവടക്കുംഞ്ചേരിയും കുടുംബവും**

#110823

വാചകം VACHAKAM vachakam.com
ബന്ധപ്പെടുക: 773-888-2242
മാട്രിമോണിയൽ, ക്ലാസിഫൈഡ് പരസ്യങ്ങൾക്ക്
E-mail: vachakamonline@gmail.com
news@vachakam.com

# ജൂത നേതാവ് സാമന്ത വോളിനെ കൊലപ്പെടുത്തിയ കേസ്: പ്രതിയെ ഡിട്രോയിറ്റ് പോലീസ് അറസ്റ്റ് ചെയ്തു



ഡിട്രോയിറ്റ്: പ്രമുഖ ജൂത നേതാവ് സാമന്ത വോളിനെ കൊലപ്പെടുത്തിയ കേസിലെ പ്രതി പിടിയിൽ. ഡെട്രോയിറ്റ്പോലീസാണ്പ്രതിയെപിടികൂയിത്. ഡെട്രോയിറ്റ് പോലീസ് ചീഫ് ജെയിംസ് വൈറ്റാണ് വിവരം അറിയിച്ചത്. പക്ഷേ അറസ്റ്റിന്റെ കൂടുതൽവിശദാംശങ്ങൾപൊലീസ്നൽകിയില്ല. വോളിന്റെ കുടുംബത്തോട് നീതിപുലർത്താനുള്ള ശ്രമത്തിൽ ഇതൊരു പ്രോത്സാഹജനകമായ സംഭവവികാസമാണെങ്കിലും, ഈ കേസിൽ ഞങ്ങളുടെ ജോലി അവസാവനിക്കുന്നില്ല. അന്വേഷണത്തിന്റെ വിശദാംശങ്ങൾ രഹസ്യമായി തുടരും, വൈറ്റ് തന്റെ പ്രസ്താവനയിൽ വ്യക്തമാക്കി.

ഒക്ടോബർ 21ന് രാവിലെയാണ് വോളിന്റെ മൃതദേഹം ലഫായെറ്റ് പാർക്കിന്റെ വീടിന് പുറത്ത് ഒന്നിലധികം കുത്തുകളോടെ കണ്ടെത്തിയത്. രക്തക്കറ പിന്തുടർന്നാണ് പൊലീസ് വോളിന്റെ വീട്ടിലെത്തിയത്. കൊലപാതകം വീട്ടിൽ വച്ചാണ് നടന്നതെന്ന് പോലീസ് കരുതുന്നു.

കൊലപാതകം വിദ്വേഷത്തെ തുടർന്നോ യഹൂദ വിരുദ്ധതയുടെ പ്രേരണയിലോ ആകില്ലെന്ന് വിശ്വസിക്കുന്നതായി വൈറ്റ് മുമ്പ് പറഞ്ഞിരുന്നു,കൂടാതെഏതെങ്കിലുംതരത്തിലുള്ള തെറ്റായ നിഗമനങ്ങളിൽ എത്തിച്ചേരരുതെന്ന് പൊതുജനങ്ങളോടും അദ്ദേഹം അഭ്യർത്ഥിച്ചു.

വോൾ തലേദിവസം വൈകുന്നേരം ഒരു വിവാഹത്തിൽ പങ്കെടുത്തിരുന്നു. അർദ്ധരാത്രിയാണ് മടങ്ങിപ്പോയിരുന്നത്. അയൽപക്കത്തുനിന്നും വിവാഹ വേദിയിൽ വീഡിയോ ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചു വരികയായിരുന്നു, വൈറ്റ് പറഞ്ഞു.

12:30 ഓടെ വോൾ വിവാഹത്തിൽ പങ്കെടുത്ത ശേഷം പുറത്തുപോകുമ്പോൾ, സന്തോഷവതിയായിരുന്നുവെന്ന് വിവാഹത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ മൊഴിയെ അടിസ്ഥാനമാക്കി വൈറ്റ് പറഞ്ഞു. പുലർച്ചെ 12.30 നും 6.30 നും ഇടയിലാകും വോൾ ആക്രമിക്കപ്പെട്ടതെന്ന് കരുതുന്നു. പിന്നീട് മരിച്ച നിലയിലാണ് വോളിനെ കണ്ടെത്തുന്നത്. ആക്രമണത്തിന് ശേഷം വോൾ വീടിന്റെ മുറ്റത്ത് വീണുകിടക്കുകയുമായിരുന്നുവെന്ന് അന്വേഷണ ഉദ്യോഗസ്ഥർ വിശ്വസിക്കുന്നതായി വൈറ്റ് പറഞ്ഞു.



# ഇന്ത്യയിൽ ട്രാൻസ് സ്ത്രീക്ക് ഗാർഹിക പീഡനത്തിന് പരാതി നൽകാൻ കഴിയുമോ?

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയയായ ട്രാൻസ് സ്ത്രീയെ ഗാർഹിക പീഡനനിയമം2005ലെസെക്ഷൻ2(എ)യുടെ പരിധിയിൽ 'പീഡിപ്പിക്കപ്പെട്ട വ്യക്തി' എന്ന് പരിഗണനയിൽ ഉൾപ്പെടുമോ എന്നത് സംബന്ധിച്ച് പരിശോധിക്കാൻ സുപ്രീം കോടതി ഒക്ടോബർ 30 ന് തീരുമാനിച്ചിരുന്നു. സ്ത്രീകളുടെ സ്വയം തിരിച്ചറിഞ്ഞ ലിംഗഭേദം തീരുമാനിക്കാനുള്ള അവകാശം വിനിയോഗിച്ചയാൾ എന്ന നിലയിൽ ട്രാൻസ് സ്ത്രീ, 2005ലെ ഗാർഹിക പീഡന നിയമത്തിലെ സെക്ഷൻ 2(എ) യുടെ പീഡിപ്പിക്കപ്പെട്ട വ്യക്തി എന്ന പരിധിയിൽ ഉൾപ്പെടുമെന്ന് ബോംബെ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുമായി ബന്ധപ്പെട്ടാണ് ഈ ചോദ്യം ഉയർന്നത്. ബോംബെ ഹൈക്കോടതി വിധിക്കെതിരെ ട്രാൻസ് യുവതിയുടെ ഭർത്താവ് സമർപ്പിച്ച അപ്പീൽ സുപ്രീം കോടതി ജസ്റ്റിസുമാരായ വിക്രം നാഥ്, രാജേഷ് ബിന്ദാൽ എന്നിവരടങ്ങിയ ബെഞ്ച് അനുവദിച്ചു.



### പീഡനത്തിന് ഇരയായ വ്യക്തി ആരാണ്?

2005 ലെ ഗാർഹിക പീഡന നിയമത്തിലെ സെക്ഷൻ 2(എ) പീഡിപ്പിക്കപ്പെട്ട വ്യക്തിയെ നിർവചിക്കുന്നത് എതിർകക്ഷിയുമായി കുടുംബബന്ധമുള്ളതും ഗാർഹിക പീഡനത്തിന് ഇരയായിട്ടുണ്ടെന്ന് ആരോപിക്കുന്ന ഏതൊരു സ്ത്രീ എന്നാണ്. ആക്ടിന്റെ സെക്ഷൻ 2(എഫ്) പ്രകാരം കുടുംബ ബന്ധം എന്നാൽ രക്തബന്ധം, വിവാഹ സമാനമായ ബന്ധം, വിവാഹം, ദത്തെടുക്കൽ, അല്ലെങ്കിൽ കൂട്ടുകുടുംബത്തിൽ ഒരുമിച്ച് താമസിക്കുന്നവരോ ഉള്ളവരോ ആയ വ്യക്തികൾ തമ്മിലുള്ള ബന്ധം.

'ഭരണഘടനയ്ക്ക് കീഴിൽ ഉറപ്പുനൽകുന്ന സ്ത്രീകളുടെ അവകാശങ്ങൾ കൂടുതൽ ഫലപ്രദമായി സംരക്ഷിക്കുക' എന്ന ലക്ഷ്യത്തോടെയാണ് 2005ലെ നിയമം പാസാക്കിയത്. മജിസ്ട്രേറ്റിന്റെ ഉത്തരവനുസരിച്ച്, ഗാർഹിക പീഡനത്തിന്റെ ഫലമായി ദുരിതബാധിതയായ വ്യക്തിക്ക് ഉണ്ടായ ചെലവുകളും നഷ്ടങ്ങളും നികത്തുന്നതിന് എതിർകക്ഷി, സാമ്പത്തിക സഹായം നൽകാനുള്ള വ്യവസ്ഥകൾ ഈ നിയമത്തിലുണ്ട്. നിലവിലെ കേസിൽ 2016 ജൂണിൽലിംഗമാറ്റശസ്ത്രക്രിയയ്ക്ക്വിധേയയായ ഒരു ട്രാൻസ് വനിത, ഗാർഹിക പീഡന നിരോധന നിയമപ്രകാരം (ഡിവി ആക്ട്) ഇടക്കാല മെയിന്റനൻസ് ആവശ്യപ്പെട്ട് അപേക്ഷ നൽകി. ട്രാൻസ്ജെൻഡറിൽ നിന്ന് സ്ത്രീയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു. അതുകൊണ്ട് ഈ നിയമപ്രകാരം അതിക്രമത്തിന് ഇരയായ വ്യക്തി എന്ന നിർവചനത്തിന് പരിധിയിൽ വരുമെന്നും വാദിച്ചു.

### കേസ്

ട്രാൻസ് സ്ത്രീയും പുരുഷ പങ്കാളിയും 2016 ജൂലൈയിൽ വിവാഹിതരായി. ഭിന്നതകൾ കാരണം ട്രാൻസ് സ്ത്രീ 2005 ലെ നിയമപ്രകാരം ഇടക്കാല ജീവനാംശം ആവശ്യപ്പെട്ട് അപേക്ഷ നൽകി. ഇതിനെത്തുടർന്ന് 2019 നവംബർ 11 ന് വിചാരണ കോടതി ട്രാൻസ് സ്ത്രീക്ക് പ്രതിമാസം 12,000 രൂപ നൽകണമെന്ന് നിർദ്ദേശിച്ചു. 2019 നവംബറിലെ ഉത്തരവിനെതിരെ ഭർത്താവ് നൽകിയ അപ്പീൽ കോടതി തള്ളി. ഇതിനെതിരെ ഭർത്താവ് ബോംബെ ഹൈക്കോടതിയെ സമീപിച്ചു.

ഗാർഹിക ബന്ധങ്ങളിൽ സ്ത്രീകൾക്ക് അത്തരമൊരു അവകാശം നൽകുന്നതിനാൽ ട്രാൻസ് പേഴ്സൺ പീഡിതനായ വ്യക്തി എന്നതിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നില്ലെന്ന് ബോംബെ ഹൈക്കോടതിക്ക് മുമ്പാകെ, ഹർജിക്കാരനായ ഭർത്താവ് വാദിച്ചു. കൂടാതെ ട്രാൻസ്ജെൻഡർ പേഴ്സൺസ് (പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ്) ആക്ട് 2019 ലെ സെക്ഷൻ 7 പ്രകാരം അവർക്ക് ഒരു സർട്ടിഫിക്കറ്റും നൽകിയിട്ടില്ലെന്നും അതിനാൽ ഗാർഹിക പീഡന നിരോധന നിയമ പ്രകാരം സ്ത്രീയായി കണക്കാക്കാൻ കഴിയില്ലെന്നും അദ്ദേഹം വാദിച്ചു.

### ട്രാൻസ്ജെൻഡർ വ്യക്തിക്ക് അവരുടെ ലിംഗഭേദം മാറ്റാനുള്ള പ്രക്രിയ എന്താണ്?

2019 ലെ നിയമം ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഐഡന്റിറ്റി തിരിച്ചറിയാൻ അനുവദിക്കുന്നു. ആ നിയമപ്രകാരം ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ട്രാൻസ്ജെൻഡർ വ്യക്തിക്ക് അങ്ങനെ അംഗീകരിക്കപ്പെടാനുള്ള അവകാശമുണ്ട്. കൂടാതെ ട്രാൻസ്ജെൻഡറുകൾക്കും സ്വയം തിരിച്ചറിയുന്ന ലിംഗ സ്വത്വത്തിനുള്ള അവകാശം ഉണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമത്തിന്റെ 5ാം വകുപ്പ് ട്രാൻസ്ജെൻഡർമാർക്ക് ഒരു ട്രാൻസ്ജെൻഡർ വ്യക്തിയെന്ന നിലയിൽ തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് രേഖകൾ സഹിതം നിർദ്ദേശിച്ച ഫോമിലും രീതിയിലും ജില്ലാ മജിസ്ട്രേറ്റിന് മുമ്പാകെ അപേക്ഷകൾ സമർപ്പിക്കാൻ അനുവദിക്കുന്നു.

ട്രാൻസ്ജെൻഡർ വ്യക്തിക്ക് ഐഡന്റിറ്റി സർട്ടിഫിക്കറ്റ് നൽകിക്കഴിഞ്ഞാൽ സെക്ഷൻ 7 ൽ പറഞ്ഞിരിക്കുന്ന പ്രക്രിയ പ്രകാരം അവർക്ക് അവരുടെ ലിംഗഭേദം മാറ്റാനും ശ്രമിക്കാവുന്നതാണ്. ട്രാൻസ്ജെൻഡർ വ്യക്തിക്ക് അവരുടെ ലിംഗഭേദം മാറ്റാൻ ശസ്ത്രക്രിയ നടത്തിയാൽ അവർക്ക് ഒരു അപേക്ഷ നൽകാമെന്ന് സെക്ഷൻ 7 പറയുന്നു. അവർ ശസ്ത്രക്രിയയ്ക്ക് വിധേയരായ മെഡിക്കൽ സ്ഥാപനത്തിലെ മെഡിക്കൽ സൂപ്രണ്ടോ ചീഫ് മെഡിക്കൽ ഓഫീസറോ അതിനായി നൽകിയ സർട്ടിഫിക്കറ്റ് സഹിതം, ഒരു പുതുക്കിയ സർട്ടിഫിക്കറ്റ് ജില്ലാ മജിസ്ട്രേറ്റിന് നൽകണം. ഈ സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ, ട്രാൻസ് വ്യക്തിക്ക് അവരുടെ ജനന സർട്ടിഫിക്കറ്റിലെ ആദ്യ നാമവും അവരുടെ ഐഡന്റിറ്റിയുമായി ബന്ധപ്പെട്ട മറ്റ് എല്ലാ ഔദ്യോഗിക രേഖകളും മാറ്റാൻ അർഹതയുണ്ട്.

എന്നാൽ,ഈ കേസിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടന്നതായി ഹൈക്കോടതിക്ക് മുമ്പാകെ സ്ഥിരീകരിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് മാത്രമാണ് ട്രാൻസ് സ്ത്രീ സമർപ്പിച്ചത്. നാൽസയും ഇന്ത്യാ ഗവൺമെന്റും എന്ന 2014 ലെ കേസിൽ സുപ്രീം കോടതിയുടെ വിധിയിൽ, ലിംഗഭേദം മാറ്റുന്ന വ്യക്തികളുടെ അവകാശങ്ങൾ സുപ്രീം കോടതി അംഗീകരിച്ചിട്ടുണ്ടെന്നും അതിനാൽ അവരുടെ പുതിയ ലിംഗ ഐഡന്റിറ്റിക്ക് അംഗീകാരം നൽകാമെന്നും ട്രാൻസ് സ്ത്രീയുടെ അഭിഭാഷക പറഞ്ഞു.

### ബോംബെ ഹൈക്കോടതിയുടെ വിധി

മാർച്ച് 16ന് ജസ്റ്റിസ് അമിത് ബോർക്കറുടെ സിംഗിൾ ബെഞ്ചാണ് ഈ കേസിൽ വിധി പറഞ്ഞത്. ഗാർഹിക ബന്ധം എന്ന പദം ഗാർഹിക പീഡന നിരോധന നിയമ (ഡിവി ആക്ട്) പ്രകാരം ലിംഗനിഷ്പക്ഷമായ പദങ്ങളിൽ നിർവചിച്ചിട്ടുണ്ടെങ്കിലും അതിക്രമത്തിനിരയായ വ്യക്തി എന്നതിലെ നിർവചനത്തിൽ സ്ത്രീ എന്ന വാക്ക് സെക്ഷൻ 2 (എ) ൽ ഉപയോഗിച്ചിട്ടുണ്ട്. എന്നിരുന്നാലും സ്ത്രീ എന്ന പദത്തെ വ്യാഖ്യാനിക്കുമ്പോൾ കോടതി വിശാലമായ സമീപനം സ്വീകരിച്ചു. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയയായ ഒരു വ്യക്തിയെ സ്ത്രീ എന്ന് വിളിക്കാമോ എന്ന ചോദ്യം ഇനി ഇതുവരെ തീരുമാനമെടുത്തിട്ടില്ലാത്ത ഒന്നല്ല. ദേശീയ നിയമ സേവന അതോറിറ്റിയുടെ (നാൽസ) കാര്യത്തിൽ സുപ്രീം കോടതിയുടെ ആധികാരിക വിധി വന്നിട്ടുള്ളതാണ്.

നാൽസ കേസിലെ 2014 ലെ സുപ്രീം കോടതി വിധിയെ പരാമർശിച്ചുകൊണ്ട് കോടതി പറഞ്ഞു, മെഡിക്കൽ സയൻസിലെ പുരോഗതിയിലൂടെ ഒരു വ്യക്തിക്ക് തന്റെ ലിംഗ സ്വഭാവത്തിനും ധാരണയ്ക്കും അനുസൃതമായി സ്വന്തം ലിംഗഭേദം മാറ്റിയിട്ടുണ്ടെങ്കിൽ, നിയമപരമായ തടസ്സമില്ലാത്ത മെഡിക്കൽ എത്തിക്സിൽ അത് അനുവദിക്കുമ്പോൾ, എസ്ആർഎസിന് ശേഷം ലൈംഗികതയെ പുനർനിർമ്മിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ള ലിംഗ ഐഡന്റിറ്റിക്ക് അർഹമായ അംഗീകാരം നൽകുന്നതിൽ നിയമപരമോ മറ്റോ ആയ തടസ്സം തങ്ങൾ കാണുന്നില്ല എന്ന്.

ഗാർഹിക പീഡന നിരോധന നിയമം (ഡിവി ആക്ട്) പോലുള്ള നിയമങ്ങൾ പാസാക്കേണ്ടതിന്റെ ആവശ്യകത ഉടലെടുത്തത് നിലവിലുള്ള സിവിൽ നിയമങ്ങളിലെ അപര്യാപ്തതയിൽ നിന്നാണ്. 2005ലെ ഗാർഹിക പീഡന നിയമത്തിലെ സെക്ഷൻ 2(എ) പ്രകാരം, സ്വയം തിരിച്ചറിഞ്ഞ ലിംഗം തീരുമാനിക്കാനുള്ള അവകാശം വിനിയോഗിച്ചയാൾ പീഡനത്തിനിരയായ വ്യക്തിയാണെന്നു കരുതി, നേരത്തെ സെഷൻസ് കോടതി നിർദ്ദേശിച്ച തുക ജീവനാംശം നൽകാനും ഭർത്താവിനോട് കോടതി നിർദേശിച്ചു.

# കൊളറാഡോ ഫ്യൂണറൽ ഹോമിൽ നിന്ന് കണ്ടെത്തിയത് 189 മനുഷ്യരുടെ മൃതദേഹാവശിഷ്ടങ്ങൾ; ദമ്പതികൾ അറസ്റ്റിൽ

കൊളറാഡോ: 189 മനുഷ്യരുടെ ജീർണിച്ച അവശിഷ്ടങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് കൊളറാഡോയിലെ ഫ്യൂണറൽ ഹോമിന്റെ ഉടമയെയും ഭാര്യയെയും അറസ്റ്റ് ചെയ്തു. ജോൺ ഹാൾഫോർഡും ഭാര്യ കാരി ഹാൾഫോർഡുമാണ് അറസ്റ്റിലായത്. മൃതദേഹം ദുരുപയോഗം ചെയ്യൽ, കള്ളപ്പണം വെളുപ്പിക്കൽ, വ്യാജരേഖ ചമയ്ക്കൽ എന്നിവ നടത്തിയെന്നാണ് ഇവർക്കെതിരെയുള്ള ആരോപണം.



ഡെൻവറിന് തെക്ക് 100 മൈൽ അകലെയുള്ള ഒരു ചെറിയ പട്ടണമായ പെന്റോസിലെ റിട്ടേൺ ടു നേച്ചർ ഫ്യൂണറൽ ഹോമിന്റെ ഉടമയാണ് ജോൺ ഹാൾഫോർഡ്.

കമ്പനിയുടെ ജീർണ്ണിച്ച കെട്ടിടത്തിനുള്ളിൽ രൂക്ഷമായ ഗന്ധം ഉണ്ടെന്ന റിപ്പോർട്ടിനോട് പ്രതികരിച്ച അധികാരികൾ ഒക്ടോബർ 4 ന് അവശിഷ്ടങ്ങൾ കണ്ടെത്തി.

115 ഓളം മൃതദേഹങ്ങൾ ഉള്ളിൽ ഉണ്ടെന്നാണ് ഉദ്യോഗസ്ഥർ ആദ്യം കണക്കാക്കിയത്, എന്നാൽ ഒക്ടോബർ പകുതിയോടെ എല്ലാ അവശിഷ്ടങ്ങളും നീക്കം ചെയ്ത ശേഷം എണ്ണം 189 ആയി ഉയർന്നു.

2017ൽ ആരംഭിക്കുകയും ദ്രാവകങ്ങൾ എംബാം ചെയ്യാതെയുള്ള ശവസംസ്കാരങ്ങളും ഹരിത സംസ്കാരവും വാഗ്ദാനം ചെയ്ത കമ്പനി, സമീപ വർഷങ്ങളിൽ സാമ്പത്തികവും നിയമപരവുമായ പ്രശ്നങ്ങൾ വർദ്ധിച്ചപ്പോഴും ബിസിനസ്സ് തുടരുകയായിരുന്നു.




# പാലസ്തീൻ പോരാട്ടത്തിന്റെ പ്രതീകമായ ഈ ചിഹ്നത്തെ അറിയുമോ?

ഇസ്രയേൽഹമാസ് യുദ്ധത്തിൽ പാലസ്തീനെപിന്തുണച്ചസോഷ്യൽമീഡിയപോസ്റ്റുകളിലെ ഒരു ജനകീയ ചിഹ്നമാണ് നമ്മുടെ സ്വന്തം തണ്ണിമത്തൻ. പാലസ്തീനിലെ ജനങ്ങളോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ മുറിച്ച തണ്ണിമത്തന്റെ ചിത്രങ്ങളും ഇമോജികളും അത് ഉൾക്കൊള്ളുന്ന കലാസൃഷ്ടികളും പലപ്പോഴും ഉപയോഗിക്കാറുണ്ട്. തണ്ണിമത്തൻ പലസ്തീൻ പോരാട്ടത്തിന്റെ പ്രതീകമായി കാണുന്നതിന്റെ കാരണം വളരെ ലളിതമാണെങ്കിലും അതിന്റെ ചരിത്രം വളരെ സങ്കീർണ്ണമാണ്.

അതായത് മുറിച്ച തണ്ണിമത്തൻ പാലസ്തീൻ പതാകയുടെ നിറങ്ങൾ കാണിക്കുന്നു. ചുവപ്പ്, പച്ച, കറുപ്പ്, വെളുപ്പ്. പാലസ്തീൻ പതാക വഹിക്കുന്നതും പ്രദർശിപ്പിക്കുന്നതും ഇസ്രായേൽ അധികാരികൾ പലപ്പോഴും വിലക്കുന്നതിനാൽ പകരം അതിന്റെ പ്രതീകമായി തണ്ണിമത്തൻ ഉപയോഗിക്കുന്നു. സോഷ്യൽ മീഡിയയിൽ, പരസ്യമായ പാലസ്തീനിയൻ ചിഹ്നങ്ങളുള്ള പോസ്റ്റുകൾ യുഎസ് ആസ്ഥാനമായ വലിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ നിയന്ത്രിച്ചിരിക്കുന്നുവെന്ന് പലരും അവകാശപ്പെടുന്നു. അതിനാൽ, മുറിച്ച തണ്ണിമത്തൻ ഇവിടെയും ഫലപ്രദമായ പ്രതിരോധം ഉയർത്തുന്നു. വെസ്റ്റ് ബാങ്ക് മുതൽ ഗാസ വരെ പാലസ്തീൻ പ്രദേശങ്ങളിൽ തണ്ണിമത്തൻ വ്യാപകമായി കൃഷി ചെയ്യപ്പെടുന്നു. കൂടാതെ പാലസ്തീനിയൻ പാചകത്തിൽ പ്രധാനപ്പെട്ട ഒന്നാണ് തണ്ണിമത്തൻ.

ഗാസയിൽ ഇസ്രായേൽ നടത്തുന്ന കൂട്ടക്കൊലയ്ക്ക് പൊടുന്നന്നെ രേഖപ്പെടുത്തുന്ന കാരണമായ രക്തരൂക്ഷിതമായ ഹമാസ് ആക്രമണത്തിന് വളരെ മുമ്പുതന്നെ പലസ്തീൻ പ്രതിഷേധത്താൽ തിളച്ചുമറിയുകയാണ്. ജയിലിൽ നിന്ന് മോചിതനായ ശേഷം തീവ്രവാദിയായ ഒരാൾ പതാക വീശി. ഇതിനെത്തുടർന്ന്, പരസ്യമായി പറത്തുന്ന പലസ്തീൻ പതാകകൾ കീറിക്കളയാൻ ഇസ്രായേൽ ദേശീയ സുരക്ഷാ മന്ത്രി ഇറ്റാമർ ബെൻ ഗ്വിർ, പൊലീസിന് നിർദ്ദേശം നൽകിയതായി ജനുവരിയിൽ ടൈംസ് ഓഫ് ഇസ്രായേൽ റിപ്പോർട്ട് ചെയ്തിരുന്നു.

പാലസ്തീൻ പതാക പാറുന്നത് ഇസ്രായേലിൽ നിയമപരമായി നിരോധിച്ചിട്ടില്ല. എന്നാൽ പതാക സമാധാനം തകർക്കും എന്ന് അവകാശപ്പെട്ട് പൊലീസ് അടിച്ചമർത്തൽ നടപടികൾ സ്വീകരിക്കുന്നു. അറസ്റ്റുകൾ തുടർന്നപ്പോൾ, സാസിം എന്ന സംഘടന ടെൽ അവീവിലെ ടാക്സികളിൽ മുറിച്ച തണ്ണിമത്തന്റെ ചിത്രങ്ങൾ ചേർക്കാൻതുടങ്ങി, അതിനോടൊപ്പമുള്ള വാചകം ഇങ്ങനെയായിരുന്നു 'ഇത് പാലസ്തീൻ പതാകയല്ല.' പാലസ്തീനിയൻ കലാകാരനായ ഖാലിദ് ഹൗറാനിയുടെ സർഗാത്മക സൃഷ്ടിയാണ് മുറിച്ച തണ്ണിമത്തൻ. 2007ൽ സബ്ജക്രീവ് അറ്റ്ലസ് ഓഫ്



പാലസ്തീൻ പ്രൊജക്രിനായാണ് അദ്ദേഹം ഇത് വരച്ചത്. അദ്ദേഹത്തിന്റെ ഈ സർഗാത്മക സൃഷ്ടി ലോകമൊട്ടാകെ പ്രചരിച്ചു. കൂടാതെ തണ്ണിമത്തനെ പലസ്തീൻ പോരാട്ടവുമായി ശക്തമായി ബന്ധപ്പെടുത്താൻ സഹായിക്കുകയും ചെയ്തു.

### ഉത്ഭവം

എന്നിരുന്നാലും പ്രതിഷേധങ്ങളിൽ തണ്ണിമത്തൻ ആദ്യമായി എങ്ങനെ ഉപയോഗിച്ചു എന്നത് അവ്യക്തമാണ്. ഒന്നാം ഇൻതിഫാദ (1987-1993) കാലത്ത് ചെറുത്തുനിൽപ്പിന്റെ പ്രധാന ചിഹ്നമായിരുന്നുവെന്ന് പല പാശ്ചാത്യ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തപ്പോൾ, അറബ് വാർത്താ വെബ്സൈറ്റുകളും ബ്ലോഗുകളും ഇത് നിഷേധിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. 1967ലെ അറബ്-ഇസ്രായേൽ യുദ്ധത്തിന് ശേഷം, ഇസ്രായേൽ വെസ്റ്റ് ബാങ്കും ഗാസയും പിടിച്ചടക്കി, പലസ്തീൻ പതാക പരസ്യമായി പ്രദർശിപ്പിക്കുന്നത് കുറ്റകരമാക്കി. അതിനാൽ, അധിനിവേശത്തിനെതിരായ ഒന്നാം ഇൻതിഫാദയുടെ കാലത്ത് മുറിച്ച തണ്ണിമത്തൻ ഉപയോഗിച്ചിരിന്നുവെന്ന വാദം ന്യായമായും ശരിയാണെന്ന് കരുതാം.

റമല്ലയിൽ താമസിക്കുന്ന രണ്ട് പലസ്തീനികൾ നടത്തുന്നതായി അവകാശപ്പെടുന്ന ഒരു വെബ്സൈറ്റ് ആയ 'ഡീകോളണൈസ് പാലസ്തീൻ' പറയുന്നു, "ആദ്യത്തെ ഇൻതിഫാദയുടെ സാഹിത്യത്തിൽ ഇംഗ്ലീഷിലും അറബിയിലും ഈ സമ്പ്രദായത്തെക്കുറിച്ച് (മുറിച്ച തണ്ണിമത്തൻ) ഒരു പരാമർശവുമില്ല. നിരോധിത വർണ്ണസംയോജനത്തിന്റെ ഉദാഹരണമായി ആളുകൾ തണ്ണിമത്തൻ ഉപയോഗിക്കുന്നതായി പരാമർശങ്ങളുണ്ട്. എന്നാൽ തണ്ണിമത്തൻ കഷ്ണങ്ങൾ ഒരു രാഷ്ട്രീയ പ്രസ്താവനയായോ പാലസ്തീൻ പതാകയ്ക്ക് പകരമായോ വ്യാപകമായി ഉപയോഗിക്കുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇൻതിഫാദയുടെ ജനകീയ കമ്മിറ്റികളിൽ സജീവമായിരുന്ന നിരവധി അംഗങ്ങളെ തങ്ങൾ സമീപിച്ചു, തണ്ണിമത്തൻ ചെറുത്തുനിൽപ്പിന്റെ പ്രതീകങ്ങളായി ഉപയോഗിച്ചിരുന്നതായി അവരുടെയൊന്നും ഓർമ്മയിലില്ല എന്നും ഡീകോളൈസ് പലസ്തീൻ വിശദീകരിക്കുന്നു.

വാസ്തവത്തിൽ ആദ്യ ഇൻതിഫാദയെ കുറിച്ച് പറയുന്ന പലരും രണ്ട് കേന്ദ്രങ്ങളെയാണ് ആശ്രയിക്കുന്നത്. 1993ലെ ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട്, കലാകാരന്മാരായ സ്ലിമാൻ മൻസൂർ, നബീൽ അനാനി, ഇസ്സാം ബദർ എന്നിവരുൾപ്പെട്ട ഒരു കഥ. 'ദ നാഷണൽ' റിപ്പോർട്ട് ചെയ്യുന്നതുപോലെ, 1980ൽ കലാകാരന്മാർ ഒരു കലാപ്രദർശനം നടത്തി 'കലാസൃഷ്ടികൾ രാഷ്ട്രീയം പറയുന്നുവെന്നും പലസ്തീൻ പതാകയും അതിന്റെ നിറങ്ങളും ഉൾക്കൊള്ളുകയും ചെയ്യുന്നുവെന്ന് പറഞ്ഞുകൊണ്ട് ഇസ്രായേൽ സൈന്യം കലാപ്രദർശനം നിരോധിച്ചു. ഉദ്യോഗസ്ഥനെ നേരിട്ട് കണ്ട, കലാകാരനായ ഇസ്സാം ബദർ ചോദിച്ചു, "എനിക്ക് ഒരു തണ്ണിമത്തൻ വരയ്ക്കണമെങ്കിൽ എന്തുചെയ്യും?" "അത് കണ്ടുകെട്ടും" എന്നായിരുന്നു സൈനിക ഉദ്യോഗസ്ഥൻ നൽകിയ മറുപടി.

ഇസ്രായേലും പാലസ്തീനും ഓസ്ലോ ഉടമ്പടിയുടെ ഭാഗമായി പരസ്പരം അംഗീകരിച്ചതിന് ശേഷം പാലസ്തീൻ പതാക പ്രദർശിപ്പിക്കുന്നത് ക്രിമിനൽ കുറ്റമല്ലതായി. മുറിച്ച തണ്ണിമത്തൻ കൈവശം വച്ചതിന് ഗാസ മുനമ്പിൽ യുവാക്കളെ അറസ്റ്റ് ചെയ്തിരുന്നു. അങ്ങനെ ചുവപ്പ്, കറുപ്പ്, പച്ച പാലസ്തീനിയൻ നിറങ്ങൾ ഒരിക്കൽനിരോധിക്കപ്പെട്ടപതാകവീശിഘോഷയാത്രകൾ നടക്കുമ്പോൾ പട്ടാളക്കാർ നോക്കിനിൽക്കുന്നു എന്നും ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തു. എന്നാൽ ഉചിതമായ അധികാരികളുമായി വിഷയം അന്വേഷിച്ചതിന് ശേഷം, അത്തരം അറസ്റ്റുകൾ ഒരിക്കലും ഔദ്യോഗിക ഇസ്രായേലി നയമായിരുന്നില്ല എന്ന് എനിക്ക് പറയാൻ കഴിയും. ഇത്തരമൊരു ഒറ്റപ്പെട്ടതും അനുവദനീയമല്ലാത്തതുമായ പ്രവൃത്തി സംഭവിച്ചിട്ടുണ്ടെങ്കിൽ, അത്തരം സാഹചര്യത്തിൽ നിരപരാധിയായ ഒരു വ്യക്തിയെയും ഒരിക്കലും വിചാരണ ചെയ്തിട്ടില്ല എന്ന് ഗവൺമെന്റ് പ്രസ് ഓഫീസ് ജറുസലേമിന്റെ ഡയറക്ടർ ന്യൂയോർക്ക് ടൈംസിന് എഴുതി. പിന്നീട് ഈ വിശദാംശങ്ങൾ ന്യൂയോർക്ക് ടൈംസ് ഒഴിവാക്കിയതായി തോന്നുന്നു. ഇന്ന് തണ്ണിമത്തൻ ഉപയോഗിച്ചതിന്റെ ഉത്ഭവം വ്യക്തമല്ലെങ്കിലും അത് പാലസ്തീൻ പ്രതിരോധത്തിന്റെ പ്രതീകമായി പരക്കെ അംഗീകരിക്കപ്പെടുന്നു.

# കനേഡിയൻ ഗായിക ഷാനിയ ട്വെയ്നിന്റെ പ്രൊഡക്ഷൻ ക്രൂ അംഗങ്ങൾ സഞ്ചരിച്ച വാഹനം അപകടത്തിൽപ്പെട്ടു



കനേഡിയൻ ഗായിക ഷാനിയ ടൈ്വനിന്റെ പ്രൊഡക്ഷൻ ക്രൂ അംഗങ്ങൾ സഞ്ചരിച്ച വാഹനം അപകടത്തിൽ പെട്ടതായി റിപ്പോർട്ട്. കാനഡയിൽ ഒരു ഹൈവേയിൽ ആണ് താരത്തിന്റെ ടീം അംഗങ്ങൾ സഞ്ചരിച്ച വാഹനം അപകടത്തിൽ പെട്ടത്. അപകടത്തെ തുടർന്ന് 12ൽ അധികം ആളുകളെ ബുധനാഴ്ച ആശുപത്രിയിൽ പ്രവേശിപ്പിച്ചു എന്നാണ് പുറത്തു വരുന്ന വിവരം.

ഷാനിയ ടെ്വയ്ന്റെ ഷോ ക്വീൻ ഓഫ് മി ടൂറിന്റെ യാത്രയ്ക്കിടെ ആണ് ക്രൂ അംഗങ്ങൾ സഞ്ചരിച്ച ബസും ഒരു ട്രക്കും ഹൈവേയിൽ കൂട്ടിയിടിച്ചത്. മോശം കാലാവസ്ഥ ആണ് അപകട കാരണം എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. മോശം കാലാവസ്ഥ കാരണം അപകടകരമായ ഡ്രൈവിംഗ് സാഹചര്യങ്ങൾ ആണ് നേരിടേണ്ടി വന്നതെന്ന് ബുധനാഴ്ച യുഎസ്എ ടുഡേയ്ക്ക് നൽകിയ പ്രസ്താവനയിൽ ട്വയ്നിന്റെ മാനേജർ പ്രതികരിച്ചു.

വൈദ്യസഹായം ആവശ്യമുള്ള പ്രൊഡക്ഷൻ ക്രൂ അംഗങ്ങളെ അടുത്തുള്ള ആശുപത്രികളിലേക്ക് കൊണ്ടുപോയിട്ടുണ്ട് എന്നും എമർജൻസി സർവീസ് ടീമുകളുടെ പെട്ടെന്നുള്ള പ്രതികരണത്തിനും തുടർച്ചയായ പിന്തുണയ്ക്കും ഞങ്ങൾ നന്ദിയുള്ളവരാണ് എന്നും ഷാനിയ ടെ്വയ്നിന്റെ ടീം പ്രസ്താവനയിലൂടെ അറിയിച്ചു. അതേസമയം അപകടത്തിൽ പെട്ട ആരുടേയും പരുക്കുകൾ ഗുരുതരം അല്ല.

# ടെക്സാസിൽ മനുഷ്യക്കടത്ത് വാഹനം അപകടത്തിൽപ്പെട്ട് 8 പേർ മരിച്ചു

ടെക്സാസ് ഹൈവേയിൽ ബുധനാഴ്ച മനുഷ്യക്കടത്തുകാരന്റെ വാഹനം മറ്റൊരു വാഹനവുമായി കൂട്ടിയിടിച്ച് എട്ട് പേർ മരിച്ചതായി പോലീസ് വക്താവ് അറിയിച്ചു.

ഹൂസ്റ്റണിൽ നിന്ന് ഹോണ്ട വാഹനത്തിൽ പോവുകയായിരുന്ന മനുഷ്യക്കടത്തുകാരൻ സവാല കൗണ്ടി ഷെറീഫ് ഓഫീസിൽ നിന്നുള്ള അറസ്റ്റ് ഒഴിവാക്കാൻ വെട്ടിച്ചപ്പോഴാണ് അപകടമുണ്ടായതെന്ന് ടെക്സസ് ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് സേഫ്റ്റി വക്താവ് സോഷ്യൽ മീഡിയയിൽ പറഞ്ഞു.

സാൻ അന്റോണിയോയിൽ നിന്ന് 83 മൈൽ തെക്കുപടിഞ്ഞാറായി ബേറ്റ്സ്വില്ലെയ്ക്ക് സമീപം യുഎസ് ഹൈവേ 57ൽ രാവിലെ 6:30 ഓടെയാണ് അപകടം സംഭവിച്ചത്.

എസ്യുവിയിൽ ഇടിച്ചാണ് വാഹനത്തിന് തീപിടിച്ചതെന്ന് ഒലിവാരസ് പറഞ്ഞു. ദേശീയപാതയിൽ ചിതറിക്കിടക്കുന്ന അവശിഷ്ടങ്ങൾ ഉപയോഗിച്ച് രണ്ട് വാഹനങ്ങളും പൂർണ്ണമായും തകർന്നതായി ഏജൻസി പുറത്തുവിട്ട ഫോട്ടോകൾ കാണിച്ചു.

ആറ് പേരാണ് ഹോണ്ടയിൽ ഉണ്ടായിരുന്നതെന്ന് ഒലിവാരസ് പറഞ്ഞു. ജോർജിയയിൽ നിന്നുള്ള രണ്ട് പേരാണ് ഷെവർലെ എസ്യുവിയിൽ ഉണ്ടായിരുന്നത്. ഉദ്യോഗസ്ഥർ പറയുന്നതനുസരിച്ച് എല്ലാവരും കൊല്ലപ്പെട്ടു. ഹോണ്ടയിലെ നിരവധി ആളുകൾ ഹോണ്ടുറാസിൽ നിന്നുള്ളവരാണെന്ന് ഒലിവാരസ് പറഞ്ഞു.



# 50 കോടി വരെയുള്ള സംരംഭങ്ങൾ തുടങ്ങാൻ താത്കാലിക കെട്ടിട നമ്പർ അനുവദിക്കും

തിരുവനന്തപുരം: കെട്ടിട നമ്പരിനായി പ്രവാസി വ്യവസായിയുടെ വിവാദ പ്രതിഷേധത്തിന് പിന്നാലെ, 50 കോടി രൂപ വരെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് കെ സ്വിഫ്റ്റ് വഴി താത്കാലിക കെട്ടിട നമ്പർ അനുവദിക്കാൻ ചട്ട ഭേദഗതി. ഇതിനുള്ള വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചു.

കോട്ടയം ജില്ലയിൽ എൽ.ഡി. എഫ് ഭരണത്തിലുള്ള മാഞ്ഞൂർ പഞ്ചായത്തിൽ കെ സ്വിഫ്റ്റ് വഴി രജിസ്റ്റർ ചെയ്ത്, 25 കോടി മുടക്കിയ സംരംഭത്തിന് കെട്ടിട നമ്പർ അനുവദിക്കാത്തതിന് ഷാജിമോൻ ജോർജ് എന്ന പ്രവാസി വ്യവസായി കഴിഞ്ഞ ദിവസം നടുറോഡിൽ കിടന്ന് പ്രതിഷേധിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ഇന്നലെ സർക്കാർ തിടുക്കത്തിൽ ചട്ടം ഭേദഗതി ചെയ്തത്. കെ സ്വിഫ്റ്റിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന സാക്ഷ്യപത്രത്തിലെ നമ്പർ താത്കാലിക കെട്ടിട നമ്പറായി പരിഗണിക്കുമെന്നതാണ് ഭേദഗതി. മൂന്നുവർഷത്തിനുള്ളിൽ സ്ഥിരനമ്പർ നേടിയാൽ മതി.

2020 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങളാണ് ഭേദഗതി ചെയ്തത്. ഇത് നിക്ഷേപ സൗഹൃദാന്തരീക്ഷം ബലപ്പെടുത്തുമെന്ന് വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു.




കെ സ്വിഫ്റ്റ് അംഗീകാരമുള്ള സംരംഭങ്ങൾക്ക് മൂന്നുവർഷം വരെ മറ്റൊരു അനുമതിയുമില്ലാതെ പ്രവർത്തിക്കാമെന്ന് നിലവിൽ വ്യവസ്ഥയുണ്ട്. മൂന്ന് വർഷം കഴിഞ്ഞ് ആറുമാസത്തിനകം അനുമതികൾ നേടിയാൽ മതി. എന്നാൽ വായ്പയ്ക്കും മറ്റും കെട്ടിടനമ്പർ ആവശ്യമായതിനാൽ കെ സ്വഫ്റ്റ് മുഖേന താത്കാലിക കെട്ടിട നമ്പർ അനുവദിക്കാനാണ് ഭേദഗതി.

കാലഹരണപ്പെട്ട വ്യവസായ നിയമങ്ങൾ പരിഷ്കരിക്കാൻ നിയോഗിച്ച ഡോ.കെ.സി സണ്ണി കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ വകുപ്പും വ്യവസായ വകുപ്പും നടത്തിയ ചർച്ചകളുടെ തുടർച്ചയാണ് വിജ്ഞാപനം.

അമ്പത് ലക്ഷത്തിന് മുകളിൽ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് രേഖകൾ സഹിതം അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകുന്നുണ്ട്.

എം എസ് എം ഇ വ്യവസായങ്ങൾ ആരംഭിക്കാനും നടത്താനുമുള്ള സേവനങ്ങളെ പറ്റിയുള്ള പരാതികളിൽ 30 ദിവസത്തിനകം തീരുമാനമെടുക്കാനും 15 ദിവസത്തിനകം നടപ്പാക്കാനുമുള്ള വ്യവസ്ഥകൾ ഓൺലൈൻ പരാതിപരിഹാര സംവിധാനത്തിലുണ്ട്.

വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്ന് പിഴ ഈടാക്കും. രാജ്യത്ത് ആദ്യമാണ് ഇത്തരമൊരു സംവിധാനം. 15 ദിവസത്തിനകം തുടർ നടപടിയുണ്ടായില്ലെങ്കിൽ വൈകുന്ന ഓരോ ദിവസത്തിനും 250 രൂപ വീതം ഉദ്യോഗസ്ഥൻ പിഴ ഒടുക്കണം. പരമാവധി 10,000 രൂപവരെ പിഴ ഈടാക്കാം. 17 വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികളിലാണ് പരിഹാരം ഉണ്ടാവുക.

# കണ്ടല ബാങ്ക് ക്രമക്കേട്: ഭാസുരാംഗൻ ഇ.ഡി കസ്റ്റഡിയിൽ



തിരുവനന്തപുരം: നൂറ് കോടിയിലേറെ രൂപയുടെ ക്രമക്കേട് നടന്ന കണ്ടല സർവ്വീസ് സഹകരണ ബാങ്കിലും, ഭരണസമിതി അംഗങ്ങളുടെയും, ഉദ്യോഗസ്ഥരുടെയും വീടുകളിലും ഇന്നലെ ഇ.ഡി നടത്തിയ അപ്രതീക്ഷിത റെയ്ഡിനൊടുവിൽ ബാങ്കിന്റെ മുൻ പ്രസിഡന്റ് എൻ.ഭാസുരാംഗനെ കസ്റ്റഡിയിലെടുത്തു.

ഇന്നലെ രാവിലെ ആറിന് തുടങ്ങിയ റെയ്ഡ് രാത്രി വൈകിയും തുടർന്നു. രാത്രി കസ്റ്റഡിയിലെടുത്ത ഭാസുരാംഗനെ അദ്ദേഹം ഉപയോഗിക്കുന്ന മേഖല ക്ഷീരോത്പാതക സഹകരണ സംഘത്തിന്റെ വാഹനത്തിൽ ഇ.ഡി ഉദ്യോഗസ്ഥർ മാറനല്ലൂരിലെ വീട്ടിൽ ചോദ്യം ചെയ്യലിനായി എത്തിച്ചു. ബാങ്കിൽ ചോദ്യം ചെയ്യുന്നതിന് ഇന്ന് കൊണ്ടു പോകും.

മൂന്ന് വാഹനങ്ങളിലായി തോക്കുകളേന്തിയ സുരക്ഷാ സേനയുടെ കാവലിലാണ് ഉദ്യോഗസ്ഥർ ഇന്നലെ പരിശോധനയ്ക്ക് എത്തിയത്. എൻ.ഭാസുരാംഗന്റെ മാറനല്ലൂരിലെ വീട്ടിലും, ബാങ്കിലെ മുൻ സെക്രട്ടറിമാരായ രാജേന്ദ്രൻ നായർ, ശാന്ത കുമാരി, മോഹൻ കുമാർ കളക്ഷൻ ഏജന്റ് അനിൽ കുമാർ എന്നിവരുടെ വീടുകളിലും പരിശോധന നടന്നു. എൻ.ഭാസുരാംഗന്റെ വീട് പൂട്ടിയ നിലയിലായിരുന്നു. അതിനാൽ ഉദ്യോഗസ്ഥ സംഘത്തിന് വീട്ടിനുള്ളിലേയ്ക്ക് രാവിലെ കടക്കാനായില്ല. തുടർന്നാണ് രാത്രി കസ്റ്റഡിയിലെടുത്ത് വീട്ടിലേക്ക് കൊണ്ടു പോയത്.

കാൽ നൂറ്റാണ്ടിലേറെയായി ബാങ്കിന്റെ പ്രസിഡന്റായിരുന്ന സി.പി.ഐ നേതാവ് എൻ.ഭാസുരാംഗന്റെ മകന്റെ പൂജപ്പുരയിലുള്ള വീട്ടിലും, മകന്റെ ഉടമസ്ഥതയിലുള്ള ഹോട്ടലിലും പരിശോധന നടത്തി. ബാങ്ക് ഇടപാടുകൾ സംബന്ധിച്ച രേഖകൾ, ലഡ്ജർ ബുക്കുകൾ, കംപ്യൂട്ടർ രേഖകൾ, മിനുട്സ് ബുക്കുകൾ തുടങ്ങിയവ പിടിച്ചെടുത്തു. ഭാസുരാംഗന്റെ മൊബൈൽ ഫോണും പേഴ്സണൽ കംപ്യൂട്ടറും പിടിച്ചെടുത്തിട്ടുണ്ട്.

തട്ടിപ്പനെതിരെ നിക്ഷേപകർ നൽകിയ പരാതിയിൽ സഹകരണ വകുപ്പും പൊലീസും കാര്യമായ നടപടി സ്വീകരിച്ചിരുന്നില്ല. ഒരു വർഷം മുൻപ് സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ ബാങ്കിലെ തട്ടിപ്പിന്റെ റിപ്പോർട്ട് പുറത്ത് വന്നിരുന്നു. നിക്ഷേപകർ സമരങ്ങളുമായി മുന്നോട്ടു പോകവെയാണ് ഇ.ഡി റെയ്ഡ്. കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിലെ നൂറു കണക്കിനാളുകളാണ് ബാങ്കിൽ നിക്ഷേപം നടത്തിയത്. പതിവു പോലെ ഇന്നലെ ബാങ്കിലെത്തിയ നിക്ഷേപകരെ കടത്തി വിട്ടില്ല.









# ‘വരവേൽപ്പ്’ മുന്നോട്ട്: ആന്തൂർ, തിരുവാർപ്പ് വഴി മാഞ്ഞൂരിൽ




നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന സൽപ്പേര് കേരളം ഇനിയും അർഹിക്കുന്നില്ലെന്നു തെളിയിക്കുന്ന സംഭവങ്ങൾ ഇടയ്ക്കിടെ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. കോട്ടയം ജില്ലയിലെ മാഞ്ഞൂരിൽ 25 കോടിയുടെ സംരംഭം തുടങ്ങിയ പ്രവാസി വ്യവസായിക്ക്, മലയാളത്തനിമയുടെ മഹോത്സവമായി സംസ്ഥാന സർക്കാർ കൊണ്ടാടിയ ‘കേരളീയം’ ആദ്യപതിപ്പിന് കൊടിയിറങ്ങും മുമ്പേ പെരുവഴിയിൽ കിടന്നു പ്രതിഷേധിക്കേണ്ടിവന്നത് നിർഭാഗ്യകരവും നാടിനു നാണക്കേടുമായെന്ന കാര്യം തീർച്ച.

ഒരു ഭാഷാസമൂഹമെന്ന നിലയിൽ കേരളം കൈവരിച്ച സാമൂഹിക പുരോഗതിയെയും നമ്മുടെ നാടിന്റെ പ്രത്യേകതകളെയും ലോകത്തിന് മുന്നിലവതരിപ്പിച്ചു ‘കേരളീയം’ എന്ന് മുഖ്യമന്ത്രി പറഞ്ഞെങ്കിലും ഈയിടെ ഒരു ലേഖനത്തിൽ നടൻ മോഹൻലാൽ രേഖപ്പെടുത്തിയ ചോദ്യമാണ് ശരാശരി മലയാളി തിരിച്ചുചോദിക്കുന്നത്: കൊട്ടിഘോഷിക്കപ്പെട്ട നമ്മുടെ സമൂഹ ബോധത്തിന്, നീതി ബോധത്തിന് എന്താണ് പറ്റിയത്?

‘വരവേൽപ്പ്’ സിനിമയിലെ നായകന്റെ ആശങ്കയുടെ പ്രസക്തി മൂന്നു പതിറ്റാണ്ടു കഴിഞ്ഞിട്ടും കൂടിയതേയുള്ളൂ. ‘എനിക്ക് സങ്കടവും നിരാശയും തോന്നുന്നു’ മോഹൻലാലിന്റെ വാക്കുകൾ, കഥാപാത്രത്തിന്റേതല്ല.

‘വരവേൽപ്പ്’ എന്ന ചിത്രം കേരളീയ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളുടെനേർചിത്രമായിരുന്നു. വിദേശത്തുനിന്ന് നാട്ടിലെത്തി ബസ് സർവീസ് തുടങ്ങിയ ഒരു പാവം മലയാളിയുടെ ജീവിതം. ഈയിടെ കോട്ടയത്ത് ഒരു ബസുടമയോട് തൊഴിലാളി യൂണിയൻ ചെയ്ത കടുംകൈ പത്രത്തിൽ വായിച്ചപ്പോൾ ആ സിനിമ തന്നെയാണ് ഓർത്തതെന്നു ചൂണ്ടിക്കാട്ടിയ ശേഷമായിരുന്നു മോഹൻലാലിന്റെ അഭിപ്രായപ്രകടനം.

തൊഴിൽ തർക്കത്തെ തുടർന്ന് ഈ വർഷം ജൂണിലാണ് കോട്ടയം തിരുവാർപ്പിൽ വെട്ടിക്കുളങ്ങര രാജ്മോഹന്റെ സ്വകാര്യ ബസ്സിന് മുമ്പിൽ സി.ഐ.ടി.യു പ്രവർത്തകർ കൊടികുത്തിയത്. സി.ഐ.ടി.യു അംഗങ്ങളായ തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നൽകുന്നുവെന്നും ബി.എം.എസ് യൂണിയൻകാരായ തൊഴിലാളികൾക്ക് കൂടിയ വേതനം നൽകുന്നുവെന്നുമായിരുന്നു പരാതി. തുടർന്ന് വിമുക്തഭടൻ കൂടിയായ രാജ്മോഹൻ ബസ്സിന് മുമ്പിലിരുന്ന് ലോട്ടറി വില്പന നടത്തി ഒറ്റയാൾ സമരം നടത്തി. പിന്നീട് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ രാജ്മോഹന്റെ ഉടമസ്ഥതയിലുള്ള നാല് ബസുകളിലെയും തൊഴിലാളികളുടെ ജോലി റൊട്ടേഷൻ വ്യവസ്ഥയിൽ പുനക്രമീകരിക്കാനും അതു വഴി എല്ലാ തൊഴിലാളികൾക്കും തുല്യവേതനം ഉറപ്പാക്കാനും ധാരണയായതോടെയാണ് പ്രശ്നത്തിന് പരിഹാരമായത്. അതിനു പിന്നാലെയാണിപ്പോൾ മാഞ്ഞൂരിൽ കൈക്കൂലി കൊടുക്കാതെ ജനങ്ങളുടെ സഹായത്തോടെ തന്റെ അവകാശങ്ങൾ നേടിയെടുക്കാൻ സംരംഭകനു നിരത്തിലിറങ്ങേണ്ടിവന്നത്.

നീണ്ട നാളുകൾ പ്രവാസിയായി കഷ്ടപ്പെട്ട് ജോലി ചെയ്ത് മടങ്ങി നാട്ടിൽ ഒരു ബിസിനസ് നടത്താൻ ആഗ്രഹിച്ച ഷാജിമോൻ എന്ന പ്രവാസിയെ ഉപദ്രവിക്കുന്ന നടപടികൾ സ്വീകരിച്ച കോട്ടയം മാത്തൂർ പഞ്ചായത്തിൽ ധർണ്ണ നടത്തിയ അദ്ദേഹത്തെ കട്ടിലോടുകൂടി എടുത്ത് പോലീസ് റോഡിലിട്ടു. പ്രശ്നം പരിഹരിക്കാൻ നാട്ടുകാരും എല്ലാ രാഷ്ട്രീയ പാർട്ടികളും ആവശ്യപ്പെട്ടിട്ടും പഞ്ചായത്ത് അധികാരികൾ അനങ്ങാപ്പാറ നയം തുടർന്നു. വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ മോൻസ് ജോസഫ് എം.എൽ.എ അടിയന്തിരമായി പ്രശ്നത്തിൽ ഇടപെട്ടു. പി. രാജീവ്, വാസവൻ എന്നീ മന്ത്രിമാരെ വിളിച്ച് പ്രശ്നപരിഹാരത്തിന് അടിയന്തര പരിഹാരമുണ്ടാക്കാൻ ശ്രമിച്ചു. വൈകുന്നേരത്തോടെ എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് ഷാജിമോൻ സന്തോഷത്തോടെ മാധ്യമങ്ങളെ കണ്ടു.

രണ്ടു മന്ത്രിമാർ നേരിട്ടും വ്യവസായ മന്ത്രി ഓൺലൈൻ വഴിയും പങ്കെടുത്ത് ഉദ്ഘാടനം നിർവഹിച്ച സംരംഭത്തിനു സർക്കാരിന്റെ എല്ലാ ആശംസകളും ഉണ്ടായിരുന്നു. എന്നാൽ, അതിനുശേഷം നിസാരകാരണങ്ങൾ പറഞ്ഞു കെട്ടിടത്തിനു നമ്പർ നൽകാൻ പഞ്ചായത്ത് അധികാരികൾ മടികാണിച്ചു. ചുവപ്പുനാടയുടെ നൂലാമാലകൾ നിക്ഷേപകനെ വട്ടം ചുറ്റിച്ചപ്പോഴാണ് അദ്ദേഹം പ്രതിഷേധ സമരത്തിനു നിർബന്ധിതനായത്.

### സമാന്തര ‘കേരളീയം’

കേരളീയത്തിന്റെ ആഘോഷങ്ങൾ തലസ്ഥാനത്തു നടക്കുമ്പോഴാണ് ഈ സംഭവം അരങ്ങേറിയത്. പഞ്ചായത്തിനു മുന്നിൽ സത്യഗ്രഹം ആരംഭിച്ച ഷാജിമോൻ ജോർജിനെ പോലീസ് എത്തി ബലമായി പഞ്ചായത്ത് ഓഫീസിനു പുറത്തേക്കു മാറ്റി. തുടർന്നു പഞ്ചായത്ത് ഓഫീസിനു മുന്നിലുള്ള റോഡിൽ കിടന്ന് അദ്ദേഹം പ്രതിഷേധിച്ചതു കേരളത്തിന്റെ വികസന നേട്ടങ്ങളും ക്ഷേമപ്രവർത്തനങ്ങളും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള കേരളീയത്തിന്റെ ദൃശ്യങ്ങൾക്കൊപ്പമാണ് ലോകത്തിനു മുന്നിൽ എത്തിയത്. കേരളത്തിൽ വ്യവസായം തുടങ്ങാൻ യാതൊരു പ്രയാസവുമില്ലെന്നും മറിച്ചുള്ള പ്രചാരണം നാടിനെ അപകീർത്തിപ്പെടുത്താനുള്ള ശ്രമമാണെന്നുമുള്ള മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പതിവു വായ്ത്താരിയുടെ പൊള്ളത്തരം ജനങ്ങൾക്കു വീണ്ടും വ്യക്തമായി.

കെട്ടിട നിർമാണത്തിന് അനുമതി നൽകാൻ കൈക്കൂലിയായി 20000 രൂപയും വിദേശമദ്യവും ആവശ്യപ്പെട്ട മാഞ്ഞൂർ പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറെ വ്യവസായിയുടെ പരാതിയിൽ കഴിഞ്ഞ ജനുവരിയിൽ വിജിലൻസ് അറസ്റ്റു ചെയ്തിരുന്നു. ഇതിന്റെ പേരിലുള്ള പകയാണ് അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നതെന്ന ആരോപണം ഏറ്റവും ഗൗരവതരം തന്നെ. ഉദ്യോഗസ്ഥതലത്തിലും ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുമെല്ലാം പ്രതികാര ബുദ്ധിയോടെയുള്ള സമീപനം ജനത്തിനു നേരിടേണ്ടിവരുന്നതു കഷ്ടമാണ്. പരിഷ്കൃത സമൂഹത്തിനു ചേർന്നതല്ലിത്. പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കേണ്ടവർ അതു സങ്കീർണമാക്കുന്ന സമീപനം പുലർത്തിയാൽ ജനങ്ങൾ ആഗ്രഹിക്കുന്ന മുന്നേറ്റം ഒരിക്കലും നാടിനുണ്ടാകില്ല. നാടിനു പ്രയോജനകരമായ സംരംഭത്തിന് ഇറങ്ങിത്തിരിക്കുന്നവരെ സാങ്കേതികത്വം പറഞ്ഞു മടുപ്പിക്കുന്ന സമീപനം വച്ചുപൊറുപ്പിക്കില്ലെന്നു സർക്കാർ ഉറപ്പാക്കണം. സംരംഭത്തിനു തയാറാകുന്നവരിൽ നിന്ന് കാശു തട്ടണമെന്നു ചിന്തിക്കുന്ന അധികാരികൾ ഉള്ളിടത്തോളം നാടിന് ഇത്തരം നാണക്കേടു മാത്രമാകും മിച്ചം.

കണ്ണൂരിലെ ആന്തൂർ നഗരസഭാ പരിധിയിൽ നിർമിച്ച 14 കോടിയുടെ കൺവൻഷൻ സെന്ററിന് അനുമതി ലഭിക്കാൻ കാലതാമസം ഉണ്ടായതിനെ തുടർന്നു പ്രവാസി സംരംഭകൻ സാജൻ പാറയിൽ ആത്മഹത്യ ചെയ്തതു കേരളം മറന്നിട്ടില്ല. സംഭവത്തിൽ കേസന്വേഷണം അവസാനിപ്പിച്ച് പൊലീസ് റിപ്പോർട്ട് നൽകി. സാമ്പത്തികവും മാനസികവുമായ കാരണങ്ങളാലുള്ള ആത്മഹത്യയിൽ ആർക്കെതിരെയും പ്രേരണകുറ്റം ചുമത്താനാകില്ലെന്ന നിരീക്ഷണത്തോടെയാണ് തളിപ്പറമ്പ് സബ് ഡിവിഷണൽ മജിസ്ട്രേറ്റിനു പൊലീസ് റിപ്പോർട്ട് സമർപ്പിച്ചത്.

കൺവെൻഷൻ സെന്ററിന് അനുമതി വൈകിക്കാൻ ആന്തൂർ നഗരസഭ ചെയർപേഴ്സൺ പി.കെ. ശ്യാമള (സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ ഭാര്യ) ഇടപെട്ടതിന് തെളിവില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞിരുന്നു. സി.പി.എം എഴുതി നൽകിയ റിപ്പോർട്ട് ആണ് പൊലീസ് കോടതിയിൽ കൊടുത്തതെന്നും ഉന്നതതല അന്വേഷണം വേണമെന്നുമായിരുന്നു പ്രതിപക്ഷത്തിന്റെ പ്രതികരണം. 10 കോടി രൂപ മുടക്കി നിർമ്മിച്ച കൺവെൻഷൻ സെന്ററിന് സി.പി.എം ഭരിക്കുന്ന നഗരസഭ ലൈസൻസ് നൽകാത്തതിലുള്ള മനോവിഷമത്തിലാണ് സാജൻ പാറയിൽ ആത്മഹത്യ ചെയ്തത് എന്നായിരുന്നു കുടുംബത്തിന്റെ ആരോപണം.

സാജന്റെ മരണത്തെ ഒറ്റപ്പെട്ട സംഭവമായി ചിത്രീകരിച്ചവർക്കു മുന്നിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങി ജീവിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടവരുടെ നിരവധി കഥകൾ പിന്നീടുമുണ്ടായി. കൂടെനിന്നു കാര്യങ്ങൾ ചെയ്തുകൊടുക്കേണ്ടവരാണ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും. എന്നാൽ, കൈക്കൂലിയിൽ കണ്ണുവച്ച് അവരെ വട്ടം ചുറ്റിക്കുന്ന സമീപനം സ്വീകരിക്കുന്നതോടെ ജനം ഓഫീസുകൾ കയറിയിറങ്ങാൻ വിധിക്കപ്പെട്ടവരാകും. ഉദ്യോഗസ്ഥർ മാത്രമല്ല തൊഴിലാളി സംഘടനകളുടെ ചില നിലപാടുകളും പ്രതിസന്ധിയുണ്ടാക്കാറുണ്ട്. വിദേശപര്യടനവും സംരംഭക കൂടിക്കാഴ്ച്ചകളും കോടികൾ ചെലവഴിച്ചുള്ള നിക്ഷേപ സംഗമങ്ങളും നടത്തി കേരളം നിക്ഷേപക സൗഹൃദ സംസ്ഥാനമായെന്നു പറയുന്നതു കൊണ്ടു മാത്രമായില്ല, അതു വ്യവസായികൾക്കു ബോധ്യമാകുന്ന രീതിയിൽ അനുഭവമാക്കാനു സർക്കാരിനും കഴിയണം. അങ്ങനെ ഒരു കാലമുണ്ടാകാൻ ‘കേരളീയം’ പോലുള്ള ജാഡകൾ ആവർത്തിച്ചുകൊണ്ടിരുന്നാൽ മതിയോ എന്നതാണ് കാലിക പ്രസക്തമായ ചോദ്യം.

◗ *ബാബു കദളിക്കാട്*




SERVING OUR COMMUNITY FOR OVER 31 YEARS

INSURANCE AND FINANCIAL SERVICES

Insurance Issued by The Prudential Insurance Company of America, Newark, NJ and its affiliates.

PAM-210
1/2020

Paul Vadukumcherry
Financial Professional
CA Insurance License 0N09917
The Prudential Insurance Company of America
523 N. Zenith Drive
Glenview, IL 60025
Phone: 847-815-9491
Paul.vadukumcherry@prudential.com

Prudential

# ഭരണഘടന അനുസരിക്കാൻ ഗവർണറോട് നിർദേശിക്കണം

ന്യൂഡൽഹി: ബില്ലുകളിൽ തീരുമാനമെടുക്കാൻ അധികാരം നൽകുന്ന ഭരണഘടനയിലെ അനുച്ഛേദം 200 അനുസരിച്ച് ഉത്തരവാദിത്തം നിർവഹിക്കാൻ ഗവർണറോട് നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിന്റെ രണ്ടാം ഹർജി.

ഗവർണർക്ക് അനുകൂലമായി പതിനൊന്നു മാസം മുമ്പ് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് ചോദ്യം ചെയ്ത് സമർപ്പിച്ച പ്രത്യേക അനുമതി ഹർജിയിലാണ് ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നത്.

ബില്ലുകളിൽ തീരുമാനമെടുക്കാൻ ഗവർണർക്ക് നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ റിട്ട് ഹർജി നാളെ പരിഗണിക്കാനിരിക്കേയാണ് പുതിയ നീക്കം.

തനിക്ക് ഇഷ്ടമുള്ളപ്പോൾ തീരുമാനമെടുക്കുമെന്ന നിലപാടാണ് ഗവർണർ സ്വീകരിച്ചിരിക്കുന്നതെന്ന് കേരളത്തിന്റെ ഹർജിയിൽ ആരോപിക്കുന്നു.

സമ്പൂർണ വിവേചനാധികാരമുണ്ടെന്നാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഈ മനോഭാവം ഭരണഘടനയുടെ സമ്പൂർണ അട്ടിമറിക്കലാണെന്ന് അപ്പീലിൽ ചൂണ്ടിക്കാട്ടി.

ഗവർണറോട് സമയപരിധി നിർദേശിക്കാനാവില്ലെന്നാണ് ഒരു വർഷം മുമ്പ് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ്.

ഈ ഉത്തരവിനെ സംസ്ഥാന സർക്കാർ ചോദ്യം ചെയ്തിരുന്നില്ല.

ഹൈക്കോടതിയിൽ ഗവർണറെ കക്ഷിയാക്കിയിരുന്നില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളായിരുന്നു എതിർകക്ഷികൾ.

ഗവർണറെയും അദ്ദേഹത്തിന്റെ സെക്രട്ടറിയെയും കക്ഷിയാക്കണമെന്നാണ് സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ചീഫ് സെക്രട്ടറിയും നിയമ സെക്രട്ടറിയുമാണ് ഹർജിക്കാർ. ആദ്യ ഹർജി നൽകിയത് ചീഫ് സെക്രട്ടറിയും, സി.പി.എമ്മിന്റെ പേരാമ്പ്ര എം.എൽ.എ ടി.പി. രാമകൃഷ്ണനും ചേർന്നാണ്.













Antony Francis, Sheeba Vadakkeveedu & Family



Hansen, Elizabeth Chennikkara & Family

3 YEARS ANNIVERSARY

വ്യതിരിക്തമായ ശൈലിയിൽ, പുതുമയോടെ, വാചകം വാരിക 3-ാം വർഷത്തിലേക്ക്

ലോകമെമ്പാടുമുള്ള ഏറ്റവും പുതിയ വാർത്തകൾ നിങ്ങളുടെ സ്വന്തം മാതൃ ഭാഷയായ മലയാളത്തിൽ വായിക്കുവാൻ ഇന്നുതന്നെ സന്ദർശിക്കൂ www.vachakam.com

വാചകം VACHAKAM News Portal for Malayalees Worldwide visit: www.vachakam.com



Tinson, Philby Parackal & Family

Congratulations!


Alwin, Jasmin Kunnumel & Family

# അഖിലേന്ത്യാടിസ്ഥാനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് വിദ്യാർത്ഥി സംഘടന ഉണ്ടാകുന്നു




**1971 ഏപ്രിൽ മാസത്തിലാണ് ദേശീയതലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഒരു വിദ്യാർത്ഥി സംഘടന അഖിലേന്ത്യാടിസ്ഥാനത്തിൽ ഉണ്ടാകുന്നത്. അതാണ് നാഷണൽ സ്റ്റുഡൻസ് യൂണിയൻ ഓഫ് ഇന്ത്യ (എൻ.എസ്.യു) ഉണ്ടാകുന്നത്. വിദ്യാർത്ഥി രാഷ്ട്രീയത്തോട് തെല്ലും താൽപ്പര്യമില്ലാത്ത കാമരാജിനെ ഉമ്മൻചാണ്ടിയും സംഘവും ഒറ്റപ്പാലത്തു നടന്ന കെ.എസ്.യു ക്യാമ്പിൽ മുഖ്യാതിഥിയാക്കി കൊണ്ടുവന്നു. കേരളത്തിലെ കെ.എസ്.യുവും ബംഗാളിലെ ഛത്രപരിഷത്തുമല്ലാതെ കോൺഗ്രസിന് മറ്റൊരു വിദ്യാർത്ഥി സംഘടനയുമില്ലെന്നോർക്കണം. അന്നത്തെ എ.ഐ.സി.സി പ്രസിഡന്റായിരുന്ന കാമരാജ് പങ്കെടുക്കുന്ന ആദ്യത്തെ വിദ്യാർത്ഥി സംഘടനയോഗവുമായിരുന്നു അത്. ക്യാമ്പും അതിന്റെ രീതികളുമൊക്കെ അദ്ദേഹത്തിന് ഏറെ ഇഷ്ടപ്പെട്ടിരിക്കണം. അതുകൊണ്ടാകണം പുതിയ വിദ്യാർത്ഥി സംഘടനയ്ക്ക് രൂപം നൽകാൻ കാമരാജിനെ പ്രേരിപ്പിച്ചതെന്നു കരുതുന്നവർ ഏറെയുണ്ട്.**

1964 മേയ് മാസത്തിൽ ആലുവായിൽ വച്ച് നടന്ന സംസ്ഥാനക്യാമ്പിലായിരുന്നു കെ.എസ്.യു സംസ്ഥാന കമ്മറ്റി പുനസംഘടിപ്പിച്ചത്. പ്രസിഡന്റായി വയലാർ രവിയെതന്നെ തെരഞ്ഞെടുത്തു. ജനറൽ സെക്രട്ടറിമാരായി എ.കെ. ആന്റണി, ഉമ്മൻചാണ്ടി, കെ.പി. പ്രഭാകരൻ എന്നിവരേയും തെരഞ്ഞെടുത്തു. പിന്നെ 21 അംഗ സംസ്ഥാന കമ്മറ്റി രൂപീകരിച്ചു. അതിലൊരംഗമായിരുന്നു വി.എം. സുധീരൻ. കണ്ടശാംകടവ് ഹൈസ്ക്കൂൾ ലീഡറായിരുന്നു അന്ന് സുധീരൻ. പിന്നീടുനടന്ന തെരഞ്ഞെടുപ്പിൽ വയലാർ രവി കെ.എസ്.യു പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞു. പിന്നെ ആ സ്ഥാനത്തെത്തിയ ആളാണ് എ.കെ. ആന്റണി. ഉമ്മൻചാണ്ടിയും ഷൺമുഖദാസും വീണ്ടും ജനറൽ സെക്രട്ടറിമാരായി.

എറണാകുളത്തു നടന്ന കെ.എസ്.യുവിന്റെ ഒമ്പതാം സമ്മേളനത്തിലാണ് ഉമ്മൻചാണ്ടി ആദ്യമായി കെ.എസ്.യു പ്രസിഡന്റാകുന്നത്. കോഴിക്കോട്ടു ചേർന്ന 10ാം സമ്മേളനത്തിൽ ഉമ്മൻചാണ്ടി വീണ്ടും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. കടന്നപ്പിള്ളിയും സുധീരനും പി.സി. ചാക്കോയും ജനറൽ സെക്രട്ടറിമാരായി. അക്കാലയളവിൽ ഉമ്മൻചാണ്ടിയുടെ സഞ്ചാരം മുഴുവൻ സുധീരനോടൊപ്പമായിരുന്നു. ഒറ്റപ്പാലം പലപ്പോഴും ഇവരുടെ സംഗമഭൂമിയായിരുന്നു. ഇരുവരടേയും ഉറ്റ ചങ്ങാതിയാണ് നാരായണൻ നായർ.

ജന്മം കൊണ്ട് കണ്ണൂർകാരനാണെങ്കിലും ഒറ്റപ്പാലത്ത് എൻ.എസ്.എസ്. കോളേജ് പഠനത്തിനെത്തിയതോടെ ഏതാണ്ടൊരു ഒറ്റപ്പാലംകാരനായി മാറുകയായിരുന്നു കക്ഷി. ഒറ്റപ്പാലത്തേക്കുള്ള യാത്രക്കൂലി ഒത്തുകിട്ടിയാൽ പിന്നെ സുധീരനേയും കൂട്ടി ഉമ്മൻചാണ്ടി നാരായണൻ നായരെ കാണാനെത്തുകയായി. നായർക്കവിടെ സാമാന്യം ഭേദപ്പെട്ടൊരു ലോഡ്ജ് ഉണ്ട്. അവിടെയിരുന്നാണ് കെ.എസ്.യുവിനെ വളർത്തുന്നത്. ലോഡ്ജിൽ കുളിച്ചുണ്ടുറങ്ങിയത് എത്രകാലമാണെന്നൊന്നും തിട്ടപ്പെടുത്താനേ ആവില്ല.

ഒരിക്കൽ ഒറ്റപ്പാലത്തൊരു യൂത്ത് കോൺഗ്രസ്പൊതുയോഗം നടത്തി. വലിയ ജനക്കൂട്ടം. പ്രാസംഗകർക്കെല്ലാം വലിയ ആവേശം. സമയം പോയതറിഞ്ഞില്ല. നാരായണൻ നായരാണ് ആതിഥേയൻ. വയലാർ രവിയും ആന്റണിയും ഉമ്മൻചാണ്ടിയും സുധീരനും ഷൺമുഖദാസുമുണ്ട്. അതു കഴിഞ്ഞപ്പോൾ നേരം ഏറെയായി. ബസ്സുകളുടെയൊക്കെ ഓട്ടം നിലച്ചിരുന്നു. പിറ്റേ ദിവസം രാവിലെതന്നെ ഇവർക്കൊക്കെ എറണാകുളത്തെത്തിയേ പറ്റൂ. ഷൊർണ്ണൂർ വരെ ഒരു വണ്ടി കിട്ടി. ഇനിയെന്ത് എന്ന ചിന്തയിലായി ഉമ്മൻചാണ്ടി. വയലാർ രവി ആരോടെന്നില്ലാതെ എന്തൊക്കെയോ പിറുപിറുക്കുന്നു. ആന്റണി ശാന്തനായിരിക്കുന്നു. ഷൺമുഖദാസ് ഉറക്കത്തിലും. സമയം ഏറെക്കഴിഞ്ഞിട്ടും ഒരു വാഹനം പോലും അതുവഴി വരുന്നില്ല. ഒടുവിൽ ഒരു പാണ്ടി ലോറി വരുന്നു. ഉമ്മൻചാണ്ടി റോഡിലേക്ക് കയറിനിന്ന് കൈകാണിച്ചു വണ്ടി നിർത്തിച്ചു.



ബസ്സുകൂലി തന്നേക്കാം, ഞങ്ങളെക്കൂടി കൊണ്ടപോകണം, വേറേ മാർഗമൊന്നുമില്ലാഞ്ഞിട്ടാണ്. ഡ്രൈവർ സമ്മതം മൂളുന്നതിന് മുമ്പേ തന്നെ എല്ലാവരും ലോറിക്കകത്തേക്ക് കയറി. തിങ്ങിഞെരുങ്ങി ഡ്രൈവറോടൊപ്പം യാത്ര ചെയ്തു. പെട്ടെന്നുതന്നെ ഉമ്മൻചാണ്ടി ഉറക്കത്തിലായി. ഒപ്പം കൂർക്കം വലിയും തുടങ്ങി. പിന്നെ മറ്റുള്ളവരും ഉറക്കത്തിലേക്ക് വഴുതിവീണു. വലിയവെളിച്ചവും ചെണ്ടകൊട്ടും കേട്ടാണ് പലരും ഉറക്കത്തിൽ നിന്നും ഉണരുന്നത്. വടക്കാംഞ്ചേരിയിലെതോ ഒരു അമ്പലത്തിലെ ഉത്സവ ഘോഷയാത്രയാണ്. അതിനിടെ ചെറുപ്പക്കാരായ ചിലർ ലോറിക്കകത്തിരിക്കുന്നവരെ ശ്രദ്ധയോടെ നോക്കി. അവർ സുധീരനെ പെട്ടെന്നു തിരിച്ചറിഞ്ഞു. തൃശൂരിലെ അറിയപ്പെടുന്ന വിദ്യാർത്ഥിനേതാവാണ് സുധീരൻ. ആരോ വിളിച്ചുകൂകി...വീരാ..വീരാ..വീര സുധീരാ.. ധീരതയോടെ ഇറങ്ങിവരൂ.

സുധീരനാകെ ചമ്മിവിളറി നിൽക്കുകയാണ്. ഇതിനിടെ വയലാർ രവിയേയും അവർക്ക് മനസിലായി. ഏറെ പരുങ്ങലോടെ വിക്കിവിക്കി സുധീരൻ പറഞ്ഞു: ഞാൻ മാത്രമല്ല, രവിയും എ.കെ. ആന്റണിയും ഉമ്മൻചാണ്ടിയുമൊക്കെയുണ്ട്. അതുശരി.. എങ്കിൽ എല്ലാവരും ഒന്നു പുറത്തേക്കിറങ്ങിവാ... ഞങ്ങളൊന്നു കൺകുളിർക്കെ കണ്ടോട്ടെ..! മറ്റുവഴികളൊന്നുമില്ലാത്തതിനാൽ അവരെല്ലാം ആരാധകരുടെ മുന്നിലേക്കിറങ്ങി നിന്നു. ഒടുവിൽ നാട്ടുകാരുടെ സ്നേഹപ്രകടനവും ഘോഷയാത്രയുടെ തിക്കും തിരക്കും ഒന്നടങ്ങിയ ശേഷമേ ഇവർക്ക് എറണാകുളത്തിന് പോകാനായുള്ളു.

1967ലാണ് ഉമ്മൻചാണ്ടി ആദ്യമായി കെ.എസ്.യു പ്രസിഡന്റാകുന്നത്. 68 ലും അദ്ദേഹം തന്നെ കെ.എസ്.യുവിനെ നയിച്ചു. അടുത്ത സമ്മേളനം കൊല്ലം നഗരിയിലായിരുന്നു. കെ.എസ്.യുവിന്റെ പുതിയ പ്രസിഡന്റായി രാമചന്ദ്രൻ കടന്നപ്പള്ളി വരട്ടെയെന്ന് പൊതുവിൽ ഒരഭിപ്രായം ഉണ്ടായി. എന്നാൽ തിരുവനന്തപുരത്തു നിന്നും എത്തിയ എം.എം. ഹസനും കെ.സി. ജോസഫും വേണഗോപാലനും ചേർന്ന് പി.സി. ചാക്കോയെ പ്രസിഡന്റാക്കണമെന്ന് ആവശ്യപ്പെട്ടു. തിരുവനന്തപുരം ജില്ലാക്കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് അവർ ചാക്കോയുടെ പേര് നിർദ്ദേശിച്ചത്. അന്ന് ചാക്കോ തിരുവനന്തപുരത്ത് പഠിക്കുകയാണ്. വയലാർ രവിയാണ് ആദ്യംതന്നെ അതിനെ എതിർത്തത്. ചർച്ച കാടുകയറി. ഒത്തുതീർപ്പിനുള്ള ഒരു സാധ്യതയുംതെളിയുന്നില്ല. ചാക്കോയെ പലരും എതിർത്തു. അതോടെ ചാക്കോയുടെ പേര് നിർദ്ദേശിച്ചവർ മറ്റൊരാവശ്യം ഉന്നയിച്ചു.

രാമചന്ദ്രനും ചാക്കോയും മത്സരിക്കട്ടെ. ഒടുവിൽ മത്സരം നടക്കട്ടെയെന്ന്തന്നെ തീരുമാനിച്ചു. എം.എ. ജോണിനെ റിട്ടേണിംഗ് ഓഫീസറാക്കി. ഹസ്സന്റെ നേതൃത്വത്തിൽ ചാക്കോയ്ക്കു വേണ്ടി കടുത്ത പ്രചരണം തുടങ്ങി. ഒടുവിൽ ചാക്കോതന്നെ ജയിച്ചേക്കുമെന്നൊരവസ്ഥ വന്നു. അതോടെ അപ്രതീക്ഷിതമായ ചില നീക്കങ്ങൾ ഔദ്യോഗിക പക്ഷത്തുനിന്നുമുണ്ടായി. കടന്നപ്പള്ളിക്കു പകരം ഉമ്മൻചാണ്ടിയുടെ പേര് വീണ്ടും ഉയർത്തിക്കാട്ടി. അതോടെ ഹസ്സനും കൂട്ടരും വെട്ടിലായി. ഉമ്മൻചാണ്ടിയുടെ ഉറ്റചങ്ങാതിയായ കെ.സി. ജോസഫ് ഉമ്മൻചാണ്ടി പക്ഷത്തേക്ക് മാറുകയാണെന്നറിയിച്ചതോടെ ഹസ്സൻ പതറിപ്പോയി. എങ്കിലും അന്നത്തെ ചെറുപ്പത്തിന്റെ ആവേശത്തിൽ ഹസ്സൻ ചാക്കോയോടൊപ്പം നിന്നു. പക്ഷേ, ഉമ്മൻചാണ്ടി ബഹുഭൂരിപക്ഷത്തോടെ കെ.എസ്.യു പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഉമ്മൻചാണ്ടിയാകട്ടെ ചാക്കോയോടൊ, ഹസ്സനോടൊ ഒരിഷ്ടക്കുറവും കാണിച്ചതുമില്ല. കെ.എസ്.യുവിന് ആദ്യമായി ഒരു വനിതാ പ്രതിനിധി വന്നതും കൊല്ലം സമ്മേളനത്തിലൂടെ ആയിരുന്നു. കെ.എം. രമണി. അവരും രാമചന്ദ്രൻ കടന്നപ്പള്ളിയും വൈസ് പ്രസിഡന്റുമാരായി. ആ കാലയളവിൽ എൽഎൽബിക്ക് എറണാകുളം ലോ കോളേജിൽ പഠിക്കുകയായിരുന്നു ഉമ്മൻചാണ്ടി. വിദ്യാഭ്യാസം കഴിഞ്ഞാലും തുടർന്നുള്ള രണ്ടു വർഷത്തേക്ക് കെ.എസ്.യു പ്രസ്ഥാനത്തിലിരിക്കാൻ സംഘടനാഭരണഘടന അനുവദിച്ചിരുന്നു. 1971 ഏപ്രിൽ മാസത്തിലാണ് ദേശീയതലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഒരു വിദ്യാർത്ഥി സംഘടന അഖിലേന്ത്യാടിസ്ഥാനത്തിൽ ഉണ്ടാകുന്നത്. അതാണ് നാഷണൽ സ്റ്റുഡൻസ് യൂണിയൻ ഓഫ് ഇന്ത്യ (എൻ.എസ്.യു) ഉണ്ടാകുന്നത്.

വിദ്യാർത്ഥി രാഷ്ട്രീയത്തോട് തെല്ലും താൽപ്പര്യമില്ലാത്ത കാമരാജിനെ ഉമ്മൻചാണ്ടിയും സംഘവും ഒറ്റപ്പാലത്തു നടന്ന കെ.എസ്.യു ക്യാമ്പിൽ മുഖ്യാതിഥിയാക്കി കൊണ്ടുവന്നു. കേരളത്തിലെ കെ.എസ്.യുവും ബംഗാളിലെ ഛത്രപരിഷത്തുമല്ലാതെ കോൺഗ്രസിന് മറ്റൊരു വിദ്യാർത്ഥിസംഘടനയുമില്ലെന്നോർക്കണം. അന്നത്തെ എ.ഐ.സി.സി പ്രസിഡന്റായിരുന്ന കാമരാജ് പങ്കെടുക്കുന്ന ആദ്യത്തെ വിദ്യാർത്ഥി സംഘടനയോഗവുമായിരുന്നു അത്. ക്യാമ്പും അതിന്റെ രീതികളുമൊക്കെ അദ്ദേഹത്തിന് ഏറെ ഇഷ്ടപ്പെട്ടിരിക്കണം. അതുകൊണ്ടാകണം പുതിയ വിദ്യാർത്ഥി സംഘടനയ്ക്ക് രൂപം നൽകാൻ കാമരാജിനെ പ്രേരിപ്പിച്ചതെന്നു കരുതുന്നവർ ഏറെയുണ്ട്. എന്തായാലും കടബാധ്യതകളൊന്നുമില്ലാതെ ഒറ്റപ്പാലം സമ്മേളനം അതിന്റെ പരിസമാപ്തിയിൽ എത്തിയപ്പോൾ ഒരു രാജി പ്രഖ്യാപനം നടന്നു. അതാരും പ്രതീക്ഷിച്ചിരുന്നതല്ല. അത്മറ്റാരടേ രാജിയുമായിരുന്നില്ല. സാക്ഷാൽ ഉമ്മൻചാണ്ടിയുടേതു തന്നെ. രാജി പിൻവലിക്കണമെന്ന ആവശ്യം പലരിൽ നിന്നുമുണ്ടായി. ഒട്ടും വഴങ്ങാൻ ഉമ്മൻചാണ്ടി കൂട്ടാക്കിയില്ല. ഒടുവിൽ കടന്നപ്പള്ളി രാമചന്ദ്രനെ പ്രസിഡന്റായി ആ സമ്മേളനം തെരഞ്ഞെടുത്തു. എ.കെ. ആന്റണി യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റാകുന്നത് 1968ലാണ്. 1969ൽ ആന്റണി ആ പദവി ഒഴിഞ്ഞു. പകരക്കാരനായി വന്നത് ഉമ്മൻചാണ്ടിയായിരുന്നു.

(തുടരും)






# 'ഭർത്താവ് മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നു'; മന്ത്രിസ്ഥാനം തെറിച്ചതിന് പിന്നാലെ ചന്ദ്ര പ്രിയങ്ക വിവാഹമോചനത്തിന്



മന്ത്രിസ്ഥാനം പോയതോടെ വിവാഹ മോചനത്തിന് അപേക്ഷ നൽകി ചന്ദ്ര പ്രിയങ്ക. അഭിപ്രായവ്യത്യാസങ്ങളെ തുടർന്ന് വേർപിരിഞ്ഞ് ജീവിക്കാൻ പ്രിയങ്കയും ഭർത്താവ് ഷൺമുഗും തീരുമാനിച്ച് മാസങ്ങൾക്ക് ശേഷമാണ് വിവാഹമോചന നീക്കം. കാരയ്ക്കൽ കുടുംബ കോടതിയിലാണ് ഹർജി നൽകിയത്. അഭിഭാഷകർ സമരത്തിലായതിനാൽ നെടുങ്ങാട് എം.എൽ.എ ഫാമിലി വെൽഫെയർ ജഡ്ജി കെ. അല്ലി മുമ്പാകെ നേരിട്ട് ഹാജരായി. മദ്യപിച്ചെത്തിയ ഭർത്താവ് ഷൺമുഖം തന്നെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നുവെന്നാണ് ചന്ദ്രപ്രിയങ്കയുടെ ആരോപണം. തന്റെ സത്പേരിന് കളങ്കം വരുത്താൻ തന്നെക്കുറിച്ച് ഗോസിപ്പുകൾ ഉണ്ടാക്കിയെന്നും അവർ ആരോപിച്ചു.

തന്റെ രണ്ട് മക്കളെ ഭർത്താവ് തനിക്കെതിരെ തിരിക്കുകയും തന്റെ മന്ത്രിസ്ഥാനം ഭർത്താവ് ദുരുപയോഗം ചെയ്തുവെന്ന് ചന്ദ്രിക ആരോപിച്ചു. ഇക്കാരണത്താലാണ് പുതുച്ചേരിയിൽ മന്ത്രിയായിരുന്ന ചന്ദ്ര പ്രിയങ്ക വിവാഹമോചനം ആവശ്യപ്പെട്ടത്. ഷൺമുഖം ആദ്യം പരസ്പരം വിവാഹമോചനത്തിന് സമ്മതിച്ചിരുന്നെങ്കിലും ഇപ്പോൾ പിൻമാറിയെന്നും ചന്ദ്രിക പറയുന്നു.

ഭർത്താവ് ഫോണിലൂടെ വധഭീഷണി മുഴക്കിയതായി ചന്ദ്രപ്രിയങ്ക പരാതിപ്പെട്ടതായി ഡി.ജി.പി പറഞ്ഞു. ഷൺമുഖനൊപ്പം ജീവിക്കാൻ കഴിയില്ലെന്നും പരാതിയിൽ പറയുന്നു. ഗതാഗത മന്ത്രിയായിരുന്ന ചന്ദ്ര പ്രിയങ്കയെ മന്ത്രിസഭയിൽ നിന്ന് നേരത്തെ പുറത്താക്കിയിരുന്നു.

# ഒറ്റഇരട്ട വാഹന നിയന്ത്രണം: മരവിപ്പിച്ച് ഡൽഹി സർക്കാർ

## കൃത്രിമ മഴയ്ക്ക് നീക്കം, സ്കൂളുകൾക്ക് ശൈത്യകാല അവധി നേരത്തെ

ന്യൂഡൽഹി: സുപ്രീം കോടതിയുടെ വിമർശനത്തെ തുടർന്ന് ഡൽഹിയിൽ ഒറ്റഇരട്ട വാഹന നിയന്ത്രണം നടപ്പാക്കുന്നത് തത്കാലം നിറുത്തിവയ്ക്കാൻതീരുമാനം. വായു മലിനീകരണം കുറയ്ക്കാൻ കൃത്രിമ മഴ പെയ്യിക്കാനുള്ള സാദ്ധ്യതകൾ തേടും. മലിനീകരണം കണക്കിലെടുത്ത് 9 മുതൽ 18 വരെ സ്കൂളുകൾക്ക് ശൈത്യകാല അവധി പ്രഖ്യാപിച്ചു.

നവംബർ 13 മുതൽ 20വരെ നടപ്പാക്കാനിരുന്ന ഒറ്റഇരട്ട നമ്പർ വാഹന നിയന്ത്രണം വായു മലിനീകരണം കുറയ്ക്കുമോ എന്ന് സുപ്രീംകോടതി സംശയം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഒറ്റഇരട്ട നമ്പർ വാഹന നിയന്ത്രണത്തിന്റെ ഫലപ്രാപ്തി സംബന്ധിച്ച് ഷിക്കാഗോ ആസ്ഥാനമായുള്ള എനർജി പോളിസി ഇൻസ്റ്റിറ്റ്യൂട്ടും ഡൽഹി ടെക്നിക്കൽ യൂണിവേഴ്സിറ്റിയും ചേർന്ന് നടത്തിയ പഠന റിപ്പോർട്ടുകൾ സുപ്രീം കോടതിയിൽ സമർപ്പിക്കുമെന്ന് സംസ്ഥാനഗര പരിസ്ഥിതി മന്ത്രി ഗോപാൽ റായ് പറഞ്ഞു. വായു മലിനീകരണം തടയാൻ കൃത്രിമ മഴ പെയ്യിക്കുന്നതിനുള്ള നിർദ്ദേശം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഗോപാൽ റായ് അറിയിച്ചു.



### ആപ്പ് ടാക്സി നിരോധനം

വാഹന നിയന്ത്രണത്തിന്റെ ഭാഗമായി അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ആപ്പ് അധിഷ്ഠിത ടാക്സികൾ ഡൽഹിയിലേക്ക് കടക്കുന്നത് നിരോധിച്ചു. ഡൽഹി രജിസ്ട്രേഷൻ നമ്പറുള്ള ടാക്സികൾക്ക് നിയന്ത്രണമില്ല. അയൽ സംസ്ഥാനങ്ങളിലും പടക്കങ്ങൾ നിരോധിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടു. അതേസമയം ഡൽഹിയിലെ കൊണാട്ട് പ്ലേസിൽ വായു ശുചിയാക്കാൻ സ്ഥാപിച്ച സ്മോഗ് ടവർ സുപ്രീംകോടതി നിർദ്ദേശത്തെ തുടർന്ന് നന്നാക്കി.

### മലിനീകരണം അതിരൂക്ഷം

ഡൽഹിയിലെങ്ങും ഇന്നലെ കനത്ത പുകമഞ്ഞ് അനുഭവപ്പെട്ടു. ഡൽഹിയിലെ 24 മണിക്കൂർ ശരാശരി വായു ഗുണനിലവാര സൂചിക (എ.ക്യു.ഐ) 426 ആണ്. അയൽ സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളായ ഗാസിയാബാദ് (384), ഗുരുഗ്രാം (385), നോയിഡ (405), ഗ്രേറ്റർ നോയിഡ (478), ഫരീദാബാദ് (425) എന്നിവിടങ്ങളിലും സ്ഥിതി വ്യത്യസ്തമല്ല.













## രശ്മിക മന്ദാനയുടെ വ്യാജ വീഡിയോ; പ്രതികരണവുമായി നാഗചൈതന്യ





കഴിഞ്ഞ ദിവസമാണ് നടി രശ്മിക മന്ദാനയുടെ പേരിൽ വ്യാജ വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിച്ചത്. ഇത് വലിയ രീതിയിലുള്ള പ്രതിഷേധങ്ങൾക്കും ഇടയാക്കിയിരുന്നു. സിനിമ രംഗത്തുള്ള പ്രമുഖരിൽ പലരും ഇതിനെതിരെ രംഗത്ത് എത്തിയിരുന്നു. ഇപ്പോൾ സംഭവത്തിൽ പ്രതികരണവുമായി എത്തിയിരിക്കുകയാണ് നടൻ നാഗ ചൈതന്യ. ഇത്തരം പ്രവൃത്തികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്നാണ് നാഗചൈതന്യ ആവശ്യപ്പെടുന്നത്. സാങ്കേതികവിദ്യ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും ഇത് നിരാശാജനകമാണെന്നും താരം പറയുന്നു. ഇതിന് ഇരകളാകുന്നവരെ സംരക്ഷിക്കാൻ നടപടിയെടുക്കുകയും ഏതെങ്കിലും നിയമം നടപ്പിലാക്കുകയും വേണമെന്ന് സോഷ്യൽ മീഡിയയിലൂടെ നാഗചൈതന്യ വ്യക്തമാക്കി.കഴിഞ്ഞ ദിവസമാണ് രശ്മികയുടെ മുഖമുള്ള ഡീപ്പ് ഫേക്ക് വീഡിയോ ഓൺലൈനിൽ വ്യാപകമായി പ്രചരിച്ചത്. ഗ്ലാമറസ്സ് വസ്ത്രം ധരിച്ച് ഒരു ലിഫ്റ്റിലേക്ക് ഓടിക്കയറുന്ന രശ്മികയുടെ വീഡിയോ എന്ന രീതിയിലായിരുന്നു ദൃശ്യങ്ങൾ പ്രചരിച്ചത്. എന്നാൽ, സോഷ്യൽ മീഡിയ ഇൻഫ്ലുവെൻസറായ സാറാ പട്ടേലിന്റെ മുഖത്തിന് പകരം എഐ ഉപയോഗിച്ച് രശ്മികയുടെ മുഖം ചേർക്കുകയായിരുന്നു എന്ന് പിന്നീട് കണ്ടെത്തി.

## മരണത്തിന്റെ തലേന്ന് മണി കുടിച്ചത് 12 കുപ്പിയോളം ബിയർ



മലയാളികൾക്ക് ഇന്നും അംഗീകരിക്കാൻ ആവാത്ത ഒരു വേർപാട് ആണ് ജനപ്രിയ താരം മണിയുടേത്. മണിയുടെ മരണം സംബന്ധിച്ച് പല അഭ്യൂഹങ്ങളും ഉയർന്ന് വന്നിരുന്നു. തലേന്ന് കഴിച്ച ബിയറിൽ വിഷാംശം ഉണ്ടായിരുന്നെന്ന റിപ്പോർട്ട് പുറത്ത് വന്നതോടെ വലിയ വിവാദം ആണ് ഉടലെടുത്തത്. ദുരൂഹതയുണ്ടെന്ന് ആരോപിച്ച് കുടുംബവും രംഗത്തെത്തി. അസ്വാഭാവിക മരണത്തിൽ അന്വേഷണം നടന്നു. സിബിഐ വരെ അന്വേഷിച്ചെങ്കിലും മരണത്തിന് പിന്നിൽ ദുരൂഹതയില്ലെന്നാണ് വ്യക്തമായത്. ഇപ്പോഴിതാ മണിയുടെ മരണത്തെക്കുറിച്ച് തുറന്ന് സംസാരിക്കുകയാണ് അന്വേഷണ സംഘത്തിന്റെ ഭാഗമായ ഉണ്ണിരാജൻ ഐപിഎസ്.ആരോഗ്യസ്ഥിതി അവഗണിച്ച് മദ്യപിച്ചതാണ് മണിയുടെ മരണത്തിന് കാരണമായതെന്ന് ഇദ്ദേഹം പറയുന്നു. ഒരു ചാനലിൽ സംസാരിക്കവെയാണ് അദ്ദേഹം ഇതേ കുറിച്ച് പറഞ്ഞത്. ഡയബറ്റിക് പേഷ്യന്റായിരുന്ന മണി കഴിക്കുന്ന ഗുളികയുണ്ട്. ആ ടാബ്ലെറ്റ് കഴിച്ചാൽ അതിന്റെ കൂടെ മദ്യം കഴിക്കാൻ പറ്റില്ല. വളരെ നേരത്തെ മുതൽ മണി ഈ ഗുളിക ഉപയോഗിക്കുന്നതാണ്.ശാരീരികമായും മണി വീക്കായിരുന്നു. ഷർട്ടിനുള്ളിൽ ഒന്നോ രണ്ടോ ബനിയനിട്ടാണ് ഷോയ്ക്ക് പോകാറ്. ചെറുപ്പുളശേരി മൂന്ന് മണിക്കൂറാണ് മണി പാടിയത്. തിരിച്ച് വന്നപ്പോഴേക്കും വല്ലാതെ വീക്കായി. പ്രമേഹം കീഴ്പ്പെടുത്തുന്ന അവസ്ഥയിലായിരുന്നു. പുറത്താരോടും മണി ഇത് പറഞ്ഞില്ല. അഞ്ചാം തിയതിയാണ് ആശുപത്രിയിലാകുന്നത്. നാലാം തിയതി മണി കുടിച്ചത് 12 കുപ്പിയോളം ബിയറാണ്. ബിയറിൽ മീഥെയ്ൽ ആൽക്കഹോളിന്റെ ചെറിയ അംശമുണ്ട്. ഒരുപാട് അളവിൽ കഴിക്കുമ്പോൾ അത് കൂടും. മണിയുടെ കാര്യത്തിലും സംഭവിച്ചത് അതാണ്. ഉണ്ണിരാജൻ ഐപിഎസ് വ്യക്തമാക്കി.

# ആമിർ ഖാൻ മുതൽ ഖുശ്ബു വരെ; വൈറൽ ആയി കമൽഹാസന്റെ പിറന്നാൾ ചിത്രങ്ങൾ



കഴിഞ്ഞ ദിവസമാണ് പ്രേക്ഷകരുടെ പ്രിയ താരം കമൽ ഹസൻ തന്റെ 69-ാം ജന്മദിനം ആഘോഷിച്ചത്. ചെന്നൈയിൽ വച്ച് നടന്ന ആഘോഷ പരിപാടിയിൽ ആമിർ ഖാൻ, ഛായാഗ്രാഹകൻ രവി കെ ചന്ദ്രൻ, സൂര്യ, ലോകേഷ് കനകരാജ്, ഖുശ്ബു സുന്ദർ, സുഹാസിനി, മണിരത്നം, പാർഥിബൻ, വിഘ്നേഷ് ശിവൻ, അശ്വിനി ദത്ത്, സ്വപ്ന ദത്ത്, പ്രിയങ്ക ദത്ത്, രമ്യാ കൃഷ്ണൻ തുടങ്ങിയ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുത്തു. ആഘോഷത്തിന്റെ ചിത്രങ്ങൾ ആണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറൽ ആവുന്നത്.വെളുത്ത സ്യൂട്ട് ധരിച്ചാണ് താരം ആഘോഷ വേദിയിൽ എത്തിയത്. പാർട്ടിയിൽ പങ്കെടുത്ത എല്ലാവർക്കും അദ്ദേഹം ഊഷ്മളമായ സ്വീകരണം നൽകുന്നത് ദൃശ്യങ്ങളിൽ കാണാമായിരുന്നു. അഥിതികൾക്കൊപ്പം എടുത്ത താരത്തിന്റെ ചിത്രങ്ങൾ ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറൽ ആണ്.അതേസമയം അച്ഛൻ കമൽഹാസന് പിറന്നാൾ ദിനത്തിൽ മകൾ ശ്രുതി ഹാസൻ നൽകിയ മനോഹരമായ പിറന്നാൾ സന്ദേശവും സോഷ്യൽ മീഡിയയിൽ വൈറൽ ആയി. അച്ഛൻ കമൽഹാസനുമായുള്ള കുട്ടിക്കാലത്തെ ചില ഗൃഹാതുരമായ ഓർമ്മകൾ പങ്കുവയ്ക്കുന്ന ഫോട്ടോകൾ പങ്കിട്ടാണ് താരം ആശംസകൾ അറിയിച്ചത്.അതേസമയം ഇനി ആരാധകർക്ക് ആവേശമാകുന്ന സിനിമകൾ ആണ് താരത്തിന്റേതായി പുറത്തുവരാനിരിക്കുന്നത്. ശങ്കർ സംവിധാനം ചെയ്ത ഇന്ത്യൻ 2 ന്റെ തുടർച്ചയും മണിരത്നത്തിനൊപ്പമുള്ള പുതിയ പ്രോജക്ടിനും ആയാണ് ആരാധകർ കാത്തിരിക്കുന്നത്.

## പെറി മരിക്കുന്നതിന് മുമ്പ് സമ്പാദിച്ചത് 20 മില്യൺ ഡോളർ; ഈ പണം ഇനി ആർക്ക്?




മാത്യു പെറിയുടെ പെട്ടെന്നുള്ള വിയോഗം ഹോളിവുഡിനെ മാത്രമല്ല, ഇന്ത്യയിലെ അദ്ദേഹത്തിന്റെ ആരാധകരെയും ഞെട്ടിച്ചിരിക്കുകയാണ്, ആഗോള സിനിമാ താരങ്ങൾ നടന്റെ മരണത്തിൽ ദുഃഖം രേഖപ്പെടുത്തി.അകാല മരണത്തിന് മുമ്പ്, പെറി ഗണ്യമായ തുക സമ്പാദിച്ചതായി റിപ്പോർട്ടുണ്ട്. സിൻഡിക്കേഷനിൽ നിന്നും സ്ട്രീമിംഗ് വരുമാനത്തിൽ നിന്നുമായി പ്രതിവർഷം 20 ദശലക്ഷം ഡോളർ താരം സമ്പാദിച്ചിരുന്നു. ഒക്ടോബർ 28-ന് പെറിയെ പസഫിക് പാലിസേഡ്സിലെ വസതിയിലെ ഹോട്ട് ടബ്ബിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.മരണാനന്തര വരുമാനം സാധാരണയായി ഒരു നടന്റെ സ്വകാര്യ സ്വത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുന്നു. സർട്ടിഫൈഡ് ഫിനാൻഷ്യൽ പ്ലാനറും അറ്റ്ലാന്റയിലെ എച്ച്എച്ച് ലെഗസി ഇൻവെസ്റ്റ്മെന്റിന്റെ പ്രസിഡന്റുമായ ചാർലി ഡഗ്ലസ്, പെറിയുടെ സമ്പത്തിന്റെ ഗതിയെക്കുറിച്ച് മൂന്ന് സാഹചര്യങ്ങൾ വിവരിക്കുന്നത് ഇങ്ങനെയാണ്.ഒന്നാമതായി, സ്ക്രീൻ ആക്ടേഴ്സ് അമേരിക്കൻ ഫെഡറേഷൻ ഓഫ് ടെലിവിഷൻ ആന്റ് റേഡിയോ ആർട്ടിസ്റ്റുമായുള്ള ഉടമ്പടിയിലൂടെ മാത്യു പെറി തന്റെ അവകാശികളെ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ, ആ വ്യക്തികൾക്ക് ബാക്കിയുള്ള പേയ്മെന്റുകൾക്ക് അർഹതയുണ്ട്.രണ്ടാമതായി പെറി ഒരു ട്രസ്റ്റിനെയാണ് ഗുണഭോക്താവായി തിരഞ്ഞെടുത്തിട്ടുള്ളതെങ്കിൽ ഈ സാഹചര്യത്തിൽ ട്രസ്റ്റിലേക്ക് പണം ഒഴുകും, ട്രസ്റ്റുകൾ സ്വകാര്യമായതിനാൽ, ഫണ്ടുകൾക്ക് അവകാശിയാകുന്നവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തിയിട്ടില്ല. മൂന്നാമതായി, പെറി ഏതെങ്കിലും ഗുണഭോക്താക്കളുടെ പേര് നൽകിയിട്ടില്ലെങ്കിൽ, സംസ്ഥാന നിയമം പ്രകാരം അദ്ദേഹത്തിന്റെ എസ്റ്റേറ്റ് വിതരണം നിർദ്ദേശിക്കും. ജീവിതപങ്കാളിയോ കുട്ടികളോ ഇല്ലാത്തതിനാൽ, ഈ സാഹചര്യം ഗണ്യമായ അനിശ്ചിതത്വത്തിന് ഇടയാക്കും.


# 50 മില്യൺ ഡോളറിന്റെ ശക്തമായ അരങ്ങേറ്റത്തിന് ഡിസ്നിയുടെ 'വിഷ്'




50 മില്യൺ ഡോളറിന്റെ ശക്തമായ അരങ്ങേറ്റത്തിനൊരുങ്ങി ഡിസ്നിയുടെ വിഷ്. 2017-ലെ കൊക്കോയ്ക്ക് ശേഷമുള്ള ഏറ്റവും പ്രധാനപ്പെട്ട ഒറിജിനൽ ആനിമേറ്റഡ് ഓപ്പണിംഗുകളിൽ ഒന്നായാണ് ചിത്രത്തെ കാണുന്നത്. നവംബർ 22-ന് തിയറ്ററുകളിൽ എത്താൻ ഒരുങ്ങുന്ന ഈ ചിത്രം ഇതിനകം തന്നെ പ്രേക്ഷകരുടെ, പ്രത്യേകിച്ച് കുടുംബങ്ങളുടെയും സ്ത്രീ പ്രേക്ഷകരുടെയും ശ്രദ്ധ പിടിച്ചുപറ്റുകയാണ്.കഴിഞ്ഞയാഴ്ച പുറത്തിറങ്ങിയ ക്രിസ് പൈൻ അവതരിപ്പിച്ച 'ദിസ് ഈസ് ദ താങ്ക്സ് ഐ ഗെറ്റ്' എന്ന ആകർഷകമായ ഗാനം ചിത്രത്തിന്റെ കാത്തിരിപ്പിന് ആക്കം കൂട്ടി. ഓസ്കാർ ജേതാവ് അരിയാന ഡിബോസ് ഉൾപ്പെടെയുള്ള താരനിരയും വിഷിനെ ചുറ്റിപ്പറ്റിയുള്ള ആവേശം വർദ്ധിപ്പിച്ചിരിക്കുകയാണ്.ക്രിസ് ബക്കും ഫാൺ വീരസുന്തോണും ചേർന്ന് സംവിധാനം ചെയ്ത വിഷ് ആഷ എന്ന പെൺകുട്ടിയെ ചുറ്റിപ്പറ്റിയാണ് നടക്കുന്നത്. ഒരു വികൃതി നക്ഷത്രം അവളോടൊപ്പം ചേരാൻ ആകാശത്ത് നിന്ന് ഇറങ്ങിവരുന്നതാണ് കഥയുടെ ഇതിവൃത്തം.


## രൺദീപ് ഹൂഡയും കാമുകി ലിൻ ലൈഷ്റാമും ഉടൻ വിവാഹിതരാകുന്നു?





ബോളിവുഡ് നടൻ രൺദീപ് ഹൂഡയും അദ്ദേഹത്തിന്റെ ദീർഘകാല കാമുകി ലിൻ ലൈഷ്റാമും ഉടൻ വിവാഹിതരാകാൻ തീരുമാനിച്ചതായി സൂചന. ഏറെക്കാലമായി പ്രണയത്തിലായിരുന്ന ഇരുവരും നവംബർ അവസാനത്തോടെ വിവാഹിതരാകുമെന്നാണ് റിപ്പോർട്ട്.അടുത്ത സുഹൃത്തുക്കളും കുടുംബാംഗങ്ങളും മാത്രം പങ്കെടുക്കുന്ന ഒരു സ്വകാര്യ ചടങ്ങായിരിക്കും ഇരുവരുടെയും വിവാഹമെന്ന് രൺദീപിന്റെയും ലിന്നിന്റെയും അടുത്ത വൃത്തങ്ങൾ പറഞ്ഞു. ഇരുവരുടെയും വിവാഹം മുംബൈയിൽ വെച്ചാകില്ല നടക്കുകയെന്നും അവർ പറഞ്ഞു.രൺദീപ് ഹൂഡ ഒരു സ്വകാര്യ വ്യക്തിയാണെന്നും വിവാഹത്തിന് മാധ്യമശ്രദ്ധ വേണ്ടെന്നും വിവാഹം കഴിഞ്ഞാൽ കല്യാണക്കാര്യം അറിയിക്കാനാണ് ആലോചനയെന്നും താരത്തോട് അടുത്ത വൃത്തങ്ങൾ പറയുന്നു.രൺദീപ് ഹൂഡയും ലിൻ ലൈഷ്റാമും തങ്ങളുടെ ബന്ധത്തെക്കുറിച്ച് ഔദ്യോഗികമായി പറഞ്ഞിട്ടില്ല. എന്നാൽ സോഷ്യൽ മീഡിയയിൽ നിരവധി ചിത്രങ്ങളും വീഡിയോകളും പോസ്റ്റ് ചെയ്തുകൊണ്ട് അവർ ഇക്കാര്യത്തെക്കുറിച്ച് സൂചനകൾ നൽകാറുണ്ട്. ഈ വർഷം ആദ്യം, നടനുമായുള്ള ചില ചിത്രങ്ങൾ ലിൻ പങ്കിടുകയും 'ഹാപ്പി ബർത്ത്ഡേ എന്ന് എഴുതുകയും ചെയ്തിരുന്നു.ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനി വിനായക് ദാമോദർ സവർക്കറിനെ ആസ്പദമാക്കി ഒരുക്കുന്ന 'സ്വതന്ത്ര വീർ സവർക്കർ' എന്ന ചിത്രത്തിലാണ് രൺദീപ് ഹൂഡ ഇനി അഭിനയിക്കുന്നത്. ഇലിയാന ഡിക്രൂസിനൊപ്പം 'അൺഫെയർ ആൻഡ് ലൗലി', 'ലാൽ രംഗ് 2' എന്നി ചിത്രങ്ങളിലും അദ്ദേഹം അഭിനയിക്കുന്നുണ്ട്.


## 'ശ്രീദേവിയെ വിവാഹം കഴിക്കാൻ അവളുടെ അമ്മ എന്നോട് ആവശ്യപെട്ടിട്ടുണ്ട്, പക്ഷേ..' കമൽ ഹാസന്റെ വെളിപ്പെടുത്തൽ





ഒരു സമയത്ത് ഇന്ത്യൻ സിനിമയിൽ നിറഞ്ഞു നിന്ന ഹിറ്റ് ജോഡിയായിരുന്നു കമൽഹാസൻ- ശ്രീദേവി. ഒട്ടേറെ സിനിമകളിൽ ഇരുവരും ജോഡികളായി അഭിനയിച്ചിട്ടുണ്ട്. ഇവർ പ്രണയത്തിലാണോ എന്ന് പോലും ആരാധകർക്ക് പല സമയത്തും തോന്നിയിട്ടുണ്ട്. ഇപ്പോൾ അതിനെ പറ്റി വെളിപ്പെടുത്തിയിരിക്കുകയാണ് കമൽ ഹാസൻ. ശ്രീദേവി അനുസ്മരണത്തിന്റെ ഭാഗമായി എഴുതിയ കുറിപ്പിലാണ് ശ്രീദേവിയുമായുള്ള ബന്ധം കമൽഹാസൻ വെളിപ്പെടുത്തിയത്. 'ദി 28 അവതാർസ് ഓഫ് ശ്രീദേവി' എന്ന കുറിപ്പിലാണ് ശ്രീദേവിയെ കമൽഹാസൻ ഓർമ്മിച്ചെടുക്കുന്നത്. ശ്രീദേവിയുമായുള്ള കമലിൻറെ അടുപ്പം കണ്ട് നിങ്ങൾക്ക് അവളെ വിവാഹം കഴിച്ചുകൂടെ എന്ന് ശ്രീദേവിയുടെ അമ്മ രാജേശ്വരി പലതവണ തന്നോട് ചോദിച്ചതായി ആണ് കമൽഹാസൻ പറയുന്നത്. എന്നാൽ കുടുംബത്തിലുള്ള ഒരാളെ ഞാൻ എങ്ങനെ വിവാഹം കഴിക്കും എന്നാണ് താൻ മറുപടി നൽകിയതെന്നും കമൽഹാസൻ പറയുന്നു. 1976 ൽ ശ്രീദേവിക്ക് പതിമൂന്ന് വയസുള്ളപ്പോൾ ആണ് 'മൂണ്ട്രു മുടിച്ചു' എന്ന ചിത്രത്തിൽ അഭിനയിക്കാൻ എത്തിയത് എന്നും അന്ന് ശ്രീദേവിയുമായി റിഹേഴ്സൽ നടത്തുക എന്ന ഉത്തരവാദിത്തവും സഹസംവിധായകനായ തനിക്കായിരുന്നുവെന്നും കമൽ ഹാസൻ ഓർമ്മിക്കുന്നു. പ്രണയരംഗങ്ങളിൽ അഭിനയിച്ചതു കൊണ്ട് തങ്ങൾ തമ്മിൽ വലിയ അടുപ്പമാണെന്ന് ആളുകൾ തെറ്റിദ്ധരിച്ചിരുന്നു. എന്നാൽ അവസാന സമയം വരെ ശ്രീദേവി തന്നെ വിളിച്ചത് 'സർ' എന്ന് മാത്രമായിരുന്നുവെന്നും കമൽ ഹാസൻ കൂട്ടിച്ചേർത്തു.

# എൽവിസ് പ്രെസ്ലിയുടെ ഭാര്യ പുനർവിവാഹം ചെയ്യാത്തതിന്റെ കാരണം ഇതാണ്!



പ്രശസ്ത നടിയും വ്യവസായിയുമാണ് പ്രിസില്ല പ്രെസ്ലി. 1973-ൽ എൽവിസ് പ്രെസ്ലിയിൽ നിന്ന് വിവാഹമോചനം നേടി. പിന്നീട് താൻ പുനർവിവാഹം ചെയ്യാത്തതിന്റെ കാരണങ്ങൾ തുറന്നുപറയുകയാണ് താരം. ഇപ്പോൾ നടിക്ക് 78 വയസ്സുണ്ട്.ലാസ് വെഗാസിൽ നൽകിയ ഒരു അഭിമുഖത്തിലാൺ വിവാഹ മോചനത്തിനു ശേഷം താൻ പുനർവിവാഹം ചെയ്യാത്തതിന്റെ കാരണം നടി തുറന്നു പറഞ്ഞത്. തന്റെ മുൻ ഭർത്താവ് ജീവിച്ചിരിക്കുന്നിടത്തോളം കാലം പുനർവിവാഹം ചെയ്യില്ലെന്ന് താൻ പ്രതിജ്ഞയെടുത്തിരുന്നുവെന്ന് നടി പറയുന്നു.റോക്ക് മ്യൂസിക് ഐക്കണായ പ്രിസില്ല എൽവിസിന് അത്തരമൊരു തീരുമാനം കൈകാര്യം ചെയ്യാൻ കഴിഞ്ഞേക്കില്ലെന്ന് പലരും ആശങ്ക പ്രകടിപ്പിച്ചിരുന്നു. എന്നാൽ 1967 മുതൽ 1973 വരെ നീണ്ടുനിന്ന വിവാഹബന്ധം നടിയിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിരുന്നതിനാൽ എടുത്ത തീരുമാനത്തിൽ ഉറച്ചു നിൽക്കാൻ നടിക്ക് പ്രേരണയാകുകയായിരുന്നു.പലപ്പോഴും റോക്ക് ആൻഡ് റോളിന്റെ രാജാവ് എന്ന് വിളിക്കപ്പെടുന്ന എൽവിസ് ആരോൺ പ്രെസ്ലി, ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മികച്ചതും സ്വാധീനമുള്ളതുമായ സംഗീതജ്ഞരിൽ ഒരാളായിരുന്നു. 1977-ൽ എൽവിസ് മരിച്ചതിനു ശേഷവും, തുടർന്നുള്ള നാല് പതിറ്റാണ്ടുകളിൽ പ്രിസില്ല പ്രെസ്ലി തന്റെ വാഗ്ദാനം പാലിക്കുന്നതിൽ ഉറച്ചുനിന്നു. ''അദ്ദേഹത്തോട് സത്യസന്ധത പുലർത്താൻ, അദ്ദേഹത്തിനുശേഷം ആരെയും വിവാഹം കഴിക്കാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല. എനിക്കൊരിക്കലും അത്തരമൊരു ആഗ്രഹമുണ്ടായിരുന്നില്ല. ആർക്കും അദ്ദേഹത്തെപ്പോലെ പൊരുത്തപ്പെടാൻ കഴിയില്ല,''നടി പറയുന്നു.42-ാം വയസ്സിൽ സംഭവിച്ച എൽവിസിന്റെ അകാല മരണം തന്നെ ആഴത്തിൽ എങ്ങനെ ബാധിച്ചുവെന്നും പ്രിസില്ല പങ്കുവെച്ചു. എൽവിസിന്റെ മാനേജർ ജോ എസ്പോസിറ്റോയാണ് ഫോണിലൂടെ ഹൃദയഭേദകമായ വാർത്ത അറിയിച്ചത്.'സില്ല, എൽവിസ് മരിച്ചു' എന്ന ജോ എസ്പോസിറ്റോയുടെ വാക്കുകൾ എനിക്ക് ഇപ്പോഴും കേൾക്കാം, അത് എനിക്ക് ഒരിക്കലും സങ്കൽപ്പിക്കാൻ കഴിഞ്ഞിരുന്നില്ല, പ്രത്യേകിച്ച് അദ്ദേഹത്തിന്റ പ്രായം. അദ്ദേഹം വളരെയധികം കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിച്ചിരുന്നു. 'എന്റെ വലിയ ഭയം മകൾ ലിസയായിരുന്നു, ഞാൻ അവളോട് എങ്ങനെ ഈ കാര്യം പറയുമെന്ന് ഓർത്ത് വേദനിച്ചു.'അന്ന് അവൾക്ക് 9 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. നടി പറയുന്നു.

എൽവിസ് പ്രെസ്ലി

# നവകേരള സദസ്സ് അടിപൊളിയാക്കാൻ തെണ്ടാൻ ഇറങ്ങുന്ന ഏമാന്മാർക്ക് കൂട്ടായി ഇനി പെൻഷൻകാരും

കേരളാ വിൻഡോ




ക്ഷേമപെൻഷൻകാർ തെണ്ടിത്തുടങ്ങി. ഹൈറേഞ്ചിൽ ചട്ടയും മുണ്ടും ധരിച്ച രണ്ട് വല്യമ്മമാർ പെൻഷൻ കിട്ടാത്തതു മൂലം തെണ്ടിത്തുടങ്ങിയതായി ചാനൽ വാർത്തയിൽ ഉണ്ട്. വേണമെങ്കിൽ നവകേരള സദസ്സിൽ ഇവരെയും പ്രദർശന വസ്തുക്കൾ ആക്കാം. ഭീഷണിപ്പെടുത്തി നവകേരളത്തെക്കുറിച്ചുള്ള സാക്ഷ്യം പറയിക്കാം. എന്നാൽ എല്ലാ വർഷവും കേരളീയം നടത്തുമെന്ന് പറഞ്ഞ മുഖ്യമന്ത്രി, അങ്ങയുടെ മുമ്പിൽ സാഷ്ടാംഗ പ്രണാമം. കാരണം ഇങ്ങനെയുള്ള ഒരു ബഡായി ബംഗ്ളാവുകാരനെ മുഖ്യമന്ത്രിയാക്കിയതിൽ ജനത്തിന് വേണമെങ്കിൽ ഒരു മെഗാ തിരുവാതിര കളിക്കാം. കളിക്കാർക്ക് കല്ലേറ് കിട്ടാതിരിക്കാനുള്ള ഹെൽമറ്റ് വരെ സ്പോൺസർ ചെയ്യാൻ പറ്റിയ സംരംഭകരെ യുവചുവപ്പന്മാർ കണ്ടെത്തിക്കൊള്ളും.

## ഖജനാവിൽ റെഡ് അലർട്ട്, ധൂർത്തിന് ഗ്രീൻ സിഗ്നൽ !

വാർത്തകളിൽ നിറയുന്ന രണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഭരിക്കുന്നത് സ്ത്രീകളാണ്. കോട്ടയം ജില്ലയിലെ മാഞ്ഞൂരും പാലക്കാട് ജില്ലയിലെ മുതലമടയിലും പ്രസിഡന്റുമാർ സ്ത്രീകളാണ്. മാഞ്ഞൂരിൽ 25 കോടി മുടക്കിയ പ്രവാസി സംരംഭകനായ ഷാജിമോനെക്കുറിച്ച് പ്രസിഡന്റ് കോമളവല്ലി എത്ര വാൽസല്യത്തോടു കൂടിയാണ് സംസാരിക്കുന്നത് ? സിനിമയിലെ സ്ഥിരം അമ്മയായ കവിയൂർ പൊന്നമ്മ തോറ്റുപോകുന്ന വിധത്തിലുള്ള വാൽസല്യം ഷാജിമോനെക്കുറിച്ചുള്ള പരാമർശങ്ങളിൽ തുള്ളിത്തുളുമ്പുന്നു. പഞ്ചായത്താപ്പീസിന്റെ കാർപോർച്ചിൽ സത്യഗ്രഹം നടത്താൻ വന്ന ഷാജിമോനെ റോഡിലേക്ക് മാറ്റിക്കിടത്തിയിട്ടേ പോലീസിന്റെ 'ക്രമസമാധാന ശൗര്യം' ശമിച്ചുള്ളുവെന്ന് ചാനൽക്കാഴ്ചകളിൽ കണ്ടു. ഭരണത്തിലുള്ള പാർട്ടിക്കാരും ബ്യൂറോക്രസിയും ചേർന്നു നടത്തിയ റിയാലിറ്റിഷോയുടെ ഇരയാണ് ഷാജിമോൻ. കൈക്കൂലി തരില്ലെന്ന് പച്ചയ്ക്ക് പറഞ്ഞ പ്രവാസി സംരംഭകനെ പാഠം പഠിപ്പിച്ചേ അടങ്ങൂ എന്ന് പാർട്ടിക്കാരും പഞ്ചായത്തുകാരും 'കൈകോർത്ത്' തീരുമാനിച്ചാൽ പ്രവാസിയായാലും ദരിദ്രവാസിയായാലും അവന്റെ കാര്യം 'ഠിം' എന്ന മട്ടിൽ പൊട്ടും. ഷാജിമോന്റെ കാര്യം, കോംപ്ലിമെന്റ്സ് ആയിട്ടുണ്ടെന്നാണ് വാർത്ത പക്ഷേ ഷാജി മോനെ ഇത് കേരളമാണ് എന്ന് മറക്കരുത്. പാർട്ടിയുടെ പകയുടെ കനൽ അത്ര എളുപ്പത്തിൽ കെടില്ലെന്ന് ഓർമ്മിക്കണേ.

സി.പി.എം. സെക്രട്ടറി എം.വി. ഗോവിന്ദന്റെ ഭാര്യ ഭരിക്കുന്ന ആന്തൂർ പഞ്ചായത്തിൽ കൺവെൻഷൻ സെന്റർ നിർമ്മിച്ച ഒരു പ്രവാസി വ്യവസായി ആത്മഹത്യ ചെയത് ദുരന്തകഥ ഇനിയും നാം മറന്നിട്ടില്ല. പാർട്ടിക്കാർക്കും ഉദ്യോഗസ്ഥർക്കും കൈക്കൂലി ഇപ്പോൾ രണ്ടും പത്തുമൊന്നുമല്ല കോടികളാണ് ചോദിക്കുന്നത്. 25 കോടി മുടക്കി കേരളത്തിൽ വ്യവസായം നടത്തുന്നവർ ബന്ധപ്പെട്ടവർക്ക് 'യൂസേഴ്സ് ഫീ' നൽകണമെന്നല്ലേ ന്യായം? മാഞ്ഞൂരിൽ അറ്റകൈ എന്ന നിലയിൽ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞത് ഷാജിമോൻ തണ്ണീർത്തടം നികത്തി കെട്ടിടം നിർമ്മിച്ചുവെന്നാണ്. കുരുട്ടുബുദ്ധികൊണ്ട് മാലയും വളയും തീർത്ത പെൺബുദ്ധിയിൽ രൂപപ്പെട്ടതല്ല ഈ ആരോപണം എന്ന കാര്യം വ്യക്തമാണ്. അങ്ങ് തലസ്ഥാനത്ത് 'തലയനങ്ങാതെ' മാഞ്ഞൂരിലെ പെൺ പ്രസിഡന്റിന് വാലനങ്ങില്ലെന്നാണ് ജനസംസാരം.

## കണ്ടോ, മുതലമടയിലുമുണ്ട് ഒരു പ്രസിഡന്റ് !

ഇനി മുതലമടയിലെ ക്വാറി പ്രശ്നം പറയാം. ക്വാറികൾ ജനവാസയോഗ്യമായ സ്ഥലത്തുനിന്ന് 50 മീറ്റർ മാറി പ്രവർത്തിപ്പിക്കാമെന്നാണ് ഈ സർക്കാർ വക തിരുത്ത്. അതുകൊണ്ടാവാം മുതലമടയിൽ ക്വാറികൾ പ്രവർത്തിപ്പിക്കാമെന്ന ഉദ്യോഗസ്ഥരുടെ ഇണ്ടാസുമായി 'കരിങ്കല്ല് മാഫിയ' മുതല മടയിൽ എത്തിയത്. എന്നാൽ ജനം കട്ടക്കലിപ്പിലാണ് ക്വാറികൾ പുനരാരംഭിക്കാൻ അനുവദിക്കില്ലെന്ന് നാട്ടുകാർ പറയുന്നു. മുതലമട പഞ്ചായത്ത് പ്രസിഡന്റ് ദേവി എന്തായാലും ജനങ്ങളോടൊപ്പമാണ്. ഈ എതിർപ്പും ചെറുത്തുനിൽപ്പുമെല്ലാം എത്രനാൾ മാഫിയകൾക്കു മുമ്പിൽ വിലപ്പോകുമെന്ന ഭയമേ നമുക്കുള്ളൂ. ആരാണ് കേരളീയത്തിന്റെ ദീപാലങ്കാരം പ്ലാൻ ചെയ്തതാവോ? എന്തായാലും ഖജനാവിന്റെയും ജനത്തിന്റെയും അവസ്ഥ കാണിക്കും വിധം സെക്രട്ടറിയേറ്റ് മൊത്തം കടും ചുവപ്പണിഞ്ഞു നിൽക്കുകയാണ്. ഏഴാം തീയതി (ബുധൻ) ഈ 'റെഡ് അലർട്ട്' അവസാനിക്കുമോ എന്നറിയില്ല. ഈ 'കളർഫുൾ' പരിപാടികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ജനപിന്തുണ കണക്കാക്കി ദീപാലങ്കാരങ്ങൾ സംസ്ഥാന സർക്കാർ തുടർന്നേക്കാം. ധൂർത്താണെന്നെല്ലാം പ്രതിപക്ഷം പറയും. കൂടാതെ ഗവർണറും പറയും. എന്നാലും നമ്മുടെ 'ചുവപ്പിന്റെ പത്രാസ്' എങ്ങനെ വേണ്ടെന്നു വയ്ക്കും?

## കേസൊക്കെ തീരും, പക്ഷെ ഇരുട്ടുമൂല അവിടെത്തന്നെയുണ്ട്

ഒരു അതിഥിത്തൊഴിലാളി കശക്കിയെറിഞ്ഞ പിഞ്ചു ബാലികയെക്കുറിച്ചുള്ള മാധ്യമവാർത്തകൾ കെടാത്ത കനലുപോലെ നമ്മുടെ മനസ്സിലുണ്ട്. എന്നാൽ, ആലുവാ മാർക്കറ്റ് പരിസരത്തെ കൊലപാതകം അരങ്ങേറിയ 'ഇരുട്ടു മൂല' അങ്ങനെ തന്നെ നിലവിലുണ്ട്. അതിഥിത്തൊഴിലാളികളുടെ കണക്കെടുക്കുമെന്നു പറഞ്ഞ തൊഴിൽ മന്ത്രി അതെല്ലാം മറന്ന മട്ടാണ്. മൂവാറ്റുപുഴയിൽ രണ്ട് അതിഥിത്തൊഴിലാളികൾ കൊല്ലപ്പെട്ടത് ഇക്കഴിഞ്ഞ ഞായറാഴ്ചയാണ്. ഇവരോടൊപ്പം താമസിച്ച ഒരു അന്യ സംസ്ഥാനത്തൊഴിലാളിയെ കാണാതായിട്ടുണ്ട്. പെരുമ്പാവൂരിൽ ഒരു അതിഥിത്തൊഴിലാളി കുടുംബത്തിലെ പിഞ്ചു കുഞ്ഞിനെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചതും കേസായിട്ടുണ്ട്. അന്യ സംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച വിശദവിവരങ്ങൾ സൂക്ഷിക്കണമെന്ന് നേരത്തെ സർക്കാർ അറിയിപ്പുള്ളതാണ്. എന്നാൽ അന്യ സംസ്ഥാനത്തൊഴിലാളികളെ റിക്രൂട്ട് ചെയ്തു കൊണ്ടുവരുന്നവരുടെ ഭരണകക്ഷി ബന്ധങ്ങൾ ഏറെ ദൃഢമായതുകൊണ്ട്, ഓരോ സംഭവമുണ്ടാകുമ്പോഴും ബന്ധപ്പെട്ട അധികൃതർ ഞെട്ടുന്നതിനപ്പുറത്തുള്ള ജാഗ്രതാ നടപടികൾ ഉണ്ടാകുന്നതേയില്ല. ഈയിടെ കേരളത്തിലുള്ള അതിഥിത്തൊഴിലാളികളുടെ എണ്ണം 4 ലക്ഷമാണെന്നൊരു കണക്ക് കേട്ടു. തീർത്തും അസംബന്ധമായൊരു കണക്കാണിതെന്ന് സാമൂഹിക വിദഗ്ധർ തന്നെ സമ്മതിക്കുന്നുണ്ട്. എല്ലാ കുറ്റകൃത്യങ്ങൾക്കും കുറ്റവാളികൾക്കുമുള്ള രാഷ്ട്രീയ പശ്ചാത്തലം ഇപ്പോൾ വലിയ തുണയായി മാറുന്നുണ്ട്. പാർട്ടികളുടെ ആദർശങ്ങളിലുള്ള മൂല്യത്തകർച്ച നാട്ടിലെ ക്രമസമാധാനപാലനത്തെ ബാധിച്ചു കഴിഞ്ഞു.

## ഇങ്ങനെ ചമ്മാനും വേണം അസാമാന്യ തൊലിക്കട്ടി

മന്ത്രി കെ.എൻ. ബാലഗോപാൽ ഇങ്ങനെയായിരുന്നില്ല പണ്ട്. അൽപം നേരും നെറിയുമുണ്ടായിരുന്ന സി.പി.എമ്മിന്റെ യുവജന നേതാവ്, തലനരച്ച്, കഷണ്ടി കയറിത്തുടങ്ങിയതോടെ ഇങ്ങനെ 'വാലു മുറിയുന്ന പരുവത്തിൽ' സംസാരിക്കുന്ന ഒരാളായി എങ്ങനെ മാറിയാവോ? 'പിണറായി ഭക്തി' വർധിക്കാനുള്ള ഏതെങ്കിലും അരിഷ്ടം മൂന്നു നേരം സ്ഥിരമായി കഴിച്ചുതുമൂലമാണ് ഈ ഭാവമാറ്റമെന്നു ചിലർ പറയുന്നു.

സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് ഹൈക്കോടതിയിൽ വരെ സത്യവാങ്മൂലം നൽകിയ സർക്കാരാണിത്. കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകാതിരിക്കാനുള്ള തന്ത്രപരമായ നീക്കമാണിതെന്ന് ശത്രുക്കൾ പറയും. പക്ഷെ, നാട്ടുകാരെ ഞെക്കിപ്പിഴിഞ്ഞ് ഖജനാവ് നിറയ്ക്കാൻ തയ്യാറായി നിൽക്കുന്ന മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾക്ക് ഇന്ധനം നിറച്ചു കൊടുക്കാൻ പോലും പറ്റാത്തവിധം സർക്കാർ പാപ്പരാണ്. 56.5 ലക്ഷം പേർക്കുള്ള ക്ഷേമപെൻഷനുകൾ നാലുമാസമായി മുടങ്ങിക്കിടക്കുന്നു. എൻഡോസൾഫാൻ ദുരിതബാധിതരുടെ പെൻഷൻ കഴിഞ്ഞ 8 മാസമായി നൽകിയിട്ടില്ല. ഉച്ചക്കഞ്ഞി വിതരണത്തിനും പണമില്ല. കരാറുകാർക്ക് കോടികളുടെ കുടിശ്ശികയുണ്ട്. ലൈഫ് പദ്ധതി പ്രകാരം പണം കിട്ടുമെന്നു കരുതി വീട് പൊളിച്ചവർ പ്ലാസ്റ്റിക് ഷീറ്റുകൾ വലിച്ചു കെട്ടിയ താൽക്കാലിക ഷെഡ്ഡുകളിൽ കഴിയുന്നു. ഭവന നിർമ്മാണത്തിനായുള്ള തവണകളുടെ വിതരണം താളം തെറ്റിക്കഴിഞ്ഞിരിക്കുകയാണ്. കാരുണ്യ പദ്ധതി പൂർണ്ണമായും സ്തംഭിച്ചിരിക്കുന്നു. ഇതിനിടയിൽ മന്ത്രിമാർക്കുള്ള കണ്ണട വാങ്ങാൻ അര ലക്ഷം രൂപയെങ്കിലും നൽകി ധനവകുപ്പ് പൊറാട്ടു നാടകം വേറെ കളിക്കുന്നുണ്ട്. മന്ത്രിമാർക്കും എം.എൽ.എ.മാർക്കും വേതനം മാത്രമല്ല, അവരുടെ ഏതൊരാവശ്യത്തിനും പണം വാരിക്കോരി നൽകുന്ന ധനവകുപ്പ്, പക്ഷെ ജനക്ഷേമത്തിന്റെ കാര്യം വരുമ്പോൾ പണപ്പെട്ടി മേൽ കയറിയിരുന്ന് സ്ഥിരമായി വഴി മുടക്കുകയാണ്. കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ പോലും നൽകാൻ ഗതിയില്ലാതിരിക്കെ, ഉദ്യോഗസ്ഥരും യൂണിയൻ നേതാക്കളും ചേർന്നു പഠനയാത്ര വരെ നടത്തി. ഗാരേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായിരുന്നു ഈ യാത്ര. ഈ ഡിജിറ്റൽ കാലഘട്ടത്തിൽ ഏതൊരു കാര്യവും നെറ്റ് കണക്ഷനുള്ള ഒരു ലാപ്ടോപ്പോ, മൊബൈലോ ഉണ്ടെങ്കിൽ വിശദമായി മനസ്സിലാക്കാമെന്നിരിക്കെ, ഇത്തരം പണം മുടക്കിയും പണിമുടക്കിയുമുള്ള ഓസ് യാത്രകൾ അവസാനിപ്പിക്കാൻ കാലമായില്ലേ?

## പിഴിയാനുള്ളത് പിഴിയും, പക്ഷെ പെൻഷൻ നൽകില്ല

വൈദ്യുതി നിരക്ക് കൂട്ടിക്കഴിഞ്ഞു. വെള്ളക്കരം 5 ശതമാനം കൂട്ടാൻ സർക്കാർ തത്വത്തൽ തീരുമാനിച്ചുകഴിഞ്ഞു. വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാരിന് താൽപ്പര്യമേയില്ല. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധനയെല്ലാം നിർത്തിവച്ചിട്ട് മാസങ്ങളായി. ഈയിടെ ബിരിയാണിയിൽ കോഴിത്തലയെന്ന വാർത്തയിൽ, ആ ഹോട്ടലിന് ലൈസൻസില്ലെന്ന് പറഞ്ഞ് ന്യായീകരിക്കുന്ന ഭക്ഷ്യവകുപ്പിലെ ഉദ്യോഗസ്ഥരെ ചാട്ടയ്ക്കടിക്കേണ്ടേ? ഈ ഭക്ഷണവിതരണ സ്ഥാപനം പ്രവർത്തിക്കുന്നത് തടയേണ്ടവർ തന്നെ നനഞ്ഞ ന്യായം പറഞ്ഞ് രക്ഷപ്പെടുകയാണ്.


കെ.എസ്.ആർ.ടി.സി.യിൽ നിന്ന് പിരിഞ്ഞവർക്ക് 2022 മുതൽ പെൻഷനോ മറ്റാനുകൂല്യങ്ങളോ നൽകിയിട്ടില്ല. വാട്ടർ അതോറിറ്റിക്കാരുടെ പെൻഷൻ 2014ൽ പരിഷ്കരിച്ചതാണ്. 2021 ജൂലൈ 7ന് പെൻഷൻ പരിഷ്ക്കരണ റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും നടപടിയില്ല 45,000 പെൻഷൻകാർക്ക് കഴിഞ്ഞ മൂന്നു മാസമായിട്ട് പെൻഷനില്ല. ഏഷ്യാനെറ്റ് ന്യൂസിൽ വരുന്ന 'നയാ പൈസയില്ല' എന്ന പരമ്പര കാണുമ്പോൾ, ഭരണകർത്താക്കൾ ഈ പാവങ്ങളുടെ പ്രാക്ക് എങ്ങനെ അഭിമുഖീകരിക്കുമെന്ന് ചിന്തിച്ചു പോകും. കെ.എസ്.ഇ.ബി.യിൽ 2023 മേയിൽ 450 പേർ വിരമിച്ചിരുന്നു. അവർക്കും ഇതുവരെയും ഗ്രാറ്റുവിറ്റിയോ പെൻഷനോ നൽകിയിട്ടില്ല.

## നാട് കാണാൻ വരട്ടെ പക്ഷെ…

കേരളത്തിലേക്കുള്ള ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ഈ വർഷം 2 കോടി കവിഞ്ഞേക്കുമെന്ന് കരുതപ്പെടുന്നു. എന്നാൽ, ഇവർക്കായുള്ള സുരക്ഷാ നടപടികൾക്ക് നാം എത്രത്തോളം പ്രാധാന്യം നൽകുന്നുണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങളായി ഉണ്ടായ മുങ്ങി മരണങ്ങളിൽ 60 ശതമാനവും അന്യ സംസ്ഥാന ടൂറിസ്റ്റുകളാണെന്ന കണക്കുണ്ട്. ടൂറിസ്റ്റുകൾ കുളിക്കാനോ, വെറുതെ രസത്തിനോ വെള്ളത്തിലിറങ്ങിയാൽ അവർക്ക് അപകടം സംഭവിക്കാമെന്ന അവസ്ഥ കേരളത്തിലെ കായൽ, പുഴയോരങ്ങളിലുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുത്ത്, ഇത്തരം അപകട ഭീഷണിയുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ വൈകരുത്. ആവശ്യമെങ്കിൽ വാച്ചർമാരെ നിയമിക്കണം. സാധിക്കുന്ന സ്ഥലങ്ങളിൽ പേ ആൻഡ് പാർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തണം.

ടൂറിസ്റ്റുകൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനാകുന്ന വിധത്തിലുള്ള താത്ക്കാലിക നിർമ്മിതികളും വേണം. വെറുതെ വേണ്ട. ഇതിനെല്ലാം ന്യായമായ മിത വിലയുള്ള കൂപ്പണുകൾ ഏർപ്പെടുത്തണം. ദൈവത്തിന്റെ സ്വന്തം നാട് മരണത്തിന്റെ സ്വന്തം നാടാകാതിരിക്കാനുള്ള കരുതലാണ് വേണ്ടത്.

◗ ആന്റണി ചടയംമുറി



# ഭാഗമതി 2 എത്തുന്നു?

## പിറന്നാൾ ദിനത്തിൽ അനുഷ്ക ആരാധകർക്ക് സന്തോഷ വാർത്ത

അനുഷ്ക ഷെട്ടിയുടെ 42ആം പിറന്നാൾ ആയിരുന്നു കഴിഞ്ഞ ദിവസം. താരത്തിന്റെ ജന്മദിനതോടനുബന്ധിച്ചു സോഷ്യൽ മീഡിയയിൽ ഒരു വാർത്ത കഴിഞ്ഞ ദിവസം പ്രചരിച്ചിരുന്നു. എന്താണെന്ന് അല്ലേ? 2018ലെ താരത്തിന്റെ ഹിറ്റ് ചിത്രമായ ഭാഗമതിയുടെ രണ്ടാം ഭാഗം ഒരുങ്ങുന്നതായി ആയിരുന്നു പ്രചരിച്ച വാർത്തകൾ. എന്നാൽ, ഇതേ കുറിച്ച് ഔദ്യോഗിക സ്ഥിരീകരണം ഉണ്ടായിട്ടില്ല.താരത്തിന്റെ വലിയ ഹിറ്റുകളിൽ ഒന്നായിരുന്നു ഭാഗമതി. സ്ത്രീ കേന്ദ്രീകൃതമായ കഥയും മികച്ച ത്രില്ലറുമായി ചിത്രം തീയേറ്ററുകളിൽ മികച്ച വിജയം നേടിയിരുന്നു. റിപ്പോർട്ടുകൾ അനുസരിച്ചു ചിത്രത്തിന്റെ രണ്ടാം ഭാഗം ഇപ്പോൾ പണിപ്പുരയിൽ ആണ്. തുടർഭാഗത്തിന്റെ ചർച്ചകൾ ഇതിനകം നടന്നുകൊണ്ടിരിക്കുകയാണ് എന്നും താരത്തിന്റെ സമീപകാല ചിത്രമായ മിസ് ഷെട്ടി മിസ്റ്റർ പോളിഷെട്ടിയുടെ ബാനറായ യുവി ക്രിയേഷൻസ് ആണ് ഭാഗമതി 2 നിർമ്മിക്കുന്നത് എന്നുമാണ് പുറത്തു വരുന്ന വിവരം.ഭാഗമതി 2 എന്ന് താൽക്കാലികമായി പേരിട്ടിരിക്കുന്ന ഈ ചിത്രം അനുഷ്കയുടെ 50-ാമത്തെ ചിത്രമാണെന്നും കിംവദന്തിയുണ്ട്. അതേസമയം ചിത്രത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളൊന്നും പുറത്തുവിട്ടിട്ടില്ല, ആരായിരിക്കും ഇത് സംവിധാനം ചെയ്യുക എന്ന കാര്യത്തിലും വ്യക്തതയില്ല. ഒറിജിനൽ ചിത്രത്തിന്റെ സംവിധായകൻ ജി അശോക് രണ്ടാം ഭാഗത്തിനായി തിരിച്ചെത്തുമോ എന്ന കാര്യത്തിൽ ഇപ്പോഴും വ്യക്തതയില്ല.

# 2024-ലെ ഏറ്റവും പ്രതീക്ഷയോടെ കാത്തിരിക്കുന്ന സിനിമകൾ ഇതാ

**ജോക്കർ 2: ഫോളി എ ഡ്യൂക്സ്**
**ഒക്ടോബർ 2024**
2024-ലെ ഏറ്റവും പ്രതീക്ഷയോടെ കാത്തിരിക്കുന്ന റിലീസുകളിൽ ഒന്നാണിത്. ജോകിൻ ഫീനിക്സ് ജോക്കറായി വെള്ളിത്തിരയിൽ തിരിച്ചെത്തുന്നു. അതേസമയം ലേഡി ഗാഗ ഹാർലി കിനും ചിത്രത്തിന്റെ പ്രധാന ആകർഷണമാകും. ജോക്കർ എന്നറിയപ്പെടുന്ന രോഗിയായ ആർതർ ഫ്ലെക്കുമായി പ്രണയബന്ധത്തിൽ ഏർപ്പെടുന്ന അർഖാം അസൈലമിലെ ഒരു സൈക്യാട്രിസ്റ്റായ ഹാർലി കിനിനെ കേന്ദ്രീകരിച്ചായിരിക്കും ചിത്രത്തിന്റെ ഇതിവൃത്തം.

**ബീറ്റിൽജ്യൂസ് 2**
**സെപ്റ്റംബർ 2024**
മൈക്കൽ കീറ്റണും വിനോണ റൈഡറും ഒപ്പം പുതുമുഖങ്ങളായ ജെന്ന ഒർട്ടേഗ, മോണിക്ക ബെല്ലൂച്ചി, വില്ലെം ഡാഫോ എന്നിവരും ചിത്രത്തിലുണ്ടാകും. സ്പെഷ്യൽ ഇഫക്റ്റുകളുടെ പുരോഗതിയോടെയാകും ചിത്രം എത്തുന്നത്.

**ക്യാപ്റ്റൻ അമേരിക്ക:**
**ബ്രേവ് ന്യൂ വേൾഡ് ജൂലൈ 2024**
സാം വിൽസൺ പ്രധാന വേഷത്തിലെത്തുന്നു. ട്രെയിലർ വിലയിരുത്തുമ്പോൾ, പുതിയ ആക്ഷൻ പായ്ക്ക്ഡ് സിനിമയിൽ ചില പ്രത്യേക അതിഥികളെയും ചിത്രത്തിൽ പ്രതീക്ഷിക്കാം.

**ബോബ് മാർലി: വൺ ലൗ**
**ജനുവരി 2024**
സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സന്ദേശങ്ങളിലൂടെ ഒരു തലമുറയെ മുഴുവൻ കീഴടക്കിയ ലോകത്തിലെ ഏറ്റവും പ്രശസ്തനായ സംഗീതജ്ഞരിൽ ഒരാളെക്കുറിച്ചുള്ള ജീവചരിത്ര സിനിമയാണ് ഇത്. ബോബ് മാർലിയായി കിംഗ്സ്ലി ബെൻ-ആദിർ അഭിനയിക്കുന്നു.

**ഡൺ പാർട്ട് 2**
**മാർച്ച് 2024**
സയൻസ് ഫിക്ഷൻ ഇതിഹാസത്തിന്റെ രണ്ടാം ഭാഗമാണ് ഇത്. ഫ്രാങ്ക് ഹെർബെർട്ടിന്റെ ഇതിഹാസ കഥയുടെ രണ്ടാം ഭാഗത്തിൽ ഫ്ലോറൻസ് പഗ്, ലിയ സെയ്ഡോക്സ്, ഓസ്റ്റിൻ ബട്ട്ലർ, ക്രിസ്റ്റഫർ വാക്കൻ തുടങ്ങിയ താരങ്ങൾ അണിനിരന്നു.

**മാഡം വെബ്**
**ഫെബ്രുവരി 2024**
മാർവലിന്റെ അടുത്ത നിർമ്മാണമാണ് ഇത്. ഡക്കോട്ട ജോൺസണും സിഡ്നി സ്വീനിയും അഭിനയിക്കുന്നു. ഔദ്യോഗിക സംഗ്രഹങ്ങളൊന്നും ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. ടെലിപതിയിലൂടെ ഒരു പ്രൊഫഷണൽ മാധ്യമമായി പ്രവർത്തിക്കുന്ന തളർവാതരോഗിയായ മാഡം വെബ് എന്ന സൂപ്പർഹീറോയിനെ ചുറ്റിപ്പറ്റിയായിരിക്കും ചിത്രം.


**മുഫാസ: ദി ലയൺ കിംഗ്**
**ജൂലൈ 2024**
മറ്റൊരു ലൈവ് ആക്ഷൻ ഡിസ്നി സിനിമ. ഇത്തവണ ഇത് 'ദി ലയൺ കിംഗി'ന്റെ പ്രീക്വൽ ആണ്, കൂടാതെ സിംബയുടെ പിതാവിന്റെ പശ്ചാത്തലം പര്യവേക്ഷണം ചെയ്യും. മുഫാസയ്ക്കും സ്കറിനും ഇടയിൽ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്ന് നമുക്ക് കാണാൻ കഴിയും.


**ബ്ലേഡ്**
**സെപ്റ്റംബർ 2024**
ആകാംക്ഷയോടെ കാത്തിരിക്കുന്ന ഈ ചിത്രം മാർവൽ യൂണിവേഴ്സിലേക്ക് ഐക്കണിക് വാമ്പയർ വേട്ടക്കാരന്റെ റീബൂട്ട് കൊണ്ടുവരും. ഇതുവരെ ഔദ്യോഗികമായി കഥകളൊന്നും പുറത്തുവന്നിട്ടില്ല. ചിത്രം 2024 സെപ്തംബർ ആദ്യം തിയേറ്ററുകളിൽ എത്തും.

**ഗ്ലാഡിയാഡോർ 2**
**നവംബർ 2024**
ഹോളിവുഡ് സമരത്തെത്തുടർന്ന് പ്രീമിയർ മാറ്റിവെച്ച മറ്റൊരു ചിത്രം, എന്നാൽ പൊതുജനങ്ങൾ ആകാംക്ഷയോടെ കാത്തിരുന്ന ചിത്രം. പീറ്റർ ക്രെയ്ഗ് ('ടോപ്പ് ഗൺ: മാവെറിക്ക്') എഴുതിയ തിരക്കഥയിൽ, ലൂസില്ലയുടെ മകനും കൊമോഡസിന്റെ അനന്തരവനുമായ ലൂസിയസിനെ കേന്ദ്രീകരിച്ച് ആദ്യ സിനിമയുടെ സംഭവങ്ങൾക്ക് 25 വർഷങ്ങൾക്ക് ശേഷമാണ് ഈ തുടർച്ച നടക്കുന്നത്.

# തഗ്ഗ് ലൈഫ്' കോപ്പിയടിയെന്ന് ആരോപണം

മൂന്നര പതിറ്റാണ്ടിന്റെ കാത്തിരിപ്പിനൊടുവിൽ കമൽഹാസനും മണിരത്നവും ഒന്നിക്കുന്ന പുതിയ ചിത്രത്തിന്റെ പേര് കഴിഞ്ഞ ദിവസമാണ് പ്രഖ്യാപിച്ചത്. ആക്ഷൻ പായ്ക്ക് ചെയ്ത ടൈറ്റിൽ അനൗൺസ്മെന്റ് വീഡിയോയിൽ ചിത്രത്തിന്റെ ടൈറ്റിൽ പ്രേക്ഷകർക്ക് പരിചയപ്പെടുത്തി.കമൽഹാസന്റെ 234-ാമത്തെ ചിത്രത്തിന് തഗ് ലൈഫ് എന്നാണ് ആരാധകർ പേരിട്ടിരിക്കുന്നത്. രംഗരായ ശക്തിവേൽ നായ്ക്കർ എന്നാണ് ചിത്രത്തിലെ കമൽഹാസന്റെ കഥാപാത്രത്തിന്റെ പേര്. ടൈറ്റിൽ അനൗൺസ്മെന്റ് വീഡിയോയിൽ ചിത്രത്തിന്റെ പേരിനൊപ്പം കഥാപാത്രത്തെയും പരിചയപ്പെടുത്തുന്നു. കാലം നൽകുന്ന ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ജപ്പാനീസിൽ ഗ്യാംങ് സ്റ്റർ വിളിപ്പേരുള്ള എല്ലാവരും ഗുണ്ടയെന്ന് മുദ്രകുത്തിയ വ്യക്തിയാണ് രംഗരായ ശക്തിവേൽ നായ്ക്കർ എന്നാണ് പ്രമോ ടീസറിൽ നിന്നും വ്യക്തമാക്കുന്നത്. ചിത്രത്തിൽ കമൽ ഹാസനൊപ്പം മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത് ആരൊക്കെയെന്ന വിവരം അണിയറക്കാർ നേരത്തെ പുറത്തുവിട്ടിരുന്നു. ജയം രവിക്കും തൃഷയ്ക്കുമൊപ്പം ദുൽഖർ സൽമാനും ചിത്രത്തിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്. എന്നാൽ ചിത്രത്തിലെ ഇപ്പോൾ പുറത്തുവിട്ട ടൈറ്റിൽ അനൌൺസ്മെൻറ് ദൃശ്യങ്ങൾ കോപ്പിയടിച്ചതാണെന്ന ആരോപണം ഉയരുകയാണ്.






# ടോവിനോയുടെ കരിയറിലെ ഏറ്റവും വലിയ തുകയ്ക്ക് നടികർ തിലകത്തിന്റെ ഓഡിയോ റൈറ്റ് സ്വന്തമാക്കി തിങ്ക് മ്യൂസിക്



ടൊവിനോ തോമസ് നായകനാകുന്ന 'നടികർ തിലക'ത്തിന്റെ ഓഡിയോ റൈറ്റ് തിങ്ക് മ്യൂസിക് സ്വന്തമാക്കിയതായി റിപ്പോർട്ട്. ടോവിനോയുടെ കരിയറിലെ തന്നെ ഏറ്റവും വലിയ തുകക്കാണ് ഓഡിയോ റൈറ്റ് വിറ്റുപോയിരിക്കുന്നത് എന്നാണ് പുറത്തു വരുന്ന വിവരം. ലാൽ ജൂനിയർ സംവിധാനം ചെയ്യുന്ന ചിത്രം അലൻ ആന്റണി, അനൂപ് വേണുഗോപാൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഗോഡ്സ്പീഡാണ് നിർമിക്കുന്നത്. യക്സൻ ഗാരി പെരേര, നേഹ എസ് നായർ എന്നിവരാണ് ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത്. നൂറ്റി ഇരുപത് ദിവസത്തോളം ചിത്രീകരണം നീളുന്ന ചിത്രത്തിന്റെ ബജറ്റ് നാൽപത് കോടിയോളമാണ്. സമീപകാലത്ത് മലയാളത്തിൽ ഏറ്റവും മുടക്കുമുതൽ വരുന്ന ചിത്രമാണ് നടികർ തിലകം. 'സൂപ്പർസ്റ്റാർ ഡേവിഡ് പടിക്കൽ' എന്ന കഥാപാത്രമായാണ് ടൊവിനോ തോമസ് ചിത്രത്തിലെത്തുന്നത്. കഴിഞ്ഞ ഏഴെട്ടു വർഷക്കാലമായി അഭിനയമേഖലയിൽ സൂപ്പർ താര പദവിയിൽ നിൽക്കുന്ന 'ഡേവിഡ് പടിക്കലി'ന്റെ ജീവിതത്തിൽ ചില പ്രതിസന്ധികൾ കടന്നു വരുന്നു. ഇതു തരണം ചെയ്യുവാനായി അദ്ദേഹം നടത്തുന്ന ശ്രമങ്ങളും, അതിടയിൽ അരങ്ങേറുന്ന സംഭവങ്ങളുമാണ് 'നടികർ തിലക'ത്തിലൂടെ ലാൽ ജൂനിയർ അവതരിപ്പിക്കുന്നത്. സൗബിൻ ഷാഹിറാണ് ടൊവിനോയ്ക്കൊപ്പം ചിത്രത്തിലെ മറ്റൊരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.

# അജിത് കുമാറിന്റെ 'യെന്നൈ അറിന്താൽ' സൽമാൻ ഖാനെ വച്ച് റീമേക്ക് ചെയ്യുന്നു?





തമിഴ് സിനിമയിലെ ഏറ്റവും വൈവിധ്യമാർന്ന നടന്മാരിൽ ഒരാളാണ് അജിത് കുമാർ. താരത്തിന് കടുത്ത ആരാധകരും ഉണ്ട്. കഥാഗതിയും പ്രേക്ഷകരിൽ അവയ്ക്കുള്ള മാസ് അപ്പീലും കാരണം അദ്ദേഹത്തിന്റെ സിനിമകൾ പലപ്പോഴും മറ്റ് ഭാഷകളിലേക്ക് റീമേക്ക് ചെയ്യപ്പെടുന്നു. സമീപകാലത്ത്, 2014-ൽ പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ വീരം, കിസി കാ ഭായ്, കിസി കി ജാൻ എന്ന പേരിൽ ഹിന്ദിയിലേക്ക് റീമേക്ക് ചെയ്യപ്പെട്ടു, ചിത്രത്തിൽ സൽമാൻ ഖാൻ നായകനായി.ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം, അജിത്തിന്റെ 2015-ൽ പുറത്തിറങ്ങിയ യെന്നൈ അറിന്താൽ എന്ന ചിത്രം ഹിന്ദിയിലേക്ക് റീമേക്ക് ചെയ്യാൻ ഒരുങ്ങുകയാണ്, സൽമാൻ വീണ്ടും പ്രധാന വേഷത്തിൽ എത്തുന്നുവെന്നാണ് സൂചന. 2015ലെ ചിത്രത്തിന് സമാനമായി റീമേക്ക് ഗൗതം വാസുദേവ് മേനോൻ സംവിധാനം ചെയ്യുമെന്നും റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച ഔദ്യോഗിക സ്ഥിരീകരണം കാത്തിരിക്കുകയാണ്.ഗൗതം വാസുദേവ് മേനോൻ രചനയും സംവിധാനവും നിർവ്വഹിച്ച ഒരു ആക്ഷൻ ത്രില്ലർ ചിത്രമാണ് യെന്നൈ അറിന്താൽ. തൃഷ കൃഷ്ണൻ, അരുൺ വിജയ്, അനുഷ്ക ഷെട്ടി, അനിഖ സുരേന്ദ്രൻ, വിവേക്, പാർവതി നായർ എന്നിവരും മറ്റ് നിരവധി താരങ്ങളും ചിത്രത്തിൽ അണിനിരന്നു.ശ്രീ സായ് റാം ക്രിയേഷൻസാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്, ചിത്രത്തിന്റെ സംഗീതം ഹാരിസ് ജയരാജാണ്.

# 'ഈ സിനിമ എനിക്ക് വലിയൊരു പഠനം'; ജപ്പാന്റെ വിശേഷങ്ങളുമായി കാർത്തി



തമിഴ് സൂപ്പർതാരം കാർത്തി മുഖ്യവേഷത്തിൽ എത്തുന്ന ചിത്രമാണ് ജപ്പാൻ. ആക്ഷൻ കോമഡി ചിത്രം ജപ്പാൻ സംവിധാനം ചെയ്യുന്നത് രാജു മുരുകനാണ്. ദീപാവലി റിലീസായി നവംബർ 10ന് ചിത്രം തിയറ്ററുകളിലെത്തും.കാർത്തിയുമായി ഒരുമിച്ചുള്ള രാജു മുരുകന്റെ രണ്ടാമത്തെ ചിത്രം ആണ് ജപ്പാൻ. മുൻപ് അക്കിനേനി നാഗാർജുനയും കാർത്തിയും അഭിനയിച്ച തോഴ (2016) എന്ന ചിത്രത്തിന് സംഭാഷണങ്ങൾ എഴുതിയതിന് ശേഷം ജപ്പാനിലാണ് ഇരുവരും ഒരുമിക്കുന്നത്. ഈ സിനിമ ഞാൻ ഇതുവരെ ചെയ്യാത്ത ഒരു സോണിൽ പെടുന്നു. ഇതൊരു ആഹ്ലാദകരമായ ചിത്രമാണ് എന്നാണ് സംവിധായകൻ പ്രതികരിച്ചത്. 'കാർത്തി പ്രോജക്റ്റിന്റെ ഭാഗമാകാൻ സമ്മതിച്ചപ്പോൾ, അദ്ദേഹത്തിന്റെ പ്രതീക്ഷകളും കഴിവുകളും ആരാധകവൃന്ദവും കണക്കിലെടുക്കേണ്ടതിന്റെ പ്രാധാന്യം എനിക്ക് മനസ്സിലായി. അദ്ദേഹത്തിന് മാത്രം ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലാണ് കഥാപാത്രം രൂപപ്പെടുത്തിയത്. സ്ക്രിപ്റ്റ് വായിച്ചപ്പോൾ, കാർത്തി ഉടൻ തന്നെ കഥാപാത്രത്തോടുള്ള തന്റെ ഇഷ്ടം പ്രകടിപ്പിച്ചു' എന്നും സംവിധായകൻ പറയുന്നു.അതേസമയം സംവിധായകൻ രാജു മുരുകനുമായുള്ള തന്റെ ബന്ധത്തെക്കുറിച്ച് തുറന്ന് പറഞ്ഞ കാർത്തി ചിത്രത്തിൽ ഏറെ പ്രതീക്ഷ പ്രകടിപ്പിച്ചു. ഞാൻ ജപ്പാനിൽ എന്റെ കഥാപാത്രത്തിന്റെ സംഭാഷണങ്ങൾക്കായി ഒരു പ്രത്യേക ശബ്ദം പരീക്ഷിച്ചു എന്നും മുരുകനോട് അഭിപ്രായം ചോദിച്ചപ്പോൾ അദ്ദേഹം ഉടൻ തന്നെ അംഗീകരിക്കുകയും തുടരാൻ എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു എന്നും കാർത്തി ഓർത്തെടുത്തു.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

091



| | |
|---|---|
| Movie | Babumon (1975) |
| Director | Hariharan |
| Lyrics | Mankombu Gopalakrishnan |
| Music | MS Viswanathan |
| Singers | KJ Yesudas |

നാടൻപാട്ടിന്റെ മടിശ്ശീല കിലുങ്ങുമീ
നാട്ടിൻപുറമൊരു യുവതി..
അവളുടെ പ്രിയസഖി എനിക്കു നീയൊരു
നവവധു നമുക്കെന്നും മധുവിധു..

കാച്ചെണ്ണ തേച്ച നിൻ കാർക്കൂന്തലത്തിന്റെ
കാറ്റേറ്റാൽ പോലുമെനിക്കുന്മാദം ഉള്ളിലുന്മാദം..
തുള്ളി തുളുമ്പും നിൻ യൌവനാംഗങ്ങളിൽ
നുള്ളി നോവിക്കാനാവേശം..
എനിക്കാവേശം.. എനിക്കാവേശം..

ഓർക്കാതെ ചിരിക്കും ചിലമ്പുമുത്തേ നിന്റെ
ഓട്ടുവളത്താമര കൈകളാലെ കൈകളാലേ..
ഒരുനൂറു സ്വപ്നലത പടരും നിൻ മനസ്സിലെ
തളിർവെറ്റില നൂറു തേച്ചുതരൂ..
തളിർവെറ്റില നൂറു തേച്ചുതരൂ..



ഡൽഹി ഡെർബാർ

# ഉൾപ്പാർട്ടിപ്പോരിൽ നട്ടംതിരിഞ്ഞ് മധ്യപ്രദേശ് ബി.ജെ.പി

**മധ്യപ്രദേശിലെ ജനങ്ങൾ ഭൂരിപക്ഷം നൽകിയിട്ടും ഭരിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായത് ഇത്തവണ തെരഞ്ഞെടുപ്പിൽ ചർച്ചയാകും. സംസ്ഥാനത്തെ വോട്ടർമാരെ പരിഹസിച്ച് അധികാരം പിടിച്ചു വാങ്ങിയതിനെയും കോൺഗ്രസിനെ ചതിച്ചതിനെയും ജനങ്ങൾ വിലയിരുത്തും എന്നു തന്നെയാണ് രാഷ്ട്രീയ വിലയിരുത്തൽ.**

ഇന്ത്യാമഹാരാജ്യത്തിന്റെ മധ്യഭാഗത്തായുള്ള സംസ്ഥാനമാണ് മധ്യപ്രദേശ്. ഇവിടുത്തെ വിജയം തീർച്ചയായും 2024ലെ പാർലമെന്റ് തെരഞ്ഞെടുപ്പിന് നിർണായകമായി സ്വാധീനിക്കും. 2018ലെ തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ സീറ്റ് നേടിയ കോൺഗ്രസിന് 15 മാസം മാത്രമാണ് ഭരിക്കുവാൻ സാധിച്ചത്. 230 നിയമസഭാ സീറ്റുകളാണ് മധ്യപ്രദേശിൽ ഉള്ളത്. ഭരിക്കുവാൻ വേണ്ട 116 എന്ന കേവല ഭൂരിപക്ഷം 2018 ൽ കോൺഗ്രസിനോ ബി.ജെ.പിക്കോ ലഭിച്ചിരുന്നില്ല.

114 സീറ്റുകൾ ജയിച്ച കോൺഗ്രസ് ഏറ്റവും കൂടുതൽ സീറ്റുകളുള്ള പാർട്ടിയായി മാറി. ബി.എസ്.പിയും എസ്.പിയും പിന്തുണ നൽകിയതോടുകൂടി 116 എന്ന കേവല ഭൂരിപക്ഷം കടക്കുവാൻ കോൺഗ്രസിന് സാധിച്ചു. അങ്ങിനെ മധ്യപ്രദേശിന്റെ ഭരണം ഏറ്റെടുത്ത കമൽനാഥ് സർക്കാർ 15 മാസം മാത്രമാണ് ഭരിച്ചത്. കോൺഗ്രസ് നേതാവായിരുന്ന ജ്യോതിരാദിത്യ സിന്ധ്യയേയും കൂട്ടരെയും ബി.ജെ.പി പാളയത്തിലേക്ക് എത്തിച്ച് ശിവരാജ് സിംഗ് ചൗഹാൻ ബി.ജെ.പി സർക്കാർ രൂപീകരിച്ചത് രാജ്യത്ത് ഏറെ ചർച്ചയായ വിഷയമാണ്. അധികാരം ഏറ്റെടുത്ത ശിവരാജ് സിംഗ് ചൗഹാന് വലിയ നേട്ടങ്ങൾ ഒന്നുംതന്നെ ഉണ്ടാക്കുവാൻ സാധിച്ചില്ല. മാത്രമല്ല, മുമ്പെങ്ങമില്ലാത്ത തരത്തിലുള്ള ഉൾപ്പാർട്ടി പോരാണ് മധ്യപ്രദേശിൽ ബി.ജെ.പി ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്.

മധ്യപ്രദേശിലെ ജനങ്ങൾ ഭൂരിപക്ഷം നൽകിയിട്ടും ഭരിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായത് ഇത്തവണ ചർച്ചയാകും. സംസ്ഥാനത്തെ വോട്ടർമാരെ പരിഹസിച്ച് അധികാരം പിടിച്ചു വാങ്ങിയതിനെയും കോൺഗ്രസിനെ ചതിച്ചതിനെയും ജനങ്ങൾ വിലയിരുത്തും എന്നു തന്നെയാണ് രാഷ്ട്രീയ വിലയിരുത്തൽ.

കോൺഗ്രസിൽ നിന്ന് ബി.ജെ.പി പാളയത്തിൽ കൂറ് മാറി എത്തിയ ജ്യോതിരാദിത്യ സിന്ധ്യയെ മുന്നിൽ നിർത്തിയാണ് ഇത്തവണ ബി.ജെ.പി



നിയമസഭാ തിരഞ്ഞെടുപ്പിനെ നേരിടുന്നത് എന്നത് മധ്യപ്രദേശിൽ വ്യാപക ചർച്ചയാണ്. കേന്ദ്ര കൃഷി മന്ത്രി നരേന്ദ്ര സിംഗ് തോമറും മുഖ്യമന്ത്രിക്കസേര നോട്ടമിട്ട് നടത്തുന്ന കളികളെക്കുറിച്ചും ഏറെ ചർച്ചകൾ നടക്കുന്നുണ്ട്. അതേസമയം കോൺഗ്രസ് വിട്ട് ബി.ജെ.പിയിൽ ചേർന്ന പലരും മധ്യപ്രദേശിൽ അവഗണന നേരിടുകയാണ്. കോൺഗ്രസ് ഭരണത്തെ താഴെയിറക്കി ബി.ജെ.പിയെ അധികാരത്തിലേറ്റിയവർ ഇപ്പോൾ ബി.ജെ.പിക്ക് എതിരായി നിൽക്കുന്നു. കോൺഗ്രസിൽ നിന്ന് രാജിവെച്ച് ബി.ജെ.പിയിലെത്തിയപ്പോൾ സീറ്റുകൾ നൽകിയ ബി.ജെ.പി ഇക്കുറി അവർക്ക് സീറ്റ് നിഷേധിച്ചിരിക്കുകയാണ്. സീറ്റ് വിഭജനത്തിൽ നാല് ലിസ്റ്റ് പുറത്തുവിട്ടപ്പോൾ ബി.ജെ.പിയിലേക്ക് എത്തിയ പഴയ കോൺഗ്രസ് നേതാക്കൾ പലരും പുറത്തുപോയത് വലിയ അഭ്യന്തര പ്രശ്നമായി തന്നെ മാറിയിരിക്കുകയാണ്. ഇവരിൽ ചിലർ തിരിച്ച് കോൺഗ്രസിൽ ചേർന്നു എന്നുള്ള വാർത്തകളും ബി.ജെ.പിയെ രാഷ്ട്രീയമായി ക്ഷീണിപ്പിച്ചിട്ടുണ്ട്.

നാലാം തവണയും മുഖ്യമന്ത്രിയായ ശിവരാജ് സിംഗ് ചൗഹാനെതിരെ ഒട്ടേറെ ആരോപണങ്ങൾ ഉണ്ട്. ചൗഹാന്റെ പ്രതിച്ഛായ നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രതികൂലമായി ബാധിക്കും എന്ന് ബി.ജെ.പി വിലയിരുത്തുന്നു. അതുകൊണ്ടുതന്നെ ശിവരാജ് സിംഗ് ചൗഹാനെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഉയർത്തി കാട്ടാതെയാണ് ഇപ്പോൾ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിരിക്കുന്നത്. നാലാമത്തെ ലിസ്റ്റിൽ മത്സര രംഗത്ത് അദ്ദേഹത്തെ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുള്ളത് വിസ്മരിക്കുന്നില്ല. അതേസമയം ജനവികാരം വിപരീതമായ മുപ്പതോളം എം.എൽ.എമാർക്ക് സീറ്റുകൾ നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ബി.ജെ.പിയുടെ പാർലമെന്റ് ബോർഡിൽ നിന്ന് പോലും ശിവരാജ് സിംഗിനെ നീക്കം ചെയ്തിരിക്കുകയാണ്. ആറുമാസം മുമ്പ് ബി.ജെ.പി മൂന്ന് കേന്ദ്രമന്ത്രിമാർ അടക്കം ഏഴ് പാർലമെന്റ് അംഗങ്ങളെയാണ് മധ്യപ്രദേശിലെ രാഷ്ട്രീയം നിയന്ത്രിക്കാൻ ചുമതലപ്പെടുത്തിയത്. ഭരണവിരുദ്ധ വികാരം മധ്യപ്രദേശിൽ ശക്തമാണ് എന്നുള്ളത് ബി.ജെ.പി തിരിച്ചറിഞ്ഞിരിക്കുന്നു.

കോൺഗ്രസിന് മധ്യപ്രദേശിൽ കമൽനാഥിനെയാണ് മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി മുന്നിൽ നിർത്തിയിരിക്കുന്നത്. രാഹുൽഗാന്ധി നയിച്ച ഭാരത് ജോഡോ യാത്ര മധ്യപ്രദേശിൽ ഉണ്ടാക്കിയ അനുകൂല വികാരം വോട്ട് ആകും എന്നാണ് കോൺഗ്രസ് വിശ്വസിക്കുന്നത്. ഹിന്ദുക്കൾക്കുള്ളിലെ ജാതി തിരിച്ചുള്ള പ്രചരണം ഇക്കുറി മധ്യപ്രദേശിൽ ശക്തമാക്കിക്കൊണ്ടിരിക്കുകയാണ് കോൺഗ്രസ്. മധ്യപ്രദേശിലെ രാജകുടുംബാംഗമായ സിന്ധ്യ ബി.ജെ.പി പക്ഷത്തായത് കോൺഗ്രസ് തിരഞ്ഞെടുപ്പ് ആയുധമാക്കിക്കഴിഞ്ഞു. ബി.ജെ.പി സർക്കാർ മേൽ ജാതിക്കാരുടെ സംരക്ഷകരാണ് എന്നുള്ളതാണ് കോൺഗ്രസ് മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ ചർച്ച. ദളിത് രാഷ്ട്രീയം തീർച്ചയായും മധ്യപ്രദേശിലെ തെരഞ്ഞെടുപ്പിൽ നിർണ്ണായക ഘടകമാണ്.

വ്യാപക അഴിമതി ദേശീയതലത്തിൽ പോലും ചർച്ചയായത് ഇന്നും മധ്യപ്രദേശിന്റെ ഒരു കറുത്ത അധ്യായമാണ് വ്യാപം. ഇതു കൂടാതെ പട്ടുവാരി റിക്രൂട്ട്മെന്റ്, മഹാകാൽ ലോക് കൺസ്ട്രക്ഷൻ, റേഷൻ വിതരണം തുടങ്ങിയവയിൽ ഉണ്ടായ അഴിമതി സംസ്ഥാനത്ത് വലിയ ചർച്ചയാണ്. 50% കമ്മിഷൻ സർക്കാർ എന്ന വിളിപ്പേര് ബി.ജെ.പി. സർക്കാരിന് നൽകുന്നതിൽ കോൺഗ്രസ് ക്യാമ്പ് വിജയിച്ചിട്ടുണ്ട്. സംസ്ഥാന ഭരണം ഏതുവിധേനയും പിടിച്ചെടുക്കുക എന്നുള്ള ലക്ഷ്യവുമായാണ് കോൺഗ്രസ് രംഗത്തുള്ളത്.

മധ്യപ്രദേശിൽ ആദിവാസി സമൂഹത്തിന്റെ ശക്തമായ അടിത്തറ കുറച്ചു നാളുകളായി ബി.ജെ.പിക്കൊപ്പം ആയിരുന്നു. അവിടെ വിള്ളലുണ്ടാക്കുവാനായി കോൺഗ്രസിന്റെ രാഷ്ട്രീയ നീക്കങ്ങൾ ഇടവരുത്തിയിട്ടുണ്ട്. ഇതിനിടെ ഇന്ത്യാമുന്നണിയിൽ ഉണ്ടായിട്ടും സമാജ് വാദി പാർട്ടി ഇത്തവണ മധ്യപ്രദേശിൽ ഒറ്റയ്ക്ക് മത്സരിക്കാൻ കച്ചമുറുക്കുകയാണ്.

മധ്യപ്രദേശ് തിരഞ്ഞെടുപ്പിൽ നിർണായക ശക്തിയാകാൻ ബി.എസ്.പി കിണഞ്ഞുശ്രമിക്കുകയാണ്. ഇതിനായി പ്രാദേശിക ഗോത്രവർഗ സംഘടനയായ ഗോണ്ട്വാന ഗാന്ധന്ത്ര പാർട്ടിയുമായി (ജിജിപി) ബി.എസ്.പി സഖ്യമുണ്ടാക്കിയിരിക്കുകയാണ്. കോൺഗ്രസിനൊപ്പം തന്നെ ബി.ജെ.പിക്കും വെല്ലുവിളിയാണ് ബി.എസ്.പിയുടെ പുതിയ നീക്കം. അഭിപ്രായ സർവേകളെല്ലാം മധ്യപ്രദേശിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് പ്രവചിച്ചിരിക്കുന്നത്. അതിനാൽ ഇന്ത്യാ മുന്നണിയിലെ കക്ഷികളായ എസ്.പി, ആം ആദ്മി പാർട്ടി എന്നിവരെ കൂടാതെ ബി.എസ്.പിയും ജി.ജി.പിയും മത്സരിക്കുന്നത് മധ്യപ്രദേശിൽ കോൺഗ്രസിനും ബി.ജെ.പിക്കും കേവല ഭൂരിപക്ഷം ലഭിക്കാൻ തടസമാകും എന്നാണ് വിലയിരുത്തുമ്പോഴും ഈയിടെ വന്ന സർവേ ഫലങ്ങൾ കോൺഗ്രസിന്റെ വൻ തിരിച്ചുവരവ് പ്രവചിച്ചത് സ്വന്തം അണികളെ സജീവമാക്കാനുള്ള അവസരമാക്കാനാണ് ബി.ജെ.പിയുടെ പ്ലാൻ. എങ്കിലും കോൺഗ്രസിനേക്കാൾ വലിയ തർക്കങ്ങളാണ് ബി.ജെ.പിയിൽ ഉരുണ്ടുകൂടിക്കൊണ്ടിരിക്കുന്നത്.

◗ *എമ എൽസ എൽവിൻ*

# നിർണായ വേളയിൽ ഇന്ത്യയെ തലോടി സൗദി അറേബ്യ

ഞായറാഴ്ച സൗദിയിൽ നിന്ന് വന്നത് അത്ര സുഖമുള്ള വാർത്ത ആയിരുന്നില്ല. ഡിസംബറിലും സൗദി എണ്ണ ഉൽപ്പാദനം വെട്ടിക്കുറയ്ക്കുന്നത് തുടരുമെന്നായിരുന്നു പുറത്തുവന്ന റിപ്പോർട്ട്. റഷ്യയും ഇതേ നിലപാട് സ്വീകരിച്ചു. കഴിഞ്ഞ ജൂലൈ മുതൽ രാജ്യം ഈ നിലപാടാണ് സ്വീകരിക്കുന്നത്. എണ്ണവില കുതിച്ചുയരുമെന്ന ഭീതി നിലനിൽക്കെയാണ് പുതിയ തീരുമാനം.

മാത്രമല്ല ഇന്ത്യയും ചൈനയും ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങൾക്ക് നൽകുന്ന എണ്ണയ്ക്ക് സൗദി വില കൂട്ടില്ലെന്നാണ് തീരുമാനം. സൗദി അരാംകോയാണ് ഈ തീരുമാനം എടുത്തിരിക്കുന്നതെന്നാണ് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നത്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം സന്തോഷമുള്ള വാർത്തയാണിത്. എന്നാൽ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ എണ്ണവില ഉയരാൻ തുടങ്ങിയിട്ടുണ്ട്. ഉൽപ്പാദനം വെട്ടിക്കുറച്ചാൽ വിപണി വില ഉയരുമെന്ന് സൗദി അറേബ്യ കണക്കുകൂട്ടുന്നു. സൗദി 10 ലക്ഷവും റഷ്യ മൂന്ന് ലക്ഷവും ബാരലാണ് പ്രതിദിനം കുറച്ചിരിക്കുന്നത്.



നവംബറിലേത് പോലെ ഡിസംബറിലും ഇത്രയും കുറവ് ഉൽപ്പാദനത്തിലുണ്ടാകും. ഈ തീരുമാനം വന്ന പിന്നാലെ എണ്ണവില കുതിച്ച് ഉയരുകയാണ്. ബ്രെൻഡ് ക്രൂഡ് ബാരലിന് 86 ഡോളറിലേക്കാണ് തിങ്കളാഴ്ച ഉയർന്നത്. അതേസമയം, ഏഷ്യൻ രാജ്യങ്ങളിലേക്ക് നൽകുന്ന അറബ് ലൈറ്റ് ക്രൂഡിന് നവംബറിലെ അതേ വില ഡിസംബറിലും ഈടാക്കാനാണ് തീരുമാനം. കഴിഞ്ഞ തുടർച്ചയായ അഞ്ച് മാസങ്ങളിൽ സൗദി അറേബ്യ വില ക്രമേണ ഉയർത്തുകയാരുന്നു. ഡിസംബറിലും വില ഉയർത്തുമെന്ന് ചില സൂചനകളുണ്ടായിരുന്നു. എന്നാൽ മറിച്ചാണ് അരാംകോയുടെ അറിയിപ്പ്.

സൗദി അറേബ്യ നേരത്തെ വില ഉയർത്തിയ സാഹചര്യത്തിൽ കഴിഞ്ഞ മാസങ്ങളിൽ ഇന്ത്യ മറ്റു വഴികൾ തേടിയിരുന്നു. സൗദിയും റഷ്യയും എണ്ണ വില ഉയർത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഇക്കാര്യം മനസിലാക്കി ഇന്ത്യ ബദൽ മാർഗങ്ങൾ തേടി. യുഎഇ, നൈജീരിയ എന്നിവിടങ്ങളിൽ നിന്ന് വാങ്ങുന്ന എണ്ണയുടെ തോത് ഉയർത്തുകയാണ് ഇന്ത്യ ചെയ്തത്.

നിലവിൽ റഷ്യയിൽ നിന്നാണ് ഇന്ത്യ കൂടുതൽ ക്രൂഡ് ഓയിൽ ഇറക്കുന്നത്. ഇറാഖും സൗദിയും രണ്ടും മൂന്നും സ്ഥാനങ്ങളിലുണ്ട്. എന്നാൽ കഴിഞ്ഞ മാസത്തെ കണക്കു പ്രകാരം സൗദിയിൽ നിന്ന് വാങ്ങുന്ന തോത് അൽപ്പം ഉയർത്തിയിട്ടുണ്ട്. കൂടാതെ കൂടുതൽ സാധ്യതകൾ തേടുന്നുമുണ്ട്. വെനിസ്വേലയുടെ എണ്ണ വാങ്ങുന്നതാണ് ഇപ്പോൾ പരിഗണിക്കുന്നത്. അമേരിക്കയുടെ ഉപരോധം കാരണം വെനിസ്വേലയുടെ എണ്ണ ആഗോള വിപണിയിൽ വേണ്ട വിധം എത്തുന്നില്ല. ഇറാന്റെ എണ്ണയും ഈ പ്രതിസന്ധി നേരിടുന്നുണ്ട്.

ഇറാനെതിരായ ഉപരോധം കൂടുതൽ ശക്തമാക്കാൻ അമേരിക്കൻ പ്രതിനിധി സഭ കഴിഞ്ഞ ദിവസം തീരുമാനിച്ചിരുന്നു. ഇസ്രായേലിനെതിരെ ആക്രമണം നടത്തിയാൽ ഇറാനെതിരെ സൈനികമായി ഇടപെടാനും അമേരിക്കക്ക് പദ്ധതിയുണ്ട്. അങ്ങനെ സംഭവിച്ചാൽ വിപണി തകിടംമറിയും എന്നതിൽ സംശയമില്ല.

# മാക്സ്‌വെല്ലിന് മുന്നിൽ തകർന്നത് കപിൽദേവിന്റെ അടക്കം ലോകറെക്കോർഡുകൾ



അഫ്ഗാനെതിരെ ഒറ്റയാൾ പോരാട്ടം നടത്തിയ ഓസ്‌ട്രേലിയൻ താരം ഗ്ലെൻ മാക്സ്‌വെൽ തകർത്തത് അനവധി റെക്കോർഡുകൾ. മാക്സ്‌വെൽ 128 പന്തിൽ 10 സിക്സറുകളും 21 ഫോറുകളും സഹിതം പുറത്താകാതെ 201 റൺസ് നേടി. മാക്സ് വെല്ലിന്റെ മികവിൽ ഓസീസ് ഉയർത്തിയ 292 റൺസ് വിജയലക്ഷ്യം മറികടന്നു.മത്സരത്തിലെ ഡബിൾ സെഞ്ച്വറിയോടെ ഗ്ലെൻ മാക്സ്‌വെൽ ഏകദിന ക്രിക്കറ്റിൽ ഓസ്‌ട്രേലിയയ്ക്കായി ഡബിൾ സെഞ്ച്വറി നേടുന്ന ആദ്യ കളിക്കാരനായി. ചേസിങ്ങിൽ ഒരു കളിക്കാരന്റെ ഏറ്റവും ഉയർന്ന സ്കോറും ഏകദിനത്തിൽ ഒരു ഓപ്പണർ അല്ലാത്ത ആദ്യ ഡബിൾ സെഞ്ചുറിയും മാക്സ്‌വെൽ ഇന്നലെ നേടി.ഇതിന് പുറമെ ഏകദിന റൺ വേട്ടയിലെ ആദ്യ ഇരട്ട സെഞ്ച്വറി കൂടിയാണിത്. ഈ ലോകകപ്പിൽ മാക്സ്‌വെല്ലിന്റെ രണ്ടാം സെഞ്ചുറിയാണിത്.

ഇതോടെ ടീമിനായി അഞ്ചോ അതിൽ താഴെയോ പൊസിഷനുകളിൽ ബാറ്റു ചെയ്ത് ലോകകപ്പിൽ ഏറ്റവും കൂടുതൽ സെഞ്ചുറികൾ നേടിയ താരമെന്ന നേട്ടവും മാക്സ്‌വെൽ സ്വന്തമാക്കി. ഇതോടൊപ്പം ഇന്ത്യയുടെ ആദ്യ ലോകകപ്പ് ജേതാവ് ക്യാപ്റ്റൻ കപിൽ ദേവിന്റെ ദീർഘകാല ലോക റെക്കോർഡും അദ്ദേഹം തകർത്തു. 1983 ലോകകപ്പിൽ സിംബാബ് യ്ക്കെതിരെ പുറത്താ റൺസ് നേടിയ കപ 78/7 എന്ന വെ കാതെ 175 ിൽ ദേവ് 17/5, നിലയിൽ നിന്ന് കരകയറാൻ ഇന്ത്യയെ സഹായിച്ചു,. ഒടുവിൽ ടീം 60 ഓവറിൽ 266 റൺസ് നേടി. 40 വർഷങ്ങൾക്ക് ശേഷം മാക്സ്‌വെൽ മറികടക്കുന്നതിന് മുമ്പ് വരെ കപിൽ ദേവ് ആ റെക്കോർഡ് സൂക്ഷിച്ചിരുന്നു.


## ‘നിങ്ങൾക്കേ, ഇങ്ങനൊക്കെ സാധിക്കൂ’; മാക്സവെല്ലിനെ പ്രശംസകൊണ്ട് മൂടി കോലി

മുംബൈ: അഫ്ഗാനിസ്ഥാനെതിരെ ഗ്ലെൻ മാക്സ്‌വെല്ലിന്റെ ഒറ്റയാൾ പോരാട്ടം ഓസ്‌ട്രേലിയയെ ഏകദിന ലോകകപ്പിന്റെ സെമിയിൽ എത്തിച്ചു. ഏഴിന് 91 എന്ന നിലയിൽ ഇരട്ട സെഞ്ചുറിയുമായി മാക്സ് വെൽ ഓസീസിനെ വിജയത്തിലേക്ക് നയിച്ചു. വേദനയിൽ പുളഞ്ഞിട്ടും ക്രീസിൽ തുടരാനുള്ള മാക്സ്‌വെല്ലിന്റെ തീരുമാനം ഫലം കണ്ടു. ഇതോടെ മാക്സവെല്ലിനെ പ്രശംസകൊണ്ട് പൊതിയുകയാണ് ക്രിക്കറ്റ് ലോകം. അതിൽ ഇന്ത്യൻ താരം വിരാട് കോലിയുമുണ്ട്. ഇരുവരും ഐപിഎല്ലിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന് വേണ്ടിയാണ് കളിക്കുന്നത്. നിങ്ങൾക്ക് മാത്രമേ അതിന് സാധിക്കുകയുള്ളുവെന്ന് പ്രശംസിച്ചുകൊണ്ട് കോലി ഇൻസ്റ്റഗ്രാം സ്റ്റോറിയിട്ടു. മാക്സ്‌വെൽ അത് പങ്കുവെക്കുകയും ചെയ്തു. റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ ഇരുവരും താരതമ്യം ചെയ്താണ് പ്രശംസിച്ചാണ്. മാക്സ്‌വെല്ലിന്റെ ഇന്നിംഗ്സിനൊപ്പം കഴിഞ്ഞ വർഷം ടി20 ലോകകപ്പിൽ പാകിസ്ഥാനെതിരെ കോലി പുറത്തെടുത്ത പോരാട്ടമാണ് താരതമ്യം ചെയ്തിരിക്കുന്നത്.

## കരുക്കൾ നീക്കി ചെൽസിയും ആഴ്സണലും; പി.എസ്.ജി എംബാപെയെ കൈവിട്ടേക്കും

പാരീസ്: പിഎസ്ജിയുടെ ഫ്രഞ്ച് സൂപ്പർ താരം കൈലിയൻ എംബാപ്പെയുമായി ചർച്ച നടത്തിയില്ലെന്ന സ്പാനിഷ് ക്ലബ് റയൽ മാഡ്രിഡിന്റെ വെളിപ്പെടുത്തലിന് പിന്നാലെ കരുനീക്കങ്ങൾ തുടങ്ങി ആഴ്സണലും ചെൽസിയും.പിഎസ്ജിയും സൂപ്പർ താരത്തിന്റെ കാര്യത്തിൽ മടി തുടരുന്ന സാഹചര്യത്തിൽ ട്രാൻസ്ഫർ ഏറെക്കുറെ ഉറപ്പായിരിക്കുകയാണ്.പി.എസ്.ജിയുമായി കരാർ ഈ വർഷത്തോടെ അവസാനിക്കുന്നതിനാൽ വിദേശത്തുള്ള ക്ലബ്ബുകൾക്ക് 2024 ജനുവരി മുതൽ എംബാപ്പെയ്ക്കായി ഒരു പ്രീ-കോൺട്രാക്റ്റ് ഡീൽ ചെയ്യാൻ കഴിയും.അതേ സമയം, റയലിന്റെ പ്രസ്താവനയിൽ പി.എസ്.ജി പ്രസിഡന്റ് നാസർ അൽ ഖലീഫി പ്രതികരിച്ചു. റയൽ മാഡ്രിഡിന്റെ പ്രസ്താവന കണ്ടിട്ടില്ലെന്നും ഫുട്ബാളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും അൽ ഖലീഫി പറഞ്ഞു. ‘ലോകത്തിലെ ഏറ്റവും മികച്ച കളിക്കാരിലൊരാളാണ് കൈലിയൻ എംബാപ്പെ. രണ്ട് തവണ ലോകകപ്പ് ഫൈനൽ കളിച്ചിട്ടുണ്ട്. ഹാട്രിക്കും നേടിയിട്ടുണ്ട്. ഫ്രാൻസിന്റെയും പിഎസ്ജിയുടെയും അമരക്കാരനാണ്. എന്നാൽ ക്ലബ്ബിനേക്കാൾ വലുത് ആരുമില്ല’ - നാസർ അൽ ഖലീഫ പറഞ്ഞു.2022-ൽ റയലിലേക്ക് മാറുമെന്ന അഭ്യൂഹങ്ങളും പരന്നിരുന്നു, എന്നാൽ അദ്ദേഹം എല്ലാവരേയും നിശബ്ദരാക്കി പുതിയ കരാറിൽ ഒപ്പുവച്ചു. എന്നാൽ അടുത്ത വർഷം ജനുവരി മുതൽ സൗജന്യ ട്രാൻസ്ഫറിൽ അദ്ദേഹം ലഭ്യമാകുമെന്നതിനാൽ പഴയ അവകാശ വാദങ്ങൾ വീണ്ടും ഉയർന്നു.

## നെയ്മറിന്റെ കുഞ്ഞിനെ തട്ടിക്കൊണ്ടുപോകാൻ ശ്രമം



ബ്രസീലിയൻ സൂപ്പർ ഫുട്ബോൾ താരം നെയ്മറിന്റെ കുഞ്ഞിനെ തട്ടിക്കൊണ്ടുപോകാൻ ശ്രമം. ബ്രസീലിലെ നെയ്മറിന്റെ പങ്കാളിയുടെ വീട്ടിൽ ഇന്നലെ തട്ടിക്കൊണ്ടുപോകൽ ശ്രമം നടന്നതായി ബ്രസീലിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സമയത്ത് നെയ്മറിന്റെ ഒരു മാസം പ്രായമുള്ള മകളും അമ്മയും വീട്ടിലില്ലായിരുന്നു. കുട്ടിയെ തട്ടിക്കൊണ്ടുപോകാനായിരുന്നു എത്തിയവരുടെ ലക്ഷ്യമെന്ന് പോലീസ് പറയുന്നു.നെയ്മറിന്റെ പങ്കാളി ബ്രൂണ ബിയാൻകാർഡിയും നെയ്മറിന്റെ ഒരു മാസം പ്രായമുള്ള മകൾ മാവിയും നെയ്മറിന്റെ സുഹൃത്തിന്റെ വീട്ടിലായിരുന്നു. വീട്ടിൽ അതിക്രമിച്ച എത്തിയവർ ബ്രൂണ ബിയാങ്കാർഡിയുടെ വീട്ടിൽ കേട്ടുപാടുകൾ ഉണ്ടാക്കി. ബ്രൂണയുടെ മാതാപിതാക്കളെ കുറ്റവാളികൾ കെട്ടിയിട്ടു എങ്കിലും അവർക്ക് പരിക്കില്ല. പ്രതികളിൽ ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കസ്റ്റഡിയിലെടുത്തയാൾ അതേ ഹൗസിംഗ് കോപ്ലക്സിലെ താമസക്കാരനാണ്.

## എഐഎഫ്എഫ് തലപ്പത്തുനിന്ന് ഷാജി പ്രഭാകരൻ പുറത്ത്

ന്യൂഡൽഹി: അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ (എഐഎഫ്എഫ്) സെക്രട്ടറി ജനറൽ ഷാജി പ്രഭാകരനെ പുറത്താക്കി.എഐഎഫ്എഫ് പ്രസിഡൻറ് കല്യാൺ ചൗബെയാണ് ഷാജി പ്രഭാകരനെ നീക്കം ചെയ്തതായി അറിയിച്ചത്. കല്യാൺ ചൗബെ എഐഎഫ്എഫ് കമ്മിറ്റി അംഗങ്ങളെയും നിലപാട് അറിയിച്ചു. പ്രസിഡന്റ് ചൗബെയുമായുള്ള ദീർഘകാല അഭിപ്രായ വ്യത്യാസങ്ങളാണ് പ്രഭാകരനെ പുറത്താക്കുന്നതിലേക്ക് നയിച്ചതെന്നാണ് റിപ്പോർട്ട്. ഫുട്ബോൾ ഹൗസിനുള്ളിൽ തർക്കം ഉണ്ടെന്ന റിപ്പോർട്ടുകൾ കുറച്ചുകാലമായി പ്രചരിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തെ പുറത്താക്കിയത് കടുത്ത നടപടിയാണ്.‘‘തീരുമാനം പ്രസിഡന്റാണ് എടുത്തത്, അദ്ദേഹത്തെ പുറത്താക്കിയ കത്തിൽ പ്രസിഡന്റും വൈസ് പ്രസിഡന്റ് എൻ എ ഹാരിസും ട്രഷറർ കിപാ അജയും ഒപ്പുവച്ചു,’’- ഒരു എഐഎഫ്എഫ് ഉദ്യോഗസ്ഥൻ സ്ഥിരീകരിച്ചു.ഫിഫയുടെ മുൻ സൗത്ത് സെൻട്രൽ ഏഷ്യ ഡെവലപ്മെന്റ് ഓഫീസറും ഡൽഹി സോക്കർ അസോസിയേഷന്റെ മുൻ പ്രസിഡന്റുമായ പ്രഭാകരൻ കഴിഞ്ഞ വർഷം സെപ്റ്റംബറിലാണ് അകഎഎ സെക്രട്ടറി ജനറലായി നിയമിതനായത്.തന്റെ പിരിച്ചുവിടലിന് ഭരണഘടനാപരമായ സാധുതയില്ലെന്നും കളിയുടെ വികസനത്തിന് ഏറ്റവും മികച്ചത് നൽകിയെന്ന് അവകാശപ്പെടുന്നതായും പ്രഭാകരൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് അയച്ച കത്തിൽ പറഞ്ഞു.



# സെമിയിൽ ഇന്ത്യയുടെ എതിരാളി ആര്? സാധ്യതകൾ ഇങ്ങനെ!

കൊല്ക്കത്ത: ലോകകപ്പ് സെമിയിൽ ഇന്ത്യയുടെ എതിരാളി ആരെന്ന ചോദ്യമാണ് എല്ലാ കോണുകളിൽ നിന്നും ഉയരുന്നത്. ന്യൂസിലൻഡ്, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ ടീമുകളിൽ ഏതെങ്കിലുമൊരു ടീമായിരിക്കും ഇന്ത്യയുടെ സെമി ഫൈനൽ എതിരാളിയെന്ന് ഉറപ്പാണ്. ന്യൂസിലൻഡ്, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ മൂന്ന് ടീമുകളും നാല് കളികൾ വീതം ജയിച്ച് എട്ട് പോയിന്റ് വീതം നേടി. നെറ്റ് റൺ റേറ്റിന്റെ കാര്യത്തിൽ മാത്രമാണ് മൂന്ന് ടീമുകളും തമ്മിലുള്ള വ്യത്യാസം. നെറ്റ് റൺ റേറ്റിൽ പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും മുന്നിലാണ് ന്യൂസിലൻഡ്. ന്യൂസിലൻഡിന്റെ നെറ്റ് റൺ റേറ്റ് 0.398 ആണ്. പാക്കിസ്ഥാന്റെത് 0.036 ആണ്. അഫ്ഗാനിസ്ഥാന്റെ നെറ്റ് റൺ റേറ്റ് നെഗറ്റീവ് 0.338.അടുത്ത കളിയിൽ വലിയ മാർജിനിൽ ജയിച്ചാൽ മാത്രമേ അഫ്ഗാനിസ്ഥാന് സാധ്യതയുള്ളു. അല്ലെങ്കിൽ അടുത്ത കളികളിൽ പാകിസ്ഥാനും ന്യൂസിലൻഡും പരാജയപ്പെടണം. അങ്ങനെ സംഭവിച്ചാൽ അഫ്ഗാനിസ്ഥാൻ സെമിയിൽ കയറും. അവസാന മത്സരത്തിൽ ന്യൂസിലൻഡ് ശ്രീലങ്കയെ നേരിടും. ശ്രീലങ്കയെ തോൽപ്പിക്കുകയും പാകിസ്ഥാനും അഫ്ഗാനിസ്ഥാനും പരാജയപ്പെടുകയും ചെയ്താൽ ന്യൂസിലൻഡ് സെമിയിൽ കയറും.എന്നാൽ പാക്കിസ്ഥാൻ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തിയാൽ നെറ്റ് റൺ റേറ്റ് നിർണായകമാകും. അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയെ തോൽപ്പിച്ചാലും നെറ്റ് റൺ റേറ്റ് ആണ് കാര്യങ്ങൾ തീരുമാനിക്കുക. അതായത് മൂന്ന് ടീമുകളും അടുത്ത മത്സരങ്ങളിൽ ജയിച്ചാൽ നെറ്റ് റൺ റേറ്റ് സെമി ഫൈനൽ പ്രവേശനം തീരുമാനിക്കും.ഇനി അടുത്തമത്സരത്തിൽ ന്യൂസിലൻഡും അഫ്ഗാനിസ്ഥാനും തോൽക്കുകയും പാകിസ്ഥാൻ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തുകയും ചെയ്താൽ വ്യാഴാഴ്ച നടക്കുന്ന സെമിഫൈനിൽ പാകിസ്ഥാനായിരിക്കും ഇന്ത്യയുടെ എതിരാളി.

# ഐസിസി റാങ്കിങ്; ബാബർ വീണു, ഗിൽ ഒന്നാമത്; ബൗളിങ്ങിൽ മുഹമ്മദ് സിറാജ്




ഐസിസി ഏകദിന റാങ്കിംഗിൽ ഇന്ത്യയുടെ യുവ ബാറ്റിംഗ് സെൻസേഷൻ ശുഭ്മാൻ ഗിൽ ഒന്നാമതെത്തി. കരിയറിൽ ആദ്യമായാണ് ശുഭ്മൻ ഗിൽ റാങ്കിംഗിൽ ഒന്നാമത് എത്തുന്നത്.ഗില്ലിന് 830 പോയിന്റാണ് ഉള്ളത്. ബാബർ 824 പോയിന്റുമായി രണ്ടാം സ്ഥാനത്തേക്ക് താഴ്ന്നു. മുൻ ഇന്ത്യൻ ക്യാപ്റ്റൻ വിരാട് കോലി റാങ്കിംഗിൽ നാലാം സ്ഥാനത്തേക്ക് ഉയർന്നു.അതേസമയം, ഏകദിന ബൗളർമാരിൽ മുഹമ്മദ് സിറാജ് ഒന്നാം സ്ഥാനം തിരിച്ചുപിടിച്ചു.ബൗളിങ് സിറാജ് ഒന്നാം സ്ഥാനത്ത് തിരികെയെത്തി. മുമ്പും സിറാജ് ഏകദിന ബൗളിംഗ് റാങ്കിംഗിൽ ഒന്നാമത് ഉണ്ടായിരുന്നു. സിറാജിന് 709 പോയിന്റാണ് ഉള്ളത്. ഇന്ത്യയുടെ നാലു താരങ്ങൾ ആദ്യ പത്തിൽ ഉണ്ട്. കുൽദീപ് യാദവ് നാലാം സ്ഥാനത്തും, ജസ്പ്രീത് ബുമ്ര എട്ടാം സ്ഥാനത്തും മുഹമ്മദ് ഷമി നാലാം സ്ഥാനത്തും നിൽക്കുന്നു. ഇതുകൂടാതെ ജഡേജ 19ആം സ്ഥാനത്തേക്കും ഉയർന്നു.

## 'എംബാപ്പെ വെറുമൊരു സ്വപ്നമായിരിക്കില്ല, ഇന്റർ മിലാൻ ഏറ്റെടുത്താൽ പ്രമുഖ താരങ്ങൾ എത്തും'



പ്രമുഖ നിക്ഷേപകനും ഫിന്നിഷ് കോടീശ്വരനുമായ തോമസ് സിലിയാക്കസ് ഇറ്റാലിയൻ ക്ലബ് ഇന്റർ മിലാനെ വാങ്ങാൻ ശ്രമിക്കുന്നു.ക്ലബ്ബിന്റെ ഏറ്റെടുക്കൽ പൂർത്തിയായാൽ ഇന്റർ മിലാനെ പഴയ പ്രതാപത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്ന് സിലിയാക്കസ് പറഞ്ഞു. ടിവി പ്ലേയോട് സംസാരിക്കുകയായിരുന്നു ഫിന്നിഷ് കോടീശ്വരൻ.തന്റെ നേതൃത്വത്തിലുള്ള സെഞ്ച്വറി ക്യാപിറ്റൽ, ഇന്റർ മിലാനെ ഏറ്റെടുക്കുന്നതിനുള്ള ഔദ്യോഗിക ഓഫർ ഉടൻ സമർപ്പിക്കുമെന്ന് സിലിയാക്കസ് അറിയിച്ചു. ഇന്റർ മിലാന്റെ നിലവിലെ പ്രസിഡന്റ് സ്റ്റീവൻ ഷാങ്ങിനൊപ്പം പ്രവർത്തിക്കാൻ തയ്യാറാണ്. ലോകത്തെ പ്രമുഖ താരങ്ങളെ സൈൻ ചെയ്യാൻ ആവശ്യമായ പണം ചെലവഴിക്കാൻ തയ്യാറാണെന്ന് തോമസ് സിലിയാക്കസ് പറഞ്ഞു.ഇന്റർ മിലാൻ ഇതിനകം മികച്ച ടീമുണ്ട്. കൂടുതൽ ലോകോത്തര താരങ്ങളെ ഉൾപ്പെടുത്തി ടീമിനെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ഞങ്ങളുടെ ലക്ഷ്യം.അതിനായി എത്ര തുക വേണമെങ്കിലും കൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. ഫ്രഞ്ച് സൂപ്പർതാരം കൈലിയൻ എംബാപ്പെയെ വരെ കൊണ്ടുവരാൻ ഇന്റർ മിലാന് കഴിയുമെന്ന് അദ്ദേഹം അവകാശപ്പെട്ടു.ആവശ്യമായ ഫണ്ടുകൾ കണ്ടെത്താൻ കഴിയാത്തതിനാൽ കഴിഞ്ഞ കുറച്ച് വിൻഡോകളിൽ വലിയ തുക ചെലവഴിക്കാൻ ഇന്റർ മിലാന് കഴിഞ്ഞില്ല. ഏറ്റെടുക്കൽ ക്ലബ്ബിനെ ഉടൻ തന്നെ സ്ക്വാഡിനെ ശക്തിപ്പെടുത്താൻ സഹായിക്കും.

# സ്തനാർബുദ സാധ്യത കുറയ്ക്കാൻ പത്ത് ജീവിതശൈലി മാറ്റങ്ങൾ



സ്തനാർബുദം സ്ത്രീകളിൽ ഏറ്റവും സാധാരണമായ ക്യാൻസറുകളിൽ ഒന്നാണ്. സ്വയം പരിശോധനയിലൂടെ സ്തനത്തിലെ മാറ്റങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ തേടുകയാണെങ്കിൽ സ്തനാർബുദം പൂർണമായും ഭേദമാക്കാവുന്നതാണ്. സ്തനാർബുദ സാധ്യതയെ രണ്ട് വിഭാഗങ്ങളായി തിരിക്കാം: ജീവിതശൈലിയിലെ മാറ്റങ്ങളിലൂടെ പരിഷ്ക്കരിക്കാവുന്നതും അല്ലാത്തതും. ഒന്നോ രണ്ടോ അപകട ഘടകങ്ങൾ ഉള്ളത് സ്തനാർബുദത്തിലേക്ക് നയിക്കണമെന്നില്ല. സ്തനാർബുദം കണ്ടെത്തിയവരിൽ പലർക്കും അപകട ഘടകങ്ങളൊന്നും അറിയില്ല എന്നതാണ് യാഥാർത്ഥ്യം. ജീവിതശൈലിയിൽ ചില മാറ്റങ്ങൾ വരുത്തി സ്തനാർബുദത്തെ എങ്ങനെ അകറ്റി നിർത്താം എന്ന് നോക്കാം.

### പ്രായം

പുരുഷന്മാരേക്കാൾ സ്ത്രീകൾക്ക് സ്തനാർബുദ സാധ്യത കൂടുതലാണ്. ഒരു അപകട ഘടകമാണ് പ്രായം, പ്രത്യേകിച്ച് ആർത്തവവിരാമത്തിന് ശേഷം.

### ജനിതക ഘടനയും പാരമ്പര്യ ഘടകവും

ഏറ്റവും അടുത്ത രക്തബന്ധമുള്ള ആർക്കെങ്കിലും പ്രത്യേകിച്ച് ചെറുപ്പത്തിൽ സ്തനാർബുദം ഉണ്ടായിട്ടുണ്ടെങ്കിൽ ശ്രദ്ധിക്കണം. BRC A1, BRC A2 ജീനുകളുള്ളവർക്കും അപകടസാധ്യത കൂടുതലാണ്.

### പ്രത്യുൽപ്പാദനം

12 വയസ്സിന് മുമ്പ് ആർത്തവം ആരംഭിക്കുന്നവരിലും 55 വയസ്സിന് ശേഷം ആർത്തവവിരാമം നേരിടുന്നവരിലും ഈസ്ട്രജൻ ഹോർമോണിന്റെ എക്സ്പോഷർ കൂടുതലാണ്. ഇത് സ്തനാർബുദ സാധ്യത വർദ്ധിപ്പിക്കുന്നു.

### സ്തനാർബുദം എങ്ങനെ തടയാം? ഈ അപകടസാധ്യതകൾ തിരിച്ചറിയുക

### ഹോർമോൺ മാറ്റിസ്ഥാപിക്കൽ തെറാപ്പി

ആർത്തവവിരാമം കഴിഞ്ഞ സ്ത്രീകൾ ഈസ്ട്രജൻ, പ്രൊജസ്റ്ററോൺ ഹോർമോൺ റീപ്ലേസ്മെന്റ് തെറാപ്പിക്ക് വിധേയരാകുകയും ഗർഭനിരോധന ഗുളികകൾ കഴിക്കുകയും ചെയ്യുന്നത് സ്തനാർബുദ സാധ്യത വർദ്ധിപ്പിക്കുമെന്ന് പറയപ്പെടുന്നു.

### മദ്യം

സ്ഥിരമായി മദ്യപിക്കുന്നവരിലാണ് സ്തനാർബുദം കണ്ടുവരുന്നത്. ഇതിന്റെ ഉപയോഗം നിയന്ത്രിച്ചാൽ രോഗം തടയാം

### ശരീരഭാരവും വ്യായാമക്കുറവും

ഉദാസീനമായ ജീവിതശൈലിയും വ്യായാമക്കുറവും സ്തനാർബുദ സാധ്യത വർദ്ധിപ്പിക്കുന്നു, പ്രത്യേകിച്ച് ആർത്തവവിരാമത്തിനു ശേഷം. അമിതവണ്ണവും രോഗത്തെ ത്വരിതപ്പെടുത്തുന്നു.

### റേഡിയേഷൻ

നെഞ്ചിനോ മുഖത്തോ റേഡിയേഷൻ തെറാപ്പിക്ക് വിധേയമായിട്ടുള്ളവരും ശ്രദ്ധിക്കേണ്ടതാണ്.

### സ്തനാർബുദം നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ നടപടികൾ

പല അപകട ഘടകങ്ങളും വ്യക്തിഗത നിയന്ത്രണത്തിന് അതീതമായതിനാൽ സ്തനാർബുദം തടയുന്നത് വെല്ലുവിളിയാണ്. എന്നിരുന്നാലും, നിരവധി തന്ത്രങ്ങളും ജീവിതശൈലി മാറ്റങ്ങളും സ്തനാർബുദം വികസിപ്പിക്കുന്നതിനുള്ള അപകടസാധ്യത കുറയ്ക്കുന്നതിന് അല്ലെങ്കിൽ കൂടുതൽ ചികിത്സിക്കാവുന്ന ഘട്ടത്തിൽ തന്നെ അത് കണ്ടെത്തുന്നതിന് സഹായിക്കും.

1. ക്ലിനിക്കൽ ബ്രെസ്റ്റ് എക്സാമുകളും സെൽഫ് എക്സാമുകളും ഉൾപ്പെടെയുള്ള പതിവ് മാമോഗ്രാമുകളും ശുപാർശ ചെയ്യുന്ന സ്ക്രീനിംഗുകളും പാലിക്കുന്നത് നിർണായകമാണ്. നേരത്തെയുള്ള കണ്ടെത്തൽ കൂടുതൽ ഫലപ്രദമായ ചികിത്സയിലേക്ക് നയിക്കും.

2. ചിട്ടയായ ശാരീരിക പ്രവർത്തനങ്ങൾ സ്തനാർബുദ സാധ്യത കുറയ്ക്കാൻ സഹായിക്കും. ആഴ്ചയിൽ കുറഞ്ഞത് 150 മിനിറ്റെങ്കിലും വ്യായാമം ചെയ്യുക.

3. പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, പ്രോട്ടീനുകൾ എന്നിവ അടങ്ങിയ ഭക്ഷണമാണ് അഭികാമ്യം. സംസ്കരിച്ചതും ചുവന്നതുമായ മാംസം, മധുരമുള്ള ഭക്ഷണങ്ങൾ, ഉയർന്ന കൊഴുപ്പുള്ള പാലുൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക.


4. മുലയൂട്ടൽ സ്തനാർബുദ സാധ്യത കുറയ്ക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. മുലയൂട്ടൽ കാലാവധി നീട്ടുന്നത് കൂടുതൽ സംരക്ഷണം നൽകും.

5. ആർത്തവവിരാമ ലക്ഷണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഇതര മാർഗ്ഗങ്ങൾ പര്യവേക്ഷണം ചെയ്യുന്നത് എച്ച്ആർടിയുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ ഒഴിവാക്കാൻ സഹായിക്കും.

6. കുടുംബത്തിൽ സ്തനാർബുദ പാരമ്പര്യമുള്ളവർ വിദഗ്ധ നിർദേശം സ്വീകരിച്ച് വേണ്ട മുൻകരുതലുകളെടുക്കാം.

7. സ്തനാർബുദം മാത്രമല്ല മറ്റനേകം അർബുദങ്ങളെ പ്രതിരോധിക്കാൻ പുകവലി ഉപേക്ഷിക്കാവുന്നതാണ്.

# നോൺആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് ഒഴിവാക്കാനുള്ള 5 എളുപ്പവഴികൾ



കരൾ കോശങ്ങളിൽ അധിക കൊഴുപ്പ് അടിഞ്ഞുകൂടുന്ന അവസ്ഥയാണ് ഫാറ്റി ലിവർ. ഇതിന് ആൽക്കഹോൾ, നോൺ ആൽക്കഹോളിക് എന്നിങ്ങനെ രണ്ട് തരമുണ്ട്. മദ്യപാനം കാരണമല്ലാതെ കൊഴുപ്പ് അടിഞ്ഞുകൂടുന്ന അവസ്ഥയാണ് നോൺആൽക്കഹോളിക് ഫാറ്റി ലിവർ. ഇൻസുലിൻ പ്രതിരോധമാണ് നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസിലേക്കു നയിക്കുന്ന പ്രധാന കാരണം. കരളിലെയും മറ്റ് ടിഷ്യൂകളിലെയും അധിക കൊഴുപ്പ് ഇൻസുലിൻ പ്രവർത്തനത്തെ തടയുന്ന ഫ്രീ ഫാറ്റി ആസിഡുകളും സൈറ്റോകൈനുകളും പോലുള്ള ദോഷകരമായ വസ്തുക്കളെ പുറത്തുവിടുന്നതിനാൽ അമിതവണ്ണം ഇതിന് ഇന്ധനം നൽകുന്നു.

ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് വർദ്ധിപ്പിക്കുകയും ഇൻസുലിൻ പ്രതിരോധത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അമിതവണ്ണമുള്ളവരിൽ 40 മുതൽ 90 ശതമാനം വരെ സാധ്യതയാണ് നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസിന്. ജീവിതശൈലീ നിയന്ത്രണങ്ങൾ കൊണ്ടും മതിയായ വ്യായാമത്തിലൂടെയും ഭക്ഷണക്രമീകരണത്തിലൂടെയും ചില മരുന്നുകൾ കൊണ്ടും ഈ ഫാറ്റി ലിവർ ഭേദമാക്കാവുന്നതാണ്.

### നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് പ്രതിരോധിക്കാനുള്ള മാർഗങ്ങൾ അറിയാം

1. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ തിരഞ്ഞെടുക്കുക: കരളിന്റെ ആരോഗ്യത്തിന് സമീകൃതവും പോഷകസമൃദ്ധവുമായ ഭക്ഷണക്രമം പരിശീലിക്കാം. അനാരോഗ്യകരമായ കൊഴുപ്പുകൾ അടങ്ങിയ ഫാസ്റ്റ് ഫുഡുകളും വറുത്ത ഭക്ഷണങ്ങളും ഒഴിവാക്കുക. പകരം, മുഴുവൻ ധാന്യങ്ങളും പ്രോട്ടീനും നിറഞ്ഞതും കൂടുതൽ പഴങ്ങളും പച്ചക്കറികളും അടങ്ങിയതുമായ ഭക്ഷണക്രമം കഴിക്കുക. വിറ്റാമിനുകളും ആന്റി ഓക്സിഡന്റുകളും നാരുകളും അടങ്ങിയ ഭക്ഷണം കരളിന്റെ ആരോഗ്യത്തിന് നല്ലതാണ്.

2. പഴങ്ങളും പച്ചക്കറികളും കഴിക്കുക: ദൈനംദിന ഭക്ഷണത്തിൽ ആവശ്യത്തിന് പഴങ്ങളും സാലഡും ഉൾപ്പെടുത്തണം. ഇതിലൂടെ ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ ലഭിക്കും. വിറ്റാമിനുകൾ, ആന്റിഓക്സിഡന്റുകൾ, നാരുകൾ എന്നിവയാൽ സമ്പന്നമായ പച്ചക്കറികളും പഴങ്ങളും കരളിനെ സംരക്ഷിക്കുകയും ആൽക്കഹോളിക് ഫാറ്റി ലിവർ രോഗ സാധ്യത കുറയ്ക്കുകയും ചെയ്യും.

3.വ്യായാമം ഒരു ശീലമാക്കുക: നല്ല ജീവിതശൈലിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ് ചിട്ടയായ വ്യായാമം. ആരോഗ്യകരമായ ശരീരഭാരം നിലനിർത്താനും ഇൻസുലിൻ പ്രതിരോധം മെച്ചപ്പെടുത്താനും കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നത് തടയാനും ഇത് സഹായിക്കും. ആഴ്ചയിൽ കുറഞ്ഞത് 150 മിനിറ്റെങ്കിലും മിതമായതും ഊർജ്ജസ്വലവുമായ വ്യായാമം ചെയ്യുക.

4. വിദഗ്ദ്ധോപദേശം നേടുക: ഏതെങ്കിലും മരുന്നുകളോ സപ്ലിമെന്റുകളോ ആരംഭിക്കുന്നതിന് മുമ്പ് വിദഗ്ദ്ധോപദേശം നേടുക. ചില മരുന്നുകൾ കരളിന്റെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കും. കരൾ പ്രശ്നങ്ങളുള്ളവരും നോൺആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് ഉണ്ടാകാനുള്ള സാധ്യതയുള്ളവരും ഏതെങ്കിലും മരുന്ന് കഴിക്കുന്നതിന് മുമ്പ് അവരുടെ ഡോക്ടറെ സമീപിക്കേണ്ടതാണ്.

5. പഞ്ചസാര പാനീയങ്ങളോട് നോ പറയുക: സീറോ കലോറി ഓപ്ഷനുകൾ ഉൾപ്പെടെ പഞ്ചസാര അടങ്ങിയ പാനീയങ്ങൾ ഒഴിവാക്കുക. ഈ പാനീയങ്ങൾ ശരീരഭാരം വർദ്ധിപ്പിക്കുന്നതിനും ഇൻസുലിൻ പ്രതിരോധത്തിനും കാരണമാകും, നിങ്ങളുടെ കരളിനെയും മൊത്തത്തിലുള്ള ആരോഗ്യത്തെയും നിയന്ത്രിക്കാൻ വെള്ളം, ഹെർബൽ ടീ തിരഞ്ഞെടുക്കുക.

# കഞ്ചാവ് വലിക്കുന്നവരിൽ 34 ശതമാനം പേർക്കും ഹൃദയാഘാത സാധ്യത; എഎച്ച്എയുടെ പഠന റിപ്പോർട്ട്



ലഹരി കഞ്ചാവിന്റെ (മരിജുവാന) ഉപയോഗം ഹൃദയത്തെയും തലച്ചോറിനെയും ബാധിക്കുമെന്ന് പഠന റിപ്പോർട്ട്. അമേരിക്കൻ ഹാർട്ട് അസോസിയേഷൻ (എഎച്ച്എ) പുറത്തുവിട്ട പഠന റിപ്പോർട്ടിലാണ് ഞെട്ടിക്കുന്ന വെളിപ്പെടുത്തൽ. ഫിലാഡൽഫിയയിലെ സയന്റിഫിക് സെഷൻസ് 2023ലാണ് പഠനം പ്രസിദ്ധീകരിച്ചത്. എഎച്ച്എ അനുസരിച്ച്, മരിജുവാനയുടെ ദീർഘകാല ഉപയോഗം സ്ട്രോക്കിനും ഹൃദയാഘാതത്തിനുമുള്ള സാധ്യത വർദ്ധിപ്പിക്കും. ദിവസവും കഞ്ചാവ് വലിക്കുന്നവരിൽ 34 ശതമാനം പേർക്കും ഹൃദയാഘാത സാധ്യതയുണ്ടെന്നാണ് കണ്ടെത്തൽ.

അമേരിക്കൻ ഹാർട്ട് അസോസിയേഷൻ രണ്ട് ഘട്ടങ്ങളിലായാണ് പഠനം നടത്തിയത്. പഠനത്തിനായി കഞ്ചാവ് ഉപയോഗിച്ച ഹൃദയാഘാതം ഉണ്ടാകാത്ത 156,999 പേരെ അവർ തിരഞ്ഞെടുത്തു. നാല് വർഷത്തോളം അവരെ നിരീക്ഷിച്ചു. ഇതിൽ 2,958 പേർ ഹൃദയാഘാതം മൂലം മരിച്ചു. കഞ്ചാവിന്റെ ദൈനംദിന അമിതോപയോഗമാണ് ഇതിന് കാരണമെന്ന് അസോസിയേഷൻ പറഞ്ഞു.

കൂടാതെ നിരീക്ഷണത്തിൽ ഉണ്ടായിരുന്ന ആളുകൾക്ക് ഹൃദയധമനികളിൽ രക്തം കട്ടയാകുന്നതുൾപ്പെടെയുള്ള അവസ്ഥ കണ്ടെത്തി. അവർക്ക് 34 ശതമാനം മുതൽ 27 ശതമാനം വരെയാണ് ഹൃദായാഘാതം ഉണ്ടാകാനുള്ള സാധ്യതയെന്നും പഠനം തെളിയിച്ചു. ഈ പഠനത്തെ നയിച്ച ബാൾട്ടിമോറിലെ മെഡ്സ്റ്റാർ ഹെൽത്തിലെ റസിഡന്റ് ഫിസിഷ്യൻ ഡോ. യാകുബു ബെനെഅൽഹസൻ, ദിവസേനയുള്ള കഞ്ചാവ് ഉപയോഗം ഹൃദയ സൂക്ഷ്മധമനി രോഗങ്ങൾക്ക് കാരണമാവുകയും ഹൃദയസ്തംഭനം ഉണ്ടാകുന്നതിന് കാരണമാവുകയും ചെയ്യുമെന്ന് അഭിപ്രായപ്പെട്ടു.

സ്ഥിരമായി കഞ്ചാവ് ഉപയോഗിക്കുന്ന ഉയർന്ന രക്തസമ്മർദ്ദം, ടൈപ്പ് 2 പ്രമേഹം, കൊളസ്ട്രോൾ എന്നിവയുള്ള 28,535 പേരെ പഠനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി. അവരിൽ ഭൂരിഭാഗവും 65 വയസ്സിനു മുകളിലുള്ളവരായിരുന്നു. അവർ പുകയിലയും ഉപയോഗിച്ചിരുന്നു. കഞ്ചാവ് ഉപയോഗിക്കുന്നവരിൽ 20 ശതമാനം പേർക്കും പക്ഷാഘാതമോ ഹൃദയാഘാതമോ ഉണ്ടായിട്ടുണ്ടെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

## സൈബർ തട്ടിപ്പുകൾക്ക് തടയിടാൻ കേന്ദ്രം;
# മൊബൈൽ ഉപഭോക്താക്കൾക്ക് യുണീക് ഐഡി വരുന്നു



ന്യൂഡൽഹി: സൈബർ തട്ടിപ്പുകൾ തടയുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ മൊബൈൽ ഫോൺ ഉപയോക്താക്കൾക്കായി കേന്ദ്രസർക്കാർ യുണീക് ഐഡി തയാറാക്കാൻ ഒരുങ്ങുന്നതായി റിപ്പോർട്ട്. തിരിച്ചറിയൽ ആവശ്യങ്ങൾക്കായി ഈ പ്രത്യേക തിരിച്ചറിയൽ നമ്പർ ഉപയോഗിക്കുമെന്നും ഡിസംബറോടെ ഇത് നടപ്പാക്കുമെന്നും ടെലികോം വകുപ്പ് ഉദ്യോഗസ്ഥർ സൂചിപ്പിച്ചതായി റിപ്പോർട്ടിൽ പറയുന്നു. ഒരു ഉപഭോക്താവിന് എത്ര സിം കാർഡുകൾ ഉണ്ടെങ്കിലും അവർക്ക് ഒരു യുണീക് ഐഡി മാത്രമേ ഉണ്ടാകൂ. ആയുഷ്മാൻ ഭാരത് പദ്ധതിയുടെ 14 അക്ക ഡിജിറ്റൽ ഐഡിക്ക് സമാനമായിരിക്കും ഇതെന്നും റിപ്പോർട്ടിൽ പറയുന്നു.

ഏതെങ്കിലും തരത്തിലുള്ള തട്ടിപ്പിൽ ഒരു ഫോൺ നമ്പർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, യുണീക് ഐഡി നമ്പർ ഉപയോഗിച്ച് വ്യക്തിയെ കണ്ടെത്താനാകും. മാത്രമല്ല ഈ വ്യക്തിയുടെ പേരിലുള്ള മറ്റ് ഫോൺ നമ്പറുകൾ, ഇത് വാങ്ങിയ സ്ഥലത്തിന്റെയും ഉപയോഗിക്കുന്ന സ്ഥലത്തിന്റെയും വിശദാംശങ്ങൾ എന്നിവയടക്കം ലഭിക്കും. സിം വാങ്ങുന്നതിനായി ഉപഭോക്താക്കൾ നൽകുന്ന ചിത്രങ്ങൾ എഐ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള 'അസ്ത്ര്' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പരിശോധിക്കുമെന്ന് സർക്കാർ നേരത്തെ അറിയിച്ചിരുന്നു. രാജ്യത്ത് ഒരാൾക്ക് സ്വന്തം പേരിൽ എടുക്കാവുന്നത് പരമാവധി ഒമ്പത് സിമ്മുകളാണ്. അതിൽ കൂടുതൽ സിം വാങ്ങിയാൽ സറണ്ടർ ചെയ്യേണ്ടി വരും.

## 'ഇൻസ്റ്റഗ്രാം പോൺസൈറ്റിന് തുല്യം'; വീണ്ടും സക്കർബർഗുമായി ഉടക്കി മസ്ക്



കോടീശ്വരനായ എലോൺ മസ്കും മെറ്റ ഉടമ മാർക്ക് സക്കർബർഗും തമ്മിലുള്ള സൈബർ യുദ്ധം ഏറെ നാളായി തുടരുകയാണ്. ടിറ്ററിന് ബദലായി സക്കർബർഗ് ത്രെഡ്സ് ആരംഭിച്ചതോടെ വാഗ്വാദങ്ങൾ ശക്തമായി. ഒടുവിൽ ഇപ്പോഴിതാ ഇൻസ്റ്റഗ്രാമിനെതിരെയും ആരോപണവുമായി മസ്ക് രംഗത്തെത്തിയിരിക്കുകയാണ്. ഡോഡ്ജ് ഡിസൈനർ എന്ന ടിറ്റർ ഹാൻഡിലാണ് പുതിയ സൈബർ യുദ്ധത്തിന് തുടക്കമിട്ടത്. 'എന്താണ് ഇൻസ്റ്റാഗ്രാമും ഓൺലിഫാൻസും തമ്മിലുള്ള വ്യത്യാസം.. പേരിൽ മാത്രമാണ് വ്യത്യാസം.' ഡോഡ്ജ് ഡിസൈനർ പേജിലെ ടീറ്റ് ഇതായിരുന്നു.

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ഇൻസ്റ്റാഗ്രാം മെറ്റയുടെ കീഴിലാണ്. എന്നാൽ ഓൺലിഫാൻസ് യുകെ ആസ്ഥാനമായുള്ള പോൺ വെബ്സൈറ്റാണ്. ഡോഡ്ജ് ഡിസൈനർ ടിറ്റർ ഹാൻഡിലിന്റെ ടീറ്റിന് കീഴിൽ മസ്ക് പോസ്റ്റ് ചെയ്ത ഒരു കമന്റ് ടീറ്റ് വൈറലാക്കി. 'പ്രെറ്റി മച്ച്' എന്നായിരുന്നു മസ്കിന്റെ പ്രതികരണം. ഇതാണ് പോസ്റ്റിനെ ശ്രദ്ധേയമാക്കിയത്.

പോൺസൈറ്റിന് തുല്യമാണ് ഇൻസ്റ്റാഗ്രാം എന്ന വാദത്തെ ശരിവെക്കുന്ന തരത്തിൽ മസ്ക് പ്രതികരിച്ചതിന് പിന്നാലെയാണ് സക്കർബർഗുമായി പുതിയ സൈബർ യുദ്ധം തുടങ്ങിയതെന്നാണ് ഇന്റർനെറ്റിലെ ചർച്ച.

# എഐ യൂട്യൂബിലുമെത്തി; എങ്ങനെ പ്രവർത്തിക്കാം




യൂട്യൂബിലും ഇനി എഐ. ഉപയോക്താക്കൾക്ക് അവർ കാണുന്ന വീഡിയോകളുടെ ഉള്ളടക്കത്തെക്കുറിച്ച് കൂടുതലറിയാൻ യൂട്യൂബിനോട് ചോദ്യങ്ങൾ ചോദിക്കാനും ഉത്തരങ്ങൾ അറിയാനും കഴിയും. പ്ലേബാക്ക് തടസ്സപ്പെടുത്താതെ നിങ്ങൾ കാണുന്ന വീഡിയോകളെ അടിസ്ഥാനമാക്കിയുള്ള സജഷനുകളും ഇത് നൽകുന്നു. റെക്കമന്റേഷൻസ് നിലവിൽ യൂട്യൂബിൽ ലഭ്യമാണെങ്കിലും, ഇതിന്റെ കൃത്യത പലപ്പോഴും ശരിയായിരിക്കണമെന്നില്ല. അതോടൊപ്പം പഠനാവശ്യങ്ങളുമായി ബന്ധപ്പെട്ട വീഡിയോ കാണുന്നവർക്ക് എഐ ഉപയോഗിച്ച് ക്വിസ്സുകൾക്ക് ഉത്തരം നൽകാനും യൂട്യൂബ് അവസരം നൽകുന്നു.

**എങ്ങനെ?**

തിരഞ്ഞെടുത്ത വീഡിയോകളിൽ ദൃശ്യമാകുന്ന 'Ask' ബട്ടണിൽ ടാപ്പ് ചെയ്ത് ജനറേറ്റീവ് എഐ ഫീച്ചർ ഉപയോഗിക്കാനാകും, കൂടാതെ ജിപിടിക്ക് സമാനമായി വീഡിയോയെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കാൻ ഉപയോക്താക്കളെ അനുവദിക്കുന്നു. ഈ ഫീച്ചർ നിലവിൽ തിരഞ്ഞെടുത്ത വരിക്കാർക്ക് മാത്രമേ ലഭ്യമാകൂ. അത് യുഎസിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വരും ആഴ്ചകളിൽ ആൻഡ്രോയിഡ് ഫോണുകളിലും കൂടുതൽ യൂട്യൂബ് പ്രീമിയം അംഗങ്ങളിലേക്കും ഇത് അവതരിപ്പിക്കുമെന്ന് കമ്പനി പറയുന്നു.

# വിപണിയിലെ താരമായി സാംസങ്ങും, ഐഫോണും; ഇന്ത്യക്കാർക്ക് ഇഷ്ടം പ്രീമിയം സ്മാർട്ട്ഫോണുകളോട്



സ്മാർട്ട്ഫോണുകൾ വളരെക്കാലമായി മനുഷ്യജീവിതത്തിന്റെ ഭാഗമാണ്. കോളുകൾ മാത്രം സാധ്യമായിരുന്ന അവസ്ഥയിൽ നിന്ന്, ഈ ഹാൻഡ്ഹെൽഡ് ഉപകരണം ഉപയോഗിച്ച് ഇപ്പോൾ സിനിമ വരെ ചിത്രീകരിക്കാൻ കഴിയും. ഇന്ത്യൻ വിപണിയിൽ സ്മാർട്ട്ഫോണുകളുടെ ആധിപത്യവും പ്രകടമാണ്.

സ്മാർട്ട്ഫോണുകൾ പലവിഭാഗങ്ങളിൽ വരുമെങ്കിലും ഇന്ത്യക്കാർ പ്രീമിയം വിഭാഗത്തെ ഇഷ്ടപ്പെടുന്നു. പ്രീമിയം, മിഡ് പ്രീമിയം, എൻട്രി പ്രീമിയം സെഗ്മെന്റ് ഫോണുകളുടെ വിൽപ്പനയിലും ഗണ്യമായ വളർച്ചയുണ്ടായി. ഇന്ത്യയിൽ വിൽക്കുന്ന സ്മാർട്ട്ഫോണുകളുടെ ശരാശരി വില 21,068 രൂപയായി ഉയർന്നതായി ദേശീയ മാധ്യമമായ ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്യുന്നു.

2023ൽ ഏകദേശം 44 ദശലക്ഷത്തോളം സ്മാർട്ട്ഫോണുകളുടെ ഷിപ്പ്മെന്റാണ് സംഭവിച്ചിരിക്കുന്നത്. 45,000 മുതൽ 65,000 രൂപ വരെ വിലയുള്ള ഫോണുകളുടെ വിൽപ്പനയിൽ 52 ശതമാനം വളർച്ചയാണ് ഉണ്ടായിരിക്കുന്നത്. വിപണി വിഹിതത്തിന്റെ മൂന്ന് ശതമാനവും പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഫോണുകളുടെ പേരിലാണ്.

ഐഫോൺ 13, 14, സാംസങ് ഗാലക്സി എസ്23, എസ്23 എഫ്ഇ സീരീസിലുള്ള ഫോണുകളുടെ സ്വീകാര്യത വർധിച്ചതാണ് ഇതിന് പ്രധാന കാരണം. 30,000 മുതൽ 45,000 രൂപ വരെ വിലയുള്ള ഫോണുകളുടെ വിൽപ്പനയിൽ 37 ശതമാനം വർധനവാണ് ഉണ്ടായിരിക്കുന്നത്.

8,000 രൂപ മുതൽ 15,000 രൂപ വരെ വില വരുന്ന ബഡ്ജറ്റ് സ്മാർട്ട്ഫോണുകളുടെ വിൽപ്പനയിൽ 14 ശതമാനം ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും മാർക്കറ്റ് ഷെയറിന്റെ 44 ശതമാനവും കയ്യടക്കിയിരിക്കുന്നത് ബഡ്ജറ്റ് സ്മാർട്ട്ഫോണുകളാണ്.

16.2 ശതമാനം മാർക്കറ്റ് ഷെയറോടെ സാംസങ്ങാണ് ഇന്ത്യയിലെ ഏറ്റവും വലിയ സ്മാർട്ട്ഫോൺ ബ്രാൻഡ്. റിയൽമിയാണ് രണ്ടാം സ്ഥാനത്ത്, 15.1 ശതമാനം മാർക്കറ്റ് ഷെയർ. വിവോ, ഷവോമി, ഓപ്പോ എന്നീ കമ്പനികളാണ് യഥാക്രമം മൂന്ന്, നാല്, അഞ്ച് സ്ഥാനങ്ങളിൽ. വൺപ്ലസ് ആറാമതും ആപ്പിൾ എട്ടാം സ്ഥാനത്തുമാണ് പട്ടികയിൽ.

# ഹൃദയാഘാതം മൂലമുള്ള പെട്ടെന്നുള്ള മരണം പ്രവചിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് സാധിക്കുമോ?




ഹൃദയാഘാതം മൂലമുണ്ടാവുന്ന പെട്ടെന്നുള്ള മരണം പ്രവചിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് സാധിക്കുമെന്ന് പുതിയ പഠനം. ഹൃദയാഘാതം മൂലം പെട്ടെന്ന് മരിക്കാൻ 90 ശതമാനത്തിലധികം സാധ്യതയുള്ളവരെ തിരിച്ചറിയാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് സാധിക്കുമെന്നാണ് പഠനം പറയുന്നത്. ലോകത്ത് പെട്ടെന്നുള്ള ഹൃദയാഘാതം മൂലമുള്ള മരണങ്ങൾ 10 മുതൽ 20 ശതമാനം വരെയാണെന്ന് ഇൻസെം യൂനിവേഴ്സിറ്റി ഓഫ് പാരിസിലെ ഹൃദയ ഗവേഷണ കേന്ദ്രം ഡയറക്ടർ സേവ്യർ ജുവൻ പറഞ്ഞു. മുഴുവൻ മെഡിക്കൽ രേഖകളും ഉപയോഗിച്ച് ആളുകളിലെ ഹൃദയാഘാത സാധ്യത മനസിലാക്കുന്ന പുതിയൊരു മോഡലാണ് തങ്ങൾ വികസിപ്പിച്ചെടുത്തതെന്നും അദ്ദേഹം വ്യക്തമാക്കി. പാരീസിലെയും സിയാറ്റിലിലെയും പെട്ടെന്നുള്ള ഹൃദയാഘാതം മൂലം മരിച്ച 25,000 പേരുടെ വിവരങ്ങൾ എ.ഐയുടെ സഹായത്തോടെ പഠനവിധേയമാക്കി. ഇതിനൊപ്പം സാധാരണക്കാരായ 75,000 പേരുടെ വിവരങ്ങളും നിരീക്ഷിച്ചു. ഇതിൽ ഇവരുടെ 10 വർഷത്തിനിടയിലെ 10 ലക്ഷത്തോളം മെഡിക്കൽ പരിശോധന രേഖകൾ പഠനവിധേയമാക്കി. ഈ ഡാറ്റ ഉപയോഗിച്ച് എ.ഐയുടെ സഹായത്തോടെ പെട്ടെന്നുള്ള ഹൃദയാഘാതം തിരിച്ചറിയുന്നതിനായി 25,000ത്തോളം സമവാക്യങ്ങളാണ് ഗവേഷകർ നിർമ്മിച്ചെടുത്തത്. പഠനത്തിനായി തെരഞ്ഞെടുത്ത ആളുകളുടെ പെട്ടെന്നുള്ള ഹൃദയാഘാത സാധ്യതകൾ പരിശോധിച്ച് അവരുടെ റിസ്ക് പ്രൊഫൈലും തയാറാക്കിയിരുന്നു.

തുടർന്ന് ഉയർന്ന രക്തസമ്മർദ്ദം, ഹൃദയരോഗ ചരിത്രം, മദ്യ ഉപയോഗം പോലുള്ള നിരവധി ഘടകങ്ങൾ പരിഗണിച്ചാണ് റിസ്ക് പ്രൊഫൈൽ തയാറാക്കിയത്. റിസ്ക് പ്രൊഫൈൽ 89 ശതമാനത്തിന് മുകളിൽ ഹൃദയാഘാത സാധ്യതയുള്ള ഒരാൾക്ക് മൂന്ന് മാസത്തിനുള്ളിൽ അത് സംഭവിക്കുമെന്നാണ് പ്രവചനം. എ.ഐ ഉപയോഗിച്ച് തയാറാക്കുന്ന ഇത്തരം വിവരങ്ങൾ ഉപയോഗപ്പെടുത്തി ഹൃദയാഘാത സാധ്യത പരമാവധി കുറക്കാൻ സാധിക്കുമെന്നാണ് ഗവേഷകർ വ്യക്തമാക്കുന്നത്.

# 'ഗാസയിലെ അധിനിവേശം ഇസ്രായേലിന് നല്ലതല്ല'; വീണ്ടും ശബ്ദമുയർത്തി ബൈഡൻ

ഇസ്രായേൽ-ഹമാസ് യുദ്ധം രണ്ടാം മാസത്തിലേക്ക് കടന്നിരിക്കുകയാണ്. മാനുഷിക പരിഗണന വച്ച് വെടിനിർത്തൽ പ്രഖ്യാപിക്കണമെന്ന് അമേരിക്ക ഉൾപ്പെടെ നിരവധി രാജ്യങ്ങൾ ആഹ്വാനം ചെയ്തിട്ടും ഇസ്രായേൽ ആവർത്തിച്ച് വെടിനിർത്തൽ നിഷേധിച്ചു. മിഡിൽ-ഈസ്റ്റിന്റെ മറ്റ് ഭാഗങ്ങളിലേക്ക് യുദ്ധം വ്യാപിക്കുമെന്ന ഭീതിയിൽ താൽക്കാലികമായി വെടിനിർത്താൻ യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനോട് ആവശ്യപ്പെട്ടെങ്കിലും ഇസ്രായേൽ ഡിഫൻസ് ഫോഴ്സ് (ഐഡിഎഫ്) നിരസിക്കുകയാണുണ്ടായത്. കൂടാതെ, ഹമാസിനെ മേഖലയിൽ നിന്ന് തുടച്ചുനീക്കിയതിന് ശേഷം മാത്രമേ ഇസ്രായേൽ പിന്മാറുവെന്ന് പ്രധാനമന്ത്രി നെതന്യാഹു നേരത്തെ വെളിപ്പെടുത്തിയിരുന്നു.ഗാസയുടെ സുരക്ഷയുടെ മേൽനോട്ടം വഹിക്കുന്നതിനെക്കുറിച്ച് നെതന്യാഹു വാർത്താ ചാനലായ എബിസിക്ക് നൽകിയ അഭിമുഖം പലസ്തീൻ എൻക്ലേവിൽ വീണ്ടും അധിനിവേശം സാധ്യമാക്കുമെന്ന ആശങ്ക ഉയർത്തിയിട്ടുണ്ട്. ടോക്കിയോയിൽ നടക്കാനിരിക്കുന്ന സെവൻ ഓഫ് സെവൻ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലെ പ്രധാന ചർച്ചാ വിഷയം ഇസ്രായേൽ-ഗാസ സംഘർഷമാണ്. ചൊവ്വാഴ്ച വൈകി ടോക്കിയോയിൽ നടന്ന ഉഭയകക്ഷി യോഗത്തിൽ യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനും വിദേശകാര്യ മന്ത്രി യോക്കോ കാമികാവയും ഈ വിഷയത്തിൽ യോജിച്ചു.ഇതുവരെ അഞ്ച് ബന്ദികളെ ഹമാസിന്റെ തടവിൽ നിന്ന് മോചിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും, ഗാസയിൽ കുടുങ്ങിക്കിടക്കുന്നവരാണെന്ന് കരുതപ്പെടുന്നവരുടെ കുടുംബങ്ങൾ അവരുടെ മോചനത്തിനായി കേഴുകയാണ്. ഇസ്രയേൽ-പലസ്തീൻ സംഘർഷം ചർച്ച ചെയ്യുന്നതിനായി സൗദി അറേബ്യ അറബ്, ഇസ്ലാമിക രാജ്യങ്ങളുടെ ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കും.ഹ്രസ്വകാലത്തേക്ക്, ഈ മൂന്ന് ഉച്ചകോടികളും മറ്റ് സമ്മേളനങ്ങളും സൗദി അറേബ്യയുടെ നേതൃത്വത്തിൽ കൊണ്ടുവരുന്നതിന്റെ ലക്ഷ്യം സംഘർഷം സമാധാനപരമായി പരിഹരിക്കുന്നതിലേക്ക് നയിക്കുമെന്ന് സൗദി നിക്ഷേപ മന്ത്രി ഖാലിദ് അൽ ഫാലിഹ് പറഞ്ഞു.ഒക്ടോബർ 7 ന് ഹമാസ് തീവ്രവാദികൾ ആക്രമണം നടത്തിയ ഗാസയ്ക്ക് സമീപമുള്ള പ്രദേശത്ത് കാരുണ്യമുള്ളത് എന്നർത്ഥമുള്ള 'ഹനുൻ' എന്ന പേരിൽ ഇസ്രായേൽ ഒരു പുതിയ നഗരം സ്ഥാപിക്കും. ഏകദേശം 500 കുടുംബങ്ങൾ അടങ്ങുന്ന സമ്മിശ്ര ജനസംഖ്യ ഇതിൽ ഉൾപ്പെടുന്നു.യുഎസ് വൈസ് പ്രസിഡന്റ് കമലാ ഹാരിസ് ഇസ്രായേൽ പ്രസിഡന്റ് ഐസക് ഹെർസോഗുമായി യുദ്ധ സംഭവവികാസങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ഹമാസിന്റെ ആക്രമണത്തെത്തുടർന്ന് തങ്ങളുടെ പൗരന്മാരെ സംരക്ഷിക്കാനും ഭീകരതയെ ചെറുക്കാനുമുള്ള ഇസ്രായേലിന്റെ അവകാശത്തെ പിന്തുണയ്ക്കുകയും ചെയ്തു.



## ഹമാസിന്റെ ആയുധ നിർമ്മാതാവിനെ വധിച്ചതായി ഇസ്രായേൽ

ഇസ്രായേലിലേക്ക് വീണ്ടും ഹമാസിന്റെ പ്രകോപനം. ഇതുവരെ ഹമാസ് ഇസ്രായേലിന് നേരെ 9500 റോക്കറ്റുകൾ തൊടുത്തുവിട്ടതായി ഇസ്രായേൽ വിദേശകാര്യ മന്ത്രാലയത്തിന്റെ കണക്കുകൾ വെളിപ്പെടുത്തി.ആക്രമണത്തിൽ 7198 പേർക്ക് പരിക്കേറ്റു, അതിൽ 342 പേർ ഇപ്പോഴും ആശുപത്രിയിലാണ്. 25 തായ് പൗരന്മാർ, 21 അർജന്റീനക്കാർ, 18 ജർമ്മൻകാർ, 10 അമേരിക്കക്കാർ, ഏഴ് ഫ്രഞ്ചുകാർ, ഏഴ് റഷ്യക്കാർ, നാല് ഹംഗേറിയക്കാർ, മൂന്ന് പോളണ്ട്, മൂന്ന് പോർച്ചുഗീസ്, രണ്ട് ബ്രിട്ടീഷുകാർ, രണ്ട് ഫിലിപ്പിനോകൾ, രണ്ട് റൊമാനിയക്കാർ, രണ്ട് ടാൻസാനിയക്കാർ എന്നിവരുൾപ്പെടെ 239 ബന്ദികളാണുള്ളത്. അതേസമയം ഹമാസിന്റെ ആയുധ നിർമ്മാതാവിനെ വധിച്ചതായി ഇസ്രായേൽ അറിയിച്ചു. ഗാസയുടെ ഹൃദയഭാഗത്തേക്ക് അവർ മുന്നേറിയതായും സൈന്യം അറിയിച്ചു.മഹ്സെൻ അബു സീന എന്ന നേതാവാണ് കൊല്ലപ്പെട്ടത്. ഭീകരരുടെ ആയുധനിർമ്മാതാവാണ് ഇയാൾ. ഇസ്രായേലുമായുള്ള യുദ്ധത്തിൽ ഹമാസ് അംഗങ്ങൾക്കായുള്ള ആയുധ നിർമ്മാണത്തിലും വിതരണത്തിലുമായിരുന്നു ഇയാൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.ഹമാസിനെതിരായ ഓപ്പറേഷൻ സ്വോർഡ്സ് ഓഫ് അയണിൽ ചേരാൻ വിദേശത്ത് നിന്ന് 3,30,000 പേർ ഇസ്രായേലിലേക്ക് മടങ്ങിയതായി ഇസ്രായേൽ എയർപോർട്ട് അതോറിറ്റി ചൊവ്വാഴ്ച അറിയിച്ചു. 14,000 ഹമാസിന്റെ ഒളിത്താവളങ്ങൾ ഐഡിഎഫ് ലക്ഷ്യമിട്ടതായി സൈനിക വക്താവ് പറഞ്ഞു. അതേസമയം, ജി7 രാജ്യങ്ങൾ ഹമാസിനെ അപലപിക്കുകയും ഇസ്രയേലിന്റെ സ്വയം പ്രതിരോധത്തിനുള്ള അവകാശത്തെ പിന്തുണയ്ക്കുകയും ചെയ്തു. യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനും ബ്രിട്ടൻ, കാനഡ, ഫ്രാൻസ്, ജർമ്മനി, ജപ്പാൻ, ഇറ്റലി എന്നിവിടങ്ങളിൽ നിന്നുള്ള വിദേശകാര്യ മന്ത്രിമാരും അടിയന്തിരമായി ആവശ്യമായ സഹായം, സിവിലിയൻ നീക്കങ്ങൾ, ബന്ദികളെ മോചിപ്പിക്കൽ എന്നിവ സുഗമമാക്കുന്നതിനുള്ള മാനുഷിക പരിഗണനയെ പിന്തുണയ്ക്കുന്നുവെന്ന് ഊന്നിപ്പറഞ്ഞു.

## എന്താണ് സ്പൈസ് ബോംബുകൾ; എന്തിനാണ് യുഎസ് അവ ഇസ്രായേലിലേക്ക് അയയ്ക്കാൻ ഒരുങ്ങുന്നത്?

ദി വാൾ സ്ട്രീറ്റ് ജേർണലിന്റെ റിപ്പോർട്ട് അനുസരിച്ച് അമേരിക്ക ഇസ്രായേലിന് 320 മില്യൺ ഡോളർ വിലമതിക്കുന്ന ആയുധങ്ങൾ പ്രത്യേകിച്ച് സ്പൈസ് ബോംബുകൾ നൽകാൻ ഒരുങ്ങുന്നു എന്നാണ് പുറത്തു വരുന്ന വിവരം. ഗാസ മുനമ്പിലെ സാധാരണക്കാരുടെ മരണനിരക്ക് കുറയ്ക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇസ്രായേലി റാഫേൽ അഡ്വാൻസ്ഡ് ഡിഫൻസ് സിസ്റ്റംസിന്റെ ഉപസ്ഥാപനമായ റാഫേൽ യുഎസ്എയാണ് ഈ ബോംബുകൾ നിർമ്മിക്കുന്നത്.എന്താണ് സ്പൈസ് ബോംബുകളെന്ന് അറിയാമോ? സ്പൈസ് (സ്മാർട്ട്, കൃത്യമായ ആഘാതം, ചെലവ് കുറഞ്ഞ) ബോംബുകൾ ഗൈഡഡ് ബോംബുകളുടെ ഗണത്തിൽ പെടുന്നവയാണ്. എന്നാൽ സ്പൈസ് ബോംബുകൾ ഗൈഡഡ് ബോംബുകളെ കൂടുതൽ കൃത്യവും ജിപിഎസ് ഗൈഡഡ് യുദ്ധോപകരണങ്ങളാക്കി മാറ്റാൻ രൂപകൽപ്പന ചെയ്തിരിക്കുന്നവയുമാണ്. ഇസ്രായേലി പ്രതിരോധ കമ്പനിയായ റാഫേൽ അഡ്വാൻസ്ഡ് ഡിഫൻസ് സിസ്റ്റംസും അതിന്റെ യുഎസ് ഉപസ്ഥാപനമായ റാഫേൽ യുഎസ്എയും ചേർന്നാണ് ഇവ നിർമ്മിക്കുന്നത്.സ്പൈസ് ബോംബുകൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത്?ബോംബിന്റെ മുൻവശത്ത് ഘടിപ്പിക്കുന്ന ഒരു ഗൈഡൻസ് കിറ്റും പിന്നിൽ ഘടിപ്പിക്കുന്ന ഒരു കൺട്രോൾ യൂണിറ്റും സ്പൈസ് ബോംബുകളിൽ അടങ്ങിയിരിക്കുന്നു. ഗൈഡൻസ് കിറ്റ് ഒരു ഇലക്ട്രോ ഒപ്റ്റിക്കൽ സീക്കർ ഉപയോഗിക്കുന്നു, അത് മുൻകൂട്ടി ലോഡുചെയ്ത ചിത്രത്തെ അടിസ്ഥാനമാക്കി ഒരു ടാർഗെറ്റ് തിരിച്ചറിയാനും ട്രാക്കു ചെയ്യാനും കഴിയും. ബോംബിനെ ലക്ഷ്യത്തിലേക്ക് നയിക്കാൻ കൺട്രോൾ യൂണിറ്റ് ചിറകുകൾ ഉപയോഗിക്കുന്നു.



## ജൂതന്മാരെ ആക്രമിക്കാനുള്ള ഹിസ്ബുള്ളയുടെ ഗൂഢാലോചന ബ്രസീൽ അധികൃതർ തകർത്തതായി ഇസ്രായേൽ

തെക്കേ അമേരിക്കൻ രാജ്യത്ത് ജൂതന്മാർക്കെതിരെ ആക്രമണം നടത്താനുള്ള ഹിസ്ബുള്ളയുടെ ഗൂഢാലോചനക്കെതിരെ ബ്രസീലിയൻ അധികാരികൾ ഇസ്രായേലി രഹസ്യാന്വേഷണ ഏജൻസിയുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ.ആഭ്യന്തര ആക്രമണങ്ങൾ നടത്താനും ബ്രസീലിയൻ പൗരന്മാരെ റിക്രൂട്ട് ചെയ്യാനും ലെബനൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇറാൻ പിന്തുണയുള്ള ഹിസ്ബുള്ള ഭീകരസംഘം ധനസഹായം നൽകിയെന്ന് സംശയിക്കുന്ന രണ്ട് പേരെ ബ്രസീലിലെ ഫെഡറൽ പോലീസ് അറസ്റ്റ് ചെയ്തതായി റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. "ബ്രസീലിൽ വളരാൻ തുടങ്ങുന്ന തീവ്രവാദ ശൃംഖലയെ അടിസ്ഥാനമാക്കി ഫെഡറൽ പോലീസ് അന്വേഷണം നടത്തുകയാണ്,'' റിയോ ഡി ജനീറോയിൽ നടന്ന ഒരു പരിപാടിയിൽ നീതിന്യായ മന്ത്രി ഫ്ലാവിയോ ഡിനോ പറഞ്ഞു.രണ്ട് പ്രതികളെ സാവോപോളോയിൽ വെച്ച് പോലീസ് കസ്റ്റഡിയിലെടുത്തെങ്കിലും തിരിച്ചറിഞ്ഞിട്ടില്ല.

സാവോപോളോയിലെ ഗ്വാറുലോസ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഒരാൾ പിടിയിലായതായി ടൈംസ് ഓഫ് ഇസ്രായേൽ റിപ്പോർട്ട് ചെയ്തു.ഇസ്രായേൽ, ജൂത, പാശ്ചാത്യ ലക്ഷ്യങ്ങൾക്കെതിരെ ആക്രമണം നടത്താൻ ഹിസ്ബുള്ളയും ഇറാനും ലോകമെമ്പാടും പ്രവർത്തിക്കുന്നത് തുടരുകയാണെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ ഓഫീസ് പറഞ്ഞു.

## മസ്കിന്റെ ടെസ്ല ഉടൻ ഇന്ത്യയിലെത്തും? കേന്ദ്ര മന്ത്രി പിയൂഷ് ഗോയലുമായി കൂടിക്കാഴ്ച

ന്യൂഡൽഹി: കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ടെസ്ല സിഇഒ എലോൺ മസ്കുമായി കൂടിക്കാഴ്ച നടത്തും. അമേരിക്കയിൽ വച്ചാണ് യോഗം. ഇന്ത്യൻ വിപണിയിൽ ടെസ്ലയുടെ ചുവടുറപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇരുവരും ചർച്ചകൾ നടത്താൻ പോകുന്നതെന്നാണ് റിപ്പോർട്ട്. കഴിഞ്ഞ ജൂണിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള കൂടിക്കാഴ്ചയിൽ ഇന്ത്യയിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നതായി എലോൺ മസ്ക് വ്യക്തമാക്കിയിരുന്നു. അതിന് ശേഷം നടക്കുന്ന ഉന്നതതല യോഗമാണിത്. കാറുകൾ നിർമ്മിക്കുന്നതിനും രാജ്യത്തുടനീളം ചാർജിംഗ് ഇൻഫ്രാസ്ട്രക്ചറുകൾ സ്ഥാപിക്കുന്നതിനുമായി ഇന്ത്യയിൽ ഒരു ഫാക്ടറി സ്ഥാപിക്കാൻ ടെസ്ല പദ്ധതിയിടുന്നു. കുറഞ്ഞ നികുതി നിരക്കിൽ ടെസ്ലയുടെ ഇലക്ട്രിക് കാറുകൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാൻ ടെസ്ലയെ അനുവദിക്കുന്ന കാര്യവും ചർച്ചയായേക്കും.



# ഓസ്‌ട്രേലിയയിൽ പബ്ബിലേക്ക് കാർ ഇടിച്ചു കയറി 2 കുട്ടികളടക്കം 5 ഇന്ത്യൻ വംശജർ കൊല്ലപ്പെട്ടു

മെൽബൺ: ഓസ്‌ട്രേലിയയിലെ വിക്ടോറിയയിലെ ഗ്രാമത്തിലുണ്ടായ കാർ അപകടത്തിൽ രണ്ട് കുട്ടികളടക്കം അഞ്ച് ഇന്ത്യൻ വംശജർ മരിച്ചു. ഒരു പബ്ബിലേക്ക് കാർ ഇടിച്ചുകയറിയാണ് അപകടം. രണ്ട് കുടുംബങ്ങളിൽ നിന്നുള്ളവരാണ് അപകടത്തിൽ പെട്ടത്. മെൽബണിന്റെ വടക്കുപടിഞ്ഞാറൻ ഗ്രാമമായ വിക്ടോറിയയിലെ ഡെയ്‌ൽസ്ഫോർഡിൽ ഞായറാഴ്ചയാണ് സംഭവമുണ്ടായത്.

ഒരു വെള്ള ബിഎംഡബ്ല്യു എസ്യുവി നടപ്പാതയിലേക്ക് കയറി റോയൽ ഡെയ്‌ൽസ്ഫോർഡ് ഹോട്ടലിന്റെ മുൻവശത്തെ പുൽത്തകിടിയിൽ ആളുകളെ ഇടിച്ചതായി പോലീസ് പറഞ്ഞു.നാല് പേർ സംഭവസ്ഥലത്ത് വെച്ച് തന്നെ മരിച്ചതായി വിക്ടോറിയൻ ചീഫ് പോലീസ് കമ്മീഷണർ ഷെയ്ൻ പാറ്റൺ പറഞ്ഞു. കൊല്ലപ്പെട്ടവരിൽ വിവേക് ഭാട്ടിയ (38), മകൻ വിഹാൻ (11), പ്രതിഭ ശർമ (44), മകൾ അൻവി (9), പങ്കാളി ജതിൻ ചുഗ് (30) എന്നിവരും ഉൾപ്പെടുന്നു.അൻവിയെ പരിക്കുകളോടെ മെൽബണിലെ ആൽഫ്രഡ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ഞായറാഴ്ച വൈകുന്നേരത്തോടെ മരിച്ചു.ഭാട്ടിയയുടെ 36 കാരിയായ ഭാര്യ രുചിയേയും ആറ് വയസ്സുള്ള മകൻ അബീറിനേയും ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. മൗണ്ട് മാസിഡോണിൽ നിന്നുള്ള 66 കാരനായ ബിഎംഡബ്ല്യു ഡ്രൈവറെ ജീവന് ഭീഷണിയില്ലാത്ത പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.






## കൊഴുപ്പു നീക്കൽ ശസ്ത്രക്രിയക്കിടെ 4 ഹൃദയാഘാതങ്ങൾ; ഇൻഫ്ളുവൻസർക്ക് ദാരുണാന്ത്യം

സാവോ പോളോ: ബ്രസീലിലെ പ്രസിദ്ധയായ സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ ലുവാന ആൻഡ്രേഡ്, കാൽമുട്ടിന് ലിപ്പോസക്ഷൻ ശസ്ത്രക്രിയ നടത്തി ഒരു ദിവസത്തിന് ശേഷം മരിച്ചു. ശസ്ത്രക്രിയയ്ക്കിടെ സങ്കീർണതകൾ രൂപപ്പെടുകയും ലുവാനയ്ക്ക് നാല് ഹൃദയസ്തംഭനങ്ങൾ ഉണ്ടാവുകയും ചെയ്തു. ശരീരത്തിലെ കൊഴുപ്പ് നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയയാണ് ലിപ്പോസക്ഷൻ.29 കാരിയായ ബ്രസീലിയൻ മോഡലിന്റെ കുടുംബം നിയമിച്ച ഒരു സ്വകാര്യ ഡോക്ടറും അനസ്തറ്റിസ്റ്റുമാണ് സർജറി നടത്തിയതെന്ന് സാവോ ലൂയിസ് ആശുപത്രി പ്രസ്താവനയിൽ പറഞ്ഞു.ശസ്ത്രക്രിയയ്ക്കിടെ വൻ ഹൃദയാഘാത ഉണ്ടായതിനെ തുടർന്ന് ലുവാനയെ ഐസിയുവിലേക്ക് മാറ്റി. മരുന്നുകളും ഹീമോഡൈനാമിക് ചികിത്സയും നൽകിയെങ്കിലും ജീവൻ രക്ഷിക്കാനായില്ലെന്ന് ആശുപത്രി പ്രസ്താവനയിൽ പറഞ്ഞു.

# കാലാവസ്ഥ ചതിച്ചു; ആഗോള വൈൻ ഉത്പാദനം 60 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിൽ

ആഗോള വൈൻ ഉത്പാദനം 60 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിൽ. ലോകത്തിലെ അതികഠിനമായ കാലാവസ്ഥയാണ് വൈൻ ഉൽപാദനത്തിന് വില്ലനായത്.കഴിഞ്ഞ വർഷത്തേക്കാൾ ഏഴ് ശതമാനം കുറഞ്ഞ് ഈ വർഷത്തെ ഉൽപ്പാദനം 244.1 ദശലക്ഷം ഹെക്ടോ ലിറ്ററിലെത്തുമെന്നാണ് ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് വൈൻ ആൻഡ് വൈൻ (ഒഐവി) പ്രതീക്ഷിക്കുന്നത്. തെക്കൻ അർദ്ധഗോളത്തിലെ നിരവധി പ്രധാന ഉൽപാദകർക്ക് ഉൽപാദനത്തിൽ ഗണ്യമായ കുറവുണ്ടായി. ഓസ്‌ട്രേലിയ, അർജന്റീന, ചിലി, ദക്ഷിണാഫ്രിക്ക, ബ്രസീൽ എന്നിവിടങ്ങളിൽ 10 മുതൽ 30 ശതമാനം വരെ ഉത്പാദനം കുറഞ്ഞു.ഉൽപ്പാദനം 12% കുറഞ്ഞതോടെ ലോകത്തിലെ ഏറ്റവും മികച്ച വൈൻ ഉൽപ്പാദക രാജ്യം എന്ന പദവി ഇറ്റലിക്ക് നഷ്ടമായി. മുൻ ഉൽപ്പാദന നിലവാരം നിലനിർത്തിക്കൊണ്ട് ഫ്രാൻസ് ഒമ്പത് വർഷത്തിനിടെ ആദ്യമായി ലോകത്തിലെ ഏറ്റവും മികച്ച വൈൻ ഉത്പാദകരായി.‘‘അതിതീവ്രമായ കാലാവസ്ഥാ സാഹചര്യങ്ങൾ വൈൻ ഉൽപാദനത്തെ സാരമായി ബാധിച്ചു. നേരത്തെയുള്ള മഞ്ഞ്, കനത്ത മഴ, വരൾച്ച എന്നിവ അതിൽ ഉൾപ്പെടുന്നു,‘- മുന്തിരി, വീഞ്ഞ് ഉത്പാദിപ്പിക്കുന്നതും ഉപഭോഗം ചെയ്യുന്നതുമായ രാജ്യങ്ങൾക്ക് ഡാറ്റകൾ കൈമാറുന്ന ഒഐവി അറിയിച്ചു.ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് വൈൻ ആൻഡ് വൈൻ (ഛകഢ) ഈ വർഷത്തെ ഉത്പാദനം 244.1 ദശലക്ഷം ഹെക്ടോലിറ്ററിലെത്തുമെന്ന് പ്രതീക്ഷിക്കുന്നത്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏഴ് ശതമാനം കുറഞ്ഞു. ഒരു ഹെക്ടോലിറ്റർ എന്നത് 133 സ്റ്റാൻഡേർഡ് വൈൻ ബോട്ടിലുകൾക്ക് തുല്യമാണ്.









Ashyana
BANQUETS
Shikara
RESTAURANT
1620 75TH STREET
DOWNERS GROVE
ILLINOIS 60516
Small or Big Gatherings & Special Occasions
Call : 630-964-7090
Authentic Indian Cuisine
Call: 630-964-1720
PICK-UP
DELIVERY
ORDER
ONLINE
Shikara
Restaurant
Your Destination In Downers Grove
1620 75th Street
Downers Grove
ILLINOIS 60516
Telephone
630 964 1720